# ഖാദിയാനിസം

**മൗലാനാ അബുൽഹസൻ അലി നദ്‌വി**

വിവർത്തനം

**സുഹൈർ ചുങ്കത്തറ**

www.abulhasanalinadwi.org

**QUADIYANISM**

(MALAYALAM)

By:

**Moulana Abul Hasan Ali Nadvi**

Translation

**Zuhair Chungathara**

Publishers:

Kerala Nadvathul Mujahideen
Mujahid Centre Calicut-2.

| | |
|---|---|
| Copies | : 2000 |
| First Impression | : 1983 |
| Printed at: | : Amina Printers, Kallai Road Calicut-673 003. |

Price 12-00

www.abulhasanalinadwi.org

# പ്രസ്താവന

ലോക പ്രശസ്തനായ മൗലാനാ അബുൽ ഹസൻ അലി നദ്‌വി രചിച്ച 'അൽഖാദിയാനീവൽ ഖാദിയാനിയ്യ' എന്ന കൃതിയുടെ വിവർത്തനം ആശയങ്ങൾ ചോർന്നുപോകാതെ മുഴുവനും വിവർത്തനം ചെയ്യാൻ സുഹൈർ ചുങ്കത്തറക്കു കഴിഞ്ഞിട്ടുണ്ട്.

ഒരു ഇസ്ലാമിക വിഭാഗമെന്ന നിലയിൽ ഖാദിയാനികൾ പലരെയും വഞ്ചിക്കുന്ന ഈ സാഹചര്യത്തിൽ ഈ പുസ്തകത്തിനു പ്രത്യേകം പ്രസക്തിയുണ്ടെന്നു ഞങ്ങൾ മനസ്സിലാക്കുന്നു.

ചില ഖാദിയാനി വഹ്‌യുകളുടെ അറബിമൂലം അവസാനം അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. കേരളത്തിൽ ഖാദിയാനികൾ ദുർവ്യാഖ്യാനം ചെയ്യുന്ന ചില ആയത്തുകളെ പരാമർശിച്ചു ഒരു അനുബന്ധവും ചേർത്തിട്ടുണ്ട്.

സത്യം മനസ്സിലാക്കാനാഗ്രഹിക്കുന്ന മനസ്സാക്ഷിക്കു മുന്നിൽ, ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

***പ്രസാധകർ***

www.abulhasanalinadwi.org

# ഉള്ളടക്കം

പശ്ചാത്തലം
പേജ് 9-28

പരിണാമഘട്ടങ്ങൾ
പേജ് 29-86

ഖാദിയാനി തുലാസിൽ
പേജ് 87-126

ഖാദിയാനിസം തുലാസിൽ
പേജ് 127-210

www.abulhasanalinadwi.org

# മുഖവുര

ഖാദിയാനിസം !

ഭിന്നിപ്പിച്ചു ഭരിക്കുക എന്ന കുടിലനയം കൈമുതലാക്കിയ വെള്ളക്കാരൻെറ തൊട്ടിലിൽ കിടന്നു വളർന്ന ഒരു അനിസ്ലാമിക പ്രസ്ഥാനം. രാഷ്ട്രീയ—നാഗരിക ഇന്ത്യയുടെ 19ാം നൂററാണ്ടിലെ അരക്ഷിതാവസ്ഥ മുതലെടുത്തു; അതു വളർന്നു. പാക്കിസ്ഥാനിലെ മന്ത്രിക്കസേരയിലേറിയ സഫറുല്ലാഖാൻ അതിനു തണലേകി. മക്കയും മദീനയുമായി ബന്ധപ്പെട്ട് ഇന്ത്യൻ ദേശീയതയിൽ നിന്നകന്നുപോയി എന്നു പറഞ്ഞു മുസ്ലിംകളോട് പകവച്ചിരുന്ന ദേശീയ വാദികൾ അതിനെ പിന്തുണച്ചു. അന്ധമായമൗഢ്യം മാത്രം കൈമുതലുള്ള ഏതാനും പേർ അതിൽ വഞ്ചിതരായി.

ഖാദിയാനികൾ കാഫിറുകളാണെന്നു ഇന്ത്യയിലെ പ്രശസ്തരായ പല പണ്ഡിതന്മാരും വളരെ നേരത്തെ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഖാദിയാനികളും മുസ്ലിംകളും തമ്മിൽ വാദപ്രതിവാദങ്ങൾ നടന്നു. സനാഉല്ലാ അമൃതസരി, മുബാഹലക്ക് ഖാദിയാനിയെ ക്ഷണിച്ചു. മുബാഹല

www.abulhasanalinadwi.org

നടന്നു. കാലാവധിക്കുള്ളിൽ ഖാദിയാനി മരിച്ചു. റാബിത്വാ പോലുള്ള ആഗോള മുസ്ലിം സംഘടനകളും ഖാദിയാനികൾ കാഫിറുകളാണെന്ന് ഫത്വയിറക്കിക്കഴിഞ്ഞിട്ടുണ്ട്. ഖാദിയാനികളുമായുള്ള വിവാഹബന്ധങ്ങളും മറ്റും ഹറാമാണെന്ന വിധികൾ നടപ്പായിട്ടുണ്ട്. ഖാദിയാനിസത്തെ വിമർശിച്ചു കൊണ്ട് ഒരു പാടു ഗ്രന്ഥങ്ങളുമിറങ്ങിയിട്ടുണ്ട്. ലോകത്തെമ്പാടുമുള്ള മുസ്ലിം പണ്ഡിതന്മാർ ഇതിനെതിരായി ശബ്ദമുയർത്തിയിട്ടുണ്ട്.

ഖാദിയാനിസം പ്രധാനമായും മുസ്ലിംകളുടെ ശ്രദ്ധക്ഷണിക്കുന്നതും ഇസ്ലാമിൻെറ മൗലിക പ്രധാനമല്ലാത്ത വിഷയങ്ങളിലേക്കാണ്. 'മസീഹ് മൗഊദിൻെറ ആഗമനം; ഈസാ (അ)ൻെറ മരണം; ഇൽഹാമുകളുടെ വിശ്വാസ്യത'—തുടങ്ങി ചില്ലറ പ്രശ്നങ്ങളിൽ അവരുടെ പ്രബോധനത്തിൻെറ വലിയൊരു ഭാഗം മുങ്ങിക്കിടക്കുന്നു. മുഹമ്മദ് (സ) ക്ക് ശേഷം നബി വരാമെന്ന സ്ഥാപിക്കാൻ പാടുപെട്ട് വിഫലശ്രമം നടത്തുകയാണ് മീർസായും ഖാദിയാനികളും ചെയ്യുന്നത്. അടിത്തറയില്ലാത്ത, വായ്ത്തലയില്ലാത്ത ഒരു പിടി വാദങ്ങളാണവർക്ക് മുന്നിൽ വെക്കാനുള്ളത്. ഖുർആനും ഹദീസും തോന്നിയതനുസരിച്ച് അവർ വ്യാഖ്യാനിക്കുന്നതെങ്ങനെയെന്ന തുടർന്നുള്ള ഏടുകളിൽ വായിക്കാം.

കേരളത്തിൽ ചില ഭാഗങ്ങളിൽ ഖാദിയാനികൾ പ്രവർത്തിക്കുന്നുണ്ട്: മീർസായെ പല രൂ

www.abulhasanalinadwi.org

പത്തിലുമാണവർ അവതരിപ്പിക്കാറ്. വലിയ്യ്, മുജദ്ദിദ്, മഹ്ദി, മസീഹ്, നബി ഇങ്ങനെ പല യിടങ്ങളിലും പല രൂപത്തിൽ. കേരളത്തിലെ. ഖാദിയാനികൾക്കു മാത്രമായി ചില പുത്തൻ വാദങ്ങളുമുണ്ട്.

ഇവിടെ രസകരമായ മറ്റൊരു വസ്തുതയുണ്ട്. 'മീർസാ' നബിയാണെന്നും, വഹ്യ് അദ്ദേഹത്തിനുണ്ടായിട്ടുണ്ടെന്നുമാണു വാദം. എങ്കിൽ ഒരു നബിക്കിറങ്ങിയ വഹ്യും സന്ദേശവുമാണല്ലോ നേർക്കു നേരെ ജനങ്ങൾക്കു പരിചയപ്പെടുത്തേണ്ടത്. മീർസായുടെ വഹ്യുകൾ ക്രോഡീകരിച്ച, മീർസാ തന്നെ എഴുതിയ ഒരുപാടു ഗ്രന്ഥങ്ങളുണ്ട്. അവയൊന്നും എന്തുകൊണ്ട് കേരളത്തിലെ ഖാദിയാനികൾ പ്രസിദ്ധീകരിക്കുന്നില്ല? മറിച്ച് ശിഷ്യൻമാരുടെ ഗ്രന്ഥങ്ങൾ മാത്രം പുറത്തിറക്കുന്നു? 'ഇസ്ലാം മത തത്വ ജ്ഞാനം' എന്ന ഗ്രന്ഥം മാത്രമാണ് അവരുടെ കള്ള നബിയുടേതായി അവർ പ്രസിദ്ധീകരിച്ചത്. മീർസാ ഇന്ന പുസ്തകത്തിൽ ഇന്നതു പറഞ്ഞുവെന്നു പറഞ്ഞാൽ ഖാദിയാനികൾ അംഗീകരിക്കുന്നുമില്ല.

അതുകൊണ്ട്, ഒന്നുകിൽ മീർസായുടെ സ്വന്തം കൃതികൾ നേർക്കു നേരെ പരിഭാഷപ്പെടുത്തുക. അല്ലെങ്കിൽ മീർസായുടെ കൃതികളിൽനിന്നു ഉദ്ധരിക്കുന്ന കള്ളവാദങ്ങളെയും വൈരുദ്ധ്യങ്ങ

www.abulhasanalinadwi.org

ളെയും കുറിച്ച് ഖണ്ഡിതമായി വിധി പറയുക. അതുമല്ലെങ്കിൽ ഇസ്ലാമിലേക്കു തിരിച്ചു വരിക.

ഇതാണു ബുദ്ധിപൂർവ്വകം. മുഹമ്മദ് (സ) അന്ത്യപ്രവാചകനാണെന്നു നൂററാണ്ടുകളിതേവരെയുള്ള സകല മുസ്ലിംകളുടെയും വാദത്തിനു വിരുദ്ധമായി, ഖുർആനും സുന്നത്തിനുമെതിരായി ഉയർന്ന പുതിയ ഈ വാദം അനിസ്ലാമികമാണ്.

അല്ലാഹു അനുഗ്രഹിക്കട്ടെ.

20–2–83.

www.abulhasanalinadwi.org

# അദ്ധ്യായം ഒന്ന്

# പശ്ചാത്തലം

www.abulhasanalinadwi.org

1. **പത്തൊമ്പതാം നൂററാണ്ട്**

2. **മീർസാ ഗുലാം അഹ്മദ്**

കുടുംബം— ഔദ്യോഗികരംഗത്ത്— സ്വഭാവം— ജനനവും വിദ്യാഭ്യാസവും— ജീവിതവൃത്തി— വിവാഹം— ചരമം.

3. **ഹക്കീം നൂറുദ്ദീൻ**

വളർച്ചയും വിദ്യാഭ്യാസവും— ഹക്കീമിന്റെ വ്യക്തിത്വം.

www.abulhasanalinadwi.org

# പത്തൊമ്പതാം നൂററാണ്ട്

പൗരസ്ത്യ ഇസ്ലാമിക ലോകത്തുണ്ടായ ചിന്താ സംഘർഷവും മാനസിക വിപ്ളവങ്ങളുംകൊണ്ട് ശ്ര ദ്ധേയമായിരുന്നു; പത്തൊമ്പതാം നൂററാണ്ട്. ഈ സംഘർഷവും വിപ്ളവങ്ങളും ഒരു പ്രത്യേക വർണ്ണ ത്തിൽ ഭാരതത്തിൽ കടുത്തുവന്നു. പാശ്ചാത്യ—പൗ രസ്ത്യ നാഗരികതകൾ തമ്മിൽ. പ്രാചീനവും ആധു നികവുമായ രണ്ട് സംസ്കാരങ്ങൾ തമ്മിൽ ഇസ്ലാം, ക്രിസ്ത്യാനിസം എന്നീ രണ്ട് മതങ്ങൾ തമ്മിൽ.... വ്യക്തവും ശക്തവുമായ സംഘട്ടനം.

1857ലെ ഒന്നാം സ്വാതന്ത്ര്യസമരം കെട്ടടങ്ങി. വി ജയത്തിൻെറ അന്ധാളിപ്പും പരാജയത്തിൻെറ കൈ പ്പും മുസ്ലിംകളറിഞ്ഞു. രാഷ്ട്രീയാധിപത്യത്തി നും സാംസ്കാരിക ശക്തികൾ അവർ കീഴൊതുങ്ങി. വെള്ളക്കാരൻെറ ഭരണം വന്നു. പാശ്ചാത്യ സംസ്കാര വും നാഗരികതയും പ്രചരിപ്പിച്ചു ക്രിസ്തുമതത്തി ലേക്ക് ആളെ ക്ഷണിച്ചുകൊണ്ട് പാതിരിമാർ നാടെ ങ്ങും ഓടി നടന്നു. ഇസ്ലാമിക വിശ്വാസത്തിനിള ക്കം തട്ടിക്കാനും വിശ്വാസപ്രമാണങ്ങളുടെയും ശരീ

www.abulhasanalinadwi.org

ത്തിന്റെയും അടിത്തറകൾ തകർക്കാനുമായിരുന്നു അവർ കിണഞ്ഞു ശ്രമിച്ചത്. ഇസ്ലാമികാദ്ധ്യാപനങ്ങൾ വേരുറച്ചു കഴിഞ്ഞിട്ടില്ലാത്ത യുവതലമുറയാണ് പ്രത്യേകിച്ചും ഇവരുടെ പ്രബോധനത്തിനിരയായത്. സ്ക്കൂളുകളും കോളേജുകളും—സർവകലാശാലകൾ അന്നു കുറവായിരുന്നല്ലോ— ഈ ചിന്താസംഘർഷത്തിന്റെയും മാനസിക വിപ്ളവത്തിന്റെയും വളക്കൂറുള്ള മണ്ണായിരുന്നു.

ക്രൈസ്തവ നവീകരണ പ്രസ്ഥാനം പൊട്ടിമുളച്ചു. നിരീശ്വരത്തിന്റെയും വിശ്വാസപരമായ പാപ്പരത്തത്തിന്റെയും അലയടികൾ ശക്തമായി അതിക്രമിച്ചു കടന്നു. പാതിരിമാരും ഇസ്ലാമിക പണ്ഡിതരും തമ്മിലുള്ള വാദപ്രതിവാദങ്ങൾ വർദ്ധിച്ചു. അവയിലൊക്കെ നമ്മുടെ പണ്ഡിതന്മാർ വിജയിച്ചു. ഇസ്ലാമിക പ്രമാണങ്ങളുടെ ആധികാരികത വ്യക്തമായി. എന്നാൽ അതെത്തുടർന്നിവിടെ സംഭവിച്ചത് മാനസികാസ്വാസ്ഥ്യങ്ങളും ചിന്താപരവും സൈദ്ധാന്തികവുമായ അരാജകത്വമാവുന്നു.

ഇസ്ലാമിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള വിടവ് കൂടുതൽ പ്രകടമായി. എതിരാളിയെ തള്ളിപ്പറയുന്നതിലും എതിർക്കുന്നതിലും ഓരോരുത്തരും അത്യാവേശം കാണിച്ചു. തർക്കവിതർക്കങ്ങൾ മുറക്കു നടന്നു. പലതും അടിപിടിയിലേക്കും നിയമ നടപടികളിലേക്കും ചെന്നെത്തിച്ചു. സംഘർഷം ശക്തമായി. സംഘട്ടനം പരുഷമായി. ദീനിന്റെ ആദരണീയതകളും ദീനിനോടുള്ള ഭക്തികളും കോട്ടം തട്ടി. പണ്ഡിതന്മാരുടെ തന്നെ സ്ഥാനവും മാനവും തരംതാണു.

www.abulhasanalinadwi.org

സൂഫികളുണർന്നു. തങ്ങളുടെ ഇൽഹാമുകളും സ്വപ്നങ്ങളും പ്രചരിപ്പിക്കാൻ കഴിയാതിരുന്നവർ ഊർജ്ജസ്വലരായി. പൊതുജനങ്ങളും അറിവില്ലാത്തവരും പടിഞ്ഞാറിന്റെ പ്രശ്നങ്ങളിൽ താൽപര്യം കാണിച്ചു. അൽഭുതകരമായ അമാനുഷികതകളും അദൃശ്യലോകവും ചർച്ചക്കു വിഷയമായി. ജാരസന്തതികൾ പെരുകി. പരിചയമില്ലാത്തതിനോടൊക്കെ പ്രിയം കൂടി. പുതിയതിനോടൊക്കെ താൽപര്യം. പുതിയ ദർശനങ്ങളോടും കെട്ടുകഥകളോടുംപോലും ഇഷ്ടം.

നിരാശയും പരിതാപവും അസ്വസ്ഥതയും മുസ്ലിംകളെ അടക്കിഭരിച്ചു. സ്വാഭാവികമായ പാരമ്പര്യരീതികളിലൂടെ നിലവിലുള്ള അവസ്ഥ നന്നാക്കാനാവില്ലെന്നു അവർ നിരാശപ്പെട്ടു. പുതിയ അപരിചിതമായ ഒരു രക്ഷാമാർഗ്ഗം ആരായാൻ അവർ തുനിഞ്ഞുതുടങ്ങി. 'കുഴപ്പ'ങ്ങളെക്കുറിച്ചും 'അവസാനകാല'ത്തെക്കുറിച്ചുമൊക്കെ പരാമർശങ്ങൾ കൂടി. ദിവ്യദർശനങ്ങളും ഇൽഹാമുകളും പെരുകി. സ്വപ്നങ്ങളും ജോൽസ്യവും പ്രചരിച്ചു.

പഞ്ചാബിലാണ് ചിന്താരംഗത്തെ ഈ അസ്വസ്ഥതയും സൈദ്ധാന്തികവും വൈജ്ഞാനികവുമായ പാപ്പരത്തവും കൂടുതൽ പ്രകടമായത്. 80 കൊല്ലക്കാലം ഒരു പട്ടാള ഭരണകൂടമെന്ന നിലക്കു പഞ്ചാബ് ഭരിച്ച സിക്കുകാർ പഞ്ചാബിനോട് കൊടും ക്രൂരതയാണ് കാട്ടിയത്. അതിനിടയിൽ വിശ്വാസത്തിനിളക്കം തട്ടി. മതാവേശം തണുത്തു. യഥാർത്ഥ ഇസ്ലാമിക സംസ്കാരം നശിച്ചു. ചിന്തയും ബുദ്ധിയും

www.abulhasanalinadwi.org

മനസ്സും ആകെ കലങ്ങിമറിഞ്ഞു. ഏതു ചിന്താവിപ്ലവവും തീവ്രവാദവും സ്വീകരിക്കാൻ അവരൊരുക്കമായി.

അങ്ങനെയിരിക്കെ, 19ാം നൂററാണ്ടിൻെറ ഒടുവിൽ മീർസാഗുലാം അഹ്മദ് കടന്നുവന്നു. തൻെറ ചിന്തക്കും ആദർശത്തിനും ആഗ്രഹങ്ങൾക്കും പററിയ ഒരു സാഹചര്യവുമാണ് അയാൾ അവിടെ കണ്ടത്. താൻ വളർന്ന ചുററുപാടും സമകാലീന സമൂഹത്തിൻെറ പരിതോവസ്ഥയും അദ്ദേഹത്തിനു ധൈര്യം നൽകി. തങ്ങളുടെ രാഷ്ട്രീയ നയത്തെ അനുകൂലിക്കുകയും പിന്തുണക്കുകയും ചെയ്യുന്ന ഒരു ആത്മീയ നേതാവിനെ തേടിയിരുന്ന ബ്രിട്ടീഷുകാർ അദ്ദേഹത്തെ സ്വാഗതം ചെയ്തു; ധൈര്യമേകി. അങ്ങനെ തികച്ചും അനുകൂലമായ തണലിലാണ് ഖാദിയാനിസം വളരുന്നത്. അവസാനമതൊരു സ്വതന്ത്രമതമായി. ഇസ്ലാമികലോകത്തിനു മുഴുവൻ നിലനിൽക്കുന്ന ഒരു പ്രശ്നമായി.

ഈ പ്രശ്നത്തെക്കുറിച്ചും ഇതിൻെറ വളർച്ചയെയും പരിണാമഘട്ടങ്ങളെയും കുറിച്ചുമാണ് നാം ഈ പുസ്തകത്തിലൂടെ ചർച്ച ചെയ്യുന്നത്.

www.abulhasanalinadwi.org

# മീർസാ ഗുലാം അഹ്മദ്

**കുടുംബം**

'മുഗൾ'വംശജനാണദ്ദേഹം. 'ബർലാസ' ഗോത്രത്തിലാണ് ജനനം. (1) പക്ഷെ യഥാർത്ഥത്തിൽ താൻ 'പാർസി' വംശജനാണെന്നാണ് പിന്നീടദ്ദേഹത്തിനു മനസ്സിലായത്. (2) [അദ്ദേഹത്തിൻെറ തന്നെ ഭാഷയിൽ പറഞ്ഞാൽ ''അല്ലാഹു എന്നെ അറിയിച്ചത്''] പ്രപിതാമഹൻ 'മീർസാഗുൽ മുഹമ്മദ്' ഒരു കൊച്ചു നാട്ടുരാജാവും പഞ്ചാബിൻെറ അധിപനുമായിരുന്നു. പിതാമഹൻ 'മീർസാ അതാ മുഹമ്മദും' സിക്കുകാരും തമ്മിൽ 19ാം നൂററാണ്ടിൻെറ തുടക്കത്തിൽ നടന്ന യുദ്ധത്തിൽ ആ അധികാരം നഷ്ടപ്പെട്ടു. ആ വലിയ പൈതൃകത്തിൽ പിന്നെ അവശേഷിച്ചത് കേവലം അഞ്ച് ഗ്രാമങ്ങൾ മാത്രമാണ്. (3)

ബ്രിട്ടീഷുകാരോട് എന്നും കൂറും അനുഭാവവും അനുസരണവും കാണിച്ചിട്ടുണ്ട്. ഈ കുടുംബം അവരുടെ ആധിപത്യത്തിന്ന ശക്തികൂട്ടിയവരാണിവർ. ഇംഗ്ലീഷ് ഭരണകൂടത്തിനു മീർസാ സമർപ്പിച്ച ഒരു

www.abulhasanalinadwi.org

ലേഖനത്തിൽ പലവട്ടം ഇക്കാര്യം ആവർത്തിച്ച് അഭി മാനം പ്രകടിപ്പിച്ചതായിക്കാണാം.

''ബ്രിട്ടീഷു ഭരണകൂടത്തോട് എക്കാലവും ഗുണകാംക്ഷയും കൂറും പുലർത്തിയ കുടുംബമാണ് എൻേറതെന്ന് ഭരണകൂടംതന്നെ സമ്മതിച്ചിട്ടുണ്ട്. ആദ്യകാലംമുതൽ തന്നെ അതിൻെറ വലിയ ഗുണകാംക്ഷികളായിരുന്നു എൻെറ പിതാവും കുടുംബവും എന്നു ചരിത്രപരമായ ബന്ധങ്ങൾ തെളിയിച്ചു കഴിഞ്ഞതാണ്. വലിയ ബ്രിട്ടീഷുദ്യോഗസ്ഥൻമാർ ഇതംഗീകരിച്ചിട്ടുമുണ്ട്! 1857ൽ ഇംഗ്ളീഷുകാരെ സഹായിക്കാൻ സുശക്തരായ അമ്പത് അശ്വഭടന്മാരടങ്ങിയ ഒരു സംഘത്തെ എൻെറ പിതാവ് സംഘടിപ്പിക്കുകയുണ്ടായി. അതിൻെറ പേരിൽ ഭരണകൂടത്തിൽനിന്നു ബഹുമതി പത്രം കിട്ടിയിട്ടുമുണ്ട്. വിപ്ളവകാലത്തു ഭരണപക്ഷത്തിൻെറ മുൻപന്തിയിൽതന്നെ എൻെറ വലിയ ജ്യേഷ്ഠൻ 'ഗുലാം ഖാദിറു'മുണ്ടായിരുന്നു. (4)

## ജനനവും വിദ്യാഭ്യാസവും

പഞ്ചാബിലെ സിക്കു ഭരണത്തിൻെറ ഒടുവിൽ, 1839ലോ 40ലോ ആണ് ജനനം. വിഭജനാനന്തരം ഇന്ത്യയിൽ ചേർന്ന കുർദാസ്പൂർ ജില്ലയിലെ ഖാദിയാൻ ആണ് ജന്മദേശം. തൻെറ 17–ാം വയസ്സിലാണ് ഒന്നാം സ്വാതന്ത്ര്യസമരം ഇന്ത്യയിലരങ്ങേറിയത്. (5)

വീട്ടിലാണ് ആദ്യത്തെ പഠനം 'ഫസൽ ഇലാഹി' 'ഫസൽ അഹ്മദ്' 'ഗുൽ അലിഷാ' തുടങ്ങിയവരാണ് ഗുരുനാഥർ. പ്രാഥമിക വിദ്യാഭ്യാസവും, പി

www.abulhasanalinadwi.org

ന്നെ തർക്കശാസ്ത്രം മത വിജ്ഞാനീയങ്ങൾ, സാഹിത്യം, ഇവയൊക്കെയാണവർ പഠിപ്പിച്ചത്. പ്രാചീന വൈദ്യശാസ്ത്രം പഠിച്ചത് ഒരു പ്രശസ്തനായ വൈദ്യനും കൂടിയായിരുന്ന പിതാവിൽ നിന്നുതന്നെയാണ്. പഠിക്കുന്ന കാലത്തു ഗവേഷണങ്ങൾക്കായി കഠിനാദ്ധ്വാനം ചെയ്തു ശരീരം ക്ഷീണിച്ചിരുന്ന അന്ന്, മകൻെറ ആരോഗ്യസ്ഥിതിയെക്കുറിച്ച് പിതാവ് ഉൽക്കണ്ഠപ്പെടുക പോലുമുണ്ടായിട്ടുണ്ട്. (6)

### ഔദ്യോഗിക രംഗത്ത്

ഏതാണ്ട് 15രൂപ പ്രതിമാസശമ്പളത്തിൽ 'സിയാൽക്കോട്ടി'ലെ ജില്ലാ കോടതിയിൽ ജോലി നോക്കി. (7) 1864 മുതൽ 68വരെയുള്ള നാലുകൊല്ലം. (8) ഇതിനിടയിൽ രണ്ടു ഇംഗ്ളീഷ് പുസ്തകങ്ങൾ അദ്ദേഹം വായിച്ചു. (9) പ്രാബേഷൻ ടെസ്ററിനിരുന്ന തോററു. (10) തുടർന്ന്, 68ൽ ജോലി രാജിവെച്ചു. പിന്നെ, പിതാവിൻെറ തെരക്കുപിടിച്ച ഔദ്യോഗിക ജീവിതത്തിൽ സഹായിച്ചു. ഇങ്ങനെയൊക്കെയാണെങ്കിലും ഖുർആൻ വ്യാഖ്യാനവും ഹദീസും പഠിക്കാനും ഖുർആനെക്കുറിച്ച് ചിന്തിക്കാനും താൻ സമയം കണ്ടെത്തിയിരുന്നുവെന്നു അദ്ദേഹം പറയുന്നു. (11)

### സ്വഭാവം

ശ്രദ്ധ കുറഞ്ഞ ഒരു പോയത്തക്കാരനായിരുന്നു. മീർസാ; ചെറുപ്പം മുതൽതന്നെ. ആഴത്തിൽ കാര്യം ഗ്രഹിക്കാത്ത മന്ദബുദ്ധി. വാച്ചിൽ സമയം നോക്കാൻ പോലും നന്നായറിഞ്ഞിരുന്നില്ല. സമയമറിയാൻ 'ഡ

www.abulhasanalinadwi.org

യലിൽ വിരലുവെച്ച് എണ്ണിനോക്കും.(12) പുതിയ ഫ്രഞ്ചു ഷൂ ധരിക്കാനറിയില്ലായിരുന്നു. വലത്തേതും ഇടത്തേതും തമ്മിൽ പിഴക്കും. അവസാനം, മഷികൊണ്ട് അടയാളമിടാൻവരെ, മീർസാ നിർബ്ബന്ധിതനായി. എന്നിട്ടുപോലും പിശക പററിയിട്ടുമുണ്ട്. (13)

ശൗചൃത്തിനുവേണ്ടി ഒരുപാടു കല്ലുകൾകൊണ്ടു നടക്കും. കല്ലുകളിട്ട അതേ സഞ്ചിയിൽതന്നെ, താൻ വളരെയേറെ ഇഷ്ടപ്പെട്ടിരുന്ന കൽക്കണ്ടത്തിന്റെ കഷണങ്ങളും ഇടുമായിരുന്നത്രെ. (14)

യൗവനകാലത്തു ഹിസ്ററീരിയയും കഠിനമായ ഞരമ്പുരോഗവും പിടിപെട്ടു. പലപ്പോഴും ബോധക്കേടു വരും; നിലത്തുവീഴും. (15) പ്രമേഹവും അദ്ദേഹത്തിനുണ്ടായിരുന്നു. വരാനിരിക്കുന്ന വാഗ്ദത്ത മസീഹിനെക്കുറിച്ച് ഹദീസുകളിൽ വന്ന വിശേഷണങ്ങളുടെ കൂട്ടത്തിലുള്ള 'രണ്ടു മഞ്ഞപ്പുതപ്പുകൾ' ഏതെന്നു വ്യാഖ്യാനിക്കാൻ ഈ രോഗങ്ങൾ മീർസായെ സഹായിച്ചിട്ടുണ്ട്. (16)

ആരാധനാ കർമ്മങ്ങളിലും യോഗമുറകളിലും വ്യാപൃതനെന്നും, മാസങ്ങളോളം തുടർച്ചയായി നോമ്പെടുക്കുന്നവനെന്നും, അദ്ദേഹത്തെക്കുറിച്ചു പറയപ്പെടുന്നു. 40 ദിവസം 'ഹോശിയാർപൂരി'ൽ അദ്ദേഹം ഏകാന്തവാസമനുഷ്ഠിച്ചു. 1886ലാണത്. പിന്നെയും 20 ദിവസം അവിടെ താമസിച്ചു. (17) തുടർച്ചയായ ആത്മീയ ശീലനങ്ങൾ അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിപ്പിച്ചു. യോഗമുറകൾ നിർത്തിവെക്കേണ്ടിവന്നു,

www.abulhasanalinadwi.org

## *ജീവിതവൃത്തി*

15രൂപ—മാത്രം മാസവരുമാനമുള്ള ഒരു ഉദ്യോഗസ്ഥനായി ജീവിതം തുടങ്ങി. വളരെ ലളിതമായിരുന്നു, ദിവസങ്ങൾ. പിന്നെ, മതരംഗത്തെ നേതൃത്വം കൈവന്നതോടെ, —അക്കഥ പിന്നെ വരുന്നുണ്ട്— ജീവിത സൗകര്യവും കൂടി അദ്ദേഹം തന്നെ എഴുതുന്നു.

'എന്റെ ജീവിതവും' ജീവിത സാദ്ധ്യതകളും പരിഗണിക്കുമ്പോൾ മാസം പത്തു രൂപ കിട്ടുമെന്നപോലും പ്രതീക്ഷയുണ്ടായിരുന്നില്ല. ദുരിതത്തിൽനിന്ന പാവങ്ങളെ കൈപിടിച്ചുയർത്തുകയും, അഹങ്കാരികളെ ചവിട്ടിത്താഴ്ത്തുകയും ചെയ്യുന്ന അല്ലാഹുതന്നെ എന്റെയും കൈപിടിച്ചുയർത്തി. ഞാനുറപ്പിച്ചു പറയട്ടെ, ഈ നിമിഷംവരെ —1907— എനിക്കു കിട്ടിയ സംഭാവനകളും മററും മൂന്നുലക്ഷം രൂപയിൽ കുറയില്ല. ഒരുപക്ഷെ അതിലും കൂടുതലുണ്ടാവും.(18)

അതോടെ, ഡൈനിംഗ്ഹാളുകളും കെട്ടിടങ്ങളും ഉയർന്നു. നല്ല, പോഷകാംശങ്ങളടങ്ങിയ ഭക്ഷണസാധനങ്ങളും മരുന്നുകളും ലേഹ്യങ്ങളും ആരോഗ്യം വർദ്ധിപ്പിക്കുന്ന നെയ്യുമൊക്കെ ശേഖരിക്കുന്നതിൽ മീർസാ ശ്രദ്ധിച്ചു. കസ്തൂരിയും സുഗന്ധവും ടോണിക് വൈൻപോലുള്ള ലഹരിപാനീയങ്ങൾവരെയും ഉപയോഗിച്ചു.(19) അന്യരിൽനിന്നു കിട്ടിയ ദാനങ്ങൾ, തോന്നിയപോലെ ചെലവിട്ടു. ഉന്നതരായ ഖാദിയാനി പ്രവർത്തകരുടെ ആക്ഷേപങ്ങൾവരെ ഇതിന്റെ പേരിൽ മീർസാക്ക ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്.(20)

www.abulhasanalinadwi.org

## വിവാഹം

52ലോ 53ലോ ആണ് ആദ്യവിവാഹം. സ്വന്തം കുടുംബത്തിൽ നിന്നുതന്നെ. രണ്ടു മക്കളും അതിലുണ്ടായി. 'മീർസാ സുൽത്താൻ അഹ്മദും', 'മീർസാ ഫസ്ൽ അഹ്മദും' (91ൽ ഈ ഭാര്യയെ വിവാഹമോചനം ചെയ്തു ) 84ൽ ദൽഹിയിൽ നിന്നൊരു പെണ്ണിനെ കെട്ടി. ഇവരെയാണ് ഖാദിയാനികൾ ഉമ്മുൽ മുഅ്മിനീൻ (സത്യവിശ്വാസികളുടെ മാതാവ്) എന്നു വിളിക്കുന്നത്. മററു മക്കളൊക്കെ ഇവരിലാണ്. രണ്ടാം ഖലീഫ, 'മീർസാ ബശീറുദ്ദീൻ മഹ്മൂദ്', സീറത്തുൽ മഹ്ദിയുടെ കർത്താവ് 'മീർസാ ബഷീർ അഹ്മദ്', 'മിർസാ ശരീഫ് അഹ്മദ്' എന്നിവർ. (21)

സ്വന്തം കുടുംബത്തിലെ മുഹമ്മദീ ബീഗത്തെ താൻ വിവാഹം ചെയ്യുമെന്ന് 1888ൽ അദ്ദേഹത്തിനു വെളിപാടുണ്ടായി. ആകാശത്തുവെച്ചു അതു നടന്നു കഴിഞ്ഞുവെന്നും അറിയിക്കപ്പെട്ടു. പലവട്ടം അല്ലാഹു അതെക്കുറിച്ചദ്ദേഹത്തെ ഓർമ്മിപ്പിച്ചു. അതിൻെറ പേരിൽ മീർസാ ലോകത്തെ വെല്ലുവിളിച്ചു. പക്ഷെ ബീഗം, മറെറാരാളെ കല്ല്യാണം കഴിച്ചു. മീർസാ മരിച്ച ശേഷവും വളരെക്കാലം രണ്ടുപേരും ജീവിക്കുകയും ചെയ്തു.

### ചരമം

1907ൽ വിശ്രുതനായ ഇസ്ലാമിക പണ്ഡിതൻ മൗലാനാ സനാഉല്ലാ(അമൃതസർ)യെ മീർസാ വെല്ലുവിളിച്ചു. രണ്ടുപേരിൽ ആരാണ് അസത്യവാദി എങ്കിൽ

www.abulhasanalinadwi.org

അയാാം മരിക്കും എന്നദ്ദേഹം പ്രഖ്യാപിച്ചു. കോളറയോ പ്ളേഗോ പോലുള്ള മാറാവ്യാധി പിടിച്ച് അപരൻ ജീവിച്ചിരിക്കെത്തന്നെ അസത്യവാദി മരിച്ചു പോകട്ടെ എന്നു പ്രാർത്ഥിച്ചു.(22)

1908 മെയ്മാസത്തിൽ മീർസാക്കു കോളറ പിടിപെട്ടു.(23) അന്നദ്ദേഹം ലാഹോറിലാണ്. ഡോക്ടർമാർക്കു രോഗം സുഖപെടുത്താനായില്ല. 1908 മെയ് 26നു രാവിലെ 10.30നു അദ്ദേഹം അന്തരിച്ചു (24) മൃതദേഹം ഖാദിയാനിലേക്കു കൊണ്ടുപോയി. സ്വർഗ്ഗശ്മശാനം (ഭശ്തി മഖ്ബറ) എന്നറിയപ്പെടുന്ന സ്ഥലത്തു ഖബറടക്കി. ഹക്കീം നൂറുദ്ദീൻ ഒന്നാം ഖലീഫയായി.

എന്നാൽ ഖാദിയാനി വെല്ലുവിളിച്ച മൗലാനാ സനാഉല്ലാ പിന്നെയും നാൽപതു കൊല്ലം ജീവിച്ചു. 1948 മാർച്ച് 25നു പരമം പ്രാപിക്കുമ്പോാം അദ്ദേഹത്തിനു 80 വയസ്സുണ്ട്. 1907 ഏപ്രിൽ 5നു സനാഉല്ലയെ വെല്ലുവിളിച്ചുകൊണ്ട് മീർസാ ചെയ്ത പരസ്യം ശ്രദ്ധിക്കൂ: ''തന്റെ ലേഖനങ്ങളിലൊക്കെ താൻ വാദിക്കാറുള്ളപോലെ ഞാൻ അസത്യവാദിയാണെങ്കിൽ, തന്റെ ജീവിതകാലത്തുതന്നെ ഞാൻ മരിക്കും. നുണ പറയുന്ന കുഴപ്പക്കാരൻ ദീർഘമായി ജീവിക്കില്ല എന്നെനിക്കറിയാം. അവസാനം തന്റെ കടുത്ത എതിരാളി ജീവിച്ചിരിക്കെത്തന്നെ നിന്ദ്യനായി, കഷ്ടപ്പെട്ടു അസത്യവാദി മരിക്കും. അങ്ങനെ ജനങ്ങളെ വഴിതെറ്റിക്കാൻ കഴിയാതെ വരും.''

www.abulhasanalinadwi.org

**അവലംബം**


(1) മീർസാഗുലാം അഹ്മദ്—അൽബരിയ്യ P: 134
(2) മീർസാ—അൽ അർബഈൻ നമ്പർ: 2 P: 17
(3) മീർസാ—അൽ ബരിയ്യ: P: 142–144
(4) IBID P: 3–5
(5) IBID P: 146
(6) IBID P: 149–150
(7) ബഷീറുദ്ദീൻ മഹ്മൂദ്—ഇഹ്ഫതേ ഷഹ്സാദ P: 34
(8) ബഷീറുദ്ദീൻ മഹ്മൂദ്—സീറത്തുൽ മഹ്ദി— P: 1/44
(9) IBID P: 1/155
(10) IBID P: 1/156
(11) മീർസാ—അൽബരിയ്യ P; 155
(12) ബഷീറുദ്ദീൻ മഹ്മൂദ്—സീറത്തുൽ മഹ്ദി P: 1/180
(13) IBID 1/67
(14) മിഅ്റാജുദ്ദീൻ ഉമർ—മീർസാ ചരിത്രം P: 1/67
(15) ബഷീറുദ്ദീൻ മഹ്മൂദ്—സീറത്തുൽ മഹ്ദി 1/17
(16) മീർസാ—ബറാഹീനെ അഹ്മദിയ്യ P: 2/135
(17) ബഷീറുദ്ദീൻ മഹ്മൂദ്—സീറത്തുൽ മഹ്ദി— P: 1/71
(18) മീർസാ—ഹഖീഖത്തുൽ വഹ്യ് P: 211–212
(19) മീർസാ—മജ്മൂഉൽ റസാഇൽ P; 5
(20) മൗലവി സറൂർഷാ—കശ്ഫുൽ ഇഖ്തിലാഫ് P: 13,15
(21) ബഷീറുദ്ദീൻ മഹ്മൂദ്—സീറത്തുൽ മഹ്ദി—1/53
(22) തബ്ലീഗെ റിസാല: P: 10/20
(23) നവാബ്നാസ്വർദഹ്ലവി—ഹയാതെ നാസ്വർ P:14–15
(24) ബഷീറുദ്ദീൻ മഹ്മൂദ്—സീറത്തുൽ മഹ്ദി P: 1/11


www.abulhasanalinadwi.org

# ഹക്കീം നൂറുദ്ദീൻ

ഖാദിയാനിസത്തിന്റെ സ്ഥാപകനായ മീർസാക്കുശേഷം ഹക്കീം നൂറുദ്ദീൻ എന്ന വ്യക്തിത്വം കടന്നു വരുന്നു. യഥാർത്ഥത്തിൽ ഇദ്ദേഹമാണ് ഖാദിയാനി പ്രസ്ഥാനത്തിന്റെ തലച്ചോറും സൂത്രധാരകനുമെന്നാണ് പല ഗവേഷകരും വിശ്വസിക്കുന്നത്. നമുക്കൊന്നു പരിചയപ്പെടുക—

## *വളർച്ചയും വിദ്യാഭ്യാസവും:-*

ഒന്നാം സ്വാതന്ത്ര്യസമരത്തിനു 16 വർഷം മുമ്പ് പഞ്ചാബിലെ ഷാർഹപൂർ ജില്ലയിൽ, 'ബഹീറ'യിലാണ് ജനനം. 1841ൽ. (ഹിജ്റ: 1258) പിതാവ് ഹാഫിള് ഗുലാം റസൂൽ' ബഹീറ പള്ളിയിലെ ഇമാമായിരുന്നു. കുടുംബപരമ്പര ഉമർ(റ)വിന്റെയടുക്കലെത്തുമെന്നാണ് പറയപ്പെടുന്നത്.

പാർസി, ഭാഷയും അറബിയിൽ പ്രാഥമിക വിജ്ഞാനവും പഠിച്ചു. 1858ൽ– റാവൽപിണ്ടിയിലെ ഒരു ഗവ: സ്ക്കൂളിൽ പാർസിഭാഷാദ്ധ്യാപകനായി

www.abulhasanalinadwi.org

നിയമിക്കപ്പെട്ടു. ജ്യോമട്രി, ഗണിതശാസ്ത്രം, ജ്യോഗ്രഫി ഇവ പഠിച്ച് പരീക്ഷ പാസ്സായി. ഒരു പ്രൈമറി സ്ക്കൂളം ഹെഡ്മാസ്ററായി. 4 വർഷം ഈ ജോലി തുടർന്നു. വ്യാകരണവും, തർക്കശാസ്ത്രവും, വിശ്വാസ ശാസ്ത്രവും പഠിച്ചത് ഇക്കാലത്താണ്. പിന്നെ ഗവേഷണങ്ങൾക്കായി ജോലി രാജിവെച്ചു. എന്നിട്ട് നിസാർത്ഥിയായ ശൈഖ് അഹ്മദ് ദീനിൻെറയടുക്കൽ കുറച്ചു പഠിച്ചു. യാത്രയിൽപോലും ശൈഖിൻെറ കൂടെ കൂടി. പക്ഷെ യാത്ര കൂടുതലാണെന്നു കണ്ട ഹക്കീം, ശൈഖിനെ ഒഴിവാക്കി. പിന്നെ ലാഹോറിലേക്കു പോയി. അവിടെ നിന്ന്, വടക്കേ ഇന്ത്യയിലെ ഒരു മുസ്ലിം രാഷ്ട്രവും ഉന്നതമായ വൈജ്ഞാനിക കേന്ദ്രവുമായിരുന്ന 'റാംപൂരി'ലെത്തി; ശൈഖ് ഹസൻഷാ, 'ശൈഖ് അസീസുല്ലാ,' 'ഇൻശാദ് ഹസൻ', 'മുഫ്തീ സഅ്ദുല്ലാ', 'അബ്ദുൽ അലിയ്യ്'' എന്നിവരിൽ നിന്നു പഠിച്ചു. മൂന്ന് വർഷംകൊണ്ടു പഠനം പൂർത്തിയാക്കി.

അവിടെനിന്ന് ലക്നോയിലെത്തി. ഉന്നതമായ വൈജ്ഞാനിക കേന്ദ്രമെന്നു പ്രസിദ്ധമാണിവിടം. ഇവിടെവെച്ച് പ്രാചീന അറബി വൈദ്യശാസ്ത്രം പഠിച്ചു. 'ഹക്കീം അലി ഹുസൈൻ' എന്ന വിശ്രുതമായ ഭിഷഗ്വരനാണ് അതു പഠിപ്പിച്ചത്. 2 വർഷം അലിയോടൊപ്പം കൂടി. നിപുണനായ വൈദ്യനായി. മുസ്ലിം ഭരണത്തിലിരുന്ന ഒരു വൈജ്ഞാനിക കേന്ദ്രമായിരുന്ന ഭോപ്പാലിലെത്തി. ഭോപ്പാലിലെ ഒരു മന്ത്രിയും ''അമീർ സ്വിദ്ദീഖ് ഹസൻഖാ''ൻെറ മരുമകനുമായിരുന്ന മുൻഷി ജമാലുദ്ദീ'ൻെറ കൂടെ കൂടി. പിന്നെ, ഹ ജ്ജിന്നു പോയി. 'അബ്ദുൽ ഹയ്യ്

ബുർഹാൻപൂരി''യുടെ മകൻ 'മുഫ്തി അബ്ദുൽ ഖയ്യൂ'മിൻെറയടുക്കൽ ഹിജാസിൽ തന്നെ തങ്ങി, 'ശൈഖ് മുഹമ്മദ് ഖസ്റജി,' 'സയ്യിദ് ഹുസൈൻ', 'ഇള്ഫാറുൽ ഹഖി'ൻെറ കർത്താവായ ഇന്ത്യക്കാരൻ 'റഹ്മത്തുല്ലാ' എന്നിവരിൽ നിന്നൊക്കെ പഠിച്ചു. മദീനായിൽ വെച്ചു 'ശൈഖ് അബ്ദുൽഗനി മുജദ്ദി'ദിയെക്കണ്ടു. അദ്ദേഹത്തിന് ബൈഅത്ത്ചെയ്തു നാട്ടിലേക്കു മടങ്ങി. സ്വന്തം നാട്ടിലെ പണ്ഡിത ന്മാരുമായി ഒരുപാടു ചർച്ചകളും തർക്കവിതർക്ക ങ്ങളും നടത്തി.

പിന്നീട് ജമ്മുവിലെ സ്പെഷ്യൽ ഡോക്ടറായി നിയമിതനായി. ജമ്മുവിലെയും പൂഞ്ചിലെയും, കാശ്മീറിലെയും ഭരണാധികാരികളെ ശുശ്രൂഷിച്ചു. വൈദ്യശാസ്ത്രത്തിലെ പ്രാഗത്ഭ്യവും, സാഹിത്യ സിദ്ധിയും അറിവും ബുദ്ധിശക്തിയുമൊക്കെ അദ്ദേഹത്തിനു വലിയ സ്വാധീനം നേടിക്കൊടുത്തു. പക്ഷെ പിന്നീടു ജമ്മുവിലെ ഭരണാധികാരിയുമായി പിണങ്ങി. 1892–ൽ ജോലിയിൽനിന്നും അദ്ദേഹത്തെ പിരിച്ചുവിട്ടു.

ജമ്മുവിലെ താമസത്തിനിടക്കാണ്, സിയാൽക്കോട്ടിൽ താമസിക്കുന്ന മീർസായുമായി ഹക്കീം പരിചയപ്പെടുന്നത്. അവർ തമ്മിൽ വളരെയടുത്തു. മീർസാ, ബറാഹീനെ അഹ്മദിയ്യ: എഴുതിയപ്പോഴും, അതിനെ അനുകൂലിച്ചുകൊണ്ടു ഹക്കീം 'തസ്ദീഖു ബറാഹീനെ അഹ്മദിയ്യ' എഴുതി. മീർസാക്കു ബൈഅത്തു ചെയ്തു. അദ്ദേഹത്തിനു പൂർണ്ണമായും കീഴൊതുങ്ങി

www.abulhasanalinadwi.org

ജീവിച്ചു. എത്രത്തോളം? മീർസാ പ്രവാചകനാണ് എന്ന വാദിക്കുന്നവെന്ന കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു.

> ''ഖുർആന്റെ നിയമങ്ങളെ മാററിക്കൊണ്ട് ഒരു പുതിയ നിയമ സംഹിതയുമായി വന്ന നബിയാണ് താനെന്ന വാദിച്ചാൽ പോലും മീർസായെ ഞാൻ നിഷേധിക്കില്ല. (1)

മീർസായുടെ നിർദ്ദേശപ്രകാരം ഹക്കീം ക്രൈസ്തവർക്കെതിരായി ഒരു പുസ്തകമെഴുതി. 'ഫസ്ലുൽ ഖിതാബ്'' 4 വാല്യങ്ങളുണ്ടതിന്, (2) 1892ൽ ജമ്മുവിലെ ജോലി നഷ്ടപ്പെട്ടശേഷം അദ്ദേഹം ഖാദിയാനിലെത്തി. അവിടെ തങ്ങി. മീർസായുടെ മരണശേഷം ഖലീഫയായി_1908ൽ. ''ഒന്നാം ഖലീഫ', വാഗ്ദത്ത മസീഹിന്റെ ഖലീഫ, 'നൂറുദ്ദീൻ അൽഅഅ്സം' എന്നൊക്കെ അദ്ദേഹത്തെ ജനം വിളിച്ചു. മീർസായെ നബിയായി വിശ്വസിക്കാത്തവൻ കാഫീറാണോ അല്ലേ എന്നു കുറച്ചുകാലം അദ്ദേഹം സംശയിച്ചുനിന്നു. അവസാനം അവൻ കാഫീർ തന്നെ എന്നു തീരുമാനിച്ചു. (3) അദ്ദേഹത്തിന്റെ ഖിലാഫത്തിനെക്കുറിച്ച് കടുത്ത വിമർശനവും എതിർപ്പുമുണ്ടായി. (4) പക്ഷെ അദ്ദേഹം രാജിവെച്ചില്ല. 6 വർഷം ഖിലാഫത്തു തുടർന്നു. ഒരിക്കൽ കുതിരപ്പുറത്തുനിന്നു വീണു മുറിവേററു. മരണത്തിനു മുമ്പുതന്നെ, 'സംസാരശേഷി നഷ്ടപ്പെട്ടു. (5) മീർസായുടെ മൂത്തമകനായ മീർസാ ബഷീറുദ്ദീൻ അഹ്മദിനെ ഖലീഫയാക്കി,' 1914 മാർച്ച് 13നു അദ്ദേഹം അന്തരിച്ചു. (6)

www.abulhasanalinadwi.org

## *ഹക്കീമിന്റെ വ്യക്തിത്വം:-*

തികച്ചും അസ്വസ്ഥനും, ചിന്താ ശൈഥില്യവും അസ്ഥിര ബുദ്ധിയുമുള്ളവനും ആയിരുന്നു ഹക്കീമെന്നു ജീവിതം തെളിയിക്കുന്നു. ആദ്യകാലത്തദ്ദേഹം സ്വതന്ത്ര ചിന്തകനായിരുന്നു. അന്ന് തഖ്ലീദിനെ ശക്തിയായെതിർത്തു. മതവും വിശ്വാസവും ഖുർആനുമെല്ലാം ശാസ്ത്രത്തിനു തിട്ടപ്പെടുത്തപ്പെടുത്തുക എന്ന ചിന്താഗതിയിൽ പിന്നീടദ്ദേഹം ആകൃഷ്ടനായി. ഇതു ഇംഗ്ളീഷുകാരിലൂടെ ഇന്ത്യയിൽ പുതുതായി കടന്നുവന്ന ചിന്താഗതിയാണ്. അങ്ങനെ, അന്നത്തെ ശാസ്ത്രതത്വങ്ങൾക്കു നിരക്കാത്തതെന്നു തോന്നുന്നതെല്ലാം അറബി ഭാഷാ നിയമങ്ങളെയൊക്കെ അതിലംഘിച്ചു കൊണ്ടുപോലും ശാസ്ത്രത്തിനൊപ്പിച്ചു വ്യാഖ്യാനിച്ചു. മുഅ്ജിസുത്തുകളും അദൃശ്യ വസ്തുതകളും ഈ രൂപത്തിൽ വ്യാഖ്യാനിക്കപ്പെടുകയുണ്ടായി.

ചർച്ചകളും വാദപ്രതിവാദങ്ങളും നടത്തുന്നതിൽ അദ്ദേഹം തൽപരനായിരുന്നു. ഉറച്ച വിശ്വാസവും ശക്തമായ മതവ്യക്തിത്വവും ആത്മീയതയുടെ പിൻബലവുമില്ലാത്ത വ്യക്തിയെ സംബന്ധിച്ചേടത്തോളം വാദപ്രതിവാദം മാനസികമായ ചാഞ്ചല്യത്തിന്നും സംശയത്തിന്നും വഴിതെററിയ വ്യാഖ്യാനത്തിന്നും ഇടയാക്കാതിരിക്കില്ല.

www.abulhasanalinadwi.org

## അവലംബം

(1) ബശീറുദ്ദീൻ മഹ്മൂദ്—സീറത്തുൽ മഹ്ദി P: 91
(2) അക്ബർഷാ ഖാൻ—മിർഖാത്തുൽ യഖീൻ P: 150
(3) ബശീർ അഹ്മദ്—കലിമത്തുൽ ഫസ്വ്ൽ:
(4) 1914 നവമ്പർ പുസ്തകം 9, ലക്കം 11— തശ്ഹീദേ അദ്ഹാൻ.
(5) 1922 ഫെബ്രുവരി പു: 9 ല: 2369 ഫസൽ
(6) പു: 4 ല: 114 ബേഗാം സ്വുൽഹ്

www.abulhasanalinadwi.org

# അദ്ധ്യായം രണ്ട്

# പരിണാമ ഘട്ടങ്ങൾ

www.abulhasanalinadwi.org

## 1 ഗ്രന്ഥകാരൻ, പ്രബോധകൻ

ഗ്രന്ഥ രചനയും വാദപ്രതിവാദവും, ബറാഹീനെ അഹ്മദിയ്യ, രാഷ്ട്രീയ പ്രേരിതം, ഗ്രന്ഥത്തിൻെറ പരിണാമം, ഒരവലോകനം, ദിവ്യ വെളിപാടുകളും വെല്ലുവിളികളും, വിശ്വാസ സംഹിത, പ്രതികരണം, ആര്യസമാജത്തിനെതിരെ, അപകടകരമായ ഔദ്ധത്യബോധം.

## 2 വാഗ്ദത്ത മസീഹ്

രണ്ടു സ്നേഹിതർ, അപകടകരമായ നിർദ്ദേശം, പുതിയ ചിന്ത, മസീഹിൻെറ പ്രതിപുരുഷൻ, ഡമസ്കസും ഖാദിയാനും, രണ്ടു മഞ്ഞപ്പുതപ്പുകൾ, കിഴക്കേ മിനാരം, യേശുക്രിസ്തു കാശ്മീരിൽ.

## 3 പ്രവാചകത്വത്തിലേക്ക്

ആസൂത്രിത പരിപാടി, പരസ്യ പ്രഖ്യാപനം, വെല്ലുവിളികൾ, സ്വതന്ത്രമായ നുബുവ്വത്ത്, അംഗീകരിക്കാത്തവൻ കാഫിർ, പുനർജൻമവും പുനരവതാരവും, നബിക്ക് രണ്ടു ജൻമങ്ങൾ!, മററു നബിമാരേക്കാൾ ഉന്നതൻ, തീവ്രവാദം.

www.abulhasanalinadwi.org

# ഗ്രന്ഥകാരൻ പ്രബോധകൻ

## *ഗ്രന്ഥരചനയും വാദപ്രതിവാദവും*

കുർദാസ്പൂരിലെ ഒരു ഗ്രാമത്തിൽ മതഗ്രന്ഥങ്ങൾ വായിച്ചുകഴിഞ്ഞിരുന്ന മീർസായെക്കുറിച്ച് നാം മനസ്സിലാക്കി. 1880നു ശേഷം മീർസാ എഴുതിയ ഗ്രന്ഥങ്ങളിൽ നിന്നു മനസ്സിലാവുന്നത് അന്നദ്ദേഹം വായിച്ച മതഗ്രന്ഥങ്ങൾ അധികവും വിവിധ വിഭാഗങ്ങളെയും ക്രിസ്തുമതം, ആര്യസമാജം, ബ്രഹ്മസമാജം എന്നിവയെയും കുറിച്ച പ്രത്യേക പുസ്തകങ്ങളായിരുന്നു എന്നാണ്.

നേരത്തെ പറഞ്ഞു, വിവിധ മതങ്ങളും വിഭാഗങ്ങളും തമ്മിൽ തർക്കങ്ങൾ നടത്തുന്ന കാലമായിരുന്നു അത്. ക്രൈസ്തവ മിഷനറിമാരും പാതിരിമാരും അവരുടെ മത പ്രചരണത്തിനു ചൂടോടെ രംഗത്തിറങ്ങി. ഇസ്ലാമിനെ അവർ ശക്തിയായി എതിർത്തു. ഇന്ത്യ ക്രിസ്തുവിന്റെ സമ്മാനമാണെന്നു വിശ്വസിച്ച ക്രൈസ്തവ ബ്രിട്ടീഷുകാരുടെ സമ്പൂർണ്ണമായ പിന്തുണയും സഹായവുമായിരുന്നു അവരുടെ അവലം

www.abulhasanalinadwi.org

ബം. ആര്യസമാജക്കാരും അതിശക്തമായി ഇസ്ലാമിനെ എതിർത്തു. ബ്രിട്ടീഷുകാരുടെപരാജയത്തിനിടയാവുമായിരുന്ന 57ലെ സ്വാതന്ത്ര്യസമരം അടിച്ചമർത്തിയ ശേഷം ഈ സകല മതവിഭാഗങ്ങളുടെയും പ്രചരണത്തെയും തർക്കങ്ങളെയും പ്രോൽസാഹിപ്പിക്കുകയായിരുന്നു 'ആംഗ്ളേയന്യം'. കാരണം അവ മൂല'• രാജ്യത്ത് പൊതുവെ ചിന്താകുഴപ്പവും അങ്കലാപ്പും പടരുമല്ലോ. എല്ലാവരെയും സംരക്ഷിക്കാൻ മാത്രം ശക്തമായ ഒരു ഭരണകൂടം അനിവാര്യമാണെന്നു ജനങ്ങൾക്കു തോന്നും. ഇസ്ലാമിനുവേണ്ടി ശത്രുക്കളെ ചെറുക്കാനും ഇതര മതവിഭാഗങ്ങളെ ആദർശപരമായി എതിർക്കാനും ഒരുങ്ങിയവരിലായിരുന്നു. മുസ്ലിംകളൊക്കെ പ്രതീക്ഷ നട്ടിരുന്നത്.

ഈ നിർണ്ണായക സന്ധിയിലാണ് മീർസാ കടന്നുവരാനൊരുക്കം കൂട്ടിയത്. വിജയിക്കാനും വിദൂര ഫലങ്ങൾ കൊയ്തെടുക്കാനും പററിയ സന്ദർഭം. അദ്ദേഹം ഒരു വലിയ പുസ്തകമെഴുതാൻ തുടങ്ങി. ഇസ്ലാമിന്റെ ശ്രേഷ്ടത, ഖുർആന്റെ അമാനുഷികത, മുഹമ്മദ് (സ)യുടെ പ്രവാചകത്വം ഇവ സ്ഥിരീകരിക്കാനും അന്നു നിലവിലുള്ള ക്രൈസ്തവ—ആര്യ—ബ്രാഹ്മണ തത്വങ്ങളെയും ബ്രഹ്മ സമാജത്തെയും എതിർക്കാനുമുള്ള ശ്രമം. ബറാഹീനെ അഹ്മദിയ്യ: എന്നാണു പേര്.

## ബറാഹീനേ അഹ്മദിയ്യ:

1879ലാണു എഴുതാൻ തുടങ്ങിയത് (1) ഇസ്ലാം സത്യമാണെന്നതിനു 300 തെളിവുകൾ ക്രോഡീകരി

www.abulhasanalinadwi.org

ക്കാനാണ് അദ്ദേഹം കിണഞ്ഞു ശ്രമിച്ചത്. 16പേജു വീതമുള്ള 300 ഭാഗങ്ങൾ. ഗ്രന്ഥത്തിലെ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ട് പല പണ്ഡിതൻമാരോടും എഴുത്തുകാരോടും അദ്ദേഹം എഴുത്തുകുത്തുകൾ നടത്തി. തൻെറ രചനയിൽ സഹായിക്കാനായി അവരുടെ അഭിപ്രായങ്ങളും ഉപന്യാസങ്ങളും അയച്ചു തരാനും ആവശ്യപ്പെട്ടു. ഉസ്താദ് ജുറാഗ് അലി അവരിലൊരാളാണ്. അദ്ദേഹം ചില ലേഖനങ്ങളും നിർദ്ദേശങ്ങളും അയച്ചുകൊടുത്തു. അവ ആരുടെ ചിന്തയാണെന്നു പറയാതെ സ്വന്തം ആദർശമായി തൻെറ പുസ്തകത്തിൽ മീർസാ ചേർത്തിട്ടുമുണ്ട്.

4 ഭാഗങ്ങളായാണ് പ്രസിദ്ധീകരിച്ചത്. 562പേജ്. ഇംഗ്ളീഷിലും ഉർദുവിലും അദ്ദേഹം പലവട്ടം ഒരു പരസ്യം ചെയ്തു. രാജാക്കൻമാർക്കും, മന്ത്രിമാക്കും, പാതിരിമാർക്കും, ഹൈന്ദവ ദാർശനികർക്കും അത് അയച്ചുകൊടുത്തു. ആ പരസ്യത്തിൽ അദ്ദേഹം ആദ്യമേതന്നെ പ്രഖ്യാപിച്ചു. ഇസ്ലാമിൻെറ സത്യസാക്ഷ്യം സ്ഥാപിക്കാൻ അല്ലാഹു തന്നോട് കൽപിച്ചിരിക്കുന്നുവെന്ന്. സർവ്വരെയും തൃപ്തിപ്പെടുത്തുമാറ് അതു നിർവ്വഹിക്കാൻ തന്നെ ഒരുക്കിയിട്ടുണ്ടെന്നും അദ്ദേഹം തന്നെ വ്യക്തമായെഴുതി:

''ഇസ്റാഈലി പ്രവാചകനായ നസറേത്തിലെ മസീഹിൻെറ ശൈലിയിൽ പതിത്വവും താഴ്ചയും ദാരിദ്ര്യവും വിനയവുമൊക്കെയുംകൊണ്ട് ലോകരെ സംസ്കരിക്കാൻ അല്ലാഹു എന്നെ ഏൽപിച്ചിരിക്കുന്നു. ഈ ലക്ഷ്യത്തിനു വേണ്ടിയാണ് ഞാൻ ബറാഹീനെ അഹ്മദിയ്യ: എഴുതിയത്. അ

www.abulhasanalinadwi.org

തിൽ 37 രേഖകൾ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു. ഈ ഗ്രന്ഥത്തിൻെറ ഓരോ കോപ്പി ഞാനയക്കുന്നു. ഈ സന്ദേശം വായിച്ചിട്ടും ഈ സത്യം സ്വീകരിക്കാത്തവനു പരാജയവും നിന്ദ്യതയുമാണ് വിധിച്ചിട്ടുള്ളതെന്ന് അല്ലാഹു എനിക്കു സന്തോഷവാർത്തയറിയിച്ചിട്ടുണ്ട്.''

സത്യാന്വേഷികളെ. ഖാദിയാനിൽ വന്നു തൻെറ കൂടെ ഒരു കൊല്ലം താമസിക്കാൻ അദ്ദേഹം ക്ഷണിക്കുന്നു. എങ്കിൽ ഒരുപാട് ദിവ്യ ദൃഷ്ടാന്തങ്ങളും അമാനുഷികതകളും തീർച്ചയായും കാണാനാവുമത്രെ. അവ കണ്ടില്ലെങ്കിൽ 200 രൂപ ഇനാമും നൽകും. (2)

അതുപോലെ ഒരു ഗ്രന്ഥം കൊണ്ടുവരാനും, തൻെറ പ്രമാണങ്ങളോട് കിടപിടിക്കുന്ന രേഖകൾകൊണ്ട് സ്വന്തം മതത്തിൻെറ സത്യാവസ്ഥ സ്ഥാപിക്കാനും അദ്ദേഹം വെല്ലുവിളിച്ചു. അല്ലെങ്കിൽ പകുതിയോ മൂന്നിലൊന്നോ അഞ്ചിലൊന്നൊ രേഖയെങ്കിലും മതി. നീതിമാന്മാരായ മൂന്നു ജഡ്ജിമാർ സർട്ടിഫൈ ചെയ്ത, ഇതിനേക്കാൾ നല്ലൊരു ഗ്രന്ഥം കൊണ്ടുവരുന്നവനു അദ്ദേഹം 10000 രൂപാ വാഗ്ദാനം ചെയ്തു. (3) ''ഇസ്‌ലാമിൻെറ വിജയമായ ഈ ഗ്രന്ഥ''ത്തിൻെറ കോപ്പികൾ വളരെ കൂടുതൽ അച്ചടിക്കാനുള്ള ചെലവ് ആവേശത്തോടെ സംഭാവന നൽകാൻ മുസ്‌ലിംകളെ ആഹ്വാനം ചെയ്തു. (4) ഈ ആഹ്വാനം സ്വാഗതം ചെയ്യാനോ, സ്വീകരിക്കാനോ വലിയ ചൂടൊന്നും ആരും കാണിച്ചില്ല എന്നാണിവിടെ മനസ്സിലാവുന്നത്. പ്രതികരണം വളരെ തണുത്തതും

ദുർബ്ബലവുമായിരുന്നു, ക്രിയാത്മകമായ പ്രതികരണത്തിന്റെ പോരായ്മയിൽ മീർസാ തന്നെ ഖേദം രേഖപ്പെടുത്തിയിട്ടുമുണ്ട്. (5)

ഗ്രന്ഥത്തിന്റെ മുന്നോടിയെന്ന നിലക്കായിരുന്നു പരസ്യം. വെല്ലുവിളിയുടെ ചൂടും ചുണയുമുറം കൊണ്ടുതന്നെ നിലക്ക് മനസ്സുകളെ കീഴടക്കാനും ജനങ്ങളുടെ മുഴുവനും വായടപ്പിക്കാനും സത്യം സ്ഥാപിക്കാനുമൊക്കെ ദിവ്യ ദൃഷ്ടാന്തങ്ങളെയും അമാനുഷിക സംഭവങ്ങളെയും അവലംബിക്കണമെന്ന നിലക്കുള്ള ഈ പരസ്യം യഥാർത്ഥത്തിൽ തികച്ചും കച്ചവടമന സ്ഥിതി മാത്രമുൾക്കൊള്ളുന്നതായിരുന്നു.

## രാഷ്ട്രീയ പ്രേരിതം

ഗ്രന്ഥത്തിന്റെ മൂന്നു നാലു ഭാഗങ്ങൾ ബ്രിട്ടീഷ് ഭരണത്തെ തൃപ്തിപ്പെടാൻ പണ്ഡിതരോടും ഇസ്ലാമിക സംഘടനകളോടുമുള്ള പ്രേരണ കൊണ്ട് നിറഞ്ഞതാണ്. എന്നും മുസ്ലിംകൾ സമാധാനമാശിക്കുന്ന, ഇംഗ്ളീഷുകാരോട് കൂറുപുലർത്തുന്ന സമൂഹമാണെന്നാണ് മീർസായുടെ വാദം. ഇംഗ്ളീഷുകാർ ഭരിക്കുന്ന നാട്ടിൽ 'ജിഹാദ്' (ധർമ്മസമരം) ഹറാമാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു. പണ്ഡിതൻമാർ മുഴുവൻ ഒപ്പുവെച്ച ഒരു മെമ്മോറാണ്ടം ഭരണകൂടത്തിനു സമർപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

ഈ ഭരണം അല്ലാഹുവിങ്കൽ നിന്നു വന്ന ഒരു അനുഗ്രഹവും കരുണയുമാണ്. ഇസ്ലാമിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുന്ന ഏക ഭരണകൂ

www.abulhasanalinadwi.org

ടമാണിത്. എന്നിങ്ങനെ ഇംഗ്ളീഷുകാർ മുസ്ലി കാംക്കു ചെയ്ത സേവനങ്ങാം പാടിപുകഴ്ത്തുകയ യിരുന്നു ഇതിലൂടെ. (6)

പലവട്ടം, ഇക്കാര്യം അദ്ദേഹം ആവർത്തിച്ചിട്ടുണ്ട്. മുസ്ലിംകാംക്കായി ഈ രാഷ്ട്രീയ ദർശനം മുന്നിൽ വെക്കാനും, ബ്രിട്ടീഷു ഭരണത്തിന്റെ മഹത്തായ സേ വനങ്ങാം പാടാനും സകല പുസ്തകങ്ങളുടെയും തു ടക്കത്തിൽ മീർസാ അത്യാർത്തി കാണിച്ചിട്ടുണ്ട്.

## ഗ്രന്ഥത്തിന്റെ പരിണാമം:

1880 മുതൽ84വരെ ഗ്രന്ഥം പ്രസിദ്ധീകരിച്ചു. 4ാം വാള്യത്തിനുശേഷം രചന ഒന്നു നിലച്ചു 1905വരെ, അഞ്ചാം വാള്യം—അതാണവസാനത്തേതും—പ്രസിദ്ധീ കരിച്ചില്ല. (7) അഥവാ ഗ്രന്ഥരചന തുടങ്ങി 23 കൊ ല്ലം പിന്നിട്ടശേഷം. മീർസാതന്നെ 5ാം വാള്യത്തിൽ ഇ ക്കാര്യം സമ്മതിച്ചിട്ടുണ്ട്. (8) നാലു വാള്യങ്ങാം വാ ങ്ങിയവരും 5ാം വാള്യത്തിനു പണം കെട്ടിയവരും പ ലരും മരിച്ചു കഴിഞ്ഞിരുന്നു. നേരത്തെ വില നൽകി യവരിൽനിന്നു പ്രതിഷേധവും വെറുപ്പുമുയർന്നു. 5ാം വാള്യത്തിന്റെ മുഖവുരയിൽ മീർസാ ഒഴികഴിവ് പറഞ്ഞിട്ടുമുണ്ട്. ഇസ്ലാമിന്റെ സത്യാവസ്ഥക്കു 300 തെളിവുകളവതരിപ്പിക്കുന്ന സംരംഭത്തിൽനിന്നു ഒഴിഞ്ഞുമാറേണ്ടി വന്നുവെന്നദ്ദേഹം പറയുന്നു.

50 വാള്യങ്ങളായി പുസ്തകം പ്രസിദ്ധീകരിക്കാ നാണുപോലും അദ്ദേഹം തീരുമാനിച്ചിരുന്നത്. എ ന്നിട്ട് അഞ്ചായി ചുരുക്കി. 5നും 50നുമിടയിൻ ഒരു പൂജ്യം മാത്രം. അതെ, അദ്ദേഹം തന്റെ കരാർ പാലേ

ച്ചുവെന്നർത്ഥം. (9) എന്നാൽ. വാഗ്ദാനം ചെയ്തിരുന്ന 300ൽ ഒരു തെളിവു മാത്രമേ അദ്ദേഹം പുസ്തകത്തിലവതരിപ്പിച്ചിട്ടുള്ളുവെന്ന് സ്വന്തം മകൻ ബഷീർ അഹ്മദ് തന്നെ സീറത്തുൽ മഹ്ദിയിലെഴുതിയിട്ടുണ്ട്. ആ ഒററ തെളിവു തന്നെ പൂർണ്ണമായും അവതരിപ്പിച്ചിട്ടുമില്ലത്രെ. (10)

### ഒരവലോകനം

ഈ പുസ്തകം വായിക്കുന്ന ഏതൊരാളും എഴുത്തിലും നിരൂപണത്തിലും മീർസായുടെ തൂലികക്കുള്ള ഒഴുക്കും, വാചകങ്ങളുടെ ദൈർഘ്യവും സമ്മതിക്കും. ക്രൈസ്തവർക്കും ഹൈന്ദവർക്കുമെതിരെ ശക്തനായ ഒരു വിമർശകനാവാനും—ഒന്നുകൂടി നേർക്കുനേരെ പറഞ്ഞാൽ ഒരധിക പ്രസംഗിയാവാൻ— താർക്കികനായൊരു ഗവേഷകനാവാനും ഇന്ത്യയാകെ പ്രശസ്തി നേടിയ നിപുണനായ വാദപ്രതിവാദിയെ സൃഷ്ടിക്കാനുമാണ് ഈ ഗ്രന്ഥം അദ്ദേഹത്തെ സഹായിച്ചത്.

മററു ഗ്രന്ഥങ്ങളിൽ കാണാത്ത പുതിയൊരറിവും ഈ കനത്ത ഗ്രന്ഥക്കെട്ട് വായിക്കുന്നവനു കാണാനാവില്ല. ഇള്ഹാറുൽ ഹഖിൻെറയും ഇസാലത്തെ ഔഹാമിൻെറയും ഇസാലത്തെ ശുക്കൂറിൻെറയുമൊക്കെ കർത്താവായിരുന്ന മൗലാനാ റഹ്മത്തുല്ലാ (മരണം ഹി: 1309) മനസ്സിലാക്കിയ അറിവിനെക്കാൾ കൂടുതലായൊന്നും ക്രൈസ്തവതയുടെ പ്രമാണങ്ങളെക്കുറിച്ചോ അതിൻെറ ഉള്ളുകളികളെക്കുറിച്ചോ സങ്കീർണ്ണതകളെക്കുറിച്ചോ മീർസാക്കു നൽകാനുമില്ല. 'തഖ്ദീറെ

www.abulhasanalinadwi.org

ദിൽ ബദീറിന്റെ'ന്റെയും ഹുജ്ജത്തുൽ ഇസ്ലാമി ന്റെയും ആബ്ഹയാതിന്റെയുമൊക്കെ കർത്താവായ മൗലാനാ മുഹമ്മദ് ഖാസിംനാനൂതവി ആര്യസമാജക്കാരെ എതിർക്കുന്നതിൽ കാണിച്ച രീതിയുടെ മധുരമോ പ്രമാണങ്ങളുടെ പുതുമയോ ഇവിടെ കാണാനുമില്ല.

## വെളിപാടുകളും വെല്ലുവിളികളും:

ഗ്രന്ഥത്തിലെങ്ങും നിറഞ്ഞുകിടക്കുന്ന വെളിപാടുകൾ, സ്വപ്നദർശനങ്ങൾ, അമാനുഷികതകൾ, ദർശനങ്ങൾ, ദൈവിക സംഭാഷണങ്ങൾ ഇതൊക്കെക്കണ്ട് വായനക്കാരൻ അന്തംവിട്ടന്ധാളിച്ചു പോകും. നീണ്ടു പരന്ന വാദമുഖങ്ങൾ, വെല്ലുവിളികൾ! ഇവയൊക്കെ കുററമററ ഒരു വൈജ്ഞാനിക ഗവേഷണത്തിന്റെയും ശാന്തമായ ദീനീ നിരൂപണത്തിന്റെയും മാന്യതയിൽനിന്നു, അഹങ്കാരം പുളിച്ചുതേട്ടുന്ന, യാതൊരുപകാരവും കിട്ടാനില്ലാത്ത, വായിക്കാൻ തന്നെ മടുപ്പു തോന്നിക്കുന്ന വില കുറഞ്ഞ വാദമുഖങ്ങളുടെയും വെല്ലുവിളികളുടെയും ശൈലിയിലേക്കു തരം താഴ്ത്തുന്നു.

ദിവ്യ വെളിപാടുകൾ അവസാനിച്ചിട്ടില്ല, അവസാനിക്കാൻ സാദ്ധ്യവുമല്ല എന്ന അടിസ്ഥാനത്തിലാണ് മീർസാ ഈ ഗ്രന്ഥമെഴുതിയത്. തന്റെ വാദങ്ങളുടെയും മതവിശ്വാസങ്ങളുടെയും സത്യസന്ധതക്കു ശക്തമായ തെളിവാണ് വെളിപാടുകൾ. റസൂൽ (സ)യെ പൂർണ്ണമായും പിന്തുടരുന്നവൻ, പ്രവാചകന്മാർക്ക ലഭിച്ച ബാഹ്യവും ആന്തരികവുമായ വിജ്ഞാനംകൊണ്ട് അനുഗൃഹീതനാവും. ദൃഢവും ഖണ്ഡി

www.abulhasanalinadwi.org

തവുമായ (യഖീനീ, ഖഥ്ഇ:) വിജ്ഞാനം ലഭിക്കും. അവനു കിട്ടുന്ന സ്വതസിദ്ധമായ അറിവ് പ്രവാചകരുടെ അറിവിനു സദൃശമാണ്. അങ്ങനെ അറിവു ലഭിച്ചവരെയാണ് 'മാതൃകാ പുരുഷന്മാർ' (അംസൽ) എന്നു നബി(സ)യും സത്യസാക്ഷ്യപ്പെടുത്തുന്നവൻ (സ്വിദ്ദീഖ്) എന്നു ഖുർആനും പരാമർശിച്ചത്. ഈ പുണ്യപുരുഷന്മാരുടെ ആഗമനകാലം, പ്രവാചക കാലത്തിനു തുല്യമായിരിക്കും. അവരിലൂടെ ഇസ്‌ലാമിൻെറ പ്രാമാണികത സ്ഥാപിതമാവും. അവർക്കു കിട്ടുന്ന വെളിപാടുകൾ ദൃഢവും ഖണ്ഡിതവുമായ ദിവ്യസന്ദേശങ്ങളാണ്. (11)

പിന്നെ നീണ്ടുപോകുന്ന, മടുപ്പിക്കുന്ന ഒരുപാടു ഇൽഹാമുകൾ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. വായിക്കാൻ തന്നെ വിഷമം തോന്നും. ഏതായാലും കൂട്ടത്തിൽ രസകരമായ രണ്ടു ഇൽഹാമുകൾ കുറിക്കട്ടെ.

''ഞാനീ പുസ്തക രചനയിലായിരിക്കെ, 1882 മാർച്ചിൽ എനിക്കു ദിവ്യവെളിപാടു കിട്ടി. അതിൻെറ പൂർണ്ണരൂപമിതാ:

''അഹ്മദ്, അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ. താങ്കളെറിഞ്ഞപ്പോൾ യഥാർത്ഥത്തിൽ താങ്കളല്ല, മറിച്ച് അല്ലാഹുവാണ് എറിഞ്ഞത്. പരമ കാരുണികൻ. അവൻ ഖുർആൻ പഠിപ്പിച്ചു. മുമ്പ് പിതാക്കളൊരും താക്കീതു ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു സമൂഹത്തെ താക്കീതു ചെയ്യാൻ. കുററവാളികളുടെ വഴി വ്യക്തമാവാൻ. പറയൂ, ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. സത്യവിശ്വാസികളിൽ ഒന്നാമനാണ് ഞാൻ. പറയൂ!

www.abulhasanalinadwi.org

സത്യം വന്നു. അസത്യം തകർന്നു. അസത്യം തകരേണ്ടതു തന്നെയാണല്ലോ. എല്ലാ അനുഗ്രഹവും മുഹമ്മദ്(സ)യിൽ നിന്നാണ്. അതുകൊണ്ട്, പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുന്നവനു അനുഗ്രഹമുണ്ടാവട്ടെ. പറയൂ, ഞാൻ ഇതു കെട്ടിച്ചമച്ചതാണെങ്കിൽ കുററം മുഴുവൻ എൻേറതാണ്. മററു മതങ്ങളെ മുഴുവൻ അതിജയിക്കാനായി സന്മാർഗ്ഗവും സത്യമതവുമായി തൻെറ പ്രവാചകനെ അയച്ചവനാണവൻ. അല്ലാഹുവിൻെറ വചനങ്ങൾ മാററാനാരുമില്ല. അവർ മർദ്ദിക്കപ്പെട്ടിരിക്കുന്നു. അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയാണ് തീർച്ചയായും അല്ലാഹു. പരിഹസിക്കുന്നവരെ ഒതുക്കാൻ നിനക്കു നാം മതി. അവർ ചോദിക്കുന്നു: എവിടുന്നാണ് നിനക്കിതു കിട്ടിയത്, എവിടുന്നാണിതു കിട്ടിയത്? ഇത് മനുഷ്യൻെറ വാക്കുകൾ മാത്രം. മറേറതോ ജനത അവനെ സഹായിക്കുകയും ചെയ്യുന്നു. നിങ്ങൾ കണ്ടുകൊണ്ടിരിക്കെ മരണത്തിന് വിധേയരാവുന്നോ? നിങ്ങൾ വാഗ്ദാനം ചെയ്യുന്നതെത്ര വിദൂരം! ആരാണീ നീചൻ, വ്യക്തമാവാറാവുന്നില്ലല്ലോ? അറിവില്ലാത്തവനോ ഭ്രാന്തനോ.? പറയൂ, നിങ്ങൾ സത്യം വാദിക്കുന്നവരെങ്കിൽ നിങ്ങളുടെ തെളിവ് കൊണ്ടുവരൂ. നിൻെറ നാഥങ്കൽ നിന്നുള്ള കരുണയാണത്. സത്യവിശ്വാസികൾക്ക് നീ ഒരു ദൃഷ്ടാന്തമാവാനായി അല്ലാഹുവിൻെറ അനുഗ്രഹം നിന്നിൽ പൂർത്തിയാവുന്നു. നിൻെറ നാഥങ്കൽനിന്നുള്ള തെളിവുണ്ട് നിനക്ക്. അതുകൊണ്ടു നീ സന്തോഷവാർത്തയറിയിക്കു. നിൻെറ നാഥൻെറ കരുണയാൽ ഒരു ഭ്രാന്തനല്ല നീ. പറയൂ, നിങ്ങളല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക.

www.abulhasanalinadwi.org

എങ്കിൽ അവൻ നിങ്ങളെ സ്നേഹിക്കും....(12) [അറബി മൂലം അനുബന്ധം 2ൽ നമ്പർ 1 കാണുക.]

നിന്നെ ഞാൻ എൻെറയടുക്കലേക്കുയർത്തും. എന്നിൽ നിന്നുള്ള സ്നേഹം നിന്നിൽ ചൊരിയും. അല്ലാഹു അല്ലാതെ ഇലാഹില്ല. ഞാനെഴുതുന്നു. പ്രസിദ്ധീകരിക്കട്ടെ. എന്നിട്ട് ലോകത്തെക്കയക്കട്ടെ. പാർസികളെ, നിങ്ങൾ ഏകദൈവ വിശ്വാസം സ്വീകരിക്കൂ, ഏകദൈവ വിശ്വാസം. സത്യവിശ്വാസികൾക്ക സന്തോഷ വാർത്തയറിയിക്കു, അവർക്കു പടച്ചവൻെറയടുക്കൽ സത്യത്തിൻെറ ഉന്നതസ്ഥാനം ഉണ്ടെന്ന്. നിൻെറ നാഥങ്കൽനിന്നു ദിവ്യബോധനമായി കിട്ടിയതു അവർക്കു ഓതിക്കൊടുക്ക. അല്ലാഹുവിൻെറ സൃഷ്ടികൾക്ക നേരെ മുഖം തിരിക്കരുത്. ജനങ്ങളെക്കുറിച്ച് നിരാശനാവരുത്. 'അസ്വ്ഹാബു സ്വുഫ്ഫ:'. നിനക്കറിയാമോ അസ്വ്ഹാബു സ്വുഫ്ഫ: ആരാണെന്നു? അവരുടെ കണ്ണുകൾ കണ്ണുനീരു പൊഴിയുന്നതായി നിനക്കു കാണാം. അവർ നിനക്ക സ്വലാത്തു ചൊല്ലുന്നു. ഞങ്ങളുടെ നാഥാ, സത്യവിശ്വാസത്തിലേക്കു ക്ഷണിക്കുന്ന, അല്ലാഹുവിലേക്കു ക്ഷണിക്കുന്ന, പ്രകാശിക്കുന്ന വിളക്കായ ഒരു പ്രബോധകൻെറ വിളി ഞങ്ങൾ കേട്ടു. നിങ്ങളെഴുതിയേക്കൂ.''(13) [അറബിമൂലം അനുബന്ധം 2ൽ നമ്പർ 2]

നാലാം ഭാഗത്തിലെ ഇൽഹാമുകളിലൊന്ന്:

'ജനങ്ങൾ വിശ്വസിച്ചപോലെ നിങ്ങളും വിശ്വസിക്കുക എന്നു അവരോടു പറഞ്ഞാൽ, അവർ ചോദിക്കും, 'വിഡ്ഢികൾ വിശ്വസിച്ചപോലെ ഞങ്ങ

www.abulhasanalinadwi.org

ളും വിശ്വസിക്കുകയോ? എന്നു് അറിയുക, അവർ തന്നെയാണ് വിഡ്ഢികൾ. പക്ഷെ അവരറിയുന്ന വരാണ്. നിങ്ങൾ മയപ്പെടുത്തുന്നവരാവണമെന്ന അവരാഗ്രഹിക്കുന്നു. പറയൂ; കാഫിറുകളേ, നിങ്ങളാരാധിക്കുന്നവയെ ഞാനാരാധിക്കുന്നില്ല. നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടങ്ങൂ എന്ന പറയപ്പെട്ടു. എന്നാൽ മടങ്ങുന്നില്ല. നിങ്ങൾ കീഴടക്കൂ എന്നു പറയപ്പെട്ടാൽ നിങ്ങൾ കീഴടക്കുന്നില്ല. വല്ല നികുതിയും നീ അവരോട് ചോദിക്കുന്നോ എന്നിട്ട് അവർക്ക് കടം താങ്ങാൻ കഴിയാതായിരിക്കകയാണോ?.

പക്ഷെ, നാം അവർക്കു സത്യം കൊടുത്തു. അവരാകട്ടെ സത്യത്തോടു വെറുപ്പുള്ളവരും. അവർ വർണ്ണിക്കുന്നതിൽനിന്നു അല്ലാഹു എത്ര വിശുദ്ധൻ. അവർ പരീക്ഷിക്കപ്പെടാതെ, 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന പറഞ്ഞതുകൊണ്ടു മാത്രം അവരെ വെറുതെ വിടുമെന്ന് ജനങ്ങൾ കരുതുന്നുവോ? പ്രവർത്തിക്കാത്തതിന്റെ പേരിലും സ്തുതിക്കപ്പെടണമെന്നവരാഗ്രഹിക്കുന്നു. അല്ലാഹുവിനു മുമ്പിൽ ഒന്നും മറഞ്ഞുനിൽക്കില്ല. അവൻ നന്നാക്കുന്നതിനു മുമ്പ് ഒന്നും നന്നാവില്ല. ഇതുപ്രസിദ്ധീകരിക്കുന്നതിൽ നിന്നു പിന്തിരിഞ്ഞവനു പിന്നെ ഒരു മടക്കസ്ഥാനവുമില്ല. (14) [അറബിമൂലം അനുബന്ധം 2ൽ നമ്പർ 3]

രണ്ടു വെളിപാടുകൾ ഇംഗ്ളീഷിലുമിറങ്ങിയിട്ടുണ്ട്! രണ്ടും 4ാം ഭാഗത്തിലുണ്ട്. (15)

www.abulhasanalinadwi.org

***വിശ്വാസ സംഹിതഃ***

തുടർച്ചയായി ഇൽഹാമുകളുണ്ടായിട്ടും, സ്വത സിദ്ധമായ വിജ്ഞാനത്തിൽ പ്രവാചകരുടെ പൈതൃകം നിലനിന്നിട്ടും ദൃഢതയുടെ പ്രകാശവും ഖണ്ഡിത വിജ്ഞാനവുമൊക്കെ കിട്ടിയിട്ടും പുസ്തകത്തിൻെറ നാലുഭാഗവും സ്വന്തം വാദങ്ങളും വെല്ലുവിളികളും മാത്രമായി ചുരുങ്ങി. ലോകത്തെ നന്നാക്കാൻ, ഇസ്ലാമിലേക്കു ക്ഷണിക്കാൻ അല്ലാഹുവിനാൽ താൻ കൽപിക്കപ്പെട്ട മീർസാ. ഈ ദീനിൻെറ പരിഷ്കർത്താവ്, ഈസാ(അ)മുമായി സദൃശൻ.(16) ഈസാ[അ] ആകാശത്തേക്കുയർത്തപ്പെട്ടുവെന്നും, രണ്ടാമതിറങ്ങിയെന്നും അദ്ദേഹം സമ്മതിച്ചിട്ടുണ്ട്.(17) ഇനി പുതിയൊരു നബിയോ പുതിയൊരു വഹ്യോ ആവശ്യമില്ലെന്നദ്ദേഹം തറപ്പിച്ചു പറയുന്നു. കാരണം വേദങ്ങളെയും ഇൻജീലിനെയുംപോലെ ഖുർആൻ മാററത്തിരുത്തലുകൾക്കു വിധേയമാവുമെന്നു പേടിക്കേണ്ടതില്ല. തീർച്ചയായും നാമാണീ ഉൽബോധനമിറക്കിയത്. തീർച്ചയായും നാം തന്നെ ഇതിനെ സൂക്ഷിക്കുകയും ചെയ്യും' എന്നാണല്ലോ പടച്ചവൻ പറയുന്നത്. ജാഹിലിയ്യാ കാലത്തെ ബിംബപൂജയിലേക്കോ സൃഷ്ടികളോടുള്ള ആരാധനയിലേക്കോ, മുസ്ലിംകൾ മടങ്ങുമെന്നും ഇനി ഭയപ്പെടാനില്ല. കാരണം 'അസത്യം ഇനി പ്രത്യക്ഷപ്പെടില്ല, ആവർത്തിക്കുകയുമില്ല' എന്നാണല്ലോ ഖുർആൻ പറഞ്ഞത്. സംഗതി മറിച്ചാണ്. 'ഇസ്ലാമിൻെറ ഏകദൈവ വിശ്വാസം, കൊണ്ട് ബഹുദൈവ വിശ്വാസികൾക്കാണപകടം. ഇസ്ലാമികാദ്ധ്യാപനങ്ങൾ, ബിംബപൂജയെ തകർ

ത്തു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു തന്നെ പുതിയൊരു മതനിയമ സംഗതിയോ, പുതിയൊരു ദിവ്യ വെളിപാടോ ഇനി ആവശ്യമേയില്ല. റസൂൽ (സ) അന്ത്യപ്രവാചകൻ തന്നെയാണ് എന്ന വ്യക്തവുമാണ്" എന്നും അദ്ദേഹം പറയുന്നു. (18)

### പ്രതികരണം:

ഒന്നു വ്യക്തം. ഗ്രന്ഥമിറങ്ങിയത് അതിൻെറ നല്ല നേരത്തു തന്നെയാണ്. മുസ്‌ലിംകളുടെ ശ്രദ്ധാവിഷയം തന്നെ തെരഞ്ഞെടുത്തതിൽ ദീർഘദൃഷ്ടിയുണ്ടെന്നും സമ്മതിക്കാം. ഈ വിഷയങ്ങൾക്കു വേണ്ടി തയ്യാറെടുക്കുകയും കച്ചകെട്ടുകയും ചെയ്ത സകലരെയും ഇസ്‌ലാമിൻെറ വീരപുത്രരായി ആദരിക്കാനും പരിഗണിക്കാനും മുസ്‌ലിംകൾ തയ്യാറായ ഒരു ഘട്ടമാണത്. മുസ്ലിം ജനസാമാന്യത്തിനിടയിൽ ഗ്രന്ഥത്തിനു അലയൊലിയുണ്ടായി. ഈ ഗ്രന്ഥത്തിൻെറ പ്രചാരത്തിനു കൂടുതൽ സഹായകമായത് അതിലെ വെല്ലുവിളികളാണ്. അനുകൂലികളിൽനിന്നു മീർസായുടെ പഴയ സഹപാഠിയായിരുന്നു ശൈഖ് മുഹമ്മദ് ഹുസൈൻ മീർസായെ പ്രശംസിക്കാനും അപാരമായ കഴിവിൽ അൽഭുതപ്പെടാനും മുൻനിരയിൽത്തന്നെയുണ്ടായിരുന്നു. പഞ്ചാബിലെ പ്രശസ്തനായ അഹ്‌ലേ ഹദീസു പണ്ഡിതനായിരുന്നു അദ്ദേഹം. അന്ന്, അമിതമായ ആദരവോടെ, അതിശയോക്തിപരമായും, ഏറെ അൽഭുതത്തോടുമാണദ്ദേഹം ഇശാഅത്തുസ്സുന്നഃ മാസികയിൽ പുസ്തക നിരൂപണം നടത്തിയത്. (19) എന്നാൽ അതേ ശൈഖ്തന്നെയാണ്, മീർ

www.abulhasanalinadwi.org

സാ വാഗ്ദത്ത മസീഹാണ് എന്ന് വാദിച്ചപ്പോഠം മീർ സായെ കഠിനമായി എതിർത്തതും.

ഗ്രന്ഥകർത്താവ് പ്രവാചകത്വ വാദിയാണെന്ന ചില പണ്ഡിതൻമാർ അന്നേ സൂചിപ്പിച്ചിരുന്നു. ലുധിയാനയിലെ ശൈഖ് അബ്ദുൽഖാദിറിൻെറ മക്കഠം ശൈഖ് മുഹമ്മദും, അബ്ദുൽഅസീസും ഇവരിൽ സ്മരണീയരാണ്. അമൃതസറിലെ ഒരുപററം അഹ്ലേ ഹദീസ് പണ്ഡിതരും അന്നു തന്നെ ഇത്തരം ഇൽഹാമുകളെ എതിർത്തു. (20)

താൻ ജീവിച്ചിരുന്ന ഒററപ്പെട്ട അപ്രശസ്തമായ അവസ്ഥയിൽ നിന്നു ഈ ഗ്രന്ഥവും പ്രഖ്യാപനവും മീർസായെ പ്രശസ്തിയിലേക്കുയർത്തി. കണ്ണുകളും മനസ്സുകളും അങ്ങോട്ടു തിരിഞ്ഞു. പലരും അദ്ദേഹത്തെ അറിഞ്ഞു. ബഷീർ അഹ്മദ് തന്നെ അതു വിവരിച്ചിട്ടുണ്ട്. (21) മീർസാ തന്നെ, ഞാനെഴുതിത്തുടങ്ങിയ കാലഘട്ടത്തെക്കുറിച്ചു പറഞ്ഞു:

'തികച്ചും അപ്രശസ്തനായിരുന്നു അക്കാലത്തു ഞാൻ. അനുകൂലിയല്ല; പ്രതികൂലിയുമില്ല. അപ്രശസ്തിയുടെ ഒഴിഞ്ഞ മൂലയിൽ ഞാൻ കഴിഞ്ഞു കൂടി... നൂററാണ്ടുകളായി മറഞ്ഞുകിടന്ന ഒരു മയ്യിത്തായിരുന്നു ഞാൻ. ആരാണീ ഖബറിൽ കിടക്കുന്നതെന്നു ആരുമറിയുമായിരുന്നില്ല. (22)

### ആര്യസമാജത്തിനെതിരെ

1886ൽ, ഹോശിയാർപൂരിലെ ആര്യസമാജക്കാരനായ മെർലിഗറുമായി മീർസാ വാദപ്രതിവാദത്തിൽ

www.abulhasanalinadwi.org

മുഴുകി. 86 മാർച്ചിൽ നടന്ന ഈ വാദപ്രതിവാദത്തെ പുരസ്കരിച്ച് അദ്ദേഹം ഒരു ഗ്രന്ഥമെഴുതി. സർമനേജശ്മ്ആരിയ: ആര്യസമാജത്തിനെതിരായി അദ്ദേഹമെഴുതിയ രണ്ടാമത്തെ പുസ്തകമാണിത്.

ചന്ദ്രൻ പിളർന്ന സംഭവത്തിലെ അമാനുഷികതയും ധൈഷണികവും ചരിത്രപരവുമായ അതിൻെറ സംഭാവ്യതയുമായിരുന്നു ഒന്നാം പുസ്തത്തിൻെറ പ്രമേയം. മുഅ്ജിസത്തി (അമാനുഷികത) നെതിരായ വാദങ്ങൾക്കു ശക്തമായ മറുപടിയാണത്. അമാനുഷികവും അസാധാരണവുമായ സംഭവങ്ങൾ ബുദ്ധിപരമായിത്തന്നെ സംഭവിക്കാവുന്നതാണെന്നാണദ്ദേഹം സ്ഥാപിച്ചത്. ഈ വിശാലമായ പ്രപഞ്ചത്തിലെവിടെയും അമാനുഷികതകൾ സംഭവിക്കാമെന്നതിനെ നിഷേധിക്കാൻ പരിമിതമായ മനുഷ്യ ബുദ്ധിക്കോ അതിരുകളുള്ള മനുഷ്യൻെറ അറിവിനോ, നിർണ്ണിതമായ വൈയക്തികാനുഭവങ്ങൾക്കോ സാദ്ധ്യമേയല്ല. മനുഷ്യൻെറ അറിവിൻെറയും കഴിവുകളുടെയും പരിമിതികളെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് നിർബ്ബന്ധപൂർവ്വം അനുസ്മരിപ്പിക്കുന്നുണ്ട്, മീർസാ (23) അദൃശ്യത്തിലുള്ള വിശ്വാസം മതത്തിൻെറ അനിവാര്യഘടകമാണ്, അത് ബുദ്ധിക്കു വിരുദ്ധമല്ല, കാരണം അവൻെറ ബുദ്ധിക്കപ്പുറത്താണത്, എന്നൊക്കെ അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. ഈസാ(അ) ഉയർത്തപ്പെട്ടു, നൂററാണ്ടുകളായി ആകാശത്തു കഴിയുക അസംഭവ്യമാണ് എന്ന അദ്ദേഹത്തിൻെറ തന്നെ പിൽക്കാല വാദത്തിനു ശക്തമായ മറുപടികൂടിയാണീ പുസ്തകം. പിൽകാലത്ത് എഴുതിയ സകല ഗ്രന്ഥങ്ങ

www.abulhasanalinadwi.org

ളിലും അദ്ദേഹം നിറച്ചു വെച്ച മുഅ്ജിസത്തിനോടു ള്ള നിഷേധത്തിനും ഇമ്മാതിരി ദൃഷ്ടാന്തങ്ങൾക്കും അദൃശ്യതകൾക്കും ദൈവിണികമായ കാരണങ്ങൾ ക ണ്ടെത്തലിനും തിരിച്ചടിയാണിത്.

ചുരുക്കത്തിൽ, ഈ ഗ്രന്ഥത്തിൽ കാണാൻ കഴി യുന്ന മീർസായുടെ വ്യക്തിത്വം, ശേഷമുള്ള സകല ഗ്രന്ഥങ്ങളിൽ നിന്നു തികച്ചും വ്യത്യസ്തമാണ്.

**അപകടകരമായ ഔദ്ധത്യബോധം**

ഇസ്ലാമിക–അനിസ്ലാമിക സമൂഹങ്ങളിലൊ ക്കെത്തന്നെ കടന്നുചെന്ന ഈ രണ്ടു പുസ്തകങ്ങൾ കൊണ്ടുതന്നെ മീർസാ സ്വന്തം വിലയറിഞ്ഞു. തൻെറ പ്രാധാന്യവും സ്വാധീനവും അദ്ദേഹത്തിനു ബോദ്ധ്യ മായി. സാദ്ധ്യതകളും വിജയവും കണക്കുകൂട്ടി. ത ന്നെക്കുറിച്ചും തൻെറ വാദഗതികളെക്കുറിച്ചും ഒരു അ ഭിമാനബോധം വളർന്നു. ഒരുതരം അഹങ്കാരം തന്നെ. തൻെറ വ്യക്തിത്വത്തെയും കഴിവുകളെയും കുറിച്ച് താൻ പോരിമ തോന്നി. അപ്രശസ്തിയിൽ നിന്നു പ്രശസ്തിയിലേക്കുള്ള മാററമായിരുന്നു ഇത്. വിന യത്തിൽ നിന്നു **അഹങ്കാരത്തിലേക്ക്**: ക്രൈസ്തവ രോടും ആര്യസമാജക്കാരോടുമുള്ള വാദപ്രതിവാദത്തിൽ നിന്നു മുസ്ലിംകളോട് തന്നെ വാദപ്രതിവാദവും വെല്ലുവിളിയും നടത്തുന്നതിലേക്ക്. ഇവിടെ, മീർസാ വഴിത്തിരിവിലാണ്. ഒരു വലിയ കാര്യത്തിനാണ് അദ്ദേഹത്തിൻെറ ഒരുക്കം. അതിനുവഴി തെളിഞ്ഞു ക ഴിഞ്ഞു. ഈ വഴിത്തിരിവിനു ശേഷം ഇസ്ലാമിക ലോകത്തെയൊന്നാകെ കടന്നാക്രമിച്ച മിർസായെ നമു ക്കു പരിചയപ്പെടാം.

www.abulhasanalinadwi.org

**അവലംബം**

[1] ബഷീർ അഹ്മദ്—സീറത്തുൽ മഹ്ദി 2/151
[2] മിഅ്റാജുദ്ദീൻ ഉമർ—മീർസാ ചരിത്രം (ബറാഹീനെ അഹ്മദിയ്യ—മുഖവുര P: 1/82)
[3] മീർസാ-ബറാഹീനെ അഹ്മദിയ്യ: P: 1/18–20
[4] IBID P 1–b
[5] IBID 2–c
[6] IBID 3–b
]7] ബഷീർ അഹ്മദ്—സീറത്തുൽ മഹ്ദി P: 2/154
[8] IBID P: 5/2
]9] മീർസാ—ബറാഹീനെ അഹ്മദിയ്യ P: 5/7
[10] ബഷീർ അഹ്മദ്—സീറത്തുൽ മഹ്ദി P: 1112
[11] മീർസാ—ബറാഹീനെ അഹ്മദിയ്യ: P: 3/231–234
[12] IBID P: 3/239–242
[13] IBID P: 3/239–242
[14] IBID P: 4/509
[15] IBID P: 4/454–456
[16] ബഷീർ അഹ്മദ്—സീറത്തുൽ മഹ്ദി P: 1/39
[17] മീർസാ—ബറാഹീനെ അഹ്മദിയ്യ P: 5/85
[18] IBID2/110–111
[19[ 1884 പു: 7 ലക്കം 6–11
[20] 1884 ജൂൺ പു: 7 ലക്കം 6—ഇശാഅത്തുസ്സുന്ന: മാസിക
[21] ബഷീർ അഹ്മദ്—സീറത്തുൽ മഹ്ദി P: 104
[22] തതിമ്മ ഹഖീഖത്തെ വഹ്യ് P: 28
[23] സർമനേ ജശം ആര്യ P: 557

www.abulhasanalinadwi.org

# വാഗ്ദത്തമസീഹ്

***രണ്ടു സ്നേഹിതർ:***

ജമ്മുവിൽ ഉദ്യോഗസ്ഥനായിരുന്ന ഹക്കീം നൂറു ദ്ദീൻ സ്വന്തം നാടായ ബഹീറ: യിൽ നിന്നു ജമ്മുവിലേക്കു പോകുന്നത് സിയാൽക്കോട്ടിലിറങ്ങിയായിരുന്നു എന്നു നാം വായിച്ചു. 1864 മുതൽ 68വരെ മീർസാ സിയാൽക്കോട്ടിൽ കോടതിയിലായിരുന്നു. രണ്ടുപേരും കണ്ടുമുട്ടും. തർക്കിക്കാനുള്ള അന്ധമായ താൽപര്യം അവർക്കുണ്ടായിരുന്നു. അങ്ങനെ അവർ പരിചയപ്പെട്ടു. പരസ്പരം ആദരിച്ചു. 85മുതൽ കത്തിടപാടുകൾ തുടർന്നു. 85മാർച്ച് 9നാണ് മീർസാ ഹക്കീമിനു ആദ്യത്തെ കത്തെഴുതുന്നത്. കത്തുകളുടെ സമാഹാരത്തിൽ അത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (1)

കത്തിടപാടുകൾ തുടർന്നു. സ്നേഹബന്ധം ശക്തമായി. മീർസായുടെ ഗ്രന്ഥങ്ങൾ അച്ചടിച്ചുകൊണ്ട് ഹക്കീം മീർസാക്ക് സഹായം നൽകി. മീർസാ അദ്ദേഹത്തിൽ നിന്നു കടം വാങ്ങുകയും ചെയ്തു. സാമ്പത്തിക സഹായങ്ങൾക്കും, സംഭാവനകൾക്കും മീർസാ

www.abulhasanalinadwi.org

ഹക്കീമിനു നന്ദി പ്രകാശിപ്പിച്ചു. ഹക്കീമിന്റെ ശ്രേഷ്ഠതയും ബുദ്ധികൂർമ്മതയും അദ്ദേഹം അംഗീകരിച്ചു. പരസ്പരം സ്നേഹാദരവുകളോടെ അവർ പെരുമാറി. വ്യക്തിയുടെ പ്രശ്നങ്ങളും വീട്ടുകാര്യങ്ങളും വരെ അവർ സംസാരിക്കും. 68ജനുവരിയിൽ മീർസാ, ഹക്കീമിനെ സന്ദർശിക്കാൻ കാശ്മീരിൽ ചെന്നു. ഏതാനും മാസങ്ങൾ അവിടെ തങ്ങി. 'ബറാഹീനെ അഹ്മദിയ്യയുടെ പൊള്ളത്തരം' എന്ന പുസ്തകം (3) എഴുതിയ ലേഖാറാമിന് ഒരു മറുപടിയെഴുതാൻ ആവശ്യപ്പെട്ടു കൊണ്ട് ഹക്കീമിന് മീർസാ കത്തെഴുതി. തന്റെ ഇൽഹാമുകളും സ്വപ്നദർശനങ്ങളും അദൃശ്യ വീജ്ഞാനങ്ങളുമൊക്കെ അപ്പപ്പോൾ അറിയിക്കും. പണ്ഡിതൻമാർ തന്നെ എതിർക്കുന്നതിനെക്കുറിച്ചും ചിലർ കാഫിറാക്കുന്നതിനെക്കുറിച്ചും മീർസാ അദ്ദേഹത്തോട് ആവലാതിപ്പെട്ടിട്ടുണ്ട്. 90ജൂലായ് 15നു അയച്ച കത്തിൽ മീർസാ എഴുതി: 'അല്ലാഹു മഹത്തായ ഒരു കാര്യം വെളിപെടുത്തുമെന്നു ഞാൻ മനസ്സിലാക്കുകയാണ്. (4)

### അപകടകരമായ നിർദ്ദേശം

1891. ഖാദിയാനിയുടെയും ഖാദിയാനിസത്തിന്റെയും ചരിത്രത്തിൽ വ്യക്തമായ വഴിത്തിരിവ് ഉണ്ടായ വർഷം. ജനുവരി24. അന്നാണ് ഹക്കീമെഴുതിയ ഒരു കത്തിനു മീർസാ മറുപടി അയക്കുന്നത്. ഖാദിയാനിസത്തിന്റെ ചിന്തയും, പരിണാമഘട്ടങ്ങളും അതിന്റെ ജനനവും എവിടെ നിന്നായിരുന്നു എന്നു അതു വിശദീകരിക്കുന്നു. കത്തിന്റെ പ്രധാന ഭാഗമിതാ;

www.abulhasanalinadwi.org

'ഈ അശക്തന്', താൻ മസീഹിന്റെ സദൃശനാണ് എന്നു വാദിക്കുന്നതിനെന്താണ് തടസ്സമെന്നു താങ്കൾ ചോദിക്കുന്നു. ഹദീസിൽ മസീഹ് ഇറങ്ങുന്ന സ്ഥലം ഡമസ്കസാണെങ്കിലും അതിൽനിന്ന അൽപം തെററുന്നതിൽ എന്താണ് വിഷമമെന്നും താങ്കൾ ചോദിക്കുന്നു. എന്നാൽ താങ്കളൊന്നു മനസ്സിലാക്കണം. ദുർബ്ബലനായ എനിക്ക് വാഗ്ദത്ത മസീഹാകണമെന്ന ഒരു ആഗ്രഹവുമില്ല. വിനയാന്വിതരും അനുസരണശീലരുമായ അടിമകളിൽ അല്ലാഹു എന്നെ പെടുത്തണമെന്നേ എനിക്കുദ്ദേശമുള്ളു. (5)

### പുതിയ ചിന്ത

ഒരു പാട് മതഗ്രന്ഥങ്ങൾ വായിച്ചുപഠിച്ചവനാണ് ഹക്കീം നൂറുദ്ദീൻ. 19–ാം നൂററാണ്ടിലെമുസ്ലിം ലോകത്തെക്കുറിച്ച് പഠിച്ചയാളും. മസീഹ് വരുക അവസാനകാലത്താണെന്നു ജനം മനസ്സിലാക്കിയിട്ടുണ്ട്. അന്ത്യകാലത്തിന്റെ മുന്നോടിയായ കുഴപ്പങ്ങളെക്കുറിച്ച ഹദീസുകളാണ്, ജനമനസ്സുകളിൽ കടത്തിവിടാൻ ഏററവും എളുപ്പം, എന്നും ഹക്കീമിനറിയാം. ഈ മസീഹിന്റെ പദവി അവകാശപ്പെട്ടു ജനമദ്ധ്യേ പ്രത്യക്ഷപ്പെടുന്നവനു ആത്മീയ നേതൃത്വവും മത രാഷ്ട്രീയ സ്വാധീനവും ഒപ്പം നേടാനാവുമെന്നും അദ്ദേഹം മനസ്സിലാക്കി.

സമകാലീന രാഷ്ട്രീയ ചരിത്രവും, ബ്രിട്ടീഷുകാരുടെ പ്രസിദ്ധീകരണങ്ങളും ഒന്നു മനസ്സിലാക്കിത്തരുന്നു. ജനങ്ങളുടെ സമരചിന്ത [ജിഹാദ്] യാണ് ബ്രിട്ടീഷുകാരെ അസ്വസ്ഥരാക്കുന്നത്. ശഹീദ് അ

www.abulhasanalinadwi.org

ഹ്മദ് ബ്നു ഇർഫാൻെറ പ്രസിദ്ധമായ വിപ്ളവ പ്രസ്ഥാനം, അവരുടെ മനസ്സിൽ നിന്നു മാഞ്ഞുകഴിഞ്ഞിട്ടില്ല. 19–ാം നൂററാണ്ടിൻെറ തുടക്കത്തിൽ ശഹീദും അനുയായികളും ജിഹാദിൻേറയും ജീവാർപ്പണത്തിൻേറയും തീപ്പൊരി ജനമനസ്സുകളിൽ കത്തിച്ചുവിട്ടത് അവർ കണ്ടതാണ്. ഇസ്ലാമികബോധവും മതാവേശവും അവരിൽ ജ്വലിപ്പിച്ചതും അവർക്കറിയാം. അദ്ദേഹത്തിനു പിന്നിലണിനിരന്ന ആയിരക്കണക്കിനു മുസ്ലിംകളിൽനിന്ന് തങ്ങൾ സഹിക്കേണ്ടിവന്ന കഷ്ടപ്പാടുകൾ ബ്രിട്ടീഷുകാർ മറന്നിട്ടില്ല. ജിഹാദിൻെറ പേരിൽ സയ്യിദ് മുഹമ്മദ് അഹ്മദ് സുഡാനിൽ ഉണ്ടാക്കിയ ചലനം സുഡാനിൽ ബ്രിട്ടീഷ് മേൽക്കോയ്മതകർക്കാൻ മാത്രം ശക്തമാകമാറായിരുന്നു. ഇസ്ലാമിക ലോകത്താകെ അടിച്ചുവീശിയ ജമാലുദ്ദീൻ അഫ്ഘാനിയുടെ പ്രസ്ഥാനവുമൊക്കെ അവർ കണ്ടതാണ്.

ജനങ്ങളുടെ മനസ്സിൽ ഒളിഞ്ഞു കിടക്കുന്ന ഈ തീപ്പൊരി അടുത്തുതന്നെ ആളിക്കത്തുമെന്ന് വെള്ളക്കാരൻ മനസ്സിലാക്കി. മഹ്ദിയെയും മസീഹിനേയും കുറിച്ച ചിന്ത, മുസ്ലിം ലോകത്ത് നിറഞ്ഞു നിൽക്കുകയാണ് എന്നും അറിയാം. അതുകൊണ്ടുതന്നെ 'മഹ്ദി മസീഹ് ചിന്ത' ഇളക്കിവിടാൻ ഉദ്ദേശിച്ചിരുന്നവരെന്ന നിലക്ക് ഈ ഖാദിയാനിസമെന്ന ഫോർമുല ബ്രിട്ടീഷുകാരുടെ വഹ്യനുസരിച്ചായിരിക്കാമെന്നതും അൽഭുതമൊന്നുമല്ല. ഈ പരിപാടി ഹക്കീമിൻെറതോ ഇംഗ്ളീഷുകാരുടേതോ ആവട്ടെ, അതിൻെറ പ്രേരകങ്ങളെന്തൊക്കെയൊവട്ടെ—ഒന്നുറപ്പാണ്. ഇതിലെ ഒന്നാമത്തെ പങ്ക് ഹക്കീമിനു തന്നെയാണ്.

www.abulhasanalinadwi.org

ഇവിടെയാണ് സകല ദൈവിക മതങ്ങളിൽ നിന്നും പ്രവാചക പ്രബോധനങ്ങളിൽ നിന്നും ഖാദിയാനി ചിന്ത വ്യക്തമായും വേർതിരിയുന്നത്. പ്രവാചകൻ മാർക്ക് വഹ്‌യിറങ്ങുക, അല്ലാഹുവിങ്കൽ നിന്നാണ്. അവർ തങ്ങളുടെ സന്ദേശങ്ങളിൽ വിശ്വാസവും ദൃഢതയുമുള്ളവരായിരിക്കും. അവരുടെ വിശ്വാസ പ്രമാണമോ പ്രബോധനമോ പുതിയ ഒരു ചിന്തയിൽ നിന്നും മററും പൊട്ടിവിരിഞ്ഞതല്ല. 'ഇത് എന്നോട് കല്പിച്ചതാണ്: ഒന്നാമതായും ഇതിനു കീഴ്പെടുന്നവനാണ് ഞാൻ ഒന്നാമതായും, ഇതിൽ ദൃഢമായി വിശ്വസിക്കുന്നവനാണ് ഞാൻ' എന്നതായിരിക്കും അവരുടെയൊക്കെ പ്രഖ്യാപനം.

മീർസാ ആത്മീയതയുടെ പാരമ്യ പദവി നേടിയെടുത്തു കഴിഞ്ഞിരിക്കുന്നു. അന്തരീക്ഷം അനുകൂലമാണ്. എങ്ങും അദ്ദേഹം പ്രശസ്തനായി കഴിഞ്ഞു. ഈ വേളയിലാണ് ഹക്കീം മീർസാക്കു മുന്നിൽ ഈ പുതിയ ചിന്തയവതരിപ്പിക്കുന്നത്. 'മസീഹിൻെറ കുപ്പായമണിയുക; ഹദീസുകളിൽ പ്രവചിക്കപ്പെട്ട മസീഹാണു താനെന്നു വാദിക്കുക. മസിഹിൻെറ ആഗമനം ഒരു വിശ്വാസമായി മാറിക്കഴിഞ്ഞതാണല്ലോ ഇസ്‌ലാമിക ലോകം അതേക്കുറിച്ച് ഒരുപാട് ചർച്ച ചെയ്തിട്ടുമുണ്ട്.

[ഒന്നുറപ്പാണു. ഈസാ(അ) ൻെറ ആരോഹണവും അന്ത്യനാളിനു മുമ്പുള്ള ആഗമനവും മുസ്‌ലിംകളുടെ അഖീദയാണ്. ഖുർആനും ഒരുപാട് ഹദീസുകളും അതിനു ബലം നൽകുന്നു. തലമുറകളായി അത് വി

www.abulhasanalinadwi.org

ശ്വസിച്ചു പോരുന്നു. അതെക്കുറിച്ച ഹദീസുകൾ മുതവാതിറാണെന്നു പോലും ഇബ്നുകഥീർ എഴുതുന്നു. ഈസാ (അ) ൻെറ ഗമനത്തെക്കുറിച്ച അബുൽ ഹസൻ ആബിരിയുടെ ഹദീസ് മുതവാതിറാണെന്നു ഇബ്നുഹജർ. ഫത്ഹൽബാരിയിലും എഴുതുന്നു. വിശദീകരണത്തിനു അൻവർഷാ കാശ്മീരിയുടെ 'അഖീദത്തുൽ ഇസ്ലാം' വായിക്കുക.

ഖുർആനും സുന്നത്തും മാത്രമല്ല ഇജ്മാഉം ഇതിനു ബലം നൽകുന്നു. അതിനെ എതിർക്കുന്നത് ഫിലോസർമാരായ നിർമ്മതവാദികൾ മാത്രമാണ്. സഫാറീനിയുടെ അഖീദ അതാണ്.

ശറഹു മുസ്ലിമിൽ, ഉബയ്യും മററും മാലികിൽ നിന്നു നിവേദനം ചെയ്യുന്നത്, ഈ വിഷയം മുതവാതിറാണെന്നു തന്നെയാണ്. അൽമിലലു വന്നിഹലിൽ ഇബ്നുഹസമും അതു തറപ്പിച്ചു പറയുന്നു. അല്ലാഹുവിൻെറ കഴിവിനുള്ള വ്യാപകത്വത്തിലും അവൻെറ വിശേഷണങ്ങളിലും നടപടികളെടുക്കുന്നതിലും വിശ്വസിക്കുന്നവർക്ക്; ബുദ്ധിപരമായി നോക്കുമ്പോഴും ഈ പ്രശ്നങ്ങളിൽ ഒരു സംശയവുമുണ്ടാകേണ്ടതില്ല. പ്രത്യേകിച്ച് ശാസ്ത്രം വളർന്നു കഴിഞ്ഞ ഈ യുഗത്തിൽ, കൃത്രിമോപഗ്രഹങ്ങളുടെ ഈ യുഗത്തിൽ അല്ലാമാ അൻവർഷാ വ്യക്തമാക്കുന്നു: 'മീർസാ ആദ്യം പ്രവാചകത്വം വാദിച്ചു. പിന്നെയാണ് ഫിലോസഫിയിലേക്ക് കടന്നത്. എന്നാൽ ഫിലോസഫിയോ ഭൗതികശാസ്ത്രമോ ഒന്നും അദ്ദേഹത്തിനറിയുകയുമില്ല. തൻെറ അനുയായികളായ സ്വൽപം പഠിച്ചവർ പറയുന്നത് ആവർത്തിക്കുക മാത്രമാണദ്ദേഹം ചെയ്ത

www.abulhasanalinadwi.org

ത്". അദ്ദേഹം തോർക്കുകയും, എതിരായ തെളിവു കരം കനമുള്ളതാണെന്നു കാണുകയും ചെയ്താൽ ഉടനെ' ഇൽഹാമി'നെ അഭയം പ്രാപിക്കും. 'പറ ക്കാൻപറഞ്ഞാൽ അത് പെണ്ണൊട്ടകമാവും. അല്ലെ ങ്കിൽകഴുത. ചുമടെടുക്കാൻ പറഞ്ഞാൽ കഴുകനു മാവും. . ]

ഇസ്ലാമിനുവേണ്ടി ശബ്ദിക്കുകയും അദ്ദേഹ ത്തിനുണ്ടായിട്ടുള്ള വളരെയേറെ ഇൽഹാമുകളുടെയും ദർശനങ്ങളുടെയും സന്തോഷവാർത്തകളുടെയും വെളി ച്ചത്തിൽ ജനങ്ങൾ അദ്ദേഹം ഒരു വലിയ്യാണെന്നു വി ശ്വസിക്കുകയും ചെയ്ത ഈ സാഹചര്യത്തിൽ, മീർ സായെ ജനം സ്വാഗതം ചെയ്യുമെന്നും കീഴടങ്ങുമെന്നും ഹകീം കണക്കുകൂട്ടി.

## *മസീഹിൻെറ പ്രതിപുരുഷൻ*

ഹകീം പറഞ്ഞുകൊടുത്ത പരിപാടിക്ക് തയ്യാറാ വുന്നതിൽ ഒഴിവുകഴിവു പറയുന്ന മീർസായെ നാം ആദരിക്കുമായിരുന്നു. അദ്ദേഹത്തിൻെറ ലജ്ജയും അ പ്രശസ്തനായിത്തന്നെയിരിക്കാനുള്ള ആഗ്രഹവുംമാ മാനിക്കപ്പെടുമായിരുന്നു. എന്നാൽ നാം പെട്ടെന്ന് അ റിയുന്നത് ആ പരിപാടി മീർസാ അംഗീകരിക്കുന്നതാ ണ്. വളരെ ശക്തിയോടെ, വ്യക്തമായും പ്രമാണ ങ്ങളുടെ പിൻബലത്തോടെ അദ്ദേഹമതു പ്രഖ്യാപിച്ചു. അതിലേക്കു പ്രോൽസാഹനം ചെയ്തു. ബറാഹീനെ അഹ്മദിയ്യ', സർമേ ജശംആര്യ, ഫഹ്നേഹഖ് എന്നീ മൂന്നു കൃതികൾക്കുശേഷം—ഇവ മൂന്നും സദൃശ മസീ ഹ് ചിന്തയിൽനിന്ന മുക്തമാണ്—എഴുതിയ ഗ്രന്ഥം

www.abulhasanalinadwi.org

ഫത്ഹുൽ ഇസ്ലാം—പ്രസിദ്ധീകരിച്ചു, 1891ൽ താൻ മസീഹിന്റെ സദൃശനാണെന്നു പ്രഖ്യാപിക്കുന്നത് ഈ പുസ്തകത്തിലാണ്.

''(ഹേ ജനങ്ങളെ) നിങ്ങൾ മതവിശ്വാസികളാണെങ്കിൽ അല്ലാഹുവിനു സുജൂദ് ചെയ്യൂ. അവനു നന്ദി ചെയ്യൂ. നിങ്ങളുടെ കാക്കകാരണവൻമാർ ജീവിച്ചുപോയ കാലഘട്ടം ഒരാളെ പ്രതീക്ഷിച്ചു കൊണ്ടായിരുന്നു. പക്ഷെ അദ്ദേഹത്തെ അവർക്കു ദർശിക്കാനായില്ല. നിങ്ങൾക്കു മാത്രമാണ് ആ അനുഗ്രഹം വിധിച്ചത്. ആ നല്ല അവസരം ഉപയോഗിക്കാനായത്. ഞാനതാവർത്തിക്കുന്നു. ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നു. പുത്തനായിത്തന്നെ ഈ മതം ജനമനസ്സുകളിൽ നിലനിൽക്കാൻ ലോകരെ സംസ്കരിക്കാൻ അയക്കപ്പെട്ട ആ ആൾ ഞാനാണ്. [അറബിമൂലം അനുബന്ധം 2ൽ 4]

മൂസാ(അ)ക്കുശേഷം നിയോഗിതനായ ആളെപ്പോലെ (മസീഹ്) യാണു ഞാനും നിയോഗിതനായത്. ഹെറോദോസന്റെ കാലത്തു ഭീകരമായ ശിക്ഷകളും മർദ്ദനങ്ങളും അനുഭവിച്ചശേഷം അദ്ദേഹത്തിന്റെ ആത്മാവ് ഉയർത്തപ്പെട്ടു. അല്ലാഹുവിനോട് സംസാരിച്ച രണ്ടാമത്തെയാൾ [മുഹമ്മദ് നബി (സ)] വന്നു. പ്രവാചകരുടെ നേതാവ്, എന്നേക്കുമുള്ള ഫറോവമാരെ തകർക്കുന്നവൻ. അദ്ദേഹത്തെക്കുറിച്ചാണ് അല്ലാഹു പറഞ്ഞത്. 'ഫിർഔന്റെയടുത്തേക്കു നാമൊരു ദൂതനെ അയച്ചപോലെ, നിങ്ങൾക്കു സാക്ഷിയായി, തീർച്ചയായും നാമിതാ നിങ്ങൾക്കൊരു ദൂതനെ അയച്ചിരിക്കുന്നു''. കാര്യനിർവ്വഹണ രംഗത്ത് കലീമുല്ലാ മൂസായുടെ സ്ഥാനത്ത് നിൽക്കുന്ന മുഹമ്മദ് [സ]ക്കു ശേഷം

www.abulhasanalinadwi.org

മസീഹിന്റെ പ്രതിരൂപത്തിന്റെ ശക്തിയും പ്രകൃതിയും പ്രത്യേകതയും തുടർന്നും ഏറ്റെടുക്കുന്ന ഒരാൾ ഉണ്ടാവണം എന്നത് നിർബ്ബന്ധമാണ്. ഒന്നാമത്തെ കലീമുല്ലക്കും മസീഹിനും ഇടയിലുള്ള കാലയളവ് തന്നെയായിരിക്കണം ഈ പുതിയ അനന്തിരവന്റെതും. അഥവാ ഹിജ്റ 14-ാം നൂററാണ്ട്. അതെ ഈ മസീഹ് അവതരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ആഗമം തികച്ചും ആത്മീയവുമാണ്.

കരുതിക്കൂട്ടി മീർസാ ഉണ്ടാക്കിയതെന്നു ഞാൻ വിശ്വസിക്കുന്ന അവ്യക്തതയും കെട്ടിക്കുടുക്കും ഈ വാചകങ്ങൾക്കുമുണ്ടെങ്കിലും അദ്ദേഹത്തിന്റെ അഖീദയും പുതിയ പ്രബോധനവും വളരെ വ്യക്തമാക്കുന്നു. അദ്ദേഹമാണ് മസീഹിന്റെ സമാനൻ എന്ന്. അതെ, തന്റെ സ്നേഹിതൻ നൂറുദ്ദീന്റെ പുതിയ ചിന്ത അദ്ദേഹം സ്വീകരിച്ചുവെന്നർത്ഥം. 1891ൽ തന്നെയിറങ്ങിയ 'ഫത്ഹുൽ ഇസ്ലാം' തൗളീഹേമറാം' 'ഇസാലേ ഔഹാം' എന്നീ മൂന്നു ഗ്രന്ഥങ്ങളിലും വീണ്ടും വീണ്ടും ചർച്ച ചെയ്യുന്നത് ഈ വിഷയം തന്നെയാണ് (7) ഫത്ഹുൽ ഇസ്ലാമിൽ തന്നെ ഇങ്ങനെ കാണാം:

'മസീഹിന്റെ പ്രകൃതിയുമായി എനിക്ക് സാദൃശ്യമുണ്ട്. ഈ പ്രകൃതിപരമായ സാദൃശ്യം കൊണ്ടു തന്നെയാണ് കുരിശു വിശ്വാസം തകർക്കാൻ ഈ അശക്തനായ എന്നെതന്നെ 'മസീഹ്' എന്ന പേരിൽ നിയോഗിച്ചത്. അതെ, കുരിശ് തകർക്കാനും പന്നികളെ കൊല്ലാനും തന്നെയാണ് ഞാൻ നിയോഗിച്ചത്. ഇടതും വലതും മലക്കുകളുടെ അകമ്പടിയോടെ, ആകാശത്തു നിന്നാണ് ഞാൻ അവതരിച്ചത്. (8)

www.abulhasanalinadwi.org

ഫത്ഹുൽ ഇസ്ലാമിൻെറ തുടർച്ച തന്നെയായ തൗളീഹേ മറാമിലും വളരെ വ്യക്തമായും ശക്തമായും അദ്ദേഹം ആവർത്തിച്ചു.

വളരെച്ചെറിയ വ്യത്യാസത്തോടുകൂടെയാണെങ്കിലും മുസ്ലിംകളും കൃസ്ത്യാനികളും വിശ്വസിക്കുന്നു. മസീഹ്, ശരീരത്തോടെതന്നെ ആകാശത്തേക്കു കേറി എന്ന് ഏതെങ്കിലുമൊരു കാലത്തു അദ്ദേഹം ഇറങ്ങി വരുമെന്നും എന്നാൽ ഫത്ഹു ഇസ്ലാമിൽ തന്നെ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. ആ വിശ്വാസം തെററാണെന്നു മസീഹിൻെറ ആഗമനം കൊണ്ടുദ്ദേശിക്കപ്പെടുന്നത് മസീഹിൻെറ തന്നെ ആഗമനമല്ല, മറിച്ച് മസീഹിൻെറ സദൃശൻെറ വരവിനെക്കുറിച്ച ആലങ്കാരിക പ്രഖ്യാപനമാണെന്നും ഞാൻ വിശദീകരിച്ചിട്ടുണ്ട്. ആ പ്രഖ്യാപനവും ഇൽഹാമുമനുസരിച്ച് ഞാനാണ് ആ ഹദീസിൻെറ സാക്ഷാൽക്കാരം. (9)

(ഈ ഗ്രന്ഥം പുറത്തിറങ്ങിയപ്പോഠം, ബറാഹീനെ അഹ്മദിയ്യ: യിൽ മസീഹിൻെറ ആഗമനം സ്ഥിരീകരിച്ചിട്ടുണ്ടെന്നു, ആക്ഷേപമുയർന്നു. ഭൂരിപക്ഷം മുസ്ലിംകളും വിശ്വസിക്കുന്ന ഒരു ഇസ്ലാമിക പ്രമാണമെന്ന നിലക്കാണ് അത് മൽസരിച്ചതെന്നാണ് മീർസാ ന്യായീകരണം പറഞ്ഞത്. അതെക്കുറിച്ചൊരു വെളിപാടും അല്ലാഹുവിൽ നിന്ന കിട്ടിയിരുന്നില്ലത്രെ. യാഥാർത്ഥ്യം വെളിവാകുന്നതിന്ന മുമ്പ്, ഹദീസുകളുടെ അടിസ്ഥാനത്തിലാണന്നത് പറഞ്ഞത് (ഇസാലെ ഔഹാം പേ. 97)

ബറാഹീനെ അഹ്മദിയ്യയുടെ അവസാന ഭാഗത്തിലദ്ദേഹമെഴുതി. 'എൻെറ കണ്ണുകഠം മൂടപ്പെട്ടിരുന്നു. അങ്ങനെ അല്ലാഹു അത് തുറന്ന തന്നു. പേ. 85

www.abulhasanalinadwi.org

## ഡമസ്കസും ഖാദിയാനും

നൂറുദ്ദീൻ എന്നും കൂടെയുണ്ടായിരുന്നു. പുതിയ ദുർഘട പാതയിലൂടെ മുന്നോട്ട് പോകുമ്പോൾ ഉണ്ടാവുന്ന വൈജ്ഞാനിക പ്രശ്നങ്ങളെക്കുറിച്ചയാൾ ഓർമ്മിപ്പിച്ചു കൊണ്ടിരുന്നു. എങ്ങനെ അവയെ മറികടക്കും? വാഗ്ദത്ത മസീഹിന്റെ വിശേഷണങ്ങളും മീർസാഗുലാമുമായി ജനങ്ങളെ തൃപ്തിപ്പെടുത്താവുന്ന വിധം എങ്ങനെ പൊരുത്തപ്പെടും? ഇതൊക്കെയും ഹക്കീം പരിഹരിച്ചു. പ്രശ്നങ്ങൾക്ക് ഹക്കീം നിർദ്ദേശിച്ച രസകരമായ ഉദാഹരണങ്ങളിതാ.

മസീഹ് ഡമസ്കസിലിറങ്ങുമെന്നാണ് ഹദീസുകളിൽ. (10) ഖാദിയാനും ഡമസ്കസും തമ്മിലെത്ര ദൂരം തമ്മിലെങ്ങനെ യോജിക്കും? ഒരുപക്ഷെ മീർസാ തന്നെ ഈ പ്രശ്നത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടാവില്ല. ഹക്കീമാണെതുണർത്തിയത്.

ഈ സംഭവത്തെക്കുറിച്ചു മീർസാ തന്നെ സംസാരിക്കട്ടെ. തന്റെ വാദഗതികൾ സ്ഥാപിക്കാൻ തെളിവായുദ്ധരിക്കുന്ന ഹദീസുകളിൽ വന്ന ഡമസ്കസിനെ എങ്ങനെ മീർസാ വ്യാഖ്യാനിക്കുന്നുവെന്നു കേൾക്കൂ.

'ഡമസ്കസ്' എന്ന പ്രശ്നമോ, അതിന്റെ ആശയമോ ഇതുവരെ തന്റെ ഗവേഷണങ്ങൾക്കു വിഷയമായിട്ടില്ലായിരുന്നു. എന്റെ ആത്മാർത്ഥ സ്നേഹിതൻ ഹക്കീം നൂറുദ്ദീൻ ഖാദിയാനിൽ വന്നു എന്നെ ഒരിക്കൽ സന്ദർശിച്ചു. ഡമസ്കസിന്റെയും മുസ്ലിമിന്റെ നിവേദനങ്ങളിൽ വന്ന പദങ്ങളുടെയും ആശയം മനസ്സി

www.abulhasanalinadwi.org

ലാഭകിത്തരാൻ അല്ലാഹുവോടപേക്ഷിക്കണമെന്നാവശ്യപ്പെട്ടു. അന്നെനിക്ക് സുഖമില്ല. ആരോഗ്യസ്ഥിതി മോശം. വിഷമിക്കാൻ വയ്യ. കൂടുതൽ ചിന്തിക്കാനും സാധിച്ചില്ല. അതുകൊണ്ട് എല്ലാ പദങ്ങളുടെയും ആശയം സ്ഥിരീകരിക്കാൻ എനിക്കു കഴിഞ്ഞില്ല. എന്നാൽ കുറച്ചു പണിപ്പെട്ടു ഡമസ്കസിന്റെ ആശയം മാത്രം എനിക്കു വെളിവായി. (12)

സഹോദരങ്ങാം മനസ്സിലാക്കണം. സമസ്കസുമായി ബന്ധപ്പെട്ട കാര്യങ്ങാം അല്ലാഹു എനിക്കറിയിച്ചു തന്നിരിക്കുന്നു, അറുവഷളനായ യസീദിന്റെ അനുഗാമികളായ യസീദികളുടെ സ്വഭാവമുള്ളവർ താമസിക്കുന്ന നാടിന്റെ പേരാണ് ഡമസ്കസ്. യസീദികാം ഈമാനില്ലാത്തവരാണ്. റസൂലിനെ സ്നേഹിക്കാത്തവർ. ദൈവീക നിയമങ്ങളോടവക്ക് ആദരവില്ല. ദേഹേഛയനുസരിച്ച് ഇലാഹുകളെ ഉണ്ടാക്കുന്നവർ. ഇമാമുകാംക്കാണ് ആധിപത്യം. അങ്ങനെ, ഒരുപാട് നല്ലവരായ മഹാൻമാരെ അവർ കശാപ്പ് ചെയ്തു പരലോകത്തിൽ വിശ്വസിക്കാത്തവർ. അല്ലാഹുവിന്റെ ആസ്തിക്യം തന്നെ മനസ്സിലാക്കാൻ അവർക്കു കഴിയുന്നില്ല. രോഗികാംക്ക് ഡോക്ടർ നിർബന്ധമായതു പോലെ ഇമ്മാതിരി സമൂഹങ്ങളിൽ തന്നെയാണ് മസീഹിന്റെ അവതരണം അനിവാര്യം.

മസീഹ് ഡമസ്കസിലിറങ്ങുമെന്നത് ഒന്ന വ്യക്തമാക്കുന്നു. മസീഹിന്റെയും അലിയുടെ മകൻ ഹുസൈന്റെയും സമ്മിശ്ര സാദൃശ്യമുള്ള ഒരാാം, ജൂതന്മാരോട് സദൃശരായ യസീദികളെ ആക്ഷേപിക്കാനും ഉത്തരം മുട്ടിക്കാനും ഇറങ്ങും എന്നതാണത്. (12)

www.abulhasanalinadwi.org

'ഡമസ്കസ് എന്ന പദം ഉപമാലങ്കാരമായാണ് പ്രയോഗിക്കപ്പെട്ടത്' (13)

ഖാദിയാൻ ഡമസ്കസ്സിനു സദൃശമാണ്. ഈ ഡമസ്കസ്സിൽ, ഒരു മഹത്തായ കർത്തവ്യത്തിനായി അല്ലാഹു എന്നെ അയച്ചു. പ്രവേശിക്കുന്നവനൊക്കെയും നിർഭയനാകുന്ന ഈ പള്ളിയുടെ വെള്ളമുനാരത്തിൻെറ കിഴക്കേയററത്ത്. ഈ സന്നിധാനത്തിൽ തന്നെ എന്നെയിറങ്ങിയ അല്ലാഹു ഉൽകൃഷ്ടൻ. (14)

## *രണ്ടു മഞ്ഞപ്പുതപ്പുകൾ*

തെളിവില്ലാത്ത ഒരു കേസ്സ് വാദിക്കാൻ നിർബ്ബന്ധിതനായിത്തീർന്ന തന്ത്രശാലിയായൊരു അഭിഭാഷകൻെറ റോളിലാണ് മീർസാ രംഗത്തു വരുന്നത്. തൻെറ കേസ്സു വാദിക്കാൻ സൂക്ഷ്മമായ അപഗ്രഥനവും അവലോകനവും നടത്താതെ, നാണം കെട്ട ഔദ്ധത്യം കാണിക്കുകയാണദ്ദേഹം. [പദപ്രയോഗം കടുത്തുപോയെങ്കിൽ ക്ഷമിക്കണം.]

താൻ വാഗ്ദത്ത മസീഹാണെന്ന വാദം സ്ഥാപിക്കാൻ അവലംബിക്കുന്ന ഹദീസുകളിൽ, വാഗ്ദത്ത മസീഹ് രണ്ടു മഞ്ഞപ്പുതപ്പണിഞ്ഞിറങ്ങുമെന്നുണ്ട്. ഇക്കാര്യം എതിരാളികൾ പുറത്തുകൊണ്ടുവന്നു. അപ്പോൾ അദ്ദേഹം എഴുതി.

മഞ്ഞ എന്നതിൻെറ വിവക്ഷ, രോഗം ആണ്. മസീഹ് രണ്ടു മഞ്ഞപ്പുതപ്പുകൾ പുതച്ചിറങ്ങുമെന്നാണല്ലോ ഹദീസ്. അതുതന്നെയാണ് എൻെറയും സ്ഥിതി. എനിക്കു രണ്ടു രോഗങ്ങളുണ്ട്. ഒന്ന് ശരീ

www.abulhasanalinadwi.org

രത്തിൻെറ മുൻവശത്ത്. അതിശക്തമായ തലകറക്കം, ചിലപ്പോഠം വീണുപോകാറുണ്ട്. ഹൃദയത്തിലെ രക്തചംക്രമണം മന്ദഗതിയിലാവും. മരിച്ചുപോകുമോ എന്നുപോലും ഭയക്കാറുണ്ട് ഞാൻ. രണ്ടാമത്തേത്, ശരീരത്തിൻെറ അടിഭാഗത്താണ്. കൂടുതൽ മൂത്രിക്കാനിടവരുന്ന പ്രമേഹ രോഗമാണ്. എന്നെ തള്ളിപ്പറയുന്നവരും വിശ്വസിക്കുന്നു, മസീഹ് ഈ ദൃഷ്ടാന്തവുമായാണ് ആകാശത്തുനിന്നിറങ്ങുകയെന്ന്. അത് രണ്ട് രോഗങ്ങളാണ്. ഒന്ന് ശരീരത്തിന് മുൻവശത്തും. രണ്ടാമത്തേത് പിന്നിലും. (15) മററൊരിടത്ത് അദ്ദേഹമെഴുതി.

''നീണ്ട കാലമായി രണ്ടു രോഗങ്ങഠം എന്നെ വിഷമിപ്പിക്കുന്നു. ഒന്നു ശക്തമായ തലവേദന, ഒരു പാടു വിഷമവും കഷ്ടപ്പാടും ഭയാനകമായ അനുഭവങ്ങളും ഇതിൻെറ പേരിലുണ്ടായിരുന്നു. അതു ഭേദമായി. തലകറക്കം ചിലപ്പോഴൊക്കെയുണ്ടാവാറുണ്ട്. രണ്ടു മഞ്ഞപ്പുതപ്പുകളെക്കുറിച്ച് വെളിപാടിൽ ബലക്കുറവുണ്ടാവാതിരിക്കാനാണ് ആ രോഗം ഭേദമാവാതെ നിലനിൽക്കുന്നത്. രണ്ടാമത്തേത്, 20 കൊല്ലമായി എന്നെ തളർത്തുന്ന പ്രമേഹം. (16)

### കിഴക്കേ മുനാരം

മീർസായെ ഒരുപാടു കഷ്ടപ്പെടുത്തിയ കിഴക്കൻ മുനാരത്തിൻെറ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചത് ഖാദിയാൻെറ തെക്കുഭാഗത്ത് ഒരു മുനാരം പുതുതായി നിർമ്മിച്ചു കൊണ്ടാണ്. 1900ലാണ് മുനാര നിർമ്മിതിക്കു തീരുമാനമെടുത്തത്. (17) എഴുത്തുകുത്ത

www.abulhasanalinadwi.org

കളാരംഭിച്ചു. സഹായങ്ങൾ നല്ലാൻ പ്രേരിപ്പിച്ച.(18) 903ൽ തറക്കല്ലിട്ടുവെങ്കിലും മകൻ ബഷീറുദ്ദീൻെറ കാലത്താണ് പണി പൂർത്തിയായത്.

ഫത്ഹേ ഇസ്‌ലാം, തൗളീഹെമറാം, ഇസാലേഔഹാം എന്നീ മൂന്നു പുസ്തകങ്ങളിലും എതിരാളികളെ വിമർശിക്കുമ്പോഴും അവർക്കെതിരായി തെളിവ് നിരത്തുമ്പോഴും മൂർച്ചയുള്ള പരുഷത അദ്ദേഹത്തെ പിടികൂടുന്നു. മിക്കപ്പോഴും പരിഹാസവും നിന്ദിക്കലുമാണ് ശൈലി. മസീഹ് ഇന്നും ജീവിക്കുന്നുവെന്നും അദ്ദേഹമിറങ്ങിവരും ഒരു നാളെന്നുമുള്ള വിശ്വാസത്തെ അദ്ദേഹം കളിയാക്കുന്നു. അതിൽ വിശ്വസിച്ച പണ്ഡിതന്മാരെപ്പോലും കശക്കുന്നു. ഗവേഷകനായ പണ്ഡിതൻെറയോ, സംസ്കാരമുള്ള പ്രബോധകൻെറയോ ശൈലിയില്ല; മറിച്ചു വാചാലനായ കള്ളുകുടിയൻെറ ശൈലി.(19) പതിവുപോലെ, ഇൽഹാമുകളും സ്വപ്നങ്ങളും തന്നെയാണിവിടെയും തെളിവ്: ബാത്വിനിയാക്കളെപ്പോലെ നിഗൂഢാർത്ഥം സങ്കൽപിച്ചു കൊണ്ടാണദ്ദേഹം തെളിവെടുക്കുന്നത്.(20) ആയത്തുകളും ഹദീസുകളിൽ വന്ന വാദങ്ങളും തോന്നിയപോലെയാണ് വ്യാഖ്യാനിക്കുന്നത്. അവയെ ആലങ്കാരികതകളായും ശുദ്ധാർത്ഥ പ്രയോഗങ്ങളായുമാണദ്ദേഹം ഗണിക്കുന്നത്. മുൻകാല ബാത്വിനിയ്യാക്കളുടെ വാദഗതികൾ അദ്ദേഹം കടമെടുക്കുന്നു. വളരെ ഖണ്ഡിതമായും സംശയരഹിതമായും ആശയം വ്യക്തമാക്കപ്പെട്ട മതത്തിലെ സാങ്കേതിക പദങ്ങൾക്കും ശറഈ നിയമങ്ങൾക്കും പിഴച്ച വ്യാഖ്യാനം നൽകിയവരാണ് ബാത്വിനിയ്യാക്കൾ. അതിലൂടെ നിരീശ്വരത്തി

www.abulhasanalinadwi.org

ന്റെയും കുഴപ്പത്തിന്റെയും അരാജകത്വത്തിന്റെയും കവാടം മലർക്കെ തുറന്നിട്ടവർ. മതംകൊണ്ടും മനുഷ്യ ബുദ്ധികൊണ്ടും പന്താടുകയാണ് മീർസാ. മുഹമ്മദ്നബി [സ]ക്കു ഈസാനബി [അ]ന്റെയും ദജ്ജാലിന്റെയും യാഥാർത്ഥ്യം പൂർണ്ണമായും മനസ്സിലായിട്ടില്ലെന്നും, അല്ലാഹു അതെക്കുറിച്ച് മൊത്തത്തിലുള്ള അറിവേ നബിക്കു നൽകിയിട്ടുള്ളുവെന്നും വരെ മീർസാ തുടർന്നു പറയുന്നു. (21)

## യേശുക്രിസ്തു കാശ്മീരിൽ

'മസീഹിന്റെ മരണം മീർസാക്ക് ആവർത്തിച്ചാവർത്തിച്ച് പറയാനുള്ള ഒരു വിഷയമാണ്. ഈസാ (അ) കാശ്മീരിൽവെച്ചാണ് മരിച്ചതെന്നും അവിടെത്തന്നെ ഖബറടക്കപ്പെട്ടുവെന്നും വരെ അവസാനം അദ്ദേഹം സമർത്ഥിക്കുന്നു. ഇതേക്കുറിച്ച ചർച്ചയിലും ഒരു വൈചിത്ര്യങ്ങളാണ് മീർസാ എഴുന്നെള്ളിക്കുന്നത്. കാശ്മീർ എന്ന വാക്ക് കാശ്മീരി ഭാഷയിൽ 'കശീർ' എന്നാണുച്ചരിക്കുക. കശീർ എന്ന മൂലപദം ഹിബ്രുവാണ് എന്ന് അദ്ദേഹത്തിനു വെളിപ്പെട്ടു. 'ക' പോലെ എന്നർത്ഥം വരുന്ന ഉപമാനപദം. 'അശ്മീർ' എന്നാൽ 'സിറിയ' എന്നാണ് ഹിബ്രുവിൽ അർത്ഥം. അപ്പോൾ 'സിറിയ പോലെ' എന്നായി. ഈസാ (അ) പലസ്തീനിൽനിന്ന് കാശ്മീറിലെത്തി. സുന്ദരമായ കാലാവസ്ഥയും പരിതസ്ഥിതിയുംമൂലം, സിറിയയുമായി ഒരുപാട് സാദൃശ്യമുള്ള സ്ഥലമാണ് കാശ്മീർ. ഈസാ [അ]നു ഒരു സാന്ത്വനവും സന്തോഷവുമെന്ന നിലക്ക്, അല്ലാഹു നാടിനിട്ടപേരാണ് ''കാ

www.abulhasanalinadwi.org

ശീർ''. അങ്ങനെ നെടുനാളത്തെ ഉപയോഗംമൂലം അത് കശ്മീർ ആയി. (22)

ഖാൻയാറിലെ 'ബുദ്ധാസഫ്'' ഖബർ എന്നു പ്രസിദ്ധമായ ഖബർ. 2000 വർഷങ്ങൾക്കുമുമ്പ് കശ്മീരിലെത്തിയ ഈസാ (അ)ൻെറതാണെന്നുകൂടി അദ്ദേഹം സമർത്ഥിച്ചു. 'കർത്താവിൻെറ മകനായ ദൂതൻ' എന്നാണദ്ദേഹം അറിയപ്പെട്ടിരുന്നതു പോലും. എവിടെയും കേട്ടിട്ടില്ലാത്ത ഈ അഭിപ്രായം വിശദീകരിക്കുന്നതിലും ബുദ്ധാസഫ് എന്നപേര് മസീഹിൻെറ ഖബറിൻമേൽ കെട്ടിവെക്കുന്നതിലും തികച്ചും ഭാവനാത്മകമായ ഒരു ശൈലിയാണ് അദ്ദേഹം സ്വീകരിച്ചത്. എല്ലാം വളരെ കടന്നു പറയുന്നതിലും, തൻെറ തെളിവുകളെക്കുറിച്ച അമിതമായ വിശ്വാസത്തിലും താൻ പറയുന്നതിനെക്കുറിച്ചൊക്കെയും ദൃഢമായി വിശ്വസിക്കുന്നതിലുമൊക്കെ മീർസാക്കുള്ള സാമർത്ഥ്യം ഇവിടെ പ്രകടമാവുന്നു. (23)

അറബി ഭാഷയിൽ എഴുതി അറബ് നാടുകൾക്കു സമർപ്പിച്ച ഒരു ലഘുലേഖയിൽ എഴുതി:

''പിന്നെ അദ്ദേഹം നിര്യാതനായി. ഇവിടെയടുത്തൊരു നാട്ടിൽ മറമാടപ്പെട്ടു. കശ്മീറിലെ ശ്രീനഗറിൽ അദ്ദേഹത്തിൻെറ ഖബർ ഇന്നും സ്ഥിതി ചെയ്യുന്നത്. പൊതുജനങ്ങൾക്കും അല്ലാത്തവർക്കും ഇത് നന്നായറിയാം ആ ഖബർ സന്ദർശിക്കപ്പെടുന്നു. അവിടെനിന്ന് ബർക്കത്തു തേടുന്നു. നിങ്ങൾക്കു സംശയമുണ്ടെങ്കിൽ ഇന്നാട്ടുകാരോട് ചോദിക്കാവുന്നതാണ്. (24)

www.abulhasanalinadwi.org

മീർസാ രണ്ടാംഘട്ടത്തിലെത്തിക്കഴിഞ്ഞു. അദ്ദേഹം വാഗ്ദത്ത മസീഹിൻെറ കൊടി പിടിച്ചു കഴിഞ്ഞു. ഇനിയിതിനേക്കാൾ ഉയർന്ന പദവിക്കുവേണ്ടിയുള്ള ഒരുക്കത്തിലാണ്. 'പ്രവാചകത്വത്തിൻെറ പദവി'. തൻെറ ഗ്രന്ഥങ്ങളിലൂടെ അതിൻെറ വിത്തു വിതച്ചു കളമൊരുക്കി. ഇദ്ദേഹം പറയുന്നതൊക്കെ അംഗീകരിക്കുന്ന ഒരു വിഭാഗം ചുററുമുണ്ട്, ആവേശത്തോടും ആത്മാർത്ഥതയോടും കൂടി അദ്ദേഹത്തിനു ജയ് വിളിക്കുന്നവർ.

www.abulhasanalinadwi.org

**അവലംബം**


(1) മക്ത്തൂബാത്തെ അഹ്മദിയ്യ: P: 5/1
(2) IBID
(3) IBID: 5/5
(4) IBID: 5/75
(5) IBID: 5/85
(6) മീർസാ—ഫത്ഹുൽ ഇസ്ലാം P: 6–7
(7) ബശീർ അഹ്മദ്—സീറത്തുൽ മഹ്ദി P: 151
(8) ഫത്ഹുൽ ഇസ്ലാം—P: 9
(9) മീർസാ—തൗളിഹേമറാം—P: 33–34
(19) IBID: P: 2
(11) മീർസാ—ഇസാലേ ഔഹാം P: 32–33
(12) IBID: P: 33–34
(13) IBID: P: 37
(14) IBID: P: 63
(15) മീർസാ—ബറാഹീനെ അഹ്മദിയ്യ: P: 201
(16) IBID: P: 2/135
(17) ഉമീദ മെത്തുബത്തേ ഇൽഹാമിയ്യ: P: 1
(18) ബശീർ അഹ്മദ്—സീറത്തുൽ മഹ്ദി P: 2/338
(19) ഇസാലെ ഔഹാം—P:20–21
(20) IBID: P: 338
(21) IBID: P: 346
(22) മീർസാ—ബറാഹീൻ—P: 227
(23) IBID: P: 228
(25) അൽ റിസാലത്തുൽ അറബിയ്യ: P: 22


www.abulhasanalinadwi.org

# പ്രവാചകത്വത്തിലേക്ക്

## ആസൂത്രിത പരിപാടി

തൻെറ ഗ്രന്ഥങ്ങളിലൂടെ മീർസാ പ്രവാചകത്വത്തിൻെറ വിത്തു വിതച്ച് കളമൊരുക്കിയെന്ന് നാം മനസ്സിലാക്കി. ബറാഹീനെ അഹ്മദിയ്യ: മുതൽ ഇസാലേ ഔഹാം വരെയുള്ള ഗ്രന്ഥങ്ങളും ഒരുപാട് ലഘുലേഖകളും നന്നായി വായിച്ചു പഠിച്ചവനു ഒരു കാര്യം വ്യക്തമാവും. അദ്ദേഹം വളരെ ദീർഘദൃഷ്ടിയുള്ളവനായിരുന്നു. തൻെറ ചിന്ത അവതരിപ്പിക്കാനുള്ള മുന്നൊരുക്കമായിരുന്നു അവ. തൻെറ പ്രോഗ്രാം, ഒന്നാംതിയ്യതി മുതൽ പ്ലാൻ ചെയ്തതുതന്നെയാണ്. ഓരോ കാൽവെപ്പുകളും അളന്നുവെക്കുകയായിരുന്നു ഒരു ഘട്ടത്തിൽനിന്ന് മറെറാരു ഘട്ടത്തിലേക്ക്. ഇൽഹാമിനേയും നിഗൂഢ ജ്ഞാനത്തേയും, ദൃഢജ്ഞാനത്തേയുമൊക്കെക്കുറിച്ച് റസൂൽ (സ)യെ പിന്തുടരുന്നതിലൂടെ, അദ്ദേഹത്തിൽ ലയിക്കുന്നതിലൂടെ മനുഷ്യൻ നേടുന്ന പദവിയെന്ന നിലക്ക് മീർസാ സംസാരിക്കുന്നു. നബി എന്നോ നുബുവ്വത്ത് എന്നോ പറയാതെ പ്രവാചകത്വത്തിൻെറ വിശേഷണങ്ങളേയും പ്ര

www.abulhasanalinadwi.org

ത്യേകതകളെയും കുറിച്ച് സംസാരിക്കുന്നു. പിന്തുടർച്ചയായി ചില പ്രത്യേക വ്യക്തികൾക്ക മാത്രം അതു കിട്ടുമെന്നു മീർസാ പറയുന്നു ഇമ്മാതിരി സംസാരങ്ങളുടെയൊക്കെ സ്വാഭാവിക ഫലം, ഒരുനാൾ, താൻ നബിയാണെന്നു ഉറക്കെ പറയുകയാവും. പരിതസ്ഥിതികൾ പഠിക്കുകയായിരുന്നു, മീർസാ. ഇസ്ലാമിക സമൂഹത്തിൽ വമ്പിച്ച ഒച്ചപ്പാടുണ്ടാക്കുന്ന തൻെറ വാദത്തിനു അനുയോജ്യമായ സന്ദർഭം ഉറപ്പുവരുത്തണമല്ലോ. തൻെറ അനുഗാമികളുടെ മനസ്സിൽ ഉറച്ച വിശ്വാസവും, താൻ പറയുന്നതു മുഴുവൻ അംഗീകരിക്കാനുള്ള സന്നദ്ധതയും ഉറപ്പുവരുത്തുകയും വേണം.

## *പരസ്യപ്രഖ്യാപനം*

അങ്ങനെ, 1900ൽ ആ പ്രതീക്ഷിത സംഭവം നടന്നു. ഹക്കീം നൂറുദ്ദീൻെറ തൊട്ടുതാഴെ, ഖാദിയാനികളിൽ പ്രമുഖനാണ് ശൈഖ് അബ്ദുൽകരീം [അബ്ദുൽ കരീമും ഹക്കീമും താൻ പറക്കാനുപയോഗിക്കുന്ന രണ്ടു ചിറകുകളാണെന്നു മീർസാ പറയും. ഖത്തീബും ഇൗ പ്രൈവററ് സിക്രട്ടറിയുമായിരുന്നു ശൈഖ്. മീർസായെ ശൈഖ് വളരെക്കൂടുതൽ സ്നേഹിക്കയും മീർസായുടെ ജീവിതകാലത്തുതന്നെ ക്യാൻസർ പിടിപെട്ടാണ് മരിച്ചത്.]

ശൈഖ് അബ്ദുൽകരീം ഒരു ജുമുഅ പ്രസംഗത്തിൽ പ്രഖ്യാപിച്ചു. മീർസാ പ്രവാചകനാണ്. അദ്ദേഹത്തിൽ വിശ്വസിക്കുക നിർബന്ധമാണ്. മററു പ്രവാചകരിൽ വിശ്വസിച്ച് ഇദ്ദേഹത്തിൽ വിശ്വസിക്കാത്തവൻ പ്രവാചകർക്കിടയിൽ വ്യത്യാസം കൽപിക്ക

www.abulhasanalinadwi.org

കയാണ് ചെയ്യുന്നത്. സത്യവിശ്വാസികളുടെ വിശേഷണമായി അല്ലാഹു പഠിപ്പിച്ച 'അവന്റെ പ്രവാചകർക്കിടയിൽ നാം വ്യത്യാസം കാണിക്കുന്നില്ല' എന്ന വാക്യത്തിനെതിരാണ്.

മീർസായെ വലിയ്യും മുജദ്ദിദും വാഗ്ദത്ത മഹ്ദിയും, വാഗ്ദത്ത മസീഹുമൊക്കെയായി വിശ്വസിച്ചവർക്കിടയിൽ തന്നെ ഇതു വലിയ തർക്കവും ഒച്ചപ്പാടുമുണ്ടാക്കി. യാദൃശ്ചികമായ ആഘാതമായി; ഇതു ചിലർക്ക വല്ലാത്ത വേദനയായി. പലരും അന്ധാളിച്ചു പോയി. എതിർത്തവരുമുണ്ട്. ശൈഖ് മുഹമ്മദ് അഹ്സൻ അതിൽ പെടും. [മീർസായുടെ പ്രമുഖനായ ഒരനുയായിയായിരുന്നു ശൈഖ്. മീർസാക്കുവേണ്ടി ഒരുപാടു വാദിച്ചിട്ടുണ്ട്. ഭോപ്പാലിൽ ഒരു ഉദ്യോഗസ്ഥനായിരുന്നു ശൈഖ്. ജോലി രാജിവെച്ചു മീർസാക്കു ബൈഅത്തു ചെയ്തു. ശൈഖിനു സാമ്പത്തിക സഹായങ്ങൾ നൽകാൻ അനുയായികളെ മീർസാ പ്രേരിപ്പിച്ചു. ബശീറുദ്ദീന്റെ പല വിശ്വാസങ്ങളെയും ശൈഖ് മുഹമ്മദ് അഹ്സൻ എതിർത്തിട്ടുണ്ട്.]

എതിപ്പുകളുണ്ടായപ്പോൾ അബ്ദുൽ കരീം രണ്ടാം വെള്ളിയാഴ്ച മറെറാരു ഖുതുബ കൂടി നടത്തി. ഇതേ ആശയത്തിൽ തന്നെ. എന്നിട്ട് മീർസായുടെ നേരെ തിരിഞ്ഞു പറഞ്ഞു. ''താങ്കൾ പ്രവാചകൻ തന്നെയാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്കു തെററുപററിയിട്ടുണ്ടെങ്കിൽ ഉണർത്തണം.''

നമസ്കാരം കഴിഞ്ഞു. മീർസാ പോകാനൊരുങ്ങിയപ്പോൾ മൗലവി അബ്ദുൽകരീം, മീർസായെ പി

ടിച്ചുനിർത്തി; വിധിയാവശ്യപ്പെട്ടു. അപ്പോഠം മീർസാ എന്നോടു വന്നു പറഞ്ഞു.

''ഇതാണെൻെറ വാദവും മതവും.''

ഇതു ശൈഖ് മുഹമ്മദ് അഹ്സന്നെ അസ്വസ്ഥനാക്കി. അദ്ദേഹം അബ്ദുൽ കരീമിനോട് തർക്കിച്ചു. രണ്ടു പേരുടെയും ഒച്ചപൊങ്ങി. ഉടനെ മീർസാ വീട്ടിൽനിന്നു പുറത്തുവന്നു പറഞ്ഞു: ''സത്യവിശ്വാസികളെ, പ്രവാചകൻെറ ശബ്ദത്തേക്കാഠം നിങ്ങഠം ഒച്ചയുണ്ടാക്കരുത്.'' (1)

സ്വാഭാവികമെന്നോണം 'മസീഹിൽനിന്നു പ്രവാചക പദവിയിലേക്കുള്ള' മാററം മകൻ മീർസാ ബഷീറുദ്ദീൻ തന്നെ വിവരിക്കട്ടെ. നേരത്തെ പറഞ്ഞപോലെ ഒരുപാടു മുഖവുരകഠംക്കും മുന്നൊരുക്കങ്ങഠംക്കും ശേഷമാണല്ലോ ഈ മാററം. വീട്ടുകാരനാണല്ലോ വീടിനെക്കുറിച്ചു കൂടുതലറിയുക.

''ചുരുക്കത്തിൽ, ഒരു പുതിയ ശരീഅത്തു കൊണ്ടുവരികയോ, മുമ്പുള്ള ചിലതു ദുർബ്ബലപ്പെടുത്തുകയോ ചെയ്യുന്നവനോ അല്ലെങ്കിൽ സ്വതന്ത്രനായ പ്രവാചകനോ മാത്രമേ ''നബിയ്യ്'' എന്ന വാക്കു ഉപയോഗിക്കാവൂ എന്നാണ് ''മീർസാ മസീഹ്'' ആദ്യകാലത്ത് വിശ്വസിച്ചിരുന്നത്. അതുകൊണ്ടാണ് എല്ലാ പ്രത്യേകതകളും തികഞ്ഞിട്ടും, താനൊരു നബിയാണെന്നു പേരുവെക്കാൻ ആദ്യം വിസമ്മതിച്ചത്. പക്ഷെ ഒരു പ്രവാചകനു ഉണ്ടാകാവുന്ന സകല വിശേഷണങ്ങളും താൻ അവകാശപ്പെട്ടിരുന്നു. പക്ഷെ അതൊക്കെയും ഒരു പരിഷ്കർ

www.abulhasanalinadwi.org

ത്താവിൻെറ പ്രത്യേകതകളാണെന്നാണ് അദ്ദേഹം വിശ്വസിച്ചത്. അതുകൊണ്ട് താൻ ഒരു പരിഷ്കർത്താവാണെന്നു പറഞ്ഞു. പ്രവാചകന്മാരിലല്ലാതെ മററാരിലും കാണാത്ത സ്വഭാവങ്ങളുണ്ടായിട്ടും താൻ പ്രവാചകത്വം വേണ്ടെന്നു വെക്കുകയാണെന്ന് മീർസാക്കു മനസ്സിലായിരുന്നില്ല. പിന്നീട്, തൻെറ സ്വഭാവങ്ങളും വാദമുഖങ്ങളുടെ രൂപവുമൊന്നും ഒരു പരിഷ്കർത്താവിനു യോജിച്ചതല്ല, മറിച്ച് ഒരു നബിക്കു മാത്രം യോജിച്ചതാണെന്ന് തോന്നിയപ്പോഠം അദ്ദേഹം വ്യക്തമായി തന്നെ, താനൊരു പ്രവാചകനാണെന്നു വാദിക്കുകയാണുണ്ടായത്. (2)

ഏതായാലും, പ്രവാചകത്വം വാദിക്കുന്നതിനു രണ്ടു കാരണങ്ങളാണ് മീർസാക്കു തടസ്സമായി നിന്നത്. ഒന്നു, പ്രവാചകനാകണമെങ്കിൽ പുതിയൊരു ശരീഅത്ത് കൊണ്ടുവരുക നിർബ്ബന്ധമാണെന്നും, മുമ്പുള്ള ചില നിയമങ്ങളെയെങ്കിലും ദുർബ്ബലപ്പെടുത്തണമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ഒരു മാദ്ധ്യമവുമില്ലാതെ നേർക്കുനേരെയാണ് പ്രവാചകനാവേണ്ടതെന്നും അദ്ദേഹം കരുതി. അങ്ങനെ, അല്ലാഹു ശരിയേതെന്നു തോന്നിച്ച് നുബുവ്വത്തു വാദിക്കാൻ മനസ്സിൽ ധൈര്യം നൽകുകയോ കൽപന നൻകുകയോ ചെയ്യേണ്ടി വന്നു. അങ്ങനെയാണദ്ദേഹത്തിൻെറ വാദം.

രണ്ട്, സമയമായിട്ടില്ലെന്നു അദ്ദേഹം കണക്കാക്കി. വിത്തുകഠം വിതച്ചത് കൊയ്യാനായിട്ടില്ല എന്നു മനസ്സിലാക്കി. ഈ ഘട്ടങ്ങളൊക്കെ കടന്നുവന്നശേഷം, സ്വാഭാവികവും അനിവാര്യവുമായ ഫലമെന്ന നിലക്ക്, പ്രവാചകത്വത്തിലെത്തിയെന്നതിൽ സംശയമില്ല.

www.abulhasanalinadwi.org

### വെല്ലുവിളികൾ:

മീർസാ ബഷീറുദ്ദീൻ വ്യക്തമാക്കുന്ന പോലെ 1901 മുതൽ, തന്റെ ഗ്രന്ഥങ്ങളിലൂടെ തന്റെ പ്രവാചകത്വം വ്യക്തമാക്കിക്കൊണ്ടിരുന്നു. (3) 'അൽഅർബഈൻ' എന്ന ലഘുലേഖയിലും അതു പ്രഖ്യാപിച്ചു. അത് നാൽപതു ലഘുലേഖകളാക്കുമെന്നു അദ്ദേഹം വായനക്കാർക്കു വാക്കു കൊടുത്തിരുന്നു. പിന്നെ അദ്ദേഹം ആ ചിന്തയിൽനിന്നു മാറി. നാൽപത് നാലാക്കി ചുരുക്കി. 50 നമസ്കാരം 5 ആക്കിയ അല്ലാഹുവിന്റെ മാതൃകയനുസരിച്ച് (4) തന്റെ ഗ്രന്ഥങ്ങളൊക്കെയും വൃത്തികെട്ട വെല്ലുവിളികളും തന്റെ പുതിയ സ്ഥാനത്തെക്കുറിച്ച പരസ്യങ്ങളുംകൊണ്ട് നിറഞ്ഞതാണ്.

തുടർന്നുവന്ന വർഷങ്ങളിൽ ആ വെല്ലുവിളികൾ കൂടി. 1902ൽ അദ്ദേഹം ഒരു ലഘുലേഖ ഇറക്കി. (5) ''തുഹ്ഫത്തുന്നദ്വ.'' നദ്വത്തുൽ ഉലമായുടെ മെമ്പർമാർക്കാണതു സമർപ്പിച്ചത്. ലഘുലേഖ അറബിയിലാണ്. അതിന്റെ ഒന്നാംപേജിൽ അദ്ദേഹമെഴുതി.

''മനുഷ്യരെ, എനിക്ക അല്ലാഹുവിങ്കൽനിന്ന തെളിവുണ്ട്. നിങ്ങൾ വിശ്വസിക്കുന്നുവോ? ജനങ്ങളെ, എനിക്കു അല്ലാഹുവിങ്കൽനിന്ന തെളിവുകളുണ്ട്. നിങ്ങൾ സ്വീകരിക്കുമോ? അല്ലാഹുവിന്റെ തെളിവുകൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കത് കണക്കാക്കാനാവില്ല. ധൃതികൂട്ടുന്നവരേ! അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾക്കിഷ്ടപ്പെടാത്തതുമായി നി

www.abulhasanalinadwi.org

ങ്ങൾക്കൊരു ദൂതൻ വന്നപ്പോഴൊക്കെ ഒരു വിഭാഗത്തെ നിങ്ങൾ കളവാക്കി. ഒരു വിഭാഗത്തെ കൊന്നു. നമ്മുടെ നാഥനിലൂടെ നാം സഹായിക്കപ്പെട്ടിരിക്കുന്നു. വഞ്ചകരേ, അല്ലാഹുവിങ്കൽനിന്നു നിങ്ങൾക്കു സഹായം കിട്ടില്ല. കൊല്ലാമെന്നുള്ള ഫത്ʼവയുടെയും, നിങ്ങൾ ഭരണാധികാരികൾക്കു സമർപ്പിച്ച ആവലാതിയുടെയും പേരിൽ നിങ്ങളെന്നെ കൊല്ലുകയാണോ? പിന്നെ, ദു:ഖിക്കാൻ നിങ്ങൾക്കവസരമുണ്ടാവില്ല''. ''ഞാനും എന്റെ പ്രവാചകരും തീർച്ചയായും വിജയിക്കുക തന്നെ ചെയ്യു''മെന്നു അല്ലാഹു തീരുമാനിച്ചിരിക്കുന്നു. യുദ്ʼധം ചെയ്യുന്നവരെ, അല്ലാഹുവെ നിങ്ങൾക്കു കീഴ്ʼപ്പെടുത്താനാവില്ല.(6) [അറബിമൂലം അനുബന്ʼധം 2ൽ നമ്പർ 5]

ഈ ലേഘുലേഖയിൽ തന്നെ, വ്യക്ʼതമായി വിലകുറഞ്ഞ ശൈലിയിൽ അദ്ദേഹം തുടരുന്നു

''ഞാനെപ്പോഴും പറയാറുണ്ട്, ഞാനോതുന്ന വാക്കുകൾ ഖുർആനും തൗറാത്തും പോലെ അല്ലാഹുവിന്റെ പക്കൽനിന്നു ഖണ്ʼഡിതമായും ഇറങ്ങിയതാണ് എന്ന്. ഞാൻ ഒരു ഛായാ പ്രവാചകനാണ്. [ഞാൻ ഒരു കണ്ണാടിയാണ്. മുഹമ്മദ്(സ)യുടെ രൂപവും, അവിടുത്ത പ്രവാചകത്വവും പൂർണ്ണമായും അതിൽ പ്രതിബിംബിക്കുന്നു– എന്നാണ്, 'നബിയ്യുൽളില്ലിയ്യുൻ'' ഛായ, പ്രവാചകൻ എന്നതിനെ മീർസാ വിശദീകരിച്ചത്.]

മതകാര്യങ്ങളിൽ എന്നെ അനുസരിക്കൽ ഓരോ മുസ്ʼലിമിനും നിർബ്ബന്ʼധമാണ്. ഞാനാണ് വാ

www.abulhasanalinadwi.org

ഗ്ദത്ത മസീഹ് എന്നു വിശ്വസിക്കേണ്ടതും ഓരോ മുസ്ലിമിൻെറയും നിർബ്ബന്ധ ബാദ്ധ്യതയാണ്. എൻെറ പ്രബോധനമെത്തിയിട്ട് എന്നെ വിധികർത്താവാക്കാത്തവൻ, ഞാൻ വാഗ്ദത്ത മസീഹാണെന്നംഗീകരിക്കാത്തവൻ, എനിക്കിറങ്ങിയ വഹ്യ് അല്ലാഹുവിങ്കൽ നിന്നാണെന്നു വിശ്വസിക്കാത്തവൻ, പരലോകത്തു വിചാരണക്കു വിധേയനാവും; അവൻ മുസ്ലിമാണെങ്കിലും ശരി. കാരണം താൻ നിർബ്ബന്ധമായും അംഗീകരിക്കേണ്ട കാര്യം അവൻ തള്ളിക്കളഞ്ഞിരിക്കുന്നു. കള്ളവാദിയാണ് ഞാനെങ്കിൽ ഞാൻ നശിക്കുമെന്നു പറഞ്ഞു മതിയാക്കുന്നില്ല. മൂസാ, ഈസാ, ദാവൂദ്, മുഹമ്മദ്(സ) എന്നീ പ്രവാചകരെപോലെ സത്യസന്ധനാണ് ഞാനെന്നും ഉറപ്പിച്ചു പറയുന്നു. എൻെറ സത്യാവസ്ഥ തെളിയിക്കാൻ 10000ത്തിലധികം തെളിവുകൾ അല്ലാഹു ഇറക്കീട്ടുണ്ട്. ഖുർആൻ എനിക്കു സാക്ഷിനിൽക്കുന്നു. റസൂൽ(സ) എനിക്ക സാക്ഷിയാണ്. എൻെറ നിയോഗകാലം സകല പ്രവാചകരും കണക്കാക്കിയിട്ടുണ്ട്. ഇതാണാ കാലം. ഖുർആൻ തന്നെയും എൻെറ കാലം കണക്കാക്കുന്നുണ്ട്. ആകാശവും ഭൂമിയും എനിക്കു സാക്ഷിയാണ്. എനിക്കു സാക്ഷിയാവാത്ത ഒരു നബിയുമില്ല. (7)

മുഹമ്മദ്[സ]യിൽ വിശ്വസിച്ച സമൂഹത്തിലെ കഴിഞ്ഞുപോയ എല്ലാ ഔലിയാക്കൾക്കും മഹാന്മാക്കും നഷ്ടപ്പെട്ട വലിയൊരനുഗ്രഹമാണ് ഇൽഹാമുകളും ദിവ്യ വെളിപാടുകളും. അതുകൊണ്ടു തന്നെയാണ് അല്ലാഹു 'നബി' എന്ന പേർ എനിക്കു പ്രത്യേകമായി നൽകിയത്. എന്നാൽ മററുള്ളവരൊന്നും ഈ പേരിനർഹരല്ല. (8)

www.abulhasanalinadwi.org

ഹഖീഖത്തെ വഹ്യിനു ശേഷമുള്ള സകല ഗ്രന്ഥങ്ങളും ഈ നബിഘട്ടത്തെക്കുറിച്ച വാചകങ്ങളും വെല്ലുവിളികളും കുത്തിനിറച്ചതാണ്. കൂടുതൽ അറിയാൻ ഹഖീഖത്തെ വഹ്യും, മകൻ ബഷീറുദ്ദീന്റെ 'ഹഖീഖത്തു നുബുവ്വത്തും വായിക്കുക.

## *സ്വതന്ത്രമായ നുബുവ്വത്ത്*

പുതിയൊരു ശരീഅത്തും കൽപനയും നിരോധവുമൊക്കെയുള്ള പ്രവാചകനാവാനാണ് നീക്കമെന്നു മീർസായുടെ കൃതികൾ തെളിയിക്കുന്നു. പ്രവാചകൻ എന്നു പറഞ്ഞാൽ അദ്ദേഹം നിയമങ്ങളും വിധിവിലക്കുകളും കൊണ്ടുവന്നവനായിരിക്കുമെന്ന്, ''അർബഈൻ'' ലഘുലേഖയിൽ അദ്ദേഹം എഴുതി. എന്നാൽ വിധിവിലക്കുകൾ, മുമ്പത്തെ പ്രവാചകന്റെ ഗ്രന്ഥത്തിൽ വന്നു കഴിഞ്ഞതാണ്. അതുകൊണ്ടു ശരീഅത്തുമായി വരുന്ന ഒരു പ്രവാചകൻ, പുതിയ നിയമങ്ങൾ കൊണ്ടുവരണമെന്നു നിർബ്ബന്ധമില്ല. (9)

ഈ നിയമവും തന്റെ നുബുവ്വത്തും തമ്മിൽ യോജിപ്പിക്കാനുള്ള ശ്രമമാണ്, പിന്നെ.

''എന്റെ വഹ്യ്, കൽപനയും (അംറ്) നിരോധവും (വഹ്യ്) ഉൾക്കൊള്ളുന്നു. ഉദാഹരണമായി, അല്ലാഹു എനിക്കു വെളിപാടു നൽകി: സത്യവിശ്വാസികളോട് അവരുടെ കണ്ണുകൾ താഴ്ത്താനും ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കാനും പറയൂ. അതാണവർക്കു നല്ല സംസ്കാരം.'' ഇതേ ആയത്തിൽ തന്നെ കൽപനയും നിരോധവുമുണ്ടെന്ന് ഞാൻ ബറാഹീനെ അ

www.abulhasanalinadwi.org

ഹ്മദിയ്യ:യിൽ എഴുതിയിട്ടുണ്ട്. അങ്ങനെ 13 കൊല്ലം കഴിഞ്ഞു വഹ്യ് തുടർന്നു. ഒരുപാടു കൽപനകളും നിരോധങ്ങളും വന്നു. 'ശരീഅത്തു എന്നു പറഞ്ഞാൽ പുതിയ നിയമങ്ങളുള്ള ശരീഅത്തു എന്നല്ലേ എന്നു ഒരാൾ ചോദിച്ചാൽ,

അല്ലാഹു പറയുന്നില്ലേ: ''തീർച്ചയായും ഇത് ആദ്യകാല ഏടുകളിലുണ്ട്. ഇബ്റാഹീമിന്റെയും മൂസായുടെയും ഏടുകളിൽ.''

അല്ലാഹു നിയമിക്കുകയും റസൂൽ(സ) കൽപിക്കുകയും ചെയ്തു.

'ജിഹാദി'നെ കാലഹരണപ്പെടുത്തുകയും ദുർബ്ബലപ്പെടുത്തുകയും ചെയ്തത്, ഒന്നു തെളിയിക്കുന്നു: താൻ ഖുർആനിന്റെ ശരീഅത്തിനെത്തന്നെ ദുർബ്ബലപ്പെടുത്താൻ കഴിവുള്ള പുതിയ ശരീഅത്തുള്ള പ്രവാചകനാണെന്നു മീർസാ വിശ്വസിക്കുന്നു. അതിന്റെ അനിവാര്യതയാണ്, 'സ്വതന്ത്രമായ പ്രവാചകത്വം'. അദ്ദേഹം അങ്ങനെ വിശ്വസിക്കുക മാത്രമല്ല പ്രഖ്യാപിക്കുകയും ചെയ്യുന്നു.

> ''മാനവികതയാകുന്നതോടെ ഇതുവരെ അപൂർണ്ണമായിരുന്നു. ഇദ്ദേഹത്തിന്റെ ആഗമനത്തോടെ തോട്ടം ഇലകളും ഫലങ്ങളും കൊണ്ടു നിറഞ്ഞു.'' (10)

### അംഗീകരിക്കാത്തവൻ കാഫിർ:

ഈ പ്രവാചകത്വ വാദത്തിന്റെ സ്വാഭാവിക ഫലം തന്നെയാണ്, ഈ പുതിയ നബിയിൽ വിശ്വസിക്ക

www.abulhasanalinadwi.org

ത്ത സകലരെയും കാഫിറാക്കുക എന്നത്". ബറാഹീനെ അഹ്മദിയ്യയിൽ തന്നെ അദ്ദേഹം എഴുതുന്നു.

> ''ഒരു സമൂഹം സ്ഥാപിക്കപ്പെടും. അതിനെ ശക്തിപ്പെടുത്താൻ അല്ലാഹു തൻെറ വായകൊണ്ട് സ്വൂറിലൂതും. എല്ലാ സൗഭാഗ്യവാന്മാരും ആ ശബ്ദത്തിലേക്കാകർഷിക്കപ്പെടും വഴികേട് വിധിക്കപ്പെട്ട, നരകം നിറക്കാൻ വേണ്ടി ജനിച്ച ദൗർഭാഗ്യവാന്മാരൊഴികെ.'' (11)

1900 മെയ് 25നു അദ്ദേഹത്തിനിറങ്ങിയ ഒരു വെളിപാട് നോക്കു.

'നിന്നിൽ വിശ്വസിക്കാതെ, നിനക്ക് ബൈഅത്തു ചെയ്യാതെ നിനക്കെതിരായി നിൽക്കുന്നവൻ അല്ലാഹുവോടും റസൂലിനോടും എതിരായവനാണ്. നരകാവകാശിയുമാണവൻ ' (12)

മീർസാ പറഞ്ഞതായി അബ്ദുൽ ഹക്കീം എഴുതി: ''എൻെറ പ്രബോധനം എത്തിയിട്ട് എന്നെ അംഗീകരിക്കാത്തവൻ മുസ്ലിമല്ല.'' (13)

മീർസായുടെ മകൻ ബഷീറുദ്ദീൻെറ വാദപ്രകാരം ഖാദിയാനിസം ആണ് ഔദ്യോഗികമതം. അദ്ദേഹം ആയീനെ സ്വദഖ:യിൽ എഴുതി:

> വാഗ്ദത്ത മസീഹിൻെറ പേരു കേട്ടവനായാലുമല്ലെങ്കിലും ശരി, അദ്ദേഹത്തിന് ബൈഅത്തു ചെയ്യാത്ത സകല മുസ്ലിമും കാ

ഫിറാണ്, അവൻ ഇസ്ലാമിക വൃത്തത്തിൽ നിന്നു പുറത്താണ്. (14)

ഇങ്ങനെത്തന്നെയാണ് എല്ലായ്പ്പോഴും കോടതി യിലും അവർ വ്യക്തമാക്കുന്നത്. അവരുടെ എണ്ണ മററ പ്രഖ്യാപനങ്ങരം അതു വ്യക്തമാക്കുന്നു. പാ കിസ്ഥാനിൽ അവർ മുസ്ലിംകളോട് പെരുമാറു ന്നത് ഈ അടിസ്ഥാനത്തിലാണ്. അവരോട് വി വാഹബന്ധമില്ല. (15) അവരുടെ പിന്നിൽ നമസ്ക രിക്കില്ല. (16) മുസ്ലിംകരം മയ്യിത്ത് നമസ്കരിക്കില്ല. [സർ സഫറുല്ലാഹ്ഖാൻ വളരെ സൂക്ഷ്മമായും കണിശമായും ഇതംഗീകരിച്ചു. പാക്കിസ്ഥാൻെറ സ്ഥാപകൻ മു ഹമ്മദലിജിന്നക്കുപോലും മയ്യിത്തു നമസ്കരിച്ചിട്ടി ല്ല.) ഖാദിയാനിസത്തിൻെറ ആവിർഭാവത്തിനുമുമ്പ് നിർവ്വഹിക്കപ്പെട്ട സകല ഹജ്ജു കർമ്മങ്ങളും ബാതി ലാണെന്നുവരെ അവർ വിശ്വസിക്കുന്നു. (17) പുതി യ നുബുവ്വത്തിൻെറ അനിവാര്യവും സ്വാഭാവികവു മായ ഫലമാണിതൊക്കെ.

## *പുനർജൻമവും പുനരവതാരവും*

മനുഷ്യൻ പുനർജനിക്കുമെന്നും പുനരവതരിപ്പി ക്കപ്പെടുമെന്നൊക്കെ മീർസാ വിശ്വസിക്കുന്നുവെന്നു അദ്ദേഹത്തിൻെറ വാക്കുകരം തെളിയിക്കുന്നു. പ്രവാ ചകന്മാർ ആത്മാവ് വെടിഞ്ഞു മററു ചിലരുടെ ശ രീരത്തിൻ ആവാഹിക്കുമെന്നും, മററുള്ളവരുടെ രൂപ ത്തിൽ പ്രത്യക്ഷപ്പെടുമെന്നും അദ്ദേഹം പറയുന്നു. തിർയാഖുൽഖുലൂബിൽ—അദ്ദേഹമെഴുതി.

www.abulhasanalinadwi.org

'ആസ്തിക്യത്തിന്റെ പടവുകൾ ഒരു ചംക്രമണമാണ്. ഇബ്റാഹീം(അ) വഫാതായി 2500 വർഷങ്ങൾക്കുശേഷം അതേ സ്വഭാവവും പ്രകൃതിയും ആന്തരിക സാദൃശ്യവുമുൾക്കൊണ്ട്, അബ്ദുൽമുത്വലിബിന്റെ മകൻ അബ്ദുല്ലയുടെ വീട്ടിൽ പിറന്നു. ആ ഇബ്റാഹീമിനു മുഹമ്മദ്(സ) എന്നു പേരിട്ടു.(18)

മുഹമ്മദ്(സ)യുടെ യാഥാർത്ഥ്യം, അദ്ദേഹത്തെ പൂർണ്ണമായും പിന്തുടരുന്നവനിൽ അവതരിക്കുന്നു... മുഹമ്മദീയസത്തയുള്ള ശതക്കണക്കിനു വ്യക്തികൾ കടന്നുപോയിക്കഴിഞ്ഞു. അവരൊക്കെ അല്ലാഹുവിങ്കൽ ഛായാരൂപത്തിൽ മുഹമ്മദ്, അഹ്മദ് എന്നൊക്കെ വിളിക്കപ്പെടും.(19)

'ഈസാ(അ)ന്റെ ആത്മാവുമായി അല്ലാഹു ഒരാളെ അയച്ചു. അദ്ദേഹത്തിന്റെ രൂപത്തിൽ ഈ മനുഷ്യൻ പ്രത്യക്ഷപ്പെട്ടു. വാഗ്ദത്ത മസീഹ് എന്ന ഈ മനുഷ്യനു പേർ കിട്ടി. കാരണം ഈസായുടെ സത്ത ഇദ്ദേഹത്തിൽ അവതരിച്ചിട്ടുണ്ട്. എന്നു പറഞ്ഞാൽ ഈസായുടെ സത്ത ഇദ്ദേഹവുമായി ലയിച്ചുവെന്നർത്ഥം.''(20)

### നബിക്കു, രണ്ടു ജൻമങ്ങൾ!

മുഹമ്മദ്(സ)ക്കു രണ്ടു ജന്മങ്ങളുണ്ടായിരുന്നുവെന്നു അദ്ദേഹം 'അൽ ഖുതുബത്തുൽ ഇൽഹാമിയ്യ'യിൽ എഴുതുന്നു.

'നീ മനസ്സിലാക്കണം; 5ാം സഹസ്രാബ്ദത്തിൽ നിയോഗിതനായപോലെ വാഗ്ദത്ത മസീഹിന്റെ അ

www.abulhasanalinadwi.org

വതാരമായി 6ാം സഹസ്രാബ്ദത്തിന്റെ ഒടുവിലും മുഹമ്മദ്(സ) നിയോഗിതനായി.(21) [ലോകത്തിന്റെ ആയുസ്സ് മീർസായുടെ കണക്കിൽ 6000 കൊല്ലമാണ്. നബി(സ) ജനിച്ച എ.ഡി. 6ാം നൂററാണ്ട് 5ാം സഹസ്രാബ്ദം താൻ ജനിച്ച 20ാം നൂററാണ്ട്, 6ാം സഹസ്രാബ്ദം]

ഈ 6ാം സഹസ്രാബ്ദത്തിന്റെ ഒടുവിൽ, 5ാം സഹസ്രാബ്ദത്തിലേക്കാൾ ശക്തവും സമ്പൂർണ്ണവുമാണ് മുഹമ്മദ്(സ)യുടെ ആത്മീയത. അഥവാ ഒരു പൂർണ്ണ ചന്ദ്രനെന്ന നിലക്ക. അന്നിലക്ക നമുക്ക ഒരു തർക്കമോ, സമരസേനയോ ആവശ്യമില്ലാതാവുന്നു.(22)

## *മററു നബിമാരേക്കാൾ ഉന്നതൻ!*

താൻ നബിയാണെന്നു വാദിക്കുക മാത്രമല്ല, വളരെയേറെ പ്രവാചകന്മാർക്കിടയിൽ അന്തരം കൽപിച്ചുകൊണ്ട്, സകല പ്രവാചകന്മാരെക്കാളും മേലെയാണ് താനെന്നു എഴുതിവെക്കുകകൂടി ചെയ്തു, അദ്ദേഹം. ബറാഹീനെ അഹ്മദിയ്യ 5ാം ഭാഗത്തിലദ്ദേഹമെഴുതി.

''ഇസ്രാഈല്യരിൽപ്പെട്ടവരായിരുന്നാലും ശരി, ഇസ്മാഈൽ(അ)ന്റെ വംശത്തിൽ പെട്ടവരായാലും ശരി, സകല പ്രവാചകന്മാർക്കുമുണ്ടായിരുന്ന വിശേഷഗുണങ്ങളും പ്രധാന സംഭവങ്ങളും എനിക്കും നൽകപ്പെട്ടിട്ടുണ്ട്. സകല പ്രവാചകരുടെയും ചുററുപാടുകളുടെയും സംഭവങ്ങളുടെയും ഒരോഹരി എനിക്കു കിട്ടിയിട്ടുണ്ട്.(23)

'സകല പ്രവാചകരെയും ഒരൊററ മനുഷ്യനിൽ

www.abulhasanalinadwi.org

ഉാംക്കൊള്ളിക്കാൻ അല്ലാഹു ഉദ്ദേശിച്ചു. ഞാനാണ് ആ മനുഷ്യൻ. (24)

മുഹമ്മദ് [സ] യെക്കാളും മഹാനാണ് താനെന്നു വരെ അദ്ദേഹം വ്യക്തമായി വാദിക്കുന്നു. കാരണം റസൂൽ(സ)യുടെ ആത്മീയത അക്കാലത്തു പ്രത്യക്ഷപ്പെട്ടത് സംക്ഷിപ്ത രൂപത്തിൽ മാത്രമാണ്. ആത്മീയ ഭാവങ്ങാം 'ആ പരിമിതികളുടെ കാലഘട്ടങ്ങളിൽ അതിൻെറ പരമോന്നതി നേടിക്കഴിഞ്ഞിരുന്നില്ല. ആത്മീയ പുരോഗതിയുടെയും പൂർണ്ണതയുടെയും ഒന്നാമത്തെ കാൽവെപ്പ് മാത്രമായിരുന്നു അത്. 20ാം നൂററാണ്ടിലാണ് ആത്മീയത അതിൻെറ ഏററവും പ്രശോഭിതമായ രൂപത്തിലും, ഏററവും ഉന്നതമായ ഭാവത്തിലും മീർസാ ഗുലാം അഹ്മദ് എന്ന വ്യക്തിയിൽ പ്രത്യക്ഷപ്പെട്ടത്. 'അൽ ഖുതുബത്തുൽ ഇൽഹാമിയ്യ' എന്ന അറബി ലഘുലേഖയിലദ്ദേഹമെഴുതി.

''അപ്രകാരം തന്നെ, നമ്മുടെ നബി(സ)യുടെ ആത്മീയത അഞ്ചാം സഹസ്രാബ്ദത്തിൽ പ്രത്യക്ഷപ്പെട്ടത് സംക്ഷിപ്ത വിശേഷണങ്ങളോടെ മാത്രമാണ്. അതിൻെറ മുന്നേററങ്ങളുടെ അററമെത്തിക്കഴിഞ്ഞിരുന്നില്ല. അതിൻെറ സമ്പൂർണ്ണതയുടെ പടവുകളുടെ തുടക്കമായിരുന്നു അത്. പിന്നെ അത് ആറാം സഹസ്രാബ്ദത്തിൻെറ ഈ നൂററാണ്ടിൽ_ആണ് പൂർത്തിയായി പ്രത്യക്ഷപ്പെട്ടത്. ഏററവും നന്നായി സൃഷ്ടിക്കുന്ന അല്ലാഹു ആറാം ദിവസം ആദമിനെ പടച്ചപോലെ. നമ്മുടെ റസൂൽ(സ)യുടെ ആത്മീയത പൂർണ്ണത നേടേണ്ടതിനായി, അതിൻെറ പ്ര

www.abulhasanalinadwi.org

കാശം അതിജയിക്കേണ്ടതിനായി ഈ സമൂഹത്തിൽ തന്നെ അതിനൊരു വെളിപാടുണ്ടാക്കി. അത് ഖുർആനിലൂടെ വ്യക്തമായും വാഗ്ദാനം ചെയ്യപ്പെട്ടതുമാണല്ലോ. ഞാനാണ് ആ വാഗ്ദത്ത വെളിപാട്. ഞാനാണാ വാഗ്ദത്ത പ്രകാശം.''(25)

റസൂൽ(സ)ക്കും മേലെ, പൊങ്ങച്ചം പറഞ്ഞു, അദ്ദേഹം പാടി.

> 'അദ്ദേഹത്തിനു വേണ്ടി ചന്ദ്രന് ഗ്രഹണം ബാധിച്ചു. എന്നാലെനിക്കു വേണ്ടി രണ്ടു ചന്ദ്രന്മാർക്കാണ് ഗ്രഹണം ബാധിച്ചത്. നിനക്കു നിഷേധിക്കാമോ?'(26)

ഹഖീഖത്തുൽ വഹ്യിന്റെ അനുബന്ധത്തിലദ്ദേഹമെഴുതി: 'ലോകത്താർക്കും നൽകപ്പെട്ടിട്ടില്ലാത്തത് എനിക്കു കിട്ടിയിട്ടുണ്ട്.'(27)

മീർസാക്കുശേഷം വന്ന സകല ഖലീഫമാർക്കും പടുത്തുയർത്താവുന്ന ഒരു അടിത്തറയാണ് മീർസാ കെട്ടിവെച്ചത്. വളരെ വ്യക്തമായിത്തന്നെ, പല പ്രവാചകന്മാരെക്കാളും അവർ മീർസായെ പൊക്കിപ്പിടിച്ചിട്ടുണ്ട്. അവരുടെ മനസ്സിലുള്ളത് അതിലും ഭയങ്കരമാണ്. രണ്ടാം ഖലീഫ ബഷീറുദ്ദീൻ 'ഹഖീഖത്തുന്നുബുവ്വ'ത്തിലെഴുതി:

'ഉലുൽ അസ്മായ പ്രവാചകരിൽ ചിലരെക്കാരം ശ്രേഷ്ടനാണ് മീർസാ.'(28)

''ഭൂരിപക്ഷം പ്രവാചകരെയുംകാരം ശ്രേഷ്ഠ

www.abulhasanalinadwi.org

നാണ് മീർസാ. അല്ല, എല്ലാ പ്രവാചകന്മാരെയും കാറം ശ്രേഷ്ടനാണദ്ദേഹമെന്നു വേണമെങ്കിൽ പറയാവുന്നതാണ്.'' (29)

## *തീവ്രവാദം*

മീർസായുടെ വാദങ്ങരം കൂടെക്കൂടെ അതിരു കടന്നു. മുഹമ്മദ്(സ)യുടെ കണ്ണാണ് താനെന്ന് അദ്ദേഹം വാദിച്ചു. (30) ''ആരെങ്കിലും എനിക്കും റസൂൽ(സ)ക്കമിടയിൽ വ്യത്യാസം കാണിച്ചാൽ, അവൻ എന്നെ അറിയുകയോ കാണുകയോ ചെയ്തിട്ടില്ലെന്നർത്ഥം. (31)

താൻ കൃഷ്ണന്റെ അവതാരമാണ് കൃഷ്ണൻ തന്നിലൂടെ പ്രത്യക്ഷപ്പെട്ടിരിക്കുന്ന എന്നും അദ്ദേഹം വാദിച്ചു.

അദ്ദേഹത്തിന് അല്ലാഹു ദിവ്യ വെളിപാടു നൽകി പോലും:— ''എന്റെയടുക്കൽ നീ എന്റെ മകന്റെ സ്ഥാനത്താണ്.'' (32) 'മകനേ കേറംക്കൂ' (33) 'ഹേ സൂര്യബിംബമേ! ചന്ദ്രബിംബമേ! നീ എന്നിൽ നിന്നാണ്, ഞാൻ നിന്നിൽ നിന്നും '(34) 'നീ എന്നിൽ നിന്നാണ്, ഞാൻ നിന്നിൽനിന്നും നിന്റെ വരവ്, എന്റെയും വരവാണ്.' (35) നീ നമ്മുടെ ജലത്തിൽ നിന്നാണ്. അവരെല്ലാം വിവാഹ ബന്ധത്തിൽ നിന്നും. (36)

'അല്ലാഹു തന്റെ സിംഹാസനത്തിലിരുന്നു നിന്നെ സ്തുതിക്കുന്നു. അവൻ നിന്റെയടുക്കലേക്കു നടന്നുവരുന്നു. (37)

www.abulhasanalinadwi.org

അറബിയിൽ തന്നെയുള്ള ഇത്രയും ഇൽഹാമുകരം കൊണ്ടു മതിയാക്കുന്നു. ലൈംഗിക കാര്യങ്ങളുമായി ബന്ധപ്പെട്ട പേനകൊണ്ടെഴുതാൻ അറക്കുന്ന നാവു മൊഴിയാൻ വെറുക്കുന്ന പല ഇൽഹാമുകളുമുണ്ട്.

അല്ലാഹു ഒരിക്കൽ ഒരു ഫയലിൽ ഒപ്പിടാനൊരുങ്ങി. ചുവന്ന മഷിപ്പേനയൊന്നു കുടഞ്ഞു. മഷി. അൽപ്പം മീർസായുടെ കുപ്പായത്തിൽ പററിയത്രെ! (38)

## അവലംബം


(1) 1923 ജനുവരി പു: 410. ലക്കം: 51 ഫസൽ.
(2) ഹഖീഖത്തു നുബുവ്വത്ത്: P: 124
(3) IBID: P: 124
(4) മീർസാ– അൽഅർബഈൻ 2/14
(5) ബശീർഅഹ്മദ്, സീറത്തുൽ മഹ്ദി P: 2/153
(6) തുഹ്ഫത്തുന്നദ്വ്
(7) IBID:
(8) ഹഖീഖത്തുൽ വഹ്യ്. P: 9
(9) IBID:
(10) മീർസാ– ബറാഹീൻ P: 5/113
(11) IBID: P: 82
(12) മിഅ്യാറുൽ അഖ്ബാർ P: 8
(13) 1935 ജനുവരി 15–ഫസൽ
(14) P: 35
(15) ബർക്കാത്തെ ഖിലാഫത്ത് P: 73–75
(16) അർബഈൻ 3/34
(17) അൽഹുക്മ് 1934 മെയ്. 7 പുസ്തകം 37. ലക്കം: 16
(18) P: 135


www.abulhasanalinadwi.org

(19) ആയീനെ കമാലാത്തെ ഇസ്ലാം P: 146
(20) IBID: P: 334
(21) അൽഖുത്തുബത്തുൽ ഇൽഹാമിയ്യ: P: 180
(22) IBID: P: 181–182
(23) P: 5/89
(24) P: 5/90
(25) അൽഖുതുബത്തുൽ ഇൽഹാമിയ്യ: P: 177–178
(26) ഇഅ്ജാസെ അഹ്മദി P: 71
(27) ഹഖീഖത്തുൽ വഹ്യ് P: 87
(28) P: 257
(29) 1927 ഏപ്രിൽ പു: 14. ലക്കം: 291 ഫസൽ.
(30) നുസുലുൽ മസീഹ് P: 3
(31) അൽഖുതുബത്തുൽ ഇൽഹാമിയ്യ: P: 121
(32) ഹഖീഖത്തുൽ വഹ്യ് P: 86
(33) ബുശ്റാ– P: 1/49
(34) ഹഖീഖത്തുൽ വഹ്യ് P: 74
(35) തദ്കിറ: P: 650
(36) അൻജാമെ ആഥം P: 55
(37) IBID:
(38) തിർയാഖുൽ ഖുലൂബ് P: 255

www.abulhasanalinadwi.org

## അദ്ധ്യായം മൂന്ന്

# ഖാദിയാനി തുലാസിൽ

www.abulhasanalinadwi.org

## 1 ജീവിതവും ഉപജീവനവും

തുടക്കം, പ്രവാചകരുടെ മാതൃക, ലാളിത്യം ന ബിയുടെ ലക്ഷണം, പ്രബോധകനോ രാഷ്ട്രീയക്കാരനോ, ഗാർഹിക ജീവിതം, ആഢംബര ജീവിതം, റബ്‌വ:യിൽ.

## 2 ബ്രിട്ടീഷു സർക്കാറിന്റെ പിന്തുണ

ബ്രിട്ടീഷുകാർ പൗരസ്ത്യ ദേശത്ത്, പ്രവാചകരുടെ ചര്യ, ഇംഗ്ലീഷുകാർക്ക പിന്തുണ, ജിഹാദ് നിരോധിക്കുന്നു, ബ്രിട്ടീഷുകാർക്കു വേണ്ടി, ഖാദിയാനിസവും ഇസ്ലാമിക ലോകവും.

## 3 അസഭ്യങ്ങൾ

മാന്യമായ നാവ്.

## 4 ആകാശ വിവാഹം

ഒരു വിവാഹാലോചന, വെളിപാടും വെല്ലുവിളികളും, ചിന്തനീയമായ വസ്തുത.

www.abulhasanalinadwi.org

# ജീവിതവും ഉപജീവനവും

**തുടക്കം**

പ്രതിമാസം പത്തുറുപ്പികക്കുപോലും വകയി ല്ലാത്ത തുടക്കം. പിതാവിൻെറ മരണത്തോടെ, ഭക്ഷ ണം വലിയൊരു പ്രശ്നമായി. മീർസാ തന്നെ അത് വിശദീകരിച്ചിട്ടുമുണ്ട്. (1) ചുററും നോക്കാൻ നേര മില്ലാതെ, അപ്രശസ്തനായി, ദരിദ്രനായി 15 വർഷ ങ്ങൾ തള്ളിനീക്കി. (2) അജ്ഞാതമായ ഖബറിൽ മറ മാടപ്പെട്ട അജ്ഞാത മൃതദേഹം പോലെ. (3) ഇങ്ങനെ യിരിക്കെയാണ്, ഒരെഴുത്തുകാരനും ഇസ്ലാമിൻെറ പോരാളിയുമായി അദ്ദേഹം കടന്നു വരുന്നത്. പി ന്നെ പ്രബോധകനും നേതാവുമായി. വാഗ്ദത്ത മ സീഹു, പിന്നെ പ്രവാചകനുമായി. അപ്പോഴേക്കും നാടായ നാടൊക്കെ മീർസായെ അറിഞ്ഞു. ആ ശബ്ദം എങ്ങുമെത്തി.

www.abulhasanalinadwi.org

ഭൗതിക സൗകര്യം കൂടി. സമ്മാനങ്ങളും പാരിതോഷികങ്ങളും ഒഴുകി. പണം വന്നു മൂടി. എല്ലാം മതത്തിന്റെയും മതനേതൃത്വത്തിന്റെയും പേരിൽ. പട്ടിണിപ്പാവങ്ങളുടെയും ഇടത്തരക്കാരുടെയു, മടിശ്ശീലകളിൽ നിന്നാണതെന്നത് പരസ്യമാണ്. ഇവ്വിധ വിജയങ്ങൾക്കും സാമ്പത്തിക നേട്ടങ്ങൾക്കും നേരെ മീർസായുടെ നിലപാടെന്തായിരുന്നു? ഭൗതികരംഗത്തു മീർസാ എങ്ങനെ പിന്നീടു കഴിഞ്ഞു?

## പ്രവാചകരുടെ മാതൃക

റസൂൽ[സ]യെ തുടർന്നു, ഓരോ നൂററാണ്ടിലും പ്രബോധനം നിർവ്വഹിച്ച പ്രവർത്തകരെ നമുക്കറിയാം. സൗകര്യം കൂടുമ്പോൾ കൂടുതൽ ലാളിത്യം തെരഞ്ഞെടുക്കുകയാണവർ ചെയ്തിട്ടുള്ളത്. പ്രബോധന ചരിത്രം അതിനു സാക്ഷി നിൽക്കുന്നു ''അല്ലാഹുവേ, പരലോക ജീവിതമാണ് ജീവിതം''(4) എന്ന റസൂൽ[സ]യുടെ വാചകമായിരുന്നു അവരുടെ മുഖമുദ്ര. 'എനിക്കു ദുനിയാവുമായെന്തു ബന്ധം? ഒരു മരത്തണലിലിരുന്നു വിശ്രമിച്ച്, പിന്നെ നടന്നകന്ന ഒരു യാത്രക്കാരൻ മാത്രമാണ് ഞാൻ'(5) എന്ന തിരുവചനം അവരുടെ ജീവിത രീതിയായി. ഭൗതികത, അവരുടെ വിരക്തിയെയും ലാളിത്യത്തെയും ഒട്ടും കുറച്ചില്ല. ആഫ്രിക്കയിലെയും ഏഷ്യയിലെയും സ്വസമരാർജിത സമ്പത്തു അവരെ ആകർഷിച്ചില്ല. കിസ്റായുടെയും കൈസറിന്റെയും ഖജനാവുകൾ അവരെ അടിമപ്പെടുത്തിയില്ല. അലി[റ]വിനെക്കുറിച്ച് ഇബ്നുൽ ജൗസി നൽകിയ വിവരണം നോക്കു:

www.abulhasanalinadwi.org

'ദുനിയാവിന്റെ ശോഭയിൽ നിന്നകന്നു. രാത്രിയോടും അതിന്റെ നിഴൽപ്പാടിനോടും മമത കാട്ടി. അല്ലാഹുവാണ് നേര്, ഒരുപാട് കരയുകയും വളരെ നേരം ചിന്തിക്കുകയും പതിവാക്കിയിരുന്നു അദ്ദേഹം. കൈപ്പടം അങ്ങോട്ടുമിങ്ങോട്ടും തിരിച്ച് സ്വന്തത്തോട് തന്നെ സംസാരിക്കും. ഏററവും പരുത്ത വസ്ത്രവും ഏററവും ലളിതമായ ഭക്ഷണവുമായിരുന്നു ഇഷ്ടം.' (6) 'ഉമറുബ്നു അബ്ദിൽ അസീസി'ന്റെ ഐഹിക വിരക്തി; 'സ്വലാഹുദ്ദീൻ അയ്യൂബി'യുടെ ലാളിത്യം; നാസ്വിറുദ്ദീൻ മഹ്മൂദിന്റെയും ഔറംഗസീബിന്റെയും ത്യാഗം നിറഞ്ഞ ജീവിതത്താളുകൾ; ഈ രാജാക്കന്മാരൊക്കെ മാനവിക ചരിത്രത്തിലെ സുന്ദരമായ ഏടുകളാണ്. ഇതു രാജാക്കന്മാരുടെ കഥ. അപ്പോൾ സമൂഹത്തിന്റെ അവസ്ഥയോ? ഈ മീർസാ ജീവിച്ച കാലത്തു തന്നെ സമ്പത്തെമ്പാടും കുന്നുകൂടിയിട്ടും അതൊക്കെ പാവപ്പെട്ടവർക്കായി ദാനം ചെയ്തു, ഉണങ്ങിയ ചപ്പാത്തിയും മററും കഴിച്ചു തൃപ്തരായ എത്ര പണ്ഡിതരും പ്രബോധകരുമുണ്ട്. വീട്ടിൽ സ്വൽപം സ്വർണ്ണമോ പണമോ ഉണ്ടെങ്കിലവർക്കു ഉറക്കം വരില്ല. ഇങ്ങനെയുള്ള മഹാന്മാരുടെ പേരുകൾ എണ്ണിയാലൊടുങ്ങില്ല.

### ലാളിത്യം—നബിയുടെ ലക്ഷണം

ഈ വിശുദ്ധമായ ജീവിതവും, ദാരിദ്ര്യത്തിലും സമ്പന്നതയിലും, ശക്തിയിലും ദുർബ്ബലതയിലുമൊക്കെ ഒരുപോലെ നിലനിൽക്കുന്ന സ്ഥിരഭാവവുമൊക്കെ, മുഹമ്മദ് [സ] യുടെ പ്രവാചകത്വത്തിനു തെളിവാണെന്നാണ് മീർസാ തന്റെ ആദ്യകാലത്തെഴുതിയത്.

www.abulhasanalinadwi.org

''നീണ്ട കാലത്തിനുശേഷം ഇസ്ലാം വിജയിച്ചു. ഇസ്ലാമിക സമൂഹം പുരോഗതി നേടി മുന്നേറി. എന്നിട്ടും റസൂൽ[സ] സമ്പത്തു ശേഖരിച്ചില്ല. ഖജനാവു നിറച്ചില്ല. കെട്ടിടമുണ്ടാക്കിയില്ല. കൊട്ടാരം കെട്ടിയില്ല. ആഢംബരത്തിനോ വിനോദത്തിനോ മുതിർന്നില്ല. അല്ലാഹു നൽകിയ സൗകര്യമോ സ്ഥാനമാനങ്ങളോ ദുരുപയോഗപ്പെടുത്തിയില്ല. മറിച്ച്, എല്ലാം ദാനം ചെയ്തു. അനാഥകൾക്ക്, പാവപ്പെട്ടവർക്ക്, അടിമകൾക്ക്.... ഒരിക്കലുമദ്ദേഹം വയറു നിറയെ ഭക്ഷിച്ചിട്ടുപോലുമില്ല. (7)

## പ്രബോധകനോ, രാഷ്ട്രീയക്കാരനോ?

മീർസാ നൽകിയ ഈ വിളക്കുമായി, ഖാദിയാനിസത്തിന്റെ പ്രചാരണശേഷമുള്ള മീർസായുടെ ജീവിതത്തിലേക്കു നമുക്കൊന്നു കടന്നുചെല്ലാം. കഴിഞ്ഞകാല ജീവിതവും, തനിക്ക് അപാരമായ സ്വാധീനം കിട്ടിയശേഷമുള്ള ജീവിതവും തമ്മിൽ ഭീമമായ വിടവാണ് നമുക്കു കാണാനാവുക. പ്രവാചകന്റെയോ സ്വഹാബത്തിന്റെയോ പോയിട്ട്, ഒരു സാധാരണ മതനേതാവിന്റെ ജീവിതം പോലുമല്ല, തികച്ചും ഒരു രാഷ്ട്രീയ നേതാവിന്റെ ജീവിതം. എന്നിട്ടല്ലെ മുഴുവൻ അനുഗാമികളുടെയും വിശുദ്ധമായ മനസ്സുകളിൽ കൊത്തിവെക്കാൻ മാത്രം ഉന്നതമായ ജീവിതം കാഴ്ചവെക്കുന്ന പ്രവാചകരുടെ സ്ഥാനത്തെത്താൻ!

## ഗാർഹിക ജീവിതം

ഖാജാ കമാലുദ്ദീൻ യൂറോപ്പ് മുഴുവൻ പ്രസിദ്ധനായ ഒരു ഖാദിയാനിയായിരുന്നു. ഖാദിയാനിസ

www.abulhasanalinadwi.org

ത്തിൻെറ അവാന്തര വിഭാഗമായ ലാഹോറികളുടെ നേതാവ് മുഹമ്മദ്അലി ലാഹോറിയോടും ശൈഖ് സദ്ർഷായോടും ഒരു യാത്രയിൽ കമാലുദ്ദീൻ പറഞ്ഞു.

'ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നതിലും ലളിതജീവിതം നയിക്കുന്നതിലുമൊക്കെ റസൂൽ(സ) യുടെ അനുയായികളുടെ മാതൃക പിന്തുടരാൻ ഞങ്ങൾ വീട്ടുകാരെ പ്രേരിപ്പിക്കാറുണ്ടായിരുന്നു. അവർ പരുക്കൻ വസ്ത്രങ്ങളണിയും. ലളിതമായ ഭക്ഷണം കഴിക്കും. തങ്ങളുടെ ധനത്തിൽ നിന്നു വലിയൊരുഭാഗം പൊതുനൻമക്കായി ചെലവിടും' ഞങ്ങളുടെ ഇത്തരം ഉപദേശങ്ങൾ മൂലം, സമ്പത്തിൻെറ ഒരുഭാഗം ഖാദിയാനിലേക്കൊഴുകി. അങ്ങനെ ഒരിക്കൽ ഞങ്ങളുടെ വീട്ടുകാർ ഖാദിയാൻ സന്ദർശിച്ചു കുറച്ചു ദിവസം താമസിച്ചു. അവിടെ ഖാദിയാനി സ്ത്രീകളുടെ ജീവിതം കണ്ട അവർ ഞങ്ങൾക്കെതിരായി തിരിഞ്ഞു. ഞങ്ങളെ കള്ളൻമാരാക്കി. അവർ പറഞ്ഞു,

'ഖാദിയാനിൽ നബിയും സ്വഹാബത്തും സ്ത്രീകളും ജീവിക്കുന്നതെങ്ങനെയെന്നു ഞങ്ങൾ കണ്ടു. അവരനുഭവിക്കുന്ന സൗകര്യത്തിൻെറയും ആർഭാടത്തിൻെറയും പത്തിലൊന്നു പോലും നാമനുഭവിക്കുന്നില്ല. നമ്മൾ സമ്പാദിച്ച് അവർക്കു നൽകുന്ന സംഭാവനകൾ സമൂഹത്തിൻെറ പൊതുനൻമക്കു വേണ്ടിയുള്ളതാണ്. ഇതുവരെ ഞങ്ങളെ നിങ്ങൾ വഞ്ചിച്ചു. ഞങ്ങളെ തെററിദ്ധരിപ്പിച്ചു. ഇനി, ഇന്നു മുതൽ ഞങ്ങൾ വഞ്ചിതരാവില്ല.' അങ്ങനെ അവർ ഖാദിയാനിലേക്കയച്ചു കൊടുത്തിരുന്ന സംഭാവനകൾ റദ്ദ് ചെയ്തു. (8)

www.abulhasanalinadwi.org

മീർസാ തൻെറ ഭാര്യക്കും പെൺമക്കൾക്കുമായി വാങ്ങിയ ശിൽപങ്ങളെക്കുറിച്ചും കമാലുദ്ദീൻ പരാമർശിച്ചിട്ടുണ്ട്. (9)

ഡോക്ടർ അബ്ദുൽഹക്കീം തന്നെ, പൊതു മുതൽ സ്വതന്ത്രമായി ദുരുപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് മീർസായെ വിമർശിച്ചിട്ടുണ്ട്. കത്തുകളെഴുതി, ഗ്രന്ഥങ്ങൾ വാങ്ങിക്കാനെന്നു പറഞ്ഞു സംഭാവനകൾ ശേഖരിക്കുകയും പല തന്ത്രവും ഉപയോഗിച്ച് അനുയായികളിൽ നിന്നു പണം തട്ടുകയും ചെയ്തിട്ട് ഇഷ്ടം പോലെ ചെലവിടുകയാണ് മീർസാ ചെയ്യുന്നത് എന്നാണ് ഖാദിയാനിയായ അബ്ദുൽഹക്കീം എഴുതിയത്. [10]

### *ആഡംബര ജീവിതം:*

ഖാജാ കമാലുദ്ദീൻ ഒരിക്കൽ മുഹമ്മദ് അലിയോടു പറഞ്ഞു:

''എല്ലുമുറിയെ പണിയെടുത്തു ചോര നീരാക്കി സമ്പാദിക്കുന്ന പണം പാവപ്പെട്ടവർ വയറു മുറുക്കിയും പട്ടിണി കിടന്നുമാണ് പൊതുനന്മക്കു വേണ്ടി ചെലവിടാൻ ദാനം ചെയ്യുന്നത്. മീർസാ അതു സ്വേച്ഛയനുസരിച്ച് വ്യക്തി താൽപര്യങ്ങൾക്കായി തുലച്ചു കളയുന്നത്. വ്യക്തമായും അക്രമം തന്നെയാണ്. (11)

ഇംഗ്ലീഷിൽ ഖുർആൻ പരിഭാഷയെഴുതിയ മുഹമ്മദ് അലി ഒരിക്കൽ മീർസാക്കു കത്തയച്ചു. അവിടെ പിരിഞ്ഞു കിട്ടുന്ന ഭീമമായ സംഖ്യ, അതിഥികൾക്കും സത്രത്തിനും വേണ്ടിപോലും വേണ്ടത്ര ചെ

www.abulhasanalinadwi.org

ലവിടാതെ എന്തു ചെയ്യുന്ന എന്നായിരുന്ന ചോദ്യം. അത് വായിച്ച് മീർസാ കോപിഷ്ഠനായി. അദ്ദേഹം ആക്രോശിച്ചു.

'അവിഹിതമായി സ്വത്തു തിന്നുന്നുവെന്നും മുസ്ലിംകളുടെ പണം പിടുങ്ങുന്നുവെന്നും അവർ എന്നെ ആക്ഷേപിക്കുന്നു. അവരും ഈ പണവും തമ്മിലെന്തുണ്ട് ബന്ധം? ഞാനങ്ങൊഴിവായാൽ ഈ പണവും നിൽക്കും, സംഭാവനയും വരാതാകും. (12)

കമാലുദ്ദീൻ ഒരിക്കൽ മുഹമ്മദലിയോട് പറഞ്ഞു: പ്രബോധന രംഗത്തു കഷ്ടയച്ചു സംഭാവന ചെയ്യണമെന്നു മീർസാ നമ്മെ പ്രേരിപ്പിക്കുന്നു. അദ്ദേഹം സുഖിച്ചു മദിക്കുകയും ചെയ്യുന്നു. അപ്പോൾ മുഹമ്മദലി പറഞ്ഞു: എനിക്കതു നിഷേധിക്കാൻ കഴിയില്ല. പക്ഷെ ഒന്നുണ്ട്. ഒരു മനുഷ്യൻ എന്ന നിലക്കുള്ള കാര്യങ്ങളിൽ നബിയെ പിൻപററാൻ നാം കൽപിക്കപ്പെട്ടിട്ടില്ലല്ലോ. (13)

## റബ്വഃയിലെ ജീവിതം

ഇതാണ് ഖാദിയാനിസത്തിൻെറ സ്ഥാപകൻെറ ജീവിതം. പിന്നെ ബാക്കി കഥയെന്തു പറയാൻ. ഖാദിയാനും, റബ്വ:യുമൊക്കെ തികച്ചും ആത്മീയ—ഭൗതിക കേന്ദ്രമായി. സ്വേചരാധിപത്യവും വിനോദവും അവിടെ ഒരുമിച്ചു. പരുഷതയും കാർക്കശ്യവും കൈകോർത്തു. അവിടെ ഖലീഫയും സേവകരും പഴയ കാലത്തെ രാജാക്കളുടെയും മദ്ധ്യനൂററാണ്ടുകളിലെ പോപ്പുമാരുടെയും ആഢംബര ജീവിതം

www.abulhasanalinadwi.org

നയിക്കുന്നു. മതപ്രബോധനത്തിൻെറയും ആത്മീയ നേതൃത്വത്തിൻെറയും പേരിൽ സ്ഥാപിക്കപ്പെട്ട ഈ മതസ്ഥാപനം ഹസൻ സ്വബാഹ് ഇസ്മാഈലിയുടെ കാലത്തെ 'മരണക്കോട്ട'' പോലെയായി. മതകീയമായ ഏകാധിപത്യവും അതിരു കടന്ന ലൈംഗിക വിളയാട്ടവുമാണവിടെ.

ലാഹോറിൽ വെച്ചാണ് ഞാനീ വരികൾ കുറിക്കുന്നത്. ഓരോ ദിവസവും എന്തെന്തു കഥകളാണ് കേൾക്കുന്നത്. ആയിരത്തൊന്നു രാവുകളിലെ കഥകൾ പോലെ. ലജ്ജിച്ചു തലതാഴ്ത്തിപ്പോവും. അന്ധാളിപ്പിക്കുന്ന വാർത്തകൾ. സത്യമാണെന്നു വിശ്വസിക്കാൻ പ്രയാസം. പക്ഷെ പറയുന്നത് സത്യസന്ധന്മാരാണ്. മാത്രവുമല്ല, റബ്വയിലെ കഥകൾ ഇന്നു അങ്ങാടിപ്പാട്ടാണ്. കള്ളുഷാപ്പിൽപ്പോലും അതെക്കുറിച്ച സംസാരമുണ്ട്.

പ്രൊഫസർ അബ്ദുൽറഹ്മാൻ മിസ്റി ഒരു അമുസ്ലീമായിരുന്നു. ഖാദിയാനിസം പഠിച്ച് അവരുടെ കീഴിൽ ഈജിപ്തിൽ പഠിച്ചുവളർന്നു, ഖാദിയാനിയായി. പ്രശസ്തനുമായി. മുഴുവൻ പേരുടെയും വിശ്വാസമാർജ്ജിച്ചു. മീർസാ ബശീറുദ്ദീൻ തന്നെ അദ്ദേഹത്തെ നമസ്കാരത്തിൽ ഇമാമാക്കാറുണ്ടായിരുന്നു പിന്നീടാണ് അവരുടെ മസോണിക് തന്ത്രം പ്രൊഫസർക്കു പിടികിട്ടിയത്. അപ്പോൾത്തന്നെ അവർക്കെതിരായിത്തിരിഞ്ഞു. വിപ്ളവകാരികളുടെ ഒരു സംഘമുണ്ടാക്കി. സംഘം നേതാവും അദ്ദേഹം തന്നെയായിരുന്നു. ഖാദിയാനിലെ തഅ്ലീമുൽ ഇസ്ലാം കോളേജിൻെറ ഡയറക്ടറായ കാലത്ത് അദ്ദേഹം പറ

www.abulhasanalinadwi.org

ഞ്ഞതായി 1938 സപ്തംബർ 23ന് ലാഹോർ ഹൈക്കോടതി ജഡ്ജി 'W. സ്കാംമ്പ്' തന്റെ വിധി ന്യായത്തിൽ രേഖപ്പെടുത്തി.

'നിലവിലുള്ള ഖാദിയാനി ഖലീഫ മീർസാ ബശീറുദ്ദീൻ ഒരു വലിയ തെമ്മാടിയാണ്. മത നേതൃത്വത്തിന്റെ വരവിൽ അയാാം പെൺകുട്ടികളെ വേട്ടയാടുന്നു. യുവതികളെയും ആൺകുട്ടികളെയും കൊണ്ടുവന്ന് കൊടുക്കാൻ സ്ത്രീ പുരുഷൻമാരടങ്ങുന്ന വലിയൊരു സംഘം സഹായികളും ദല്ലാളിമാരും അയാാംക്കുണ്ട്. അതിനായി ഒരു രഹസ്യ ക്ളബ്ബ് തന്നെയുണ്ടാക്കിയിട്ടുണ്ട്. അതിന്റെ അംഗങ്ങളായ സ്ത്രീപുരുഷൻമാർ അവിടെ യഥേഷ്ടം തെമ്മാടിത്തം ചെയ്യുന്നു.

www.abulhasanalinadwi.org

## അവലംബം

[1] നുസുലുൽ മസീഹ് P: 118
[2] മീർസാ— ബറാഹീൻ P: 5/59
[3] തതിമ്മതു ഹഖീഖത്തിൽ വഹ്‌യ് P: 28
[4] ബുഖാരി
[5] അഹ്‌മദ്, തുർമുദി
[6] ഇബ്‌നുൽ ജൗസി— സ്വുഹ്‌നതുസ്സ്വഹ്‌വ:
]7] മീർസാ— ബറാഹീൻ P: 1/117
[8] സദ്ദൂർഷാഖാദിയാനി— കശ്‌ഫുൽ ഇഖ്‌തിലാഫ് P:13
[9] IBID:
[10] ഡോക്‌ടർ അബ്‌ദുൽഹക്കീം— അദ്ദീക്‌റുൽഹക്കീം— P: 3, 5, 8, 10, 11, 25, 40, 43, 83, 84
[11] സദ്ദൂർഷാ ഖാദിയാനി—കശ്‌ഫുൽ ഇഖ്‌തിലാഫ് P: 15
[12] മീർസാ ബശീറുദ്ദീൻ, ഹഖീഖത്തുൽ ഇഖ്‌തിലാഫ് P:50
[13] IBID:

www.abulhasanalinadwi.org

# ബ്രിട്ടീഷു സർക്കാറിൻെറ പിന്തുണ

## *ബ്രിട്ടീഷുകാർ പൗരസ്ത്യ ദേശത്ത്*

19ാം നൂററാണ്ടിൽ പൗരസ്ത്യ ഇസ്ലാമിക ലോകത്തെ യൂറോപ്പ് വേട്ടയാടി. ഇസ്ലാമിക രാഷ്ട്രങ്ങളിൽ ആധിപത്യം നേടി. മുൻപന്തിയിലായിരുന്ന ഗ്രേററ് ബ്രിട്ടൻ. ഈ മുന്നേററത്തിൻെറയും രാഷ്ട്രീയവും ഭൗതികവുമായ ആക്രമണത്തിൻെറയും നേതൃത്വ മേറെറടുത്തതും ബ്രിട്ടൻ തന്നെ. ഇന്ത്യയും ഈജിപ്തും അതിൻെറ കീഴിലായി. ഉസ്മാനിയാ ഭരണകൂടത്തെ അട്ടിമറിച്ചു. അറേബ്യയിൽ നുഴഞ്ഞു കേറാൻ തുടങ്ങി. അവിടെ കുഴപ്പത്തിൻെറ വിത്തുവിതച്ചു.

പിന്നെ, മുസ്ലിം ഇന്ത്യയിൽ ബ്രിട്ടൻ അധികാരത്തിലേറി. അവസാനത്തെ മുസ്ലിം ഭരണകൂടമായിരുന്ന മുഗൾവംശം ബ്രിട്ടൻെറ തടവറയിലായി. സ്വ

www.abulhasanalinadwi.org

തന്ത്രനായ രാജാവിൻെറ അധികാരത്തോടെ 'മുഗ്ദം ഇന്ത്യ'യെ, ബ്രിട്ടൻ നയിക്കും ധീരനായ ടിപ്പുസുൽത്താൻ ചെറുത്തു നോക്കി. 1799ൽ അദ്ദേഹം രക്തസാക്ഷിയായി. പാതിരിമാരും മിഷനറിമാരും ഭാരതത്തിലെങ്ങും ഓടിനടന്നു ഒരു പ്രത്യേക രീതിയിൽ മുസ്ലിംകളെ ക്രൈസ്തവതയിലേക്കു ക്ഷണിച്ചു. അവർ ഇസ്ലാമിനെയും അതിൻെറ അടിസ്ഥാനങ്ങളെയും അദ്ധ്യാപനങ്ങളെയും പരിഹസിച്ചു. കുഴപ്പവും അരാചകത്വവും പരന്നു. പാശ്ചാത്യ നാഗരികത മുസ്ലിം വീടുകളെ കടന്നാക്രമിച്ചു. അങ്ങനെ നിരീശ്വരത്വം നുഴഞ്ഞുകേറി.

1857ൽ മുസ്ലിംകൾ ഇംഗ്ലീഷുകാർക്കെതിരായി ലഹള സംഘടിപ്പിച്ചു. അവരോടൊപ്പം സ്വതന്ത്രചിന്തയുള്ള മററു ഭാരതീയരുമുണ്ടായിരുന്നു. മനസ്സിൽ ഒരു തരിയെങ്കിലും ഈമാനുള്ള, ആവേശം അണുവെങ്കിലുമുള്ള സകലരും ഇതിൽ പങ്കെടുത്തു. തികഞ്ഞ ബുദ്ധിശക്തിയും നല്ല ആസൂത്രണവും മനക്കരുത്തും കൊണ്ട് ബ്രിട്ടീഷുകാർ ഇതിൽ ജയിച്ചു. അവർ കഠിനമായി പ്രതികാരം നിർവ്വഹിച്ചു. പ്രത്യേകിച്ച് മുസ്ലിംകളോട്. 'ഒരു നാട്ടിൽ ചെന്നാൽ ആ രാജാക്കന്മാർ നാട് നശിപ്പിക്കും. അവർ വലിയവന്മാരായി നാട്ടുകാരെ അടിച്ചമർത്തും' എന്ന അല്ലാഹു പറഞ്ഞപോലെ.... (നംല് 34) അക്രമികളായ ദുർഭരണാധികാരികളും സ്വേച്ഛാധിപതികളും മാത്രമല്ല. മറിച്ച്, കുഴപ്പവും നിരീശ്വരത്വവും അഴിഞ്ഞാട്ടവും സർവ്വതന്ത്രസ്വതന്ത്രതാ വാദവും പ്രചരിപ്പിച്ചു കള്ളദൂതന്മാരുമായിരുന്നു, അവർ വെട്ടിപ്പിടിച്ചു സ്വേച്ഛപോലെ ഭരിക്കുന്ന വിഭാഗം. പ്രവാചകന്മാർ കൊണ്ടുവ

www.abulhasanalinadwi.org

ന്ന, ദൈവിക ഗ്രന്ഥങ്ങളുടെ പിൻബലമുള്ള സകല ആത്മീയ മൂല്യങ്ങളെയും സംസ്കാരങ്ങളെയും തകർക്കാനുള്ള വിപ്ളവം. ഇസ്ലാമിക ലോകത്തിന്നെതിരെ, മൊത്തത്തിൽ ഒരു കടന്നാക്രമണം നടത്തി, സാംസ്കാരിക രാഷ്ട്രീയ യൂറോപ്പിന്റെ അധീശാധികാരികൾ.

## പ്രവാചകരുടെ ചര്യ

അക്രമികളെയും കുററവാളികളെയും സഹായിക്കുകയും പിന്തുണക്കുകയും ചെയ്യുന്നതിനു പകരം എന്നും അവരോട് തുറന്ന യുദ്ധം പ്രഖ്യാപിക്കുകയായിരുന്നു പ്രവാചകരുടെയും അവരുടെ ഖലീഫമാരുടെയും ചര്യ. മൂസാ(അ) പറഞ്ഞു.

'എന്റെ നാഥ, നീയെന്നെ അനുഗ്രഹിച്ചതുമൂലം, ഞാനൊരിക്കലും കുററവാളികൾക്ക് സഹായിയാവില്ല' അന്നാട്ടിലെ ഫിർഔന്നെതിരായി അദ്ദേഹം പ്രാർത്ഥിച്ചു.

'എന്റെ നാഥാ ഫിർഔന്നും അവന്റെ കിങ്കരന്മാർക്കും ഈ ദുനിയാവിൽ സമ്പത്തും അലങ്കാരവും നീ കൊടുത്തു. ഞങ്ങളുടെ നാഥാ—അവർ നിന്റെ വഴിയിൽനിന്നു പിഴക്കാൻ. ഞങ്ങളുടെ നാഥാ—അവരുടെ സമ്പത്തു തുടച്ചു മാറേറണമേ. അവരുടെ മനസ്സുകളെ ഞെരുക്കേണമേ. വേദനിപ്പിക്കുന്ന ശിക്ഷ നേരിൽ കാണുമ്പോഴല്ലാതെ അവർ വിശ്വസിക്കുകയില്ല' സത്യവിശ്വാസികളോടായി അല്ലാഹു പറഞ്ഞു.

www.abulhasanalinadwi.org

'അക്രമം ചെയ്തവരോട് നിങ്ങൾ കൂറു പുലർത്തിപ്പോവരുത്. എങ്കിൽ നിങ്ങളെ നരകം സ്പർശിക്കും. നിങ്ങൾക്കു അല്ലാഹുവല്ലാതെ ഒരു രക്ഷാധികാരിയുമില്ല. പിന്നെ നിങ്ങൾ സഹായിക്കപ്പെടുകയുമില്ല.'

റസൂൽ(സ) ഒരിക്കൽ അരുളി
'അക്രമിയായ രാജാവിന്റെ മുന്നിൽ സത്യം പറയുകയാണ് ഏററവും നല്ല ജിഹാദ്'

ഈ രംഗത്ത് നബി(സ) യും സഹാബത്തും ശേഷം വന്ന ഭക്തരായ പണ്ഡിതരും നിസ്വാർത്ഥ പ്രബോധകരും കാണിച്ച ഉത്തമമായ മാതൃക ചരിത്രത്തിലുണ്ട്.

## *ഇംഗ്ളീഷുകാർക്കു പിന്തുണ*

ഇവിടെ സംഗതി മറിച്ചാണ്. 'ഫിർഔന്റെയടുത്തേക്കു ഒരു പ്രവാചകനെ അയച്ചപോലെ, നാമിതാ നിങ്ങളുടെ മേൽ സാക്ഷിയാവുന്ന ഒരു ദൂതനെ നിങ്ങൾക്കയച്ചു തന്നിരിക്കുന്നു.' എന്നു ഖുർആൻ വചനത്തിനു വിരുദ്ധമാണ്, മീർസാ സ്വീകരിക്കുന്ന നിലപാട് ഖുർആന്റെ വ്യക്തമായ ഉപദേശങ്ങൾക്കു വിരുദ്ധം. പ്രവാചകൻമാരുടെയും അനുയായികളുടെയും മാതൃകകൾക്കു വിരുദ്ധം. താൻ ദൈവനിയുക്തനായ പ്രവാചകനാണെന്നു വാദിക്കുന്ന മീർസാ അക്കാലത്തെ ഏററവും വലിയ ഫറവോഹായ ബ്രിട്ടീഷാധിപത്യത്തിനു സ്തുതി പാടുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇസ്ലാമിക രാഷ്ട്രത്തെ തകിടം മറിച്ച ഭരണകൂടം. ഇസ്ലാമിക ലോകത്തെ കടന്നാക്രമിച്ച

www.abulhasanalinadwi.org

വർ. കലാപങ്ങളുടെയും നിരീശ്വരത്വത്തിൻെറയും കൊടിയുയർത്തിയവർ. വഖ്ഫുകാം പിടിച്ചെടുത്തവർ. പ്രശസ്തരായ പണ്ഡിതരെ കൊന്നൊടുക്കിയവർ. ഈ അക്രമികളായ ഭരണകൂടത്തെയാണ് മീർസാ പിന്തുണക്കാൻ തിരക്കു കൂട്ടുന്നത്. അതും ഒരു സാധാരണ ബുദ്ധിക്കുപോലും നീചമായിത്തോന്നുന്ന തരംതാണ ശൈലിയിൽ. എന്നിട്ടല്ലേ പ്രബോധകൻമാരുടെയും പ്രവാചകരുടെ പിൻഗാമികളുടെയും പ്രവാചകരുടെയുമൊക്കെ ശൈലിയുണ്ടാവാൻ. തൻെറ പ്രബോധനത്തിൻെറ ഒന്നാം തിയ്യതി മുതൽ തന്നെ ഈ കാര്യം വളരെ ആവേശത്തോടും സൂക്ഷ്മതയോടും കൂടി അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട് എന്നു കാണാം. ആദ്യ കൃതിയായ 'ബറാഹീനെ അഹ്മദിയ്യ' യിൽ തന്നെ അദ്ദേഹം ഭരണകൂടത്തിൻെറ അപദാനങ്ങാം പ്രകീർത്തിച്ചിട്ടുണ്ട്. ഒരു മെമ്മോറാണ്ടമുണ്ടാക്കി പണ്ഡിതരും നേതാക്കളും ഒപ്പിട്ടു ജിഹാദു കാലഹരണപ്പെടുത്തിക്കൊണ്ടുള്ള ഒരു ഫത്വയും നൽകി ബ്രിട്ടീഷ് സർക്കാറിനു സമർപ്പിക്കൻ അദ്ദേഹം മുസ്ലിം സംഘടനകളോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. പിന്നീടങ്ങോട്ട് ഭരണകൂടത്തെ സ്തുതിക്കാനുള്ള ഒരു സന്ദർഭവും അദ്ദേഹം പാഴാക്കിയിട്ടുമില്ല ഒരുപാട് മറവിയും അശ്രദ്ധയും മീർസാക്കുണ്ടായിരുന്നെങ്കിലും ജിഹാദു ദുർബ്ബലപ്പെടുത്തുന്ന പ്രശ്നം അദ്ദേഹം ഒരിക്കലും മറന്നില്ല. ഇന്ത്യയിലും ഇസ്ലാമിക രാഷ്ട്രങ്ങളിലുമൊക്കെ ഈ ആശയം അദ്ദേഹം പ്രചരിപ്പിച്ചു.

വൈദേശിക ഭരണകൂടത്തിൻെറ നുകത്തിൽനിന്ന് സ്വതന്ത്രമാവാൻ ഇസ്ലാമിക ലോകത്തെയാകെ കട

www.abulhasanalinadwi.org

ന്നാക്രമിച്ച ബ്രിട്ടൻ എന്ന അർബ്ബുദത്തിൽനിന്ന് സ്വതന്ത്രമാവാൻ ഏററവും അനിവാര്യം ജിഹാദായിരുന്നു. ഒരു ധർമ്മസമരം. ഈ ജിഹാദിനെ ദുർബ്ബലപ്പെടുത്തുകയും ഭരണകൂടത്തെ പിന്തുണക്കുകയുമാണ് മീർസാ. ചില ഉദാഹരണങ്ങൾ നോക്കൂ. ''തിർയാക്കുൽ ഖുലാബി''ൽ അദ്ദേഹമെഴുതി.

ബ്രിട്ടീഷ് ഭരണകൂടത്തെ പിന്തുണക്കാനും സഹായിക്കാനുമാണ് ഞാനെൻെറ ജീവിതത്തിൻെറ അധികകാലവും ചെലവിട്ടത്. ജിഹാദിനെ നിരോധിച്ചുകൊണ്ടും ബ്രിട്ടീഷു ഭരണാധികാരികളെ അനുസരിക്കേണ്ടതിൻെറ അനിവാര്യത ഊന്നിപ്പറഞ്ഞുകൊണ്ടും ഞാനെഴുതിയ പുതിയ ഗ്രന്ഥങ്ങളും പ്രഖ്യാപനങ്ങളുമൊക്കെ ശേഖരിച്ചാൽ 50 ഖജനാവുകൾ നിറക്കാം. ഇവയൊക്കെ അറബ് നാടുകളിലും, ഈജിപ്ത്, സിറിയ, തുർക്കി എന്നിവിടങ്ങളിലുമൊക്കെ ഞാൻ പ്രചരിപ്പിച്ചിട്ടുണ്ട്. മുസ്ലിംകൾ ഈ ഭരണകൂടത്തോടു കൂറുള്ളവരാവേണം, ജിഹാദിൻെറ ആവേശമിളക്കിവിടുകയും മനസ്സിനെ അസ്വസ്ഥമാക്കുകയും ചെയ്യുന്ന നിയമങ്ങളും രക്തച്ചൊരിച്ചിലുമുണ്ടാക്കുന്ന മഹ്ദിയേയും മസീഹിനേയും കുറിച്ച് ചിന്തകളും മനസ്സിൽനിന്നും മാഞ്ഞുപോകണം. ഇതാണെൻെറ ലക്ഷ്യം. (1)

ശഹാദത്തുൽ ഖുർആൻെറ അനുബന്ധത്തിൽ അദ്ദേഹം എഴുതി. ഞാനെന്നും ആവർത്തിക്കുന്ന എൻെറ വിശ്വാസമിതാണ്. ഇസ്ലാമിനു രണ്ടു വശമുണ്ട്. ഒന്ന് അല്ലാഹുവോടുള്ള അനുസരണ. രണ്ട് സമാധാനം സൃഷ്ടിക്കുകയും അക്രമികളിൽനിന്നു തന്നെ രക്ഷിക്കുകയും ചെയ്ത ബ്രിട്ടീഷ് ഭരണകൂടത്തോടുള്ള അനുസരണം.

www.abulhasanalinadwi.org

1898ൽ വൈസ്രോയിക്കു സമർപ്പിച്ച സന്ദേശത്തി ലദ്ദേഹമെഴുതി.

എൻെറ ചെറുപ്പകാലംമുതൽ ഇതാ ഈ അറുപതാം വയസ്സുവരെയും എൻെറ നാവും പേനയും കൊണ്ട് മുസ്ലിംകളുടെ മനസ്സ് ബ്രിട്ടീഷുകാരോട് കൂറും അനുഭാവവും പുലർത്തുന്നതാക്കിത്തീർക്കാൻ കിണഞ്ഞു ശ്രമിച്ചിട്ടുണ്ട്. പല വിഡ്ഢികളും കീഴടങ്ങുകയും അതുമൂലം ഭരണകൂടത്തോടുള്ള കൂറിനു തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്ന ജിഹാദിനെക്കുറിച്ച ചിന്ത മുസ്ലിംകളിൽ നിന്നെടുത്തു കളയാനും ഞാൻ ശ്രമിച്ചിട്ടുണ്ട്. എൻെറ ശ്രമം മുസ്ലിംകളുടെ മനസ്സിൽ സ്വാധീനം ചെലുത്തുകയും ആയിരക്കണക്കിനാളുകളിൽ അതു വിപ്ളവം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. (2)

''നമുക്കു ഒരുപാടു ഗുണം ചെയ്ത ബ്രിട്ടീഷുകാർക്കെതിരായി സമരം ചെയ്യാൻ ഒരിക്കലും പാടില്ലെന്നു സ്ഥിരീകരിക്കുന്ന ഗ്രന്ഥങ്ങൾ അറബി ഭാഷയിലും പാർസിയിലും ഉർദുവിലും ഞാൻ എഴുതിയിട്ടുണ്ട്. എല്ലാവിധ ആത്മാർത്ഥതയോടും കൂടി ഈ ഭരണ കൂടത്തെ അനുസരിക്കുകയാണ് ഓരോ മുസൽമാൻെറയും നിർബ്ബന്ധമായ ബാദ്ധ്യത. ഇവ പ്രസിദ്ധീകരിക്കാൻ ഞാൻ ഒരുപാട് പണം ചെലവിട്ടു കഴിഞ്ഞു. ഇസ്ലാമിക രാഷ്ട്രങ്ങളിലേക്കെല്ലാം അതയക്കുകയും ചെയ്തു. ഇന്ത്യയിൽ ഇവ വളരെയേറെ സ്വാധീനിച്ചിട്ടുണ്ടെന്നു എനിക്കറിയാം. ഈ ഭരണകൂടത്തോടുള്ള കൂറും അനുഭാവവും മനസ്സിൽ വഴിഞ്ഞൊഴുകുന്ന ഒരു വലിയ വിഭാഗത്തെ എൻെറ

www.abulhasanalinadwi.org

സ്വഹാബികരം ഒരുക്കിയിട്ടുണ്ട്. എന്റെ സ്വഹാബിമാരുടെ കൂറ് അതിമഹത്തരം തന്നെയാണ്. അവർ ഈ നാട്ടിന്റെ അനുഗ്രഹവും, ഭരണകൂടത്തോടു കൂറുള്ളവരും സേവനപാതയിൽ അർപ്പണബോധമുള്ളവരുമാണെന്നു എനിക്കുറപ്പുണ്ട്. (3)

'ബ്രിട്ടീഷുകാർ ശ്രേഷ്ഠരും മുസ്ലിംകരംക്കു ഗുണം ചെയ്യുന്നവരുമാണെന്നു സ്ഥാപിച്ചുകൊണ്ട്, ഇന്നാട്ടിലും ഇസ്ലാമിക രാഷ്ട്രങ്ങളിലുമായി 50000 പ്രസിദ്ധീകരണങ്ങരം പുസ്തകങ്ങളും ലഘുലേഖകളും നോട്ടീസുകളുമായി ഇറക്കിയിട്ടുണ്ട്. അതുകൊണ്ട്, ഈ ഭരണകൂടത്തെ സത്യസന്ധമായി അനുസരിക്കുക ഓരോ മുസ്ലിമിനും നിർബ്ബന്ധമത്രെ. ഉർദു, അറബി, പാർസി ഭാഷകളിലായി ഞാനീ പുസ്തകങ്ങളെഴുതി. ഇസ്ലാമിക ലോകത്തു മുഴുവൻ പ്രചരിപ്പിച്ചു. മക്കയിലും മദീനയിലും വരെ, അതെത്തി, തുർക്കിയിലും സിറിയയിലും ഈജിപ്തിലും അഫ്ഘാനിസ്ഥാനിലുമെത്തി. പിന്തിരിപ്പൻ പണ്ഡിതന്മാരുടെ ബോധനമായിരുന്നു യഥാർത്ഥത്തിൽ 'ജിഹാദ്' എന്ന ചിന്ത. അതെക്കുറിച്ച ചിന്ത തന്നെ ആയിരക്കണക്കിനു മുസ്ലിംകളിൽനിന്ന പിഴുതെറിയാൻ എനിക്ക സാധിച്ചവെന്നതാണിതിന്റെ ഫലം. ഇതെന്റെ മുന്നേററത്തിന്റെ സംഭാവനയാണ്. ഞാനതിൽ അഭിമാനിക്കുന്നു. ഇക്കാര്യത്തിൽ എന്നോട് മൽസരിക്കാൻ മുസ്ലിംകരംക്കൊന്നും കഴിയില്ല. (4)

''പണ്ടുകാലം മുതലേ ഞാൻ ഈ അനുഗൃഹീത ഭരണകൂടത്തിന്റെ സേവകനും ഗുണകാംക്ഷിയും നൻമക്കുവേണ്ടി പ്രാർത്ഥിക്കുന്നവനുമാണെന്നത്

www.abulhasanalinadwi.org

അവർക്കും മറച്ചുവെക്കാവതല്ല. എന്നും നല്ല ആത്മാർത്ഥമായ മനസ്സോടെയാണ് ഞാൻ അവരെ സമീപിക്കാറ്. എന്റെ പിതാവിന് ഭരണകൂടവുമായി നേരിട്ടുതന്നെ ബന്ധമുണ്ടായിരുന്നു. ഈ ഭരണകൂടവുമായി ഞങ്ങൾക്കു നീണ്ട കാലത്തെ സേവനബന്ധമുണ്ട്.

ഇതൊരുകാലത്തും അവർ മറക്കില്ലെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പിതാവ് മീർസ ഗുലാം മുർതളാ, ഭരണകൂടത്തിന്റെ ഗുണകാംക്ഷിയും സ്നേഹിതനുമായിരുന്നു. അവർക്ക് ഇദ്ദേഹത്തെ വളരെ നന്നായറിയാമായിരുന്നു. ഞാൻ ഊഹിച്ചു പറയുകയല്ല. മറിച്ച് ഞങ്ങളുടെ കൂറ് ജനങ്ങൾ നേരിട്ടു കണ്ടതാണ്. ഭരണാധികാരികൾക്കതു മനസ്സിലായിട്ടുമുണ്ട്. നമ്മുടെ നാട്ടിൽ വന്ന് നമ്മോടൊത്തു കഴിഞ്ഞ ഉദ്യോഗസ്ഥൻമാരൊക്കെ അറിഞ്ഞിട്ടുണ്ട്, നാമെങ്ങിനെയാണ് അവരുടെ മുന്നിൽ ജീവിച്ചതെന്ന്, ഓരോ സേവനരംഗത്തും മാൽസര്യ ബുദ്ധിയോടെ മുന്നേറിയതെന്ന്. (5)

'നൂറുൽഹഖ്' എന്ന ഇതേ ഗ്രന്ഥത്തിൽ തന്നെ ഭരണകൂടത്തിന് അദ്ദേഹം ചെയ്ത വിലപിടിച്ച രാഷ്ട്രീയ സേവനങ്ങൾ എണ്ണിപ്പറഞ്ഞിട്ടുണ്ട്. അതിന്റെ സ്വാധീനവും മാററവും വിശദീകരിച്ചിട്ടുണ്ട്.!

ഇമ്മാതിരി മഹത്തായ ലക്ഷ്യങ്ങൾക്കുവേണ്ടിയല്ലാതെ, ഞാൻ ഒരറബി ഗ്രന്ഥവുമെഴുതിയിട്ടില്ല. എന്റെ ഗ്രന്ഥങ്ങൾ അറബികൾ വായിക്കുമ്പോൾതന്നെ അതിന്റെ പ്രതികരണങ്ങൾ എനിക്കു കാണാൻ കഴിയു

www.abulhasanalinadwi.org

ന്നു. ചിലർ എന്നെ നേരിട്ടു വന്നുകാണുന്നു. ചി ലർ എനിക്കു എഴുത്തയക്കുന്നു ചിലർ പിണങ്ങുന്നു. ചിലരിണങ്ങുന്നു. സൻമാർഗ്ഗം നേടിയവർ യോജി ക്കും. ഈ സേവനരംഗത്ത് ഒരുപാട് കാലം ഞാൻ ചെലവിട്ടു. പ്രചാരണ രംഗത്ത് നീണ്ട 14കൊല്ലം. അതു കുറച്ചു കാലമൊന്നുമല്ല. ഈ സേവനരംഗത്ത് ഞാനൊററക്കാണെന്നു എനിക്കു പറയാൻ കഴിയും. പിന്തുണയുടെ കാര്യത്തിൽ കിടയററവനാണു ഞാൻ. തീർച്ചയായും ഞാനീ ഭരണകൂടത്തിന്റെ സംരക്ഷകനും വിപത്തുകളിൽനിന്നു കാക്കുന്നവനുമാണെന്നും പ്ര ഖ്യാപിക്കാൻ എനിക്കു കഴിയും, 'നീയുണ്ടായിരി ക്കെ അവരെ നശിപ്പിക്കില്ലെ'ന്ന അല്ലാഹു എനിക്ക് സ ന്തോഷവാർത്തയറിയിച്ചിട്ടുണ്ട്. എന്നെപ്പോലെ സ ഹായിക്കാനും സേവിക്കാനും അവർക്കു വേറൊരാളെ കിട്ടില്ല. ഞാൻ കിടയററവനായിരുന്നുവെന്നു ഭരണ ണകൂടത്തിനു പിന്നീട് മനസ്സിലാവും (6).

രണ്ടു വാചകങ്ങൾ കൂടി. തന്റെ ഉദ്ദേശവും ലക്ഷ്യ വും ഭരണകൂടത്തോടുള്ള ബന്ധവും വ്യക്തമാക്കാൻ അതു മതിയാവും. 1898 ഫെബ്രുവരി 24ാം വൈ സ്രോയിക്കയച്ച കത്തിൽ അദ്ദേഹം എഴുതി.

ബ്രിട്ടീഷുകാർ തന്നെ നട്ടുവളർത്തിയ ഈ കുടും ബത്തോട് ആ ഭരണകൂടം സർവ്വവിധ ദൃഢനിശ്ചയ വും, സൂക്ഷ്മതയും ഉത്തരവാദിത്തബോധവും പരിഗ ണനയുമുൾക്കൊണ്ട് പെരുമാറണമെന്നാണ് പ്രതീക്ഷ. എന്നോടും എന്റെ വിഭാഗത്തോടും പ്രത്യേകം വാൽസ ല്യവും മികച്ച പരിഗണനയും കാണിക്കണമെന്നു ഈ കുടുംബം വസ്വിയ്യത്ത് ചെയ്യുന്നു (7)

www.abulhasanalinadwi.org

ചില പാതിരിമാരെ ഖണ്ഡിക്കുന്നേടത്ത് താൻ കാണിച്ച തീവ്രതക്കു അദ്ദേഹം പറഞ്ഞ കാരണം നോക്കു

'ചില പാതിരിമാരും മിഷനറിമാരും തങ്ങളുടെ ഗ്രന്ഥങ്ങളിൽ അതിരു കവിഞ്ഞു പോകുന്നു. സമനില തെററിക്കുന്നു.

റസൂൽ[സ] യെ അപമാനിക്കുന്നു. മതാവേശം കൊണ്ട് പ്രസിദ്ധരായ മുസ്‌ലിംകൾ, ഇതിൻെറ പേരിൽ കടുത്ത പ്രതികാരം ചെയ്തേക്കുമോ എന്നും അത് ബ്രിട്ടീഷ് ഭരണകൂടത്തിനെതിരിലുള്ള ഒരു വിപ്ളവമായി മാറിയേക്കുമോ എന്നും ഞാൻ ഭയന്നു. അതുകൊണ്ട് ആ അതിക്രമത്തെ ഈ അക്രമം കൊണ്ട് തടുക്കുകയാണ് നൻമയെന്നും അങ്ങനെ മുസ്‌ലിംകളുടെ വിപ്ളവാവേശമടങ്ങുമെന്നും ഞാൻ മനസ്സിലാക്കി, സംഗതി അങ്ങനെ തന്നെ കലാശിക്കുകയും ചെയ്തു.[8]

## *ജിഹാദ് നിരോധിക്കുന്നു*

ബ്രിട്ടിഷുകാരെ എന്നും അസ്വസ്ഥരാക്കിയ ഒന്നാണ് ഇസ്‌ലാമിലെ "ജിഹാദ്". അതുകൊണ്ടുതന്നെ, ഇക്കാലത്തു തീർത്തും ഹറാമാണ് ജിഹാദ് എന്നു അദ്ദേഹം ഫത്‌വ നൽകി. തൻെറ ഗ്രന്ഥങ്ങളും റിസാലകളും ആ ഫത്‌വയുടെ പല രൂപങ്ങൾ കൊണ്ടു നിറം പിടിച്ചതാണ്. പലതിൽ ചിലതാണ് അൽ അർബഈനിലുള്ളത്.

'വാഗ്ദത്ത മസീഹി' ൻെറ യുഗത്തിൽ ജിഹാദ് പററെ ദുർബലപ്പെടുത്തിയിരിക്കുന്നു.'

അൽഖുതുബത്തുൽ ഇൽഹാമിയ്യയിൽ എഴുതി;

www.abulhasanalinadwi.org

'ആകാശ കവാടങ്ങൾ തുറക്കാൻ കാലമായി കഴിഞ്ഞു. ലോകത്തിനി സമരത്തിന് അവധിയാണ്. യുദ്ധം നിലക്കുന്നു. മസീഹിൻെറ കാലത്ത് ദീനിനു വേണ്ടിയുള്ള യുദ്ധം നിഷിദ്ധമാണെന്നു ഹദീസുകളിലുണ്ടല്ലോ. അതുകൊണ്ട് ഇന്നുമുതൽ ജിഹാദ് ഹറാമാണ്. ദീനിൻെറ പേരിൽ വാളെടുക്കുകയും ജിഹാദിൻെറ പേരിൽ കാഫിറുകളെ കൊല്ലുകയും ചെയ്യുന്നവൻ അല്ലാഹുവോടും റസൂലിനോടും ധിക്കാരം കാട്ടിയവനാണ്.

> എൻെറ നേതൃത്വത്തിൻ കീഴിലണിനിരന്ന ഇസ്ലാമിക സമൂഹത്തിനു ഒരു സവിശേഷതയുണ്ട്. വാളുകൊണ്ടുള്ള ജിഹാദില്ല. അതിനെ പ്രതീക്ഷിക്കുകയുമില്ല അവർ. മാത്രമല്ല, അനുഗ്രഹീതമായ ഈ വിഭാഗത്തിനു രഹസ്യമായോ പരസ്യമായോ അതു അനുവദനീയമല്ല. പൂർണ്ണമായും അത് ഹറാമാണ്. [9]

## *ബ്രിട്ടീഷുകാർക്കുവേണ്ടി*

ഏതാനും ചാരന്മാരെ നിയോഗിച്ചുകൊണ്ട് ഈ പ്രസ്ഥാനം ബ്രിട്ടീഷു ഭരണകൂടത്തെ എമ്പാടും സഹായിച്ചിട്ടുണ്ട്. വിശ്വസ്തരായ സ്നേഹിതരും, ആവേശമുള്ള വളണ്ടിയർമാരും അവർക്കുണ്ടായിരുന്ന. ബ്രിട്ടീഷുകാർക്കവരോട് മതിപ്പും വിശ്വാസവുമായിരുന്നു. ഇന്ത്യക്കകത്തും പുറത്തും അവർ ബ്രിട്ടീഷുകാരെ സേവിച്ചു അവർക്കുവേണ്ടി വളരെ ഉദാരമായിത്തന്നെ ജീവനും രക്തവും അർപ്പിച്ചു. അഫ്ഘാനിസ്ഥാനിലെ ഖാദിയാനി പ്രബോധകനായിരുന്ന 'അബ്ദുല്ലത്വീഫ് ഖാദിയാനി' അവരിൽപ്പെടും. അ

www.abulhasanalinadwi.org

ദ്ദേഹം സമരത്തെ എതിർത്തു. അഫ്ഘാൻ ജനതയുടെ സവിശേഷതയായ സമരാവേശം, ഇയാളുടെ പ്രവർത്തനം കൊണ്ട് പൊലിഞ്ഞു പോവുമോ എന്ന് അഫ്ഘാൻ ഗവർമ്മെണ്ട് ഭയന്നു. അപ്പോൾ അദ്ദേഹത്തെ വധിച്ചു കളഞ്ഞു. 'മുല്ലാഅബ്ദുൽ ഹലീമും' മുല്ലാ നൂർഅലിയും അതുപോലെ തന്നെ. തങ്ങൾ ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ ഏജൻറുമാരാണെന്നും, അഫ്ഘാൻ ഗവർമ്മെണ്ടിനെ അട്ടിമറിക്കുകയാണ് ലക്ഷ്യമെന്നും തെളിയിക്കുന്ന രേഖകൾ യാദൃശ്ചികമായി ഇവരിൽനിന്നു അഫ്ഘാൻ ഗവർമ്മെണ്ട് കണ്ടെടുത്തു. അവരെയും കൊല്ലേണ്ടി വന്നു. 1925ലെ അഫ്ഘാൻ ആഭ്യന്തരമന്ത്രി അതെക്കുറിച്ച് ദിനം നൽകിയിരുന്ന വിശദീകരണം വളരെ സന്തോഷത്തോടും അഭിമാനത്തോടും കൂടിയാണ് അക്കൊല്ലം മാർച്ച് മൂന്നിനിറങ്ങിയ ഖാദിയാനിസത്തിന്റെ ഔദ്യോഗിക പത്രം 'ഫസൽ' പ്രസിദ്ധീകരിച്ചത്!

## ഖാദിയാനിസവും ഇസ്ലാമികലോകവും

മീർസാ ഗുലാമിന്റെ കാലത്തും ശേഷവും ഖാദിയാനിസം സകല ദേശീയ പ്രസ്ഥാനങ്ങളിൽ നിന്നും സ്വാതന്ത്ര്യസമരങ്ങളിൽനിന്നും ഒഴിഞ്ഞുതന്നെ നിന്നു. യൂറോപ്യൻ സാമ്രാജ്യത്വത്തിന്റെ പിടിയിലമന്നു ഞെരുങ്ങി ഇസ്ലാമിക ലോകം കഷ്ടപ്പെട്ടപ്പോഴൊന്നും ഖാദിയാനികൾ ഒന്നും മിണ്ടിയില്ല. കാരണം ആ ശക്തികളുടെ മുന്നിൽ ബ്രിട്ടീഷുകാരാണല്ലോ. 'മസീഹിന്റെ മരണം—ജീവിതം—അവതാരം—മീർസാ പ്രവാചകത്വം'—ഈ തക്വവിഷയങ്ങളിൽ അവരൊതുങ്ങി. പൊതു ജീവിതവുമായോ ഇസ്ലാമിക പ്രശ്നങ്ങളുമായോ അവർക്കു ബന്ധമില്ല. ഇന്ത്യയിൽ ഇസ്ലാമിക ആവേശവും രാഷ്ട്രീയ വീക്ഷാഗതിയുമുള്ള പ്രസ്ഥാനങ്ങളോടും ബന്ധപ്പെ

www.abulhasanalinadwi.org

ട്ടില്ല. ബ്രിട്ടീഷുകാരോടുള്ള കൂറായിരുന്നു ഏററവും പ്രധാനം. അവരുടെ രാഷ്ട്രീയ താൽപര്യങ്ങൾക്കു വേണ്ടി അവർ കിണഞ്ഞു സേവനമനുഷ്ടിച്ചു. ബ്രിട്ടീഷുകാരുടെ ചിന്തയും ബ്രിട്ടീഷു ഭരണകൂടത്തിന്റെ സന്തതിയുമാണ് ഖാദിയാനിസമെന്നവരെ പല ചിന്തകരും ഗവേഷകരും ഉറച്ചു വിശ്വസിച്ചു. ഡോക്ടർ മുഹമ്മദ് ഇഖ്ബാൽ അവരെക്കുറിച്ചു പറഞ്ഞതെത്രശരി.

> 'ഔലിയാക്കളുടെയും മഹാന്മാരുടെയമൊക്കെ സ്ഥാനത്തു നിന്നാണദ്ദേഹം പറയുന്നതെന്നതു ശരി. പക്ഷെ അദ്ദേഹമുദ്ദേശിക്കുന്നതു ബ്രിട്ടീഷുകാരോടുള്ള കൂറുമാത്രമാണ്. അടിമത്ത ജീവിതത്തിലാണ് മുസ്ലിംകൾക്കു മഹത്വവും ശോഭയുമെന്നു അദ്ദേഹം വിശ്വസിക്കുന്നു.

എന്നും ഭരണീയരും അടിച്ചമർത്തപ്പെട്ടവരുമായിക്കഴിയുന്നതാണവർക്കു വിജയകരം! വൈദേശിക സാമ്രാജ്യത്വത്തെ ഒരു ദൈവകാരുണ്യമായാണ് അദ്ദേഹം കാണുന്നത്. ചർച്ചകൾക്കു ചുററും നൃത്തം ചെയ്തു അയാൾ തന്റെ പാട്ടിനു പോയി.'

## അവലംബം


[1] P: 51
[2] ഖാസിം‌അലി ഖാദിയാനി—തബ്ലീഗെ റിസാല: P7/10
[3] മീർസാ—ബ്രിട്ടീഷ് ഭരണകൂടത്തിന സമർപ്പിച്ച ലിഖിതം
[4] മിർസാ— സിതാറെ ഖയ്സ്വര:
[5] നൂറുൽഹഖ് P: 27—28
[6] IBID: P: 33—34
[7] തബ്ലീഗെ റിസാല: P: 7/19—25
[8] തിർയാഖുൽ ഖുലൂബ് P: 310
[9] IBID: P: 332


www.abulhasanalinadwi.org

# അസഭ്യങ്ങൾ

## *മാന്യമായ നാവ്*

പ്രവാചകരുടെയും ഖലീഫമാരുടെയും അവരെ തുടർന്നു സഖാക്കളുടെയും സ്വഭാവ കഥകൾ എമ്പാടും വന്നിട്ടുണ്ട്. മാന്യമായ സംസാരം, നാവിന്റെ വിശുദ്ധി, ഉത്തരവാദിത്തബോധം, സഹനശേഷി, ക്ഷമ.

'ദുസ്വഭാവിയോ വഷളനോ, അങ്ങാടിയിൽ ബഹളം വെക്കുന്നവനോ ആയിരുന്നില്ല അദ്ദേഹം' എന്നു സ്വഹാബികൾ നബി[സ] യെ കുറിച്ച് പറഞ്ഞിട്ടുണ്ട്. [1]

റസൂൽ അരുളുന്നു:

'അമിതമായി ആക്ഷേപിക്കുന്നവനും ശപിക്കുന്നവനും ദുശ്ശീലനും വഷളനുമല്ല മുഅ്മിൻ' [2]

ഇസ്റാഈല്യരായ പ്രമാണിമാരുടെയരുകിലൂടെ നടന്നു പോകുന്ന ഈസാ[അ] നെ അവർ ശകാരിക്കും. ചീത്ത വിളിച്ചു പറയും. അപ്പോഴൊക്കെ ഈസാ[അ]

www.abulhasanalinadwi.org

അവരെ നല്ലതുമാത്രം കേൾപ്പിക്കും. 'ശീമോൻ' ഒരു ദിവസം അദ്ദേഹത്തോട് പറഞ്ഞു.

'ഇന്നത്തെപ്പോലെ താങ്കളെ ചീത്ത കേൾപ്പിക്കുകയും, തിരിച്ച് താങ്കൾ അവരെ നല്ലത് കേൾപ്പിക്കുകയും ചെയ്ത ഒരൊററ ദിവസവുമുണ്ടായിട്ടില്ല' അതു കേട്ട് യേശു പറഞ്ഞു:

'ഓരോരുത്തരും സ്വന്തം കയ്യിലുള്ളതു ചെലവിടുന്നു' ഇതുപോലുള്ള ഉദാഹരണങ്ങൾ എണ്ണാവുന്നതിലപ്പുറമാണ്. മതചരിത്രം പഠിച്ചവർക്കതറിയാമല്ലോ.

എന്നാൽ, തികഞ്ഞ വായാടിയും അധികപ്രസംഗിയും ചീത്ത പറയുന്നവനുമായിരുന്നു മീർസാ. തൻെറ എതിരാളികളെയും സമകാലീന പണ്ഡിതരെയും സദ്‌വൃത്തരായ അടിമകളെയുമൊക്കെ ശകാരിക്കുന്ന മുനാഫിഖിൻെറ അടയാളമായി റസൂൽ (സ) പറഞ്ഞ തർക്കിച്ചാൽ തെമ്മാടിത്തം കാട്ടും എന്ന വിശേഷണം തികച്ചും മീർസാ അന്വർത്ഥമാക്കി.

അദ്ദേഹത്തിൻെറ ശകാരവർഷങ്ങൾ മററൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുക വളരെ ദുർഘടം പിടിച്ചതാണ്. സങ്കീർണ്ണമായ ഭാഷാശൈലിയാണതിനു. ഏതായാലും അദ്ദേഹത്തിൻെറ ചില അറബി ഗ്രന്ഥങ്ങളിലെ ശകാരങ്ങൾ വായിക്കാം.

ഇന്ത്യയിലെ മഹാപണ്ഡിതൻമാർക്കുള്ള തുറന്ന കത്തിൽ അദ്ദേഹമെഴുതി. എല്ലാ വിഡ്ഢിയും നമ്മെ കൂവി വിളിക്കുന്നു. വിവരം കെട്ട കാകുക്കകളും നമുക്കെതിരിൽ ഒച്ച വെക്കുന്നു. കടിഞ്ഞാണില്ലാത്ത

www.abulhasanalinadwi.org

ആ ദാസൻമാർ ഓരിയിടുന്നു. ചാവാലിപ്പട്ടികാം കുരക്കുന്നു. നാമൊന്നെഴുന്നേററാൽ അവർ ബോധം കെട്ടു വിഴും. അല്ലെങ്കിൽ ശവങ്ങളായിത്തീരും. [3]

അക്കാലത്ത് ഇന്ത്യയിൽ അറിവും ഭക്തിയും കൊണ്ടു പ്രശസ്തരായ ചില പണ്ഡിതൻമാരുണ്ടായിരുന്നു. ഖാദിയാനിക്കു മറുപടി പറഞ്ഞു. അദ്ദേഹത്തെ എതിർത്തു എന്നതു മാത്രമാണവർ ചെയ്ത തെററ്. അവരിൽ ചിലരുടെ പേരെടുത്തു കൊണ്ട് അദ്ദേഹം ശകാരവർഷം നടത്തുന്നുണ്ട്.

'ശൈഖ് മുഹമ്മദ്ഹസനെ (പാട്യാല) പേരെടുത്തു പറഞ്ഞുകൊണ്ട്, അദ്ദേഹം എഴുതി:

'സന്തോഷവാർത്തയറിയിക്കുന്നവരെ താക്കീതു ചെയ്യുന്ന നിൻെറ വഴിപിഴച്ച കള്ളൻ ശൈഖു അവരിൽ പെടുന്നു. അഹങ്കാരികളുടെ നേതാവ് ദഹ്ലവി അബ്ദുൽഹഖ്, മുഖല്ലിദുകളായ അബ്ദുല്ലാ തൂങ്കി, 'അഹ്മദ് ബഹറംൻപുരി' അഹങ്കാരവും നിന്ദ്യതയും കൊണ്ട് തൻെറ ദീനിനെ കളഞ്ഞുകുളിച്ച അഹങ്കാരികളുടെ 'സുൽത്താൻ', നിർലജ്ജത കൊണ്ടു ലജ്ജ മറച്ചു സത്യസന്ധതയുടെ വസ്ത്ര മുരിഞ്ഞ് ചെന്നായ്ക്കളെപ്പോലെ എൻെറ അഭിമാനം പിച്ചിചീന്തുന്ന ഹസൻ അമറൂഹി നായ്ക്കളെപ്പോലെ അയാാം നഖം കൊണ്ട് എൻെറ വസ്ത്രം വലിച്ചുകീറി. ശപിക്കപ്പെട്ട പിശാചിനു മാത്രം പറയാൻ കഴിയുന്നത്ര നീചമായ വാക്കുകളാണയാാം പറയുക. അവരിൽ അവസാനത്തെയാളാണ് അന്ധനായ ചെകുത്താനും ഏററവും കുരുത്തം കെട്ട ഭൂതവുമായ റഷീദ്ജൻജൂഹി അയാ

www.abulhasanalinadwi.org

ളും അമറോഹിയെപ്പോലെ തന്നെ ദുർഭാഗ്യവാനും ശപിക്കപ്പെട്ടവനുമാണ്. (4)

തന്നെ എതിർക്കുന്നവരെ മൊത്തത്തിലദ്ദേഹം ശകാരിക്കുന്നു.

'ആ ഗ്രന്ഥങ്ങൾ ഓരോ മുസ്ലിമും വളരെ സ്നേഹത്തോടും ആഗ്രഹത്തോടും കൂടി പഠിക്കും. അതിലെ വിജ്ഞാനങ്ങൾ ഉൾക്കൊണ്ട് പ്രയോഗവൽക്കരിക്കും. എന്നെ അംഗീകരിക്കും. എന്റെ വാദം ശരിയാണെന്നു സമ്മതിക്കും. എന്നാൽ അല്ലാഹു മനസ്സിനെ സീൽ വെച്ച ജാരസന്താനങ്ങൾ മാത്രം അതു സ്വീകരിക്കുകയില്ല. (5)

എന്നാൽ അദ്ദേഹത്തിന്റെ ആക്ഷേപ കവിതയിലാണ് എല്ലാവിധ വൃത്തികേടുകളും തെളിഞ്ഞു കാണുക. ''ഹുതൈഅ:''യെയും ''ഇബ്നുറൂമി''യെയും കാൾ വൃത്തികെട്ടത്. എന്നാൽ ഇവരുടെ കവിതകൾ സാഹിത്യ രംഗത്തു ഉന്നത സ്ഥാനത്തു നിൽക്കുന്നു. മീർസായുടെതഃവട്ടെ താഴ്ന്ന ശൈലിയും ദുർബ്ബലമായ ഭാഷയും എമ്പാടും തെററുകൾ നിറഞ്ഞതുമാണ്. (6)

ചില ഉദാഹരണങ്ങൾ നോക്കു—

''എന്റെ ശത്രുക്കൾ മരുഭൂവിലെ പന്നികളാണ്.

അവരുടെ ഭാര്യമാർ പട്ടികളും,'(7)

മഹാനായ പണ്ഡിതനും ഭക്തനുമായിരുന്ന 'മഹർ അലിയെ'ക്കുറിച്ച് അദ്ദേഹം പാടി.

www.abulhasanalinadwi.org

'ഞാൻ പറയട്ടെ—'ജോലാർ' എന്ന നാടേ—നിനക്കു നാശം. ഒരു അഭിശപ്തൻമൂലം നീ ശപിക്കപ്പെട്ടിരിക്കുന്നു. നീ നശിപ്പിക്കപ്പെടും.'(8)

'ശൈഖ് സഅ്ദുല്ലാ ഥാനവി'യെക്കുറിച്ച് അദ്ദേഹം പാടി.

'നിന്ദ്യരിൽപെട്ട ഒരു നിസ്സാരനെ ഞാൻ കാണുന്നു. തെമ്മാടി, ആഭാസൻ, അഭിശപ്തൻ, വിഡ്ഢികളുടെ ബീജം, പിശുക്കൻ, ദുഷ്ടൻ, കലാപകാരി, കളവു പറയുന്നവൻ, മലിനൻ, വിഡ്ഢികൾക്കിടയിൽ അവൻ 'സഅ്ദ്' എന്നു വിളിക്കപ്പെടുന്നു.—നീയെന്നെ നീചമായി ബുദ്ധിമുട്ടിച്ചു. തേവിടിശ്ശിയുടെ മകനേ നീ നിന്ദ്യനായി മരിച്ചില്ലെങ്കിൽ ഞാൻ സത്യസന്ധനല്ല.

മീർസായുടെ വ്യക്തിത്വവും സ്വഭാവവും മനസ്സിലാക്കാൻ ഇതുമതിയെന്നു ഞാൻ വിശ്വസിക്കുന്നു. പ്രവാചകന്മാരുടേത് പോയിട്ട് സ്വഹാബത്തിൻെറയോ, അതുമല്ലെങ്കിൽ മാന്യന്മാരുടെയോ സംസാരമെങ്കിലും ഈ മനുഷ്യന്നുണ്ടോ. താൻ വാദിക്കുകയും താൻ പ്രകടിപ്പിക്കുകയും ചെയ്യുന്ന പദവിയുമായി ഈ സ്വഭാവം പൊരുത്തപ്പെടുമോ?

www.abulhasanalinadwi.org

## അവലംബം


(1) തുർമുദി

(2) IBID:

(3) അനുബന്ധം—അൻജ. മെത്ആഥം: P: 157

(4) IBID: P: 252

(5) ആയീനെ കമാലാതെ ഇസ്ലാം P: 547–548

(6) അനുബന്ധം—അൽജാമെ ആഥം.

(7) നജ്മുൽഹുതാ— P: 15

(9) ഇഅ്ജാസെ അഹ്മദി— P: 75


www.abulhasanalinadwi.org

# ആകാശ വിവാഹം

ഒരുപാട് ദിവ്യവെളിപാടുകൾ നാം വായിച്ചു. ആക്ഷേപകവിതകളും ആഭാസങ്ങളും വായിച്ചു. ഒരു പക്ഷെ വായനക്കാരന് വിഷമവും വെറുപ്പും മടുപ്പും തോന്നിക്കഴിഞ്ഞിരിക്കും. അതുകൊണ്ട് നമുക്ക് ഒരു കഥ പറയാം. കൗതുകമുള്ള കഥ. ഇതൊരു പ്രബോധകന്റെ, മതനേതാവിന്റെ, കഥയായിരുന്നില്ലെങ്കിൽ. ഇതുകൊണ്ടദ്ദേഹം ലോകത്തെ ആദ്യം തന്നെ വെല്ലുവിളിച്ചില്ലായിരുന്നെങ്കിൽ—ഇതു വെറുമൊരു പ്രേമകഥയാവും. ഒരു നോവലിന്റെ ഇതിവൃത്തം.

## *ഒരു വിവാഹാലോചന*

തന്റെ അമ്മാവന്റെ മകൻ 'മീർസാ അഹ്മദ് ബേഗി'ന്റെ പുത്രിയായ 'മുഹമ്മദീ ബീഗ'ത്തെ വിവാഹമാലോചിക്കാൻ അല്ലാഹു തന്നോട് കൽപ്പിച്ചതായി 1888ൽ അദ്ദേഹം പ്രഖ്യാപിച്ചു. അവളുടെ പിതാവ് അതിനു മുന്നോട്ട് വന്നാൽ അയാൾക്ക് അല്ലാഹുവിന്റെ മഹത്തായ കരുണയും വലിയ അനുഗ്രഹങ്ങളും കിട്ടും. വിസമ്മതിച്ചാൽ പെണ്ണിന്റെ ഭാവി കഷ്ടത്തി

www.abulhasanalinadwi.org

ലാവും. അയാരം മറെറാരു യുവാവിനു മകളെ കൊട്ട ത്താൽ ആ യുവാവ് രണ്ടര കൊല്ലത്തിനിടക്കും, പി താവ് മൂന്നു കൊല്ലത്തിനിടക്കും മരിച്ചു പോകും. ആ കുടുംബത്തിനു ദാരിദ്ര്യവും കഷ്ടപ്പാടും വിര ഹവേദനയും അനുഭവപ്പെടും. (1) നാട്ടിലെ പ്രമാണി മാരോടൊക്കെ അദ്ദേഹമത് പ്രവ്യാപിച്ചു. ആ പ്രഖ്യാ പനം അച്ചടിച്ച് ജനങ്ങരംക്കു വിതരണം ചെയ്തു. 'ആയീനെ കമാലത്തെ ഇസ്ലാ'മിൽ പറഞ്ഞപോലെ, അല്ലാഹുവിൻെറ കൽപനപ്രകാരമായിരുന്നു ഈ പര സ്യമായ വിതരണവും (2)

അദ്ദേഹമെഴുതി.

അല്ലാഹു എന്നോട് പറഞ്ഞു: 'തീർച്ചയായും അ ഹ്മദ് ബേഗിൻെറ പുത്രി നിൻെറ ഭാര്യയാവും. അ വളുടെ വീട്ടുകാർ നിന്നെ എതിർക്കുക തന്നെ ചെയ്യും. ആ വിവാഹത്തിൽനിന്നു തടയും. വെളിപാട് പുല രാതിരിക്കാൻ അവർ കിണഞ്ഞു ശ്രമിക്കും. എന്നാൽ അല്ലാഹു തൻെറ കരാർ പൂർത്തിയാക്കുകതന്നെ ചെയ്യും. കന്യകയായാലും വിധവയായാലും അവളെ നിനക്ക് അല്ലാഹു നൽകും. വിപത്തുകരം നീങ്ങും. ഈ കാ ര്യം പൂർത്തിയാവും. അല്ലാഹുവിൻെറ വിധിക്കു മാററമില്ല. (3)

## *വെളിപാടും വെല്ലുവിളിയും*

രണ്ടു പേരുടെയും വയസ്സു തമ്മിലുള്ള വിടവ്, വലുതായിരുന്നു. അദ്ദേഹം തന്നെ എഴുതി, 'ഈ പ്ര തിശ്രുത വധു ചെറുപ്രായത്തിലുള്ള കന്യകയാണ്. എനിക്കാകട്ടെ 50 കഴിയുകയും ചെയ്തിട്ടുണ്ട്. (4)

www.abulhasanalinadwi.org

ഈ പ്രശ്നം നമുക്കു പ്രധാനമൊന്നുമല്ല. കാരണം, 'മീർസായുടെ വ്യക്തിപരവും കുടുംബപരവുമായ ഒരു കാര്യമാണിത്. എത്രയോ ആാംക്കാർ പെൺകുട്ടികളെ വിവാഹത്തിനാലോചിക്കാറുണ്ട്. അവരെ തന്നെ കെട്ടണമെന്നു അതിയായി ആഗ്രഹിക്കാറുമുണ്ട്. എന്നിട്ടും ചിലപ്പോൾ വിജയിക്കുകയും പരാജയപ്പെടുകയും പതിവാണ്. എന്നാൽ, മീർസായുടെ വിവാഹം വഹ്യിന്റെ അടിസ്ഥാനത്തിലായതുകൊണ്ടാണ് നമ്മളിത് പ്രശ്നമായെടുക്കുന്നത്.

അദ്ദേഹം എഴുതുന്നു:

'നമ്മെ പരീക്ഷിക്കാനും സത്യാസത്യം തൂക്കിനോക്കാനും ദിവ്യവെളിപാടിനെക്കാൾ വലിയൊരു മാനദണ്ഡമില്ല.' (5)

എതിരാളികൾക്കെതിരായി അവതരിക്കുന്ന വെല്ലുവിളികൾ പോലെയുള്ള വെളിപാടുകൾ ഒരു പ്രാഥമിക സത്യംമന്ന നിലക്കു തന്നെ പുലരും.

അതിലവർക്കു ദൃഢബോദ്ധ്യം വരും. അവർക്ക സത്യം വ്യക്തമാവും. ഒരു അവ്യക്തതയും സംശയവും ബാക്കിയുണ്ടാവില്ല. (6)

ഈ ദിവ്യവെളിപാടു കൊണ്ട് മീർസാ പലവട്ടം വെല്ലുവിളി നടത്തി. ഇത് തീർച്ചയായും അല്ലാഹു നൽകിയ വഹ്യാണെന്നു തറപ്പിച്ചു പറഞ്ഞു. നിസ്സംശയം ഇത് നടക്കുക തന്നെ ചെയ്യും. എന്നും പ്രഖ്യാപിച്ചു.

www.abulhasanalinadwi.org

'അല്ലാഹു എനിക്ക് വഹ്യ് നൽകുന്നു:

അവർ നിന്നോട് ചോദിക്കുന്നു; 'ഇത് സത്യമാണോ? എന്നു പറയൂ. അതെ. ഇത് തീർച്ചയായും സത്യം തന്നെ. നിങ്ങൾക്കിത് തകർക്കാനാവില്ല നാമവളെ നിനക്ക് വിവാഹം ചെയ്തു തന്നു. എൻെറ തീരുമാനങ്ങൾ മാററാനാരുമില്ല. അവരെന്തു ദൃഷ്ടാന്തം കണ്ടാലും പിന്തിരിഞ്ഞു കളയും: 'ഇതൊരു നിരന്തരമായ മാരണ' മാണെന്നവർ പറയും. (7)

ഇന്ത്യയിലെ പണ്ഡിതർക്കും പ്രമാണിമാർക്കും അയച്ച കത്തിൽ അദ്ദേഹം എഴുതി:

'ഈ വിധി, മഹാനായ രക്ഷിതാവിങ്കൽ നിന്നുള്ള മാററമില്ലാത്ത വിധിയാണ്. മഹന്യനായ അല്ലാഹുവിൻെറ അനുഗ്രഹം കൊണ്ട് അതിൻെറ സമയം വരിക തന്നെ ചെയ്യും. മുഹമ്മദ്(സ) യെ നിയോഗിക്കുകയും പ്രവാചകരിലും ലോകരിലും അദ്ദേഹത്തെ ശ്രേഷ്ടനാക്കുകയും ചെയ്ത അല്ലാഹു തന്നെയാണ് സത്യം, ഇത് ഉറപ്പാണ്. തീർച്ചയായും നിങ്ങൾക്കിതു കാണാം. ഞാനിതാ ഇതിനെ എൻെറ സത്യാവസ്ഥയുടെ അളവുകോലാക്കുന്നു. എൻെറ രക്ഷിതാവ് അറിവ് നൽകിയതല്ലാതെ താനൊന്നും പറയുന്നില്ല. (8)

അവർ നമ്മുടെ തെളിവുകൾ കളവാക്കുന്നു. അതിനെ പരിഹസിക്കുന്നു. അവർക്കെതിരായി നിനക്കല്ലാഹു മതി. അവളെ നിനക്കു അവൻ മടക്കിത്തരും. അല്ലാഹുവിൻെറ തീരുമാനങ്ങൾക്കു മാററമില്ല. താനുദ്ദേശിക്കുന്നതെല്ലാം നന്നായി ചെയ്യുന്നവൻ തന്നെയാണ് നിൻെറ നാഥൻ. നീ എൻെറ കൂടെയാണ്."

www.abulhasanalinadwi.org

ഞാൻ നിൻെറ കൂടെയും. ഒരുപക്ഷെ അല്ലാഹു നിൻെറ പ്രശംസാർഹമായ സ്ഥാനത്ത് നിയോഗിച്ചേക്കും. (9)

പെണ്ണിൻെറ വീട്ടുകാർ വളരെ ധീരമായി മീർസായുടെ വിവാഹാലോചന നിരസിച്ചു. അടുത്ത കുടുംബത്തിൽപെട്ട 'മീർസാ സുൽത്താൻ മുഹമ്മദി'നു അവളെ കൊടുക്കാൻ അവർ തീരുമാനിച്ചു. മീർസാ അതറിഞ്ഞു. മുസ്ലിംകളും ക്രിസ്ത്യാനികളും ഹിന്ദുക്കളുമടങ്ങുന്ന ജനങ്ങൾ മുഴുവനും ഈ വെളിപാടിനെക്കുറിച്ചു അറിഞ്ഞു കഴിഞ്ഞിരുന്നു. മീർസാ തന്നെയാണ് ആദ്യമായി ഇതു പ്രചരിപ്പിച്ചതും പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതും പുസ്തകങ്ങളിൽതന്നെ എഴുതിയതും. അങ്ങനെ ജനങ്ങളതു ശ്രദ്ധിച്ചു. ഏതായാലും അല്ലാഹുവിൻെറ വഹ്യും വാഗ്ദാനവും യാഥാർത്ഥ്യമാവാൻ കിണഞ്ഞു ശ്രമിക്കുന്നതിൽ തെറ്റൊന്നുമില്ലെന്നു മീർസാ വിശ്വസിച്ചു. തൻെറ അമ്മാമൻെറ മകൻ കൂടിയായ 'അഹ്മദ് ബേഗി'നും പെണ്ണിൻെറ മററു ബന്ധുക്കൾക്കും ആദ്യമൊക്കെ വളരെ തന്ത്രപരമായും മൃദുലമായും ഹൃദയാവർജകമായും കത്തുകളെഴുതി. പിന്നെ വാഗ്ദാനങ്ങളും ഭീഷണകളുമായി. പ്രലോഭനങ്ങളും പ്രകോപനങ്ങളുമുണ്ടായി. പക്ഷെ അതൊന്നും അവരുടെ മനസ്സിളക്കിയില്ല. മാത്രമല്ല, തൻെറ മകനായ 'ഫസൽ അഹ്മദി' ൻെറ ഭാര്യപോലും ഇക്കാര്യത്തിൽ തനിക്കെതിരാണെന്നും മീർസാ അറിഞ്ഞു. അപ്പോൾ തന്നെ അവളെ വിവാഹമോചനം ചെയ്യാനാണ് മകനോട് കൽപിച്ചത്. ഉടൻ മകൻ അവളെ വിവാഹമോചനം ചെയ്തു. കഴിഞ്ഞില്ല; സ്വന്തം മകൻ 'സുൽത്താൻ അഹ്മദും' എ

www.abulhasanalinadwi.org

തിർ ചേരിയിലാണെന്നറിഞ്ഞു. അവനെ ആട്ടിപ്പുറത്താക്കി. അനന്തരാവകാശം തടഞ്ഞു.(10) 'സുൽത്താൻ മുഹമ്മദു'മായുള്ള 'ബീഗ'ത്തിൻെറ വിവാഹം തടഞ്ഞാൽ സമ്മാനങ്ങൾ തരാമെന്നു പെണ്ണിൻെറ അമ്മാമന് മീർസാ വാഗ്ദാനം ചെയ്തു.(11) പക്ഷെ ഇതൊന്നും ഒരു സ്വാധീനവുമുണ്ടാക്കിയില്ല. താൻ ഭയന്നതു സംഭവിച്ചു. 1892 ഏപ്രിൽ 7ന് 'സുൽത്താൻ മുഹമ്മദ്'' തന്നെ അവളെ വിവാഹം കഴിച്ചു.(12) അപ്പോൾ ഒരുപാടു പള്ളികളിൽവെച്ച് ഈ വഹ്യ് സത്യമായി പുലരാനും അങ്ങനെ ഖാദിയാനികളുടെ നില നന്നാവാനുമായി ആയിരക്കണക്കിനു ഖാദിയാനികൾ അല്ലാഹുവോട് പ്രാർത്ഥിക്കുകയായിരുന്നു.

മീർസാ നിരാശനായില്ല. ഈ വെളിപാട് സത്യമായി പുലരുമെന്നു തന്നെ അദ്ദേഹം പറഞ്ഞു. അതിൻെറ പേരിൽ വെല്ലുവിളി തുടർന്നു. കോടതിയിൽ പോലും അദ്ദേഹം സത്യം ചെയ്തു പറഞ്ഞു.

''എൻെറ കീഴിൽ വന്നിട്ടില്ലെന്നത് ശരി. എന്നാൽ അല്ലാഹു അറിയിച്ച പോലെ, ഞാനവളെ വിവാഹം കഴിക്കുക തന്നെ ചെയ്യും. എതിരാളികളും ഒച്ചപ്പാടുണ്ടാക്കിയവരും ഖേദിക്കും. ലജ്ജിച്ച് അവർ തലകുനിക്കും. പെണ്ണ് ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടല്ലോ. ഏതെങ്കിലുമൊരുനാളിൽ അവളെ ഞാൻ കല്യാണം കഴിക്കും. ഇതൊരു 'ആശ' മാത്രമല്ല, ഉറപ്പാണ്. ഒരു സംശയവുമില്ല. ഇത് അല്ലാഹുവിൻെറ അറിയിപ്പാണ്. അല്ലാഹുവിൻെറ തീരുമാനങ്ങൾക്ക് മാററമില്ല.(13)

സുൽത്താൻ മഹ്മൂദ് മരിക്കുമെന്നു പറഞ്ഞ ആ രണ്ടരക്കൊല്ലം കഴിഞ്ഞു. മരിച്ചില്ല.

www.abulhasanalinadwi.org

സുൽത്താൻെറ ജീവിതകാലം നീട്ടിക്കൊടുക്കുന്നതാണ് നല്ലതെന്നു മീർസാ മനസ്സിലാക്കി. പക്ഷെ വഹ്യ് പുലരുകതന്നെ ചെയ്യുമെന്നതിൽ മീർസാക്കു സംശയമുണ്ടായിരുന്നില്ല. അദ്ദേഹം ആയിടക്ക് വീണ്ടും പറഞ്ഞു. 'മാററമില്ലാത്ത വിധിയാണിത്. ദിവ്യ വെളിപാടിലൂടെ വന്നത്. അല്ലാഹുവിൻെറ വചനങ്ങൾക്കു മാററമില്ല.'(14)

മീർസാക്കു കഠിനമായ രോഗം ബാധിച്ചു. മരണമാസന്നമായി. ഇനിയേതായാലും വഹ്യ് പുലരാൻ പോവുന്നില്ല; എന്ന് അപ്പോഴദ്ദേഹത്തിനു തോന്നി. തൻെറ അവധിയടുത്തു. മുഹമ്മദ് സുൽത്താനുമായുള്ള അവളുടെ വിവാഹം നടന്നു. അയാളിപ്പോഴും ജീവിക്കുകയും ചെയ്യുന്നു. അപ്പോൾ മീർസാക്ക വഹ്യിൽ സംശയം ജനിച്ചു. പക്ഷെ അല്ലാഹു അദ്ദേഹത്തെ സമാശ്വസിപ്പിച്ചു. മരണമടുത്ത നേരത്തുപോലും അല്ലാഹു അറിയിച്ചു

> 'നിൻെറ നാഥങ്കൽ നിന്നുള്ള സത്യം. അതുകൊണ്ട്, സംശയിക്കുന്നവരിൽ നീ പെട്ടുപോകരുത്. (15)

പക്ഷെ, ആഗ്രഹം പൂവണിഞ്ഞില്ല. മുഹമ്മദ് സുൽത്താൻ മരിച്ചതുമില്ല. മീർസാക്കു ശേഷം ഒരു പാട് കാലം സ്വന്തം ഭാര്യയോടൊത്ത് അയാൾ ജീവിച്ചു. ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തു. മുറിവ് പററി. എന്നിട്ടും അയാൾ മരിച്ചില്ല. എന്നാൽ മീർസാ 1908ൽ തന്നെ മരണമടഞ്ഞു.

## *ചിന്തനീയമായ വസ്തുത:*

മീർസാ മരിച്ചിട്ടും മീർസായിലും ഈ വെളിപാടിലുമുള്ള ഖാദിയാനികളുടെ വിശ്വാസത്തിനു മങ്ങലേററില്ല, ഹക്കീം നൂറുദ്ദീൻ എഴുതുന്നു:

www.abulhasanalinadwi.org

'മീർസായുടെ സന്താനപരമ്പരകളിൽപെട്ട ഏതെങ്കിലുമൊരു യുവാവ്, മുഹമ്മദി ബീഗത്തിന്റെ സന്താനപരമ്പരകളിൽപെട്ട ഏതെങ്കിലുമൊരു പെണ്ണിനെ കല്യാണം കഴിച്ചാലും, വഹ്‌യിന്റെ പുലർച്ചയായി!' (16)

താൻ വെല്ലുവിളിക്കുകയും എന്നിട്ടത് സത്യത്തിന്റെ അളവുകോലാക്കുകയും ചെയ്ത ഒരുപാട് വെളിപാടുകൾ പുലരാതെയിരുന്നിട്ടുണ്ട്. പക്ഷെ, ഏററവും പ്രധാനവും പ്രശസ്തവും കൗതുകകരവുമായതിനാലാണ് ഈ കഥ തെരഞ്ഞെടുത്തത്. കാരണം ഇതിന്റെ പേരിലുള്ള വെല്ലുവിളിയായിരുന്നു ഏററവും വലുത്. ഇത് പുലർന്നില്ല എന്നതാകട്ടെ എല്ലാവരും അറിഞ്ഞതും.

## അവലംബം


[1] മീർസായുടെ പരസ്യം 1888 ജൂലൈ.
[2] ആയീനെ കമാലാതെ ഇസ്‌ലാം P: 552
[3] ഇസാലെ ഔഹാം P: 376
[4] ആയീനെ കമാലാതെ ഇസ്‌ലാം P: 574
[5] ദാഫിഉൽ വസാവിസ് P: 288
[6] ഇസാലെ ഔഹാം P: 202
]7] അസ്‌മാനീ ഫൈസല: P: 40
[8] മീർസായുടെ റിസാല: P: 223
[9] പരസ്യം: 1888 ജൂലൈ 10
[10] സീറത്തുൽ മഹ്ദി: P: 1/22
[11] IB1D: P: 174
[12] ആയീനെ കമാലാത്തെ ഇസ്‌ലാം P: 213
[13] 1901 ആഗസ്ത് പു: 5. ലക്കം 9–10–അൽഹുക്മ്.
[14[ തബ്‌ലീഗെ റിസാല. P: 3/115-116
[15] ഇസാലെ ഔഹാം: P: 398
[16] ഹക്കീം നൂറുദ്ദീൻ–വഫാത്തുൽ മസീഹിൽ മൗഊദ്. [റിവ്യൂ ഫ്‌റിലീജ്യൻസ് പു: 7. ല: 6, 7,1908 ജൂൺ,ജൂലൈ.]

## അദ്ധ്യായം 4

# ഖാദിയാനിസം തുലാസിൽ

www.abulhasanalinadwi.org

1. **ഒരു സമാന്തരമതം**

ഒററപ്പെട്ട ചരിത്രം, ഇസ്ലാമിനോടുള്ള മാൽസര്യം, ഹിന്ദുക്കൾ സ്വാഗതം ചെയ്യുന്നു.

2. **പ്രവാചകത്വത്തിനെതിരെ**

മതത്തിൻെറ സവിശേഷത, പ്രവാചകത്വ സമാപ്തിയുടെ ശ്രേഷ്ഠത, മുഹമ്മദ്(സ)യോടുള്ള മൽസരം, കള്ളപ്രവാചകന്മാർ, മുസ്ലിംകളെ ഭിന്നിപ്പിച്ചു. പിഴച്ച സങ്കൽപം, ദിവ്യവെളിപാടുകൾ തുടരണമോ?, വഹ്യുകൾ എവിടെനിന്ന്, നബിയാവാൻ മാത്രം.

3. **ലാഹോറി ഖാദിയാനികൾ**

സ്വന്തമായ സമീപനം, മുഹമ്മദലിയുടെ അഖീദ, ദുർവ്യാഖ്യാനങ്ങൾ, ഖുർആൻകൊണ്ടുള്ള കളി, അവകാശ വാദങ്ങൾ.

4. **ഖാദിയാനിസത്തിൻെറ ഫലം**

www.abulhasanalinadwi.org

# ഒരു സമാന്തര മതം

**ഒററപ്പെട്ട ചരിത്രം:**

മുസ്‌ലിംകളുടെ അഖീദയിൽനിന്ന് ഒററപ്പെട്ട ഒരു അഖീദയെന്ന നിലക്കു ഖാദിയാനിസത്തെ വീക്ഷിക്കുകയും, മതവിശ്വാസത്തിലോ വീക്ഷാഗതിയിലോ യാഥാർത്ഥ്യത്തിൽ നിന്നകന്ന, ഭൂരിപക്ഷവുമായി ഭിന്നിച്ചു നിൽക്കുന്ന ഒരു ഇസ്‌ലാമിക വിഭാഗം എന്ന നിലക്കു അതിനോട് പെരുമാറുകയും ചെയ്യുന്നതു തെററാണ്. ഖാദിയാനിസം തികച്ചും വ്യത്യസ്ഥമായൊരു പ്രശ്നമാണ്. ഇസ്‌ലാമിക ചരിത്രത്തിലെ ഒററപ്പെട്ട പ്രശ്നം. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ അതൊരു ''സമാന്തര മത''മാണ്; 'സമാന്തര സമൂഹ'മാണ്. ഇതിനു എവിടെയെങ്കിലും മുമ്പൊരു മാതൃക കാണാനാവുമെങ്കിൽ, ഉബൈദികളുടെ തലതൊട്ടപ്പനായ 'ഉബൈദുല്ല'യും പിതാവ് 'മൈമൂൻ ഖദാഹും' സ്ഥാപിച്ച ബാതവനിയ്യത്തും-ഇസ്മാഈലിയ്യത്തും— ആണ്. മതം വെറും വിശ്വാസവും ചടങ്ങും മാത്രമല്ല. മറിച്ച്, അത് വിശ്വാസവും ചടങ്ങുമാണ്; ധൈഷണികതയും വികാരവുമാണ്. ചിഹ്ന

www.abulhasanalinadwi.org

ങ്ങളും ആത്മീയ കേന്ദ്രങ്ങളുമാണ്. പൈതൃകവും ചരിത്രവും ഭൂതവുമാണ്. ഈ വശങ്ങളിലേക്കൊക്കെയും മതം ആവശ്യമായ നിർദ്ദേശം നൽകുന്നു. കഴമ്പുള്ള ഒരു പച്ച മനുഷ്യനു അവഗണിക്കാനാവാത്ത സകല ആവശ്യങ്ങൾക്കും പരിഹാരമുണ്ട്.

സകല ദൈവിക മതങ്ങളും, മതങ്ങളെ എതിർക്കുകയും ചെറുക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന സകല ഭൗതിക പ്രത്യയ ശാസ്ത്രങ്ങളും ഈ വശങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. മതരംഗത്ത് ഉദാഹരണമായി ക്രിസ്തുമതം. അതിന് അറിയപ്പെടുന്ന വിശ്വാസ പ്രമാണമുണ്ട്. സ്വന്തമായ ബോധരീതിയും വ്യതിരിക്തമായ വൈകാരികതയുമുണ്ട്. ചിഹ്നങ്ങളും ആത്മീയ കേന്ദ്രങ്ങളുമുണ്ട്. പൈതൃകവും ചരിത്രവും ഭൂതവുമുണ്ട്. ഭൗതികരംഗത്ത് കമ്യൂണിസവും അതുപോലെതന്നെ. സ്വന്തമായ വിശ്വാസവും ബോധവും വികാരവുമതിനുണ്ട്. ചിഹ്നങ്ങളും കേന്ദ്രങ്ങളുമുണ്ട്. പൈതൃകവും ചരിത്രവും ഭൂതവുമുണ്ട്.....

## *ഇസ്ലാമിനോടുള്ള മാൽസര്യം*

ഈ അളവുകോലിൽ ഖാദിയാനിസത്തെ അളക്കുക. ഒന്നു വ്യക്തമാവും. ഏതാണ്ട് 'സ്വതന്ത്രമായ മത'മാണത്. പ്രത്യേകിച്ച് ഖാദിയാനിസത്തിന്റെ യുവത്വകാലത്ത്. പ്രശസ്തിയുടെ പടവുകൾ കേറിയ കാലത്ത്. സ്വന്തം സമൂഹവുമായി അതു ഒററക്കു നിൽക്കുന്നു. സ്വന്തം ദർശനവും സ്വന്തം ചിന്താശൈലിയും അതിനുണ്ട്. മതകീയ ജീവിതത്തിന്റെ മുഴുവൻ മേഖലയോടും അതിനു വ്യക്തമായ സ്വന്തം

www.abulhasanalinadwi.org

നിലപാടാണുള്ളത്. സ്വന്തമായ പ്രശ്ന പരിഹാരങ്ങൾ. മുഹമ്മദ്(സ)യിലൂടെ പൂർത്തിയായി നൂററാണ്ടുകളായി ജനകോടികൾ അംഗീകരിച്ചുവന്ന ഇസ്ലാം മതത്തോട് മൽസരിക്കുകയാണ് ഖാദിയാനിസം. വിശ്വാസപരവും വൈകാരികവുമായി ഇസ്ലാമിനോട് കിടപിടിക്കാനാണതിൻെറ ആഗ്രഹം. ഇസ്ലാം നേടിത്തന്ന അനുസരണം, സ്നേഹം, ആദരവ്, വിശുദ്ധി—ഇവയെ ജയിച്ചടക്കാൻ ശ്രമിക്കുന്നു. ഇസ്ലാമംഗീകരിച്ചവൻെറ മനസ്സിനെയും ചിന്തയെയും ബോധമണ്ഡലത്തെയുമൊക്കെ ഈ പുതിയ മതത്തിലേക്കും അതിൻെറ ആത്മീയ കേന്ദ്രത്തിലേക്കും തിരിക്കാൻ പാടുപെടുന്നു. ഇസ്ലാമുമായുള്ള ബന്ധം മുറിയുമ്പോൾ നഷ്ടപ്പെടുന്ന എല്ലാ വശത്തുമുള്ള വിടവു നികത്താൻ ഖാദിയാനിസം ഒരുമ്പെടുന്നു. അല്ല; ആത്മീയവും ചിന്താപരവുമായ ജീവിതത്തിൻെറ ഒഴുക്കിനെ. പഴയ ഇസ്ലാമിൻെറ കേന്ദ്രത്തിൽനിന്ന് പുതിയ ഇസ്ലാമിൻെറ കേന്ദ്രത്തിലേക്കു വലിച്ചിഴക്കുന്നു.

ഈ ഉന്നവും അതിൻെറ സ്വാഭാവിക ഫലവും നേടിയെടുക്കാൻ അവർ മുഹമ്മദ്(സ)യുടെ സ്വഹാബത്തിനെ, മീർസായുടെ സ്വഹാബത്തിനോടു ഉപമിക്കുന്നു. ഫസ്ൽ എന്ന ഖാദിയാനി ഔദ്യോഗിക മാസികയിൽ എഴുതി.

മുഹമ്മദ്(സ)യുടെ സ്വഹാബത്തും, മീർസാ ഗുലാം അഹ്മദിൻെറ ശിഷ്യഗണങ്ങളും തമ്മിൽ, അവർ ഒന്നാം പ്രവാചകത്വത്തിൻെറ കാലത്തും ഇവർ രണ്ടാം പ്രവാചകത്വത്തിൻെറ കാലത്തും ജീവിച്ചു എന്ന വ്യത്യാസം മാത്രമേയുള്ളു.(1)

www.abulhasanalinadwi.org

മുഹമ്മദ്(സ)യുടെ ഖബറിനെക്കാൾ ഖാദിയാനിയുടെ ഖബറിന്നു പ്രാധാന്യമുണ്ടെന്നു അവർ വാദിക്കുന്നു. 1922 ഡിസംബറിൽ ഇറങ്ങിയ ഫസ്ൽ ഖാദിയാനിലെ തർബിയത്തു കേന്ദ്രത്തിൻെറ ഒരു പരസ്യം കൊടുത്തു.

> ''വാഗ്ദത്ത മിശീഹായുടെ വെള്ള ഖുബ്ബ സന്ദർശിക്കുന്നവനു മദീനയിയിലെ നബിയുടെ പച്ച ഖുബ്ബ സന്ദർശിക്കുന്നതിനെക്കാൻ പുണ്യവും പോരിശയുമുണ്ട്. വലിയ ഹജ്ജിനു ഖാദിയാനിലേക്കു പോകാൻ കഴിയാത്തവൻ എത്ര ഭാഗ്യംകെട്ടവൻ.'' (2)

ഇസ്ലാമിൻെറ മൂന്നാമത്തെ വിശുദ്ധ കേന്ദ്രമാണ് ഖാദിയാൻ എന്നാണവരുടെ വിശ്വാസം. മീർസാ ബശീറുദ്ദീൻ മഹ്മൂദ് എഴുതി:

അല്ലാഹു ഈ മൂന്നു കേന്ദ്രങ്ങളെ (മക്ക, മദീന, ഖാദിയാൻ) വിശുദ്ധമാക്കിയിരിക്കുന്നു. ഇവയെ അവൻെറ വെളിപാടുകൾ പ്രത്യക്ഷപ്പെടാനുള്ള സ്ഥലമാക്കിയിരിക്കുന്നു (3)

മസ്ജിദുൽ ഹറാമിനെയും മസ്ജിദുൽ അഖ്സായെയും പരാമർശിച്ച് അല്ലാഹു ഇറക്കിയ ആയത്തുകൾ 'ഖാദിയാനി'നെക്കൂടി ഉദ്ദേശിച്ചാണെന്നാണ് മീർസാതന്നെ വാദിക്കുന്നത്. ബറാഹീനെ അഹ്മദിയ്യയിൽ അദ്ദേഹം എഴുതി:

''അവിടെ പ്രവേശിച്ചാൽ അവൻ നിർഭയനായി'' എന്ന അല്ലാഹുവിൻെറ വചനം; ഖാദിയാനിലെ പള്ളിയെയാണ് സത്യപ്പെടുത്തുന്നത്.'' (4)

www.abulhasanalinadwi.org

അദ്ദേഹം പാടി:

തീർച്ചയായും ഖാദിയാൻ ബഹുമാനം അർഹിക്കുന്നു. (5)

''ഖാദിയാനെക്കുറിച്ച് ഞാൻ ബറാഹീനെ അഹ്മദിയ്യയിൽ പറഞ്ഞത് ദിവ്യവെളിപാടിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നു എനിക്കു വീണ്ടും വ്യക്തമായിരിക്കുന്നു. ഖാദിയാനെക്കുറിച്ച് ഖുർആനിൽ തന്നെ വ്യക്തമായി പരാമർശമുണ്ട്. സൂറത്തുൽ ഇസ്റാഇലെ'' തന്റെ അടിമയെ ഒരു രാത്രി മസ്ജിദുൽ ഹറമിൽനിന്നു നാം അനുഗ്രഹിച്ച മസ്ജിദുൽ അഖ്സായിലേക്ക് രാപ്രയാണം ചെയ്യിച്ചവൻ എത്ര വിശുദ്ധൻ (6) എന്ന ആയത്തിലെ മസ്ജിദുൽ അഖ്സാ ഖാദിയാനിലെ വാഗ്ദത്ത മസീഹിന്റെ പള്ളിയാണ്. (7)

ഖാദിയാൻ മക്കയോടൊപ്പമാണെങ്കിൽ, അങ്ങോട്ടുള്ള യാത്ര ഹജ്ജിനു സമമാകണം—അല്ല ഹജ്ജിനേക്കാരം പുണ്യകരമാവണം. അല്ലേ? അതെ. അതും ഹസ്ൽ തന്നെ പ്രസിദ്ധീകരിക്കുന്നു. മക്കയിലേക്കുള്ള ഹജ്ജിന്റെ നിഴലാണ് ഖാദിയാനിലേക്കുള്ള ഹജ്ജ്. (8) ലാഹോറി ഖാദിയാനികളുടെ പത്രം പൈഗാം സുൽഹ്'' അതിലും അതിരു കടന്നു. ''ഖാദിയാനിലേക്കു ഹജ്ജിനു പോവാതെ മക്കയിലേക്കുള്ള ഹജ്ജ് നിർജീവവും വരണ്ടതുമാണ്. കാരണം ഇന്ന് മക്കായിലേക്കള്ള ഹജ്ജ് അതിന്റെ യഥാർത്ഥ സന്ദേശം ഉരംക്കൊള്ളുന്നില്ല. അതിന്റെ ലക്ഷ്യം നേടുന്നില്ല. (9)

മീർസാക്കുശേഷം ഖാദിയാനികരം കൊല്ലം കണക്കാക്കാൻ പുതിയ മാസങ്ങരം തന്നെയുണ്ടാക്കി. മീർ

www.abulhasanalinadwi.org

സായുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുമായി ബന്ധപ്പെട്ട ചില പേരുകൾ, സ്വുൽഹ്, തബ്ലീഗ്, അമാൻ, ശഹാദത്ത്, ഹിജ്റ, ഇഹ്സാൻ, വഹാബ്, ളുഹൂർ, തബൂക്ക്, ഇഖാബ്, നുബുവ്വത്ത്, ഫത്ഹ്.

## ഹിന്ദുക്കൾ സ്വാഗതം ചെയ്യുന്നു

ഇസ്ലാമിന്റെ കളിത്തൊട്ടിലും, വഹ്യിന്റെ അവതരണവേദിയുമെന്ന നിലക്കു അറേബ്യയുമായും പ്രവാചകൻ എന്ന നിലക്ക്, മുഹമ്മദ്(സ)യുമായും അഭേദ്യമായി മാനസിക ബന്ധമുള്ള മുസ്ലിംകളോട് വെറുപ്പും പ്രതികാരബുദ്ധിയുമുള്ളവരാണ് ഹിന്ദുക്കൾ. കാരണം ഈ മാനസികബന്ധം ദേശീയതത്തിനു കുറച്ചിലാണെന്നാണവരുടെ വാദം. 'മുസ്ലിംകൾക്കു എന്നും വിദേശത്താണ് കണ്ണ്. അവിടുന്നാണ് അവർ മതവികാരവും വിശ്വാസാവേശവും ആർജ്ജിക്കുന്നത്— എന്നൊക്കെ ഹിന്ദുക്കൾ ആക്ഷേപിക്കുന്നു. അതുകൊണ്ടുതന്നെ അറേബ്യയിൽനിന്നും ഹറമിൽനിന്നും ആത്മീയ സാംസ്കാരിക കേന്ദ്രത്തെ ഖാദിയാനിലേക്ക് പറിച്ചുനട്ട ഈ മതത്തെ ആ മുസ്ലിംകളോട് പ്രതികാരബുദ്ധിയുള്ള അമിത ദേശീയവാദികൾ സഹർഷം സ്വാഗതം ചെയ്തു. ദീനിനെയും ദീനീ ആവേശത്തെയും ഇന്ത്യയിൽതന്നെ തളച്ചിട്ടു, ഖാദിയാനിസം. ഇന്ത്യക്ക് പുണ്യവാളത്തം നൽകി. വിദേശീയ ഇസ്ലാമിനുമേൽ ഇന്ത്യൻ ദേശീയത്വം നേടിയ വിജയമായാണ് ഇതിനെ ഭാരതീയർ പരിഗണിച്ചത്. മുസ്ലിംകളുടെ ചിന്താധാരയിൽ വലിയ മാററം വരുത്താനുള്ള അസുലഭാവസരമായി ഇതവർ ക

www.abulhasanalinadwi.org

ണ്ടു. 1932 ഏപ്രിൽ 22ന് വന്ദേമാതരം പത്രത്തിൽ ഒരു ഹിന്ദുലേഖകനെഴുതിയ ഏതാനും വരികൾ വായിക്കു:

'വേറിട്ടു നിൽക്കുന്ന ഒരു പ്രത്യേക സമൂഹമാണ് തങ്ങളെന്നാണ് ഇന്ത്യൻ മുസ്ലിംകൾ സ്വയം ധരിക്കുന്നത്. അവരെന്നും അറബ് നാടുകളോട് ചായ്‌വും അനുഭാവവും കാട്ടുന്നു. അവർക്കു കഴിയുമായിരുന്നെങ്കിൽ ഇന്ത്യക്ക് 'അറേബ്യ' എന്നു പേരിടും. കട്ടിപിടിച്ച ഈ ഇരുണ്ട വേളയിൽ, ഈ കനത്ത നിരാശയിലാണ് ദേശീയ വാദികളുടെ മനസ്സിൽ പ്രതീക്ഷക്കു തിരികൊളുത്തുന്ന തീപ്പൊരി വന്നുവിഴുന്നത്, അതാണ് ഖാദിയാനിസം. മുസ്ലിംകൾ ഖാദിയാനിസത്തിലേക്കു കടന്നുവന്നപ്പോഴൊക്കെ 'ഇന്ത്യയിലെ മക്ക' യെന്ന നിലക്കാണ് 'ഖാദിയാ' ന്നെ കണ്ടത്. ഇത് ഒരു ആഗോള ആത്മീയ കേന്ദ്രമായി. അക്ഷരാർത്ഥത്തിൽ തന്നെ അവർ ഇന്ത്യയോടു കൂറുള്ളവരും 'ദേശീയ' രുമായി മാറി. തീർച്ചയായും അറബ് നാഗരികതക്കും ഇസ്ലാമികൈക്യത്തിനുമേററ ശക്തമായ പ്രഹരമായിരുന്നു അഹ്മദി പ്രസ്ഥാനത്തിൻെറ വളർച്ച. അഹ്മദിയ്യാ പ്രസ്ഥാനവുമായുള്ള ബന്ധം മുഹമ്മദ്(സ) യുമായുള്ള ബന്ധം തളർത്തി. അവൻെറ ചിന്താരീതി തന്നെ മാററി. അറേബ്യ, തുർക്കി എന്നിവിടങ്ങളിൽ നിന്നു ഇന്ത്യയിലെ ഖാദിയാനിലേക്കു 'ഖിലാഫത്ത്' മാറി. മക്കക്കും മദീനക്കും ഔപചാരികമായ ഒരു വിശുദ്ധി മാത്രം കൽപിക്കപ്പെട്ടു. ഒരു ഖാദിയാനി, അവൻ അറേബ്യയിലോ, തുർക്കിയിലോ, ഇറാനിലോ, മറെറവിടെയോ ആവട്ടെ, അവൻ ആത്മീയ

www.abulhasanalinadwi.org

ചൈതന്യം നേടുന്നത് ഖാദിയാനിൽ നിന്നാണ്. ഖാദിയാൻ അവന്റെ മോക്ഷത്തിന്റെ നാടാണ്. ഇവിടെയാണ് ഇന്ത്യയുടെ ശ്രേഷ്ഠതയുടെ രഹസ്യം. ഇതുകൊണ്ടു തന്നെയാണ് മുസ്‌ലിംകൾക്കു ഖാദിയാനിസത്തോടു പൊരുത്തപ്പെടാനാവാത്തതും. അറബ് നാഗരികതക്കും ഇസ്‌ലാമിനുമെതിരാണ് ഖാദിയാനിസം എന്നു മുസ്‌ലിംകൾ വിശ്വസിക്കുന്നു. അക്കാരണത്താലാണ് ഖിലാഫത്ത് പ്രസ്ഥാനത്തിൽ നിന്നവർ ഒഴിഞ്ഞു നിന്നതും. തുർക്കി–സുഊദി ഭരണകൂടങ്ങളുടെ സ്ഥാനത്ത് ഖാദിയാനിലൊരു ഖിലാഫത്ത് സ്ഥാപിക്കാനാണ് ഖാദിയാനികൾ കൊതിച്ചത്. ഇസ്‌ലാമിക്യത്തിന്റെയും അറബ് ഐക്യത്തിന്റെയും വാഹകരായ മുസ്‌ലിംകൾക്കു 'ഖാദിയാനിസം' അസ്വസ്ഥത ജനിപ്പിക്കുന്നുവെങ്കിലും ഭാരതീയ ദേശീയവാദികൾക്കു തീർച്ചയായും അത് സന്തോഷജനകമായിരുന്നു. (10)

## അവലംബം

(1) 1918 മെയ് 28 ലക്കം: 92
(2) 1922ഡിസംബർ. പു: 10. ല: 1848
(3) 1935 സപ്തംബർ3–ഫസൽ
(4) മീർസാ–ബറാഹീൻ P: 4/558
(5) മീർസാ–ദുർറുൻസമീൻ P. 52
(6) ഇസ്റാഅ് 1
(7) തദ്കിറ: P: 345
(8) പു: 20 ലക്കം: 66
(9) പു: 11. ലക്കം: 33
(10) ഡോക്ടർ ശങ്കർദാസ്മെഹ്റയുടെ ലേഖനം–വന്ദേമാതരം.

www.abulhasanalinadwi.org

# പ്രവാചകത്വത്തിനെതിരെ

## മതത്തിന്റെ സവിശേഷത

ദീൻ പൂർത്തിയായിക്കഴിഞ്ഞു. പ്രവാചകരിൽ അവസാനത്തെയാളാണ് മുഹമ്മദ് (സ). അദ്ദേഹത്തിന്റെ സന്ദേശമാണ് അവസാനത്തെ മതകീയ സന്ദേശം. എന്നൊക്കെയുള്ള വിശ്വാസം യഥാർത്ഥത്തിൽ ഈ സമൂഹത്തിനു മാത്രം അല്ലാഹു നൽകിയ ഒരു പ്രത്യേക ദാനമാണ്. അതുകൊണ്ടു തന്നെയാണ് കൂർമ്മബുദ്ധിയായ ഒരു ജൂതൻ വളരെയേറെ സന്തോഷത്തോടും, എന്നാൽ അതിലേറെ ദുഃഖത്തോടുംകൂടി ഉമർ(റ)വിനോട് പറഞ്ഞത്.

'നിങ്ങൾ ഓതുന്ന ഖുർആനിലെ ഒരു സൂക്തമുണ്ടല്ലോ. അതെങ്ങാനും ജൂതന്മാരായ ഞങ്ങൾക്കാണവതരിച്ചതെങ്കിൽ ആ ദിവസം ഞങ്ങളൊരു പെരുന്നാളാക്കുമായിരുന്നു'— ''ഇന്നു ഞാൻ നിങ്ങളുടെ ദീനിനെ നിങ്ങൾക്കു പൂർത്തിയാക്കിത്തന്നു. എന്റെ അനുഗ്രഹം നിങ്ങങ്ങൾക്കു മുഴുവനായും നൽകി. ഇസ്ലാമിനെ മതമായി നിങ്ങൾക്കു തൃപ്തിപ്പെട്ടു''— എന്ന ആ

www.abulhasanalinadwi.org

യത്താണ് ജൂതൻ ഉദ്ദേശിക്കുന്നത്. ഈ ആയത്തിന്റെ മഹത്വത്തെയോ പ്രധാന്യത്തെയോ ഉമർ(റ) നിഷേധിച്ചില്ല. മറിച്ച്, പുതിയൊരു ഉൽസവത്തിന്റെ ആവശ്യമേ ഉദിക്കുന്നില്ല, കാരണം മഹത്തായ ഒരു ദിവസത്തിലാണത് ഇറങ്ങിയത് എന്നുണർത്തുകയാണ് ചെയ്തത്.'' മുഹമ്മദ്(സ)ക്കു ഈ ആയത്ത് എന്നു, എവിടെ വെച്ചിറങ്ങി എന്ന ഞങ്ങൾക്കറിയാം. ഒരു വെള്ളിയാഴ്ച, അറഫയിൽ നിൽക്കുമ്പോഴാണ് അതിറങ്ങിയത്. (1)

ഈ വിശ്വാസം തന്നെയാണ് ബിദ്അത്തുകാരുടെ വിനാശത്തിൽനിന്ന് പ്രവാചകത്വ വാദികളുടെ കുഴപ്പങ്ങളിൽനിന്നും ഈ സമൂഹത്തെ കാത്തത്. പണ്ടു കാലത്തു മതസമൂഹങ്ങൾക്കു പററിയപോലെയുള്ള ചിന്താപരവും മതപരവുമായ അരാജകത്വത്തിൽനിന്നും സംരക്ഷിച്ചു. ഈ വിശ്വാസത്തിന്റെ ശ്രേഷ്ഠതകൊണ്ട് ഈ മതത്തിനും മതസമൂഹത്തിനും വളരെ സൂക്ഷ്മമായ ഗൂഢാലോചനകളെയും നേരിടാനും, കഠിനമായ ആക്രമണങ്ങളെ ചെറുക്കാനും സാധിച്ചു. പണ്ടു, ബാതിനിയാക്കളുടെതൊഴിച്ചാൽ ഇസ്‌ലാമിക സമൂഹത്തിൽ കാര്യമായ ആഭ്യന്തര വിപ്ലവങ്ങളോ ചിന്താപരമായ ചലനങ്ങളോ ഉണ്ടായില്ല. സമൂഹം ഒററക്കെട്ടായിനിന്നു. സ്വന്തമായ സമീപനങ്ങളും; വ്യത്യസ്തമായ ആത്മീയ കേന്ദ്രങ്ങളും വൈജ്ഞാനിക സ്രോതസ്സുകളും സാംസ്കാരിക കേന്ദ്രങ്ങളും പണിഞ്ഞുകൊണ്ടു സ്വന്തമായ ചരിത്രവും ഭൂതവുമുള്ള പല വിഭാഗങ്ങളായി നാം വിഭജിക്കപ്പെട്ടില്ല.

www.abulhasanalinadwi.org

## പ്രവാചകത്ത സമാപ്തിയുടെ ശ്രേഷ്ഠത

തീർച്ചയായും പ്രവാചകത്ത സമാപ്തി മനുഷ്യ വർഗത്തിനു മുഴുവൻ മഹത്വമാണ്. മാനവരാശി, പ്രായപൂർത്തിയായിക്കഴിഞ്ഞുവെന്ന പ്രഖ്യാപനമാണിത്. അവസാനത്തെ സന്ദേശവും അവതീർണ്ണമായിക്കഴിഞ്ഞു. ഇതുകൊണ്ടാക്കെത്തന്നെ, മനുഷ്യസമൂഹം ഒരു പുതിയ വഹ്യോ സന്ദേശമോ ആവശ്യമില്ലാത്തതാണ്. ഈ ബോധം മനുഷ്യനിൽ തന്റെ വളർച്ചയെക്കുറിച്ച വിശ്വാസം ജനിപ്പിക്കുന്നു. നാഗരിക രംഗത്ത് മുന്നേറാനും നിത്യജീവിതത്തിൽ ശാസ്ത്രത്തെയും അനുഭവജ്ഞാനത്തെയും അവലംബിക്കാനും ഇത് പ്രേരണ നൽകുന്നു.

അല്ലാഹുവിങ്കൽ നിന്നു ഒരു പുതിയ ദിവ്യബോധനമല്ല, ഈ യുഗത്തിൽ ലോകത്തിനാവശ്യം. ഒരു വഹ്യിനു വേണ്ടി കാത്തിരിക്കുകയുമല്ല. മറിച്ച്, മനുഷ്യ നൻമക്കുവേണ്ടി ഉപയോഗപ്പെടുത്താനും ആവശ്യങ്ങൾ നിർവ്വഹിക്കാനുമായി അല്ലാഹു കരുതിവെച്ച പ്രപഞ്ചത്തിന്റെ സംഭാവനകളെയും ആസ്തികളെയും കുറിച്ച് ചിന്തിക്കുക; മതത്തിന്റെയും ഉന്നതമായ സംസ്കാരത്തിന്റെയും അടിത്തറയിൽ നിലനിൽക്കുന്ന ഒരു ജീവിതം ഭൂമിയിൽ കെട്ടിപ്പടുക്കുന്നതിനെ കുറിച്ച് ആലോചിക്കുക. തീർച്ചയായും പ്രവാചകത്വം അവസാനിച്ചുവെന്ന ബോധം മനുഷ്യനിൽ മുന്നേററത്തിന്റെയും പ്രത്യാശയുടെയും ചൈതന്യമുണർത്തുന്നു. തന്റെ ആർജ്ജവങ്ങൾ ചെലവഴിക്കാൻ പ്രേരിപ്പിക്കുന്നു.

www.abulhasanalinadwi.org

തൻെറ പ്രതിരോധത്തിനും സമരത്തിനും ഫലപുഷ്ടിയുള്ള മണ്ണും സുരക്ഷിതമായ രംഗവുമൊരുക്കാൻ സഹായിക്കുന്നു.

പ്രവാചകത്വം അവസാനിച്ചുവെന്ന മൗലിക വിശ്വാസമില്ലായിരുന്നെങ്കിൽ തീർച്ചയായും മനോദൃഢത മനുഷ്യനു നഷ്ടപ്പെടുമായിരുന്നു. അവനെന്നും സംശയത്തിൽ മുങ്ങിക്കിടക്കും. മണ്ണിലേക്കു നോക്കേണ്ടതിനു പകരം അവനെന്നും ആകാശത്തേക്കു തുറിച്ചു നോക്കും. ഭാവിയെക്കുറിച്ച് അവനു വിശ്വാസം നശിക്കും. തനിക്കു ചുററും സംശയങ്ങളും ആശങ്കകളും തന്നെ കടന്നാക്രമിക്കും. കാലാകാലം കള്ളപ്രവാചകത്വവാദികളുടെ ഇരയായിത്തീരും, മനുഷ്യൻ. 'മാനവികതയുടെ ആരാമം ഇതേവരെ അപൂർണ്ണമായിരുന്നു. ഞാൻ വന്നു, അതോടെ അതു പൂർണ്ണതയിലെത്തി' എന്ന വാദവുമായി ഓരോ കള്ളപ്രവാചകനും വരുമ്പോഴൊക്കെ മനുഷ്യൻ നിർബ്ബന്ധമായും ചിന്തിക്കേണ്ടി വരുന്നു. ''ഇതേവരെ 'മാനവികത' പൂർത്തിയായിരുന്നില്ലെങ്കിൽ ഇനിയിപ്പോഠം അതു പൂർത്തിയായി നിലനിൽക്കുന്നുവെന്നതിനെന്താണുറപ്പ്?' എന്ന്.

ഇങ്ങനെ, മാനവികാരാമം അതിൻെറ പൂർണ്ണതയിലെത്തിക്കുന്നവൻെറ വരവും കാത്തു അതിലെ പൂക്കളും കായ്കളും അനുഭവിക്കാനാവാതെ ദാഹം തീർക്കാനും വിശപ്പടക്കാനും കഴിയാതെ മനുഷ്യൻെറ പ്രതീക്ഷ നീണ്ടുപോവും.

മത:ചിന്തകളുടെ പുന:സംവിധാനം– എന്ന ഗ്രന്ഥത്തിൽ ഡോക്ടർ മുഹമ്മദ് ഇഖ്ബാൽ കുറിച്ചുവെച്ചു.

www.abulhasanalinadwi.org

'പ്രവാചകത്വം അവസാനിക്കേണ്ട അനിവാര്യത മനസ്സിലാക്കുന്നേടത്തേക്ക്, ഇസ്‌ലാമിക പ്രവാചകത്വം കൊണ്ടെത്തിക്കുന്നു. എന്നുമെന്നും തന്നെ നയിക്കേണ്ട ഒരു നായകനെയും കാത്തുകൊണ്ട് പ്രപഞ്ചത്തിനു നിലനില്പില്ല എന്നും; തന്നെക്കുറിച്ച അറിവ് അതിന്റെ പരിപൂർത്തി പ്രാപിക്കാൻ എന്നുമെന്നും ഒരു വസ്തുവെ അവലംബമാക്കാതിരിക്കേണ്ടതനിവാര്യമാണെന്നും മനസ്സിലാക്കേണ്ടതുണ്ട്. പൗരോഹിത്യത്തിനും പാരമ്പര്യ രാജാവകാശത്തിനുമെതിരെയുള്ള ഇസ്‌ലാമിന്റെ നിരോധം; എന്നും ബുദ്ധിക്കും അനുഭവജ്ഞാനത്തിനും ഖുർആൻ നൽകുന്ന ഊന്നലും പ്രേരണയും, പ്രപഞ്ച ഗവേഷണവും ഗതകാല ജനതതികളുടെ ചരിത്ര പരിശോധനയും മനുഷ്യന്റെ വിജ്ഞാനീയങ്ങളുടെ ഉറവിടമാണെന്ന നിലക്കുള്ള ഖുർആന്റെ ആവർത്തനം; ഇതൊക്കെയും പ്രവാചകത്വം അവസാനിച്ചുവെന്ന ചിന്തയുടെ വിവിധ ചിത്രങ്ങളാണ്. (2)

## *മുഹമ്മദ്(സ) യോടുള്ള മൽസരം*

ഇസ്‌ലാമിക ചരിത്രം ഒരുപാട് ഭീകരമായ പരീക്ഷണങ്ങൾക്കും അപകടകരമായ ഗൂഢാലോചനകൾക്കും പാത്രമായിട്ടുണ്ട്. എന്നാലവയൊന്നും ഇത്രത്തോളം വലുതോ ഭീകരമോ അല്ല. പണ്ടത്തെ എതിർപ്പുകൾ മിക്കതും ഇസ്‌ലാമിക ഭരണത്തിനോ ഇസ്‌ലാമിക ശരീഅത്തിനോ എതിരായ വിപ്ളവങ്ങളായിരുന്നു. പക്ഷെ ഖാദിയാനിസം മുഹമ്മദ്(സ) യുടെ പ്രവാചകത്വത്തിനും ഇസ്‌ലാമിക സന്ദേശത്തിന്റെ അനശ്വരതക്കും, ഇസ്‌ലാമിക സമൂഹത്തിന്റെ ഐക്യത്തിനു

www.abulhasanalinadwi.org

മെതിരായ വിപ്ളവമാണ്. അത് മററു സമൂഹങ്ങളിൽ നിന്നും നമ്മെ തികച്ചും വേർതിരിച്ചു നിർത്തുന്ന ഒടുക്കത്തെ വര വരച്ചു. രണ്ടു രാഷ്ട്രങ്ങൾക്കിടയിലെ വ്യക്തമായ അതിർത്തി പോലെ. ഖാദിയാനിസം ഇസ്ലാമിനു അപകടകരമാണെന്നും അത് സ്വതന്ത്രമായി വേറിട്ടു നിൽക്കുന്ന മതമാണെന്നും വിധിക്കുമ്പോൾ തീർച്ചയായും ഡോക്ടർ മുഹമ്മദ് ഇഖ്ബാൽ നീതി പാലിക്കുകയാണ് ചെയ്തത്. വർഷങ്ങൾക്ക മുമ്പ്, 'സ്റേററ്സ്മേൻ' പത്രത്തിൽ അദ്ദേഹം ഖാദിയാനിസത്തെക്കുറിച്ചെഴുതി.

> ''മുഹമ്മദ്(സ)യുടെ പ്രവാചകത്വത്തോട് എതിരായ ഒരു നുബുവ്വത്തിൻെറ അടിത്തറയിലുള്ള പുതിയൊരു വിഭാഗം സ്ഥാപിക്കാനുള്ള ആസൂത്രിത ശ്രമമാണ് ഖാദിയാനിസം. (3)

ജവഹർലാൽ നെഹ്റു ചോദിക്കാറുണ്ട്; ഒരുപാടു അവാന്തര വിഭാഗങ്ങളുള്ള മുസ്ലിംകളിലെ ഒരു ഘടകമല്ലേ ഖാദിയാനിസവും. എന്നിട്ടെന്തിനാണ് ഖാദിയാനിസത്തെ മുസ്ലിംകളിൽനിന്നു വേർപെടുത്താൻ മുസ്ലിംകൾതന്നെ ശ്രമിക്കുന്നത്? അതിനു ഡോക്ടർ മുഹമ്മദ് ഇഖ്ബാൽതന്നെ മറുപടി പറഞ്ഞു.

> ''അറേബ്യക്കാരനായ മുഹമ്മദ് (സ)യുടെ സമൂഹത്തിൽനിന്നു ഇന്ത്യക്കാരനായ ഒരു പ്രവാചകനുവേണ്ടി പുതിയൊരു സമൂഹത്തെ അടർത്തിയെടുക്കുകയാണ് ഖാദിയാനിസം ചെയ്തത്.
> ജൂതർക്കെതിരായി ആഞ്ഞടിച്ച ജൂതഫിലോസഫറായ ''സ്പിനോസോ''യുടെ വാദഗതികളെക്കാൾ ഇ

www.abulhasanalinadwi.org

ന്ത്യൻ മുസ്ലിം സമൂഹത്തിനപകടകരമാണ് ഖാദിയാനിസം എന്നും ഡോക്ടർ സമർത്ഥിച്ചിട്ടുണ്ട്.

നേരത്തെ ഉദ്ധരിച്ച സ്റ്റേറ്റ്സ്മേനിൽ അദ്ദേഹം തുടരുന്നു: ''തൗഹീദ് അംഗീകരിക്കുകയും മുഹമ്മദ് (സ) നബിയാണെന്നു സമ്മതിക്കുകയും ചെയ്ത മററു മതങ്ങളും ഇസ്ലാമും തമ്മിൽ വളരെ സൂക്ഷ്മമായും വേർതിരിക്കുന്ന വരവരക്കാൻ പ്രേരിപ്പിക്കുന്നത് മുഹമ്മദ്(സ) അവസാനത്തെ നബിയാണെന്ന വിശ്വാസമാണ്. ബ്രഹ്മസമാജം പോലെ, ഖാദിയാനിസവും ഇനിയും നബി വരാമെന്നു വാദിക്കുന്നുണ്ടല്ലോ. ഇസ്ലാമുമായി ഒരു വിഭാഗത്തിനുള്ള ബന്ധവും അകൽച്ചയും നിർണ്ണയിക്കാനാവുക, ഈ വിശ്വാസം കൊണ്ടാണ്. ഈ അതിരു ലംഘിച്ച ഒരൊററ മുസ്ലിം വിഭാഗവും ചരിത്രത്തിലില്ല. ഇറാനിലെ ബഹായികൾ, മുഹമ്മദ്(സ) അന്ത്യപ്രവാചകനാണെന്നതു നിഷേധിച്ചിട്ടുണ്ട്. എന്നാൽ, തങ്ങൾ സാങ്കേതികാർത്ഥത്തിലുള്ള 'മുസ്ലിംക'ളല്ലെന്നു വ്യക്തമായും അവർ പ്രഖ്യാപിച്ചിട്ടുമുണ്ട്.

ഇസ്ലാമെന്നതു അല്ലാഹു ദിവ്യബോധനത്തിലൂടെ നൽകിയതാണെന്നുതന്നെ നാം വിശ്വസിക്കുന്നു. എന്നാൽ മുഹമ്മദ്(സ)യുടെ വ്യക്തിത്വത്തെ കൂടി ആശ്രയിച്ചാണതു നിലകൊള്ളുന്നത്. ഖാദിയാനികൾ രണ്ടിലൊന്നു തീരുമാനിക്കുക മാത്രമേ വഴിയുള്ളു. ഒന്നുകിൽ ബഹായികളെപ്പോലെ ഇസ്ലാമിക സമൂഹത്തിൽനിന്നു വേർപിരിയുക. അല്ലെങ്കിൽ പ്രവാചകത്വ പരിസമാപ്തിയെക്കുറിച്ച അവരുടെ അ

www.abulhasanalinadwi.org

തിരു കടന്ന ദുർവ്യാഖ്യാനങ്ങളിൽനിന്നു പിന്തിരിയുക. മുസ്ലിംകളുടെ ചുററുപാടുകളിൽതന്നെ നിലനിൽക്കാനും, അങ്ങനെ അതിലൂടെ മാത്രം കിട്ടുന്ന രാഷ്ട്രീയ താൽപര്യങ്ങൾ നേടിയെടുക്കാനുമുള്ള അത്യാർത്തി മാത്രമാണ് അവരുടെ ഈ രാഷ്ട്രീയ വൽകൃത വ്യാഖ്യാനങ്ങൾക്കു പിന്നിൽ. . .

. . .ഇസ്ലാമിൽനിന്നു പുതിയൊരു മതകീയ സ്വഭാവത്തോടെ വേർതിരിയുന്ന, പുതിയൊരു നുബുവ്വത്തിൻെറ അടിത്തറയുള്ള സമൂഹങ്ങൾ; തങ്ങളുടെ ഈ പുത്തൻ പ്രവാചകത്വം അംഗീകരിക്കാത്തവരെ കാഫിറാക്കുന്ന സമൂഹങ്ങൾ–അവരെ, അടിസ്ഥാനപരമായും ഇസ്ലാമിക സമൂഹത്തിൻെറ ഐക്യം തകർക്കുന്ന മഹാവിപത്തെന്ന നിലക്ക് മുസ്ലിംകൾ കാണണം. 'പ്രവാചകത്വ പരിസമാപ്തി' എന്ന വിശ്വാസമില്ലാതെ ഇസ്ലാമിക സമൂഹത്തിനു വളർച്ചയില്ല.

### കള്ളപ്രവാചകൻമാർ

പ്രവാചകത്വത്തിൻെറ വാതിൽ മലർക്കെ തുറന്നിടുകയാണ് മീർസാ ചെയ്തത്. അദ്ദേഹമെഴുതി.

റസൂൽ(സ)നെ പിന്തുടരുന്നതിലൂടെ മനുഷ്യനു പ്രവാചകത്വത്തിൻെറ പരിപൂർത്തി നേടാനാവുന്നു. സുന്നത്തിനോടുള്ള ശ്രദ്ധ പുതിയ പ്രവാചകരെ സൃഷ്ടിക്കുന്നു. (4) മീർസായുടെ മകൻ ബഷീറുദ്ദീൻ എഴുതി:

'അല്ലാഹുവിൻെറ ഖനികൾ തീർന്നുപോയെന്നവർ വിശ്വസിക്കുന്നു. യഥാർത്ഥത്തിലവർ അല്ലാഹുവെ കണ

www.abulhasanalinadwi.org

ക്കാക്കേണ്ടവിധം കണക്കാക്കിയില്ല. ഒരൊററ നബി വരുന്ന കാര്യത്തിലാണ് നിങ്ങൾ തർക്കിക്കുന്നത്. എന്നാൽ മുഹമ്മദ്(സ)ക്കുശേഷം 1000 നബിമാർ വരുമെന്നാണെൻെറ വിശ്വാസം (5) ഇതൊക്കെ ''പ്രവാചകത്വ''ത്തിൽ തികഞ്ഞ അരാജകത്വം സൃഷ്ടിച്ചു. 'പ്രവാചകത്വം' എന്ന പദത്തിൻെറ മഹത്വവും പവിത്രയും നഷ്ടപ്പെട്ടു. അതു വെറുമൊരു കളി തമാശയായി. മൊത്തത്തിൽ, മീർസാക്കുശേഷം പൊതുജനങ്ങൾക്കൊക്കെയും നബിപ്പട്ടം കെട്ടാമെന്നായി. ഇന്നും നശിക്കാത്ത ഇന്ത്യയുടെ നീണ്ടുപരന്ന ചരിത്രത്തിലെവിടെയും ആരും പ്രവാചകത്വ സമാപ്തി നിഷേധിച്ചിട്ടില്ല. ഒരു പുതിയ മതം പടച്ച അക്ബർ ചക്രവർത്തിപോലും താൻ നബിയാണെന്നു വ്യക്തമായി വാദിച്ചിട്ടില്ല മൊത്തത്തിൽ മീർസാ തന്നെയാണ് ആദ്യമായി ഇന്ത്യയിൽ പ്രവാചകത്വം വാദിച്ചത്. അതോടെ, കള്ളപ്രവാചകന്മാർ ഒരുപാടുണ്ടായി. ''പ്രൊഫസർ മുഹമ്മദ് ഇൽയാസ് ബർണി'യുടെ കണക്കനുസരിച്ച് ഹിജ്റ 1355വരെ ഇന്ത്യയിൽ ഏഴ് പ്രവാചകത്വ വാദികളുണ്ടായി. അതൊരു കൃത്യമായ കണക്കല്ലെന്നുറപ്പാണ്. വളരെ സൂക്ഷ്മമായി പരിശോധിച്ചാൽ, പഞ്ചാബിൽതന്നെ ഏഴിലധികം നുബുവ്വത്തു വാദികളുണ്ടായതായി കാണാം.

മീർസാ ബഷീറുദ്ദീൻ തന്നെ തൻെറ ഒരു പ്രസംഗത്തിൽ കള്ളപ്രവാചകന്മാരുടെ ആധിക്യത്തെയും അവരുടെ വീക്ഷാഗതികളുടെ ദുർബ്ബലതകളെയും കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

www.abulhasanalinadwi.org

''പ്രവാചകത്വം വാദിച്ചുകൊണ്ട്, നമ്മുടെ സമൂഹത്തിൽതന്നെ ഒരുപാടു പേർ രംഗത്തുണ്ട്. അവരിൽ ഒന്നിലധികം പേരെങ്കിലും കള്ളം പറയുകയല്ല എന്നാണെൻെറ വിശ്വാസം. യഥാർത്ഥത്തിൽ ആദ്യകാലത്ത് അവർക്കു ദിവ്യവെളിപാടുണ്ടായിട്ടുണ്ട്. അത്, ഇന്നുവരെയും തുടരുന്നുവെങ്കിൽ അൽഭുതപ്പെടാനുമില്ല. പക്ഷെ, ആ ഇൽഹാമുകൾ മനസ്സിലാക്കുന്നതിൽ അവർക്കു പിശകുപററിയെന്നതാണവർക്കു സംഭവിച്ച അബദ്ധം. ചിലരെ വ്യക്തിപരമായിത്തന്നെ എനിക്ക് നേരിട്ടറിയാം. അവരുടെ ആത്മാർത്ഥതയിലും ദൈവഭയത്തിലും എനിക്കു ഉറച്ച വിശ്വാസമുണ്ട്. അവരുടെ മനസ്സിലുള്ളത് അല്ലാഹുവിനേ അറിയൂ— പക്ഷെ ഒന്നുണ്ട്. ആദ്യകാലത്ത് അവർ ആത്മാർത്ഥതയുള്ളവരായിരുന്നു. ചില ഇൽഹാമുകൾ അല്ലാഹുവിങ്കൽ നിന്നുള്ളതുമായിരുന്നു. പിന്നെ, ഇൽഹാമുകളുടെ തത്വം അവർക്ക് അറിയാതാവുകയും അങ്ങനെ അവർ കാലിടറിപ്പോവുകയും ചെയ്തു എന്നതാണ് അവരുടെ പരാജയ കാരണം. (6)

## *മുസ്ലിംകളെ ഭിന്നിപ്പിച്ചു*

കള്ളപ്രവാചകന്മാരുടെ നുഴഞ്ഞുകേററം സൃഷ്ടിച്ച ചിന്താപരമായ വഴിമാററവും വ്യാപകമായ വിപ്ളവവും അതെത്തുടർന്നു മുസ്ലിംകൾക്കിടയിലുണ്ടായ ഭിന്നതയും ഇസ്ലാമികൈക്യത്തിൻെറ നാശവുമൊക്കെ ഏതൊരു മുസ്ലിമിൻെറ ഹൃദയത്തിലും ഏകാന്തതാബോധവും അസ്വസ്ഥതയും സൃഷ്ടിക്കും. നിർമ്മതത്വവും നിരീശ്വരത്വവും മുഖമുദ്രയായ ഈ നൂററാണ്ടിൽ 'ഞാനാണ് നബി' എന്നോ 'ഞാനാണ് സ

www.abulhasanalinadwi.org

ത്യം' എന്നോ സ്വയം പരിചയപ്പെടുത്തി വരുന്നവരെ ജനങ്ങൾക്കു പരിചയമില്ല. പക്ഷേ, മീർസായുടെ ലേഖനങ്ങളുടെയും, ആവേശഭരിതരായ അദ്ദേഹത്തിൻെറ പ്രബോധകരുടെയും സ്വാധീനംകൊണ്ട് 'പ്രവാചകത്വം' വാദിക്കാനുള്ള വാസന വളർന്നുവരികയും, ലോകത്തിൻെറ വിവിധ കോണുകളിൽ, നുബുവ്വത്തിൻെറ കലാപക്കൊടിയുയർത്തി കള്ളപ്രവാചകർ പ്രത്യക്ഷപ്പെടുകയും 'നുബുവ്വത്തിൻെറ സ്വാഭാവിക ഫലമെന്ന നിലക്ക്', തന്നെയംഗീകരിക്കാത്തവരെ മുഴുവൻ കാഫിറാക്കുകയും ചെയ്താൽ — ചിന്താകുഴപ്പവും മതപരമായ അരാചകത്വവും വീക്ഷാഗതികൾ തമ്മിലുള്ള സംഘട്ടനവുമാണ് സംഭവിക്കുക. ഇസ്ലാമിക സമൂഹം പല ചേരികളായി തിരിയും. നിറത്തിൻെറയും വർഗ്ഗത്തിൻെറയും നാട്ടിൻെറയും പേരിലുള്ള സകല വർഗ്ഗീയതകളെയും തുടച്ചുമായ്ക്കാനും, പകരം ഇസ്ലാമിക സാഹോദര്യം കെട്ടിപ്പടുക്കാനും ഒരുങ്ങേണ്ട ഈ സമൂഹം ഭിന്നതക്കും കുഫ്ർ ഫത്വകൾക്കും മതപക്ഷപാതങ്ങൾക്കും ഇരയാവുകയാണ് ചെയ്യുക.

മുഹമ്മദ്അലി ലാഹോറിക്ക്, ഖാദിയാനിസത്തിൻെറ ഈ അപകടം വളരെ വ്യക്തമായിട്ടുണ്ട്. തൻെറ ഒരു പ്രസംഗത്തിൽ അദ്ദേഹമത് വളരെ ശക്തമായും വ്യക്തമായും വിശദീകരിച്ചിട്ടുണ്ട്. പക്ഷേ, ആദ്യമായി ഈ വാതിൽ തുറന്നത് മീർസാ തന്നെയാണെന്നും ഒരു പ്രസ്ഥാനവും പ്രബോധനവുമെന്ന നിലക്കു 'പ്രവാചകത്വം എന്നും തുടരു'മെന്ന ചിന്ത അവതരിപ്പിച്ച ആദ്യത്തെയാളും മീർസായാണെന്നും അദ്ദേഹം ഓർത്തിട്ടില്ലെന്നു തോന്നുന്നു. ബുദ്ധിയുള്ളവരോടായി അദ്ദേഹം സംസാരിക്കുന്നു:

'അല്ലാഹുവെ ആണയിട്ടു ഞാൻ പറയട്ടെ, 'അൻവാറുൽ ഖിലാഫ' ത്തിൽ 'മഹ്മൂദ് അഹ്മദും' മററും വ്യക്തമാക്കിയ പോലെ, 'പ്രവാചകൻമാർ അവസാനിച്ചിട്ടില്ലെന്നും ഇനിയും ഈ ലോകത്ത് പ്രവാചകൻമാർ വന്നുകൊണ്ടേയിരിക്കു' മെന്നുമുള്ള വിശ്വാസമാണ് ശരിയെന്നു വെക്കുക. എങ്കിൽ ഈ വിഭാഗങ്ങളൊക്കെ എന്നും പരസ്പരം കാഫിറാക്കിക്കൊണ്ടിരിക്കില്ലെ? ഇസ്ലാമിക ഐക്യം ഒരു കടങ്കഥയാവില്ലെ? ഇനി, ഈ പ്രവാചകൻമാരൊക്കെ ഖാദിയാനികളിൽ മാത്രമാണ് അവതരിക്കുക എന്നു തന്നെ സങ്കൽപിക്കുക. എങ്കിൽ ഖാദിയാനി സമൂഹം തന്നെ പിച്ചിച്ചീന്തപ്പെടില്ലെ? പഴയകാല സമൂഹങ്ങളുടെ സ്ഥിതി നിങ്ങൾക്കറിയാത്തതല്ലല്ലോ. ഒരു പ്രവാചകൻെറ നിയോഗം ഒരു നാട്ടിനെ ഭിന്നിപ്പിക്കുകയും തമ്മിലടിപ്പിക്കുകയും ചെയ്തതെങ്ങനെ എന്നു നിങ്ങൾക്കു നന്നായറിയാം. ലോകത്തിലെ വിഭാഗങ്ങളും സമൂഹങ്ങളുമൊക്കെത്തന്നെ ഒന്നിക്കണമെന്നാണ് അല്ലാഹു വിധിക്കുന്നത്. എന്നിട്ടവൻ മുസ്ലിംകളെ ഭിന്നിപ്പിക്കുമോ? തമ്മിൽ കാഫിറാക്കിക്കൊണ്ട് കണ്ടം തുണ്ടാക്കുമോ? ബന്ധങ്ങൾ ശിഥിലമാവുമോ? ഇസ്ലാമികൈക്യം ഒരു സ്വപ്നം മാത്രമാവുമോ? നിങ്ങളൊന്നു മനസ്സിലാക്കണം. സകല മതങ്ങളെയും ജയിച്ചടക്കുമെന്നു അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിൽ അല്ലാഹു കരാർ ലംഘിക്കില്ല. ഇസ്ലാം ഈ കഷ്ടപ്പാടിലൂടെ പരീക്ഷിക്കപ്പെടില്ല. ഓരോ നബിയും സ്വന്തം പാർട്ടിയുമായി ഒററപ്പെടുക; വിവിധ വാഗ്ദത്തികളും കൊടിയടയാളങ്ങളും വിവിധ ആത്മീയ കേന്ദ്രങ്ങളും മുസ്ലിംകളെ ഭിന്നിപ്പിക്കുക; മററു മുസ്ലിംകളെ മുഴുവൻ കാഫിറാക്കിക്കൊ

www.abulhasanalinadwi.org

ണ്ട് വിശ്വാസത്തിനും രക്ഷക്കും തടസ്സമായി. പണ്ഡിതൻമാർ മാറുക; ഈയൊരവസ്ഥ ഒരു ദിവസവും വരില്ല. (7)

## പിഴച്ച സങ്കൽപം

ഇവിടെ മീർസാക്കു മറ്റൊരു പിഴച്ച സങ്കൽപമുണ്ട്. അത് ഇസ്‌ലാമിക ചിന്തയിലും മുസ്‌ലിം സമൂഹത്തിലും കുഴപ്പവും ചലനവും അരാജകത്വവും സൃഷ്ടിക്കുന്നു. 'ദൈവിക സന്ദേശങ്ങൾ എന്നും കിട്ടിക്കൊണ്ടിരിക്കുക എന്നതാണ് ഒരു മതത്തിന്റെ സത്യാവസ്ഥക്കുള്ള നിബന്ധനയെന്നും മത നിയമങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ സ്വാഭാവിക ഫലമാണതെന്നുമുള്ള അദ്ദേഹത്തിന്റെ വാദം: ഈ ദിവ്യ സന്ദേശങ്ങളുണ്ടായിക്കൊണ്ടിരിക്കാത്ത മതം ബാത്വിലാണ്; നിർജീവമാണ്. അല്ല, ചെകുത്താന്റെ മതമാണ്. അത് നമ്മെ നരകത്തിലെത്തിക്കും. ഈ അനുഗ്രഹം കൊണ്ട് ബഹുമാനിക്കപ്പെടാത്ത മതാനുയായികൾ, അവരെത്ര ആരാധനാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചാലും ശരി, അജ്ഞൻമാരും പിഴച്ചവരുമാണ്. ബറാഹീനെ അഹ്മദിയ്യയിൽ അദ്ദേഹമെഴുതി.

'അത്തരത്തിലുള്ള നബിക്കു മനസ്സിൽ ഒരു സ്ഥാനവും മഹത്വവും സൃഷ്ടിക്കാനാവില്ല. അനുയായികൾ അല്ലാഹുവിന്റെ സംസാരം കേൾക്കാത്ത പിഴച്ചവരും അന്ധൻമാരുമാണെങ്കിൽ, അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനു ഒരു പ്രതിഫലനവുമുണ്ടാക്കാൻ കഴിയില്ല. 'മുഹമ്മദ് (സ) ക്കു ശേഷം പ്രവാചകത്വത്തിന്റെയും വഹ്‌യിന്റെയും ഇൽഹാമുകളുടെയും വാ

www.abulhasanalinadwi.org

തിലുകരം എന്നേക്കുമായി അടഞ്ഞു കഴിഞ്ഞു. ഇനി അന്ത്യനാരം വരെ ഒരു നബിയും വരാനില്ല' എന്ന വിശ്വാസം എത്രമാത്രം ദുർബ്ബലവും അന്ധവുമാണ്. അവൻ നിർബ്ബന്ധമായും വിശ്വസിക്കുകയും അതനുസരിച്ച് ആരാധനാ കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യാൻ ചില കഥകരം മാത്രം അല്ലാഹുവിങ്കൽ നിന്നു നേരിട്ടു അല്ലാഹുവിനെ മനസ്സിലാക്കാൻ മനുഷ്യനു കഴിയാത്ത മതം! ദീനിനു വേണ്ടി എന്തുമാത്രം സ്വയമർപ്പിച്ചാലും മറെറല്ലാററിനെക്കാളും ദീനിനു പ്രാമുഖ്യം നൽകിയാലും ദിവ്യ വെളിപാടുകളുടെ വാതിൽ തുറക്കാത്ത മതം—അതിനെ ഒരു മതം എന്നു തന്നെ വിളിക്കാൻ പററില്ല.

> അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയട്ടെ. ദിവ്യ വെളിപാട് തുടരാത്ത മതത്തോട് ഏററവും കൂടുതൽ വെറുപ്പാണെനിക്കുള്ളത്. അല്ലാഹുവിൻെറ മതം എന്നല്ല; 'ചെകുത്താൻെറ മതം' എന്നാണു ഞാനതിനു പേരിടുന്നത്. അത് നരകത്തിലേക്കു വഴികാട്ടുന്ന മതമാണെന്ൻ ഞാൻ വിശ്വസിക്കുന്നു. ആ മതത്തിൽ അന്ധനായി അവൻ ജീവിക്കുന്നു. അന്ധനായി മരിക്കുന്നു. അന്ധനായി കുഴിച്ചു മൂടപ്പെടുന്നു. (8)

## ദിവ്യ വെളിപാടുകൾ തുടരണമോ?

എല്ലാ കാലത്തേക്കും പ്രായോഗികവുംസുലളിതവുമാക്കി അല്ലാഹു നിശ്ചയിച്ച ഈ ദീനിനോട് വലിയ പാതകമാണ് മീർസാ ചെയ്തു വെച്ചത്. രക്ഷക്കു

www.abulhasanalinadwi.org

അറിവിനും സത്യസന്ധതക്കും യാഥാർത്ഥ്യത്തിനും ''ദിവ്യ വെളിപാടുകളെ'' നിബന്ധനയാക്കുക വഴി ഇസ്ലാമിനെ വളരെ ഇടുങ്ങിയ നിർണ്ണിതമായ പരിധിയിൽ തളച്ചിടുകയാണ് അദ്ദേഹം ചെയ്തത്. 'നിങ്ങൾക്കു വിഷമം സൃഷ്ടിക്കാനല്ല; ലളിതമാക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്'' എന്നു അല്ലാഹു പറയുന്നു (9)

''മതത്തിൽ നിങ്ങൾക്കു യാതൊരു വിഷമവും നിശ്ചയിച്ചിട്ടില്ല''.( 0)

''അല്ലാഹു ഒരാളോടും അവനു സാധിക്കാത്തതിനു നിർബ്ബന്ധിക്കില്ല''.(11)

ദിവ്യ വെളിപാടുകളാണ് രക്ഷയുടെയും അറിവിന്റേയും നിബന്ധനയെങ്കിൽ അതിനേക്കാൾ ദുഷ്കരമായി മറ്റൊന്നും ദീനിലില്ല. അധികം പേരുടെയും പ്രകൃതിയും ആർജ്ജവവും വെളിപാടുകളുമായി പൊരുത്തപ്പെടുന്നവയേ അല്ല. അവരെത്ര പാടുപെട്ട് പരിശീലനം നേടിയാലും ദിവ്യ വെളിപാടുകളുടെ വാതിൽ തുറക്കപ്പെടുകയില്ല. അതുപോലെ വെളിപാടുകൾ സ്വീകരിക്കാൻ പ്രകൃതിപരമായിത്തന്നെ കഴിവുകളുണ്ടായിട്ടും, വെളിപാടുകളുടെ നിബന്ധനയായ ആത്മീയ ശീലനവും ധ്യാനവും നേടാൻ സമയമോ ദൈവാനുഗ്രഹമോ കിട്ടാത്ത ഒരുപാടു പേരുണ്ട്.

മനുഷ്യവർഗ്ഗത്തിന്റെയും ലോകത്തിന്റെയും മുഴുവൻ രക്ഷക്കായി അവതീർണ്ണമായ ഈ ദീൻ; പൊതുജനങ്ങൾക്കു മുഴുവൻ ഉൾക്കൊള്ളാവുന്ന ഈ മതം, അ

www.abulhasanalinadwi.org

ല്ലാഹുവിലേക്കെത്തിക്കാനും, അവൻെറ തൃപ്തി നേടാനും ഇത്ര പ്രയാസമുള്ള ഒരു നിബന്ധന അടിച്ചേൽപിക്കുകയില്ല. വളരെക്കുറച്ചുപേർക്കു മാത്രം പൂർത്തീകരിക്കാനാവുന്ന നിബന്ധന.

വിജയം വരിക്കുന്ന സത്യവിശ്വാസികളുടെ ഗുണങ്ങൾ പലയിടങ്ങളിലായി അല്ലാഹു വിശദീകരിക്കുന്നുണ്ട്.

''വിശ്വാസികൾ വിജയിച്ചു കഴിഞ്ഞു; തങ്ങളുടെ നമസ്കാരത്തിൽ ഭയഭക്തിയുള്ളവരാണവർ.''(12)

''പരമകാരുണിക(നായ അല്ലാഹുവി)ൻെറ അടിമകൾ, ലോകത്ത് വിനയത്തോടെ നടക്കുന്നവരാണവർ.. എന്നു തുടങ്ങി സൂറത്തുൽ ഫുർഖാനിൽ സ്വർഗ്ഗം നേടുന്ന സത്യവിശ്വാസികളുടെ ഗുണങ്ങൾ വിവരിക്കുന്നു. (13) സൂറത്തുൽ ബഖറയുടെ തുടക്കം നോക്കു: അലിഫ്ലാംമീം. ആ ഗ്രന്ഥം. അതിലൊരു സംശയവുമില്ല. മുത്തഖികൾക്കു സന്മാർഗ്ഗമാണത്. മറഞ്ഞ കാര്യങ്ങളിൽ വിശ്വസിക്കുന്നവർ. നമസ്കാരം നിലനിർത്തുന്നവർ. നാം നൽകിയതിൽനിന്നു ചെലവിടുന്നവർ. (14)

ഈ ആയത്തുകളിലൊന്നുംതന്നെ 'ദിവ്യവെളിപാടുകളുടെ തുടർച്ച'യെ അല്ലാഹു സന്മാർഗ്ഗത്തിൻെറയും വിജയത്തിൻെറയും നിബന്ധനയാക്കിയിട്ടില്ലെന്നത് വ്യക്തം. സംഗതി മറിച്ചാണ്. 'അദൃശ്യത്തിലുള്ള വിശ്വാസമാണ് സന്മാർഗ്ഗത്തിൻെറ ഒന്നാമത്തെ നിബന്ധന. എന്താണീ അദൃശ്യത്തിലുള്ള വിശ്വാസം? ബുദ്ധിയോ പഞ്ചേന്ദ്രിയങ്ങളോകൊണ്ട് മാത്രം മനുഷ്യനു നേടാൻ ക

www.abulhasanalinadwi.org

ഴിയാത്ത, ദിവ്യബോധനം നൽകാൻ അല്ലാഹു തെര ഞ്ഞെടുത്ത നബിയിലൂടെ മാത്രം ലഭിക്കുന്ന 'അദൃ ശ്യ സത്യ'ങ്ങളിൽ വിശ്വസിക്കുക— എന്നതാണത്. ഓ രോരുത്തരും അറിവു നേടി രക്ഷ പ്രാപിക്കണമെങ്കിൽ ഓരോരുത്തരും ദിവ്യവെളിപാടുള്ളവരായിരിക്കണമെ ന്ന മീർസായുടെ നിബന്ധന നാമംഗീകരിച്ചാൽ പി ന്നെ, അദൃശ്യകാര്യങ്ങളിലെന്തിന വിശ്വസിക്കണം? അ തിന്റെ ആവശ്യമേയുദിക്കില്ലല്ലോ. പക്ഷെ ഖുർആൻ അടിക്കടിയാവർത്തിക്കുന്ന ഒന്നാണ് 'അദൃശത്തിലുള്ള വിശ്വാസം.'

ഇതാ, പ്രവാചകശ്രേഷ്ഠന്റെ സച്ചരിതരായ സ്വ ഹാബത്തിന്റെ ജീവിതം നമ്മുടെ മുമ്പിലുണ്ട്. അ വർക്കാർക്കെങ്കിലും 'വഹ്‌യും' 'വെളിപാടു'കളുമു ള്ളതായി ചരിത്രമോ ഹദീസ്ഗ്രന്ഥങ്ങളോ തെളിയിക്ക ന്നുണ്ടോ? അക്കാലത്തെ ചരിത്രവും ആ സമൂഹത്തി ന്റെ പ്രകൃതിയും പരിതോവസ്ഥകളും എന്നല്ല, മനു ഷ്യത്വത്തിന്റെ തന്നെ പ്രകൃതിയും വ്യക്തിത്വവു മൊക്കെ ആഴത്തിലുള്ള പഠനത്തിനു വിഷയമാക്കിയ ച രിത്രകാരൻമാർപോലും, ആ വിശുദ്ധരായ സ്വഹാബി മാർ 'ഇൽഹാമിന്റേയും ദിവ്യ ഭാഷണ'ങ്ങളുടേയും പ ടവുകളിലെത്തിയെന്നവകാശപ്പെടുന്നില്ല. എന്നിട്ടല്ലെ മററു മനുഷ്യൻ അവിടെയെത്തുക.

ദിവ്യ വെളിപാടുകൾ നിലക്കരുതെന്നും, ഓരോ യഥാർത്ഥ മുസ്‌ലിമിനും അതുണ്ടാവണമെന്നുമുള്ള വാശി, യഥാർത്ഥത്തിൽ മുഹമ്മദ് (സ)യുടെ പ്രവാ ചകത്വത്തിനെതിരെയുള്ള ഒരു ഗൂഢാലോചനയാണ്. ഈ നിലക്കുള്ള ദിവ്യ വെളിപാടുകൾ എല്ലാവർക്കും

www.abulhasanalinadwi.org

കിട്ടുമെങ്കിൽ ബുദ്ധിപരമായും പ്രായോഗികമായും പ്രവാചകൻമാരുടെ ആവശ്യമേ ഉദിക്കുന്നില്ലല്ലോ. ഖുർആനും, മററു ദൈവിക മതങ്ങളുമൊക്കെത്തന്നെ അംഗീകരിക്കുന്ന ഒരു തത്വമുണ്ട്. മനുഷ്യൻ സന്ദേശം നേടുന്നതും അല്ലാഹുവെക്കുറിച്ചറിയുന്നതും അദൃശ്യസത്യങ്ങൾ മനസ്സിലാക്കുന്നതുമൊക്കെ പ്രവാചകൻമാരിലൂടെ മാത്രമാണ് എന്ന തത്വം. ഖുർആൻ ശ്രദ്ധിക്കൂ.

> ''ഇതിനു വഴികാട്ടിയ അല്ലാഹുവിനു തന്നെയാണ് സ്തുതി. അല്ലാഹുവെങ്ങാനും ഞങ്ങൾക്ക സൻമാർഗ്ഗം നൽകിയില്ലെങ്കിൽ ഞങ്ങൾ സൻമാർഗ്ഗികളാവുമായിരുന്നില്ല. തീർച്ചയായും നമ്മുടെ നാഥൻെറ പ്രവാചകരാണ് സത്യം കൊണ്ടുവന്നത്. (15)

അല്ലാഹുവിൻെറ സത്തയെയും വിശേഷണങ്ങളെയും കുറിച്ച പിഴച്ച വാദങ്ങളെയും ശിർക്കൻ ചിന്താഗതികളെയും അല്ലാഹു ഖണ്ഡിക്കുന്നു:

> അവർ വിശേഷിപ്പിക്കുന്നതിൽ നിന്നു, പ്രതാപത്തിൻെറ ഉടമയായ നിൻെറ രക്ഷിതാവ് എത്ര വിശുദ്ധൻ! പ്രവാചകൻമാർക്കു (അല്ലാഹുവിൻെറ) രക്ഷയുണ്ടാവട്ടെ! ലോകരുടെ നാഥനായ അല്ലാഹുവിനു തന്നെ സ്തുതി! (16)

പ്രവാചകൻമാരെ നിയോഗിക്കുന്നതിനു പിന്നിലെ ദൈവികയുക്തി ഖുർആൻ വിശദീകരിക്കുന്നു.

'പ്രവാചകർ വന്നിട്ടും അല്ലാഹുവിനെതിരിൽ ജനങ്ങൾക്ക് ഒരു രേഖയുമില്ലാതിരിക്കാൻ (17)

പ്രവാചകത്വം അവസാനിച്ചിട്ടില്ലെന്നും, വഹ്യ്

www.abulhasanalinadwi.org

എന്നുമുണ്ടാവുമെന്നും ദിവ്യവെളിപാടുകൾ മുസ്‌ലിംകൾക്കൊക്കെ ലഭിക്കുമെന്നും വാദിക്കുന്ന മീർസായുടെ തത്വശാസ്ത്രം വളരെ സൂക്ഷ്മമായി ആഴത്തിൽ അപഗ്രഥിച്ചു പഠിച്ചാൽ നമുക്ക് മനസ്സിലാക്കാനാവുന്നത് 'നുബുവ്വത്തിനെ സ്ഥാപിക്കുന്നതിനുപകരം നുബുവ്വത്തിനെ നിഷേധിക്കുകയാണ് മീർസാ'—എന്നാണ്! സന്മാർഗ്ഗവും ദിവ്യജ്ഞാനവുമൊക്കെ, ഹിപ്നോട്ടിസം പാലെയൊരു വേലയാണ്! അല്ലെങ്കിൽ Spiritualism എന്ന ആത്മീയ യോഗമുറയാണ്!

## ആ വഹ്‌യുകൾ എവിടെനിന്ന്?

പിന്നെ ആ ദിവ്യ ഭാഷണങ്ങളുടെ ഉറവിടമെവിടെയാണ്? അദ്ദേഹത്തെ വിമർശിക്കാനുള്ള വാദമെന്ത്? തന്റെ അന്തരാത്മാവിന്റെ വിളിയാളമോ, തന്റെ പ്രകൃതിയുടെ പ്രതിഫലനമോ, താൻ ജീവിക്കുന്ന സമൂഹത്തിന്റെ മനസ്സാക്ഷിയുടെ സ്വാധീനമോ അല്ല; മറിച്ച് അല്ലാഹുവിൽ നിന്നുള്ള വഹ്‌യ് തന്നെയാണ് എന്ന് ഒരു മനുഷ്യൻ കേൾക്കുന്ന ശബ്ദങ്ങളെക്കുറിച്ചൊക്കെ എങ്ങനെ പറയാൻ കഴിയും? പണ്ടു മുതൽ കേട്ടിട്ടുള്ള ദിവ്യ വെളിപാടുകളെക്കുറിച്ച് ആഴത്തിൽ പഠിച്ചവനു മനസ്സിലാവുന്ന ഒരു സത്യമുണ്ട്. അവയൊക്കെ പഴയ വിഗ്രഹപൂജാ സംബന്ധമായ അറിവും പുരാണകഥകളുമുൾക്കൊള്ളുന്ന പിഴച്ച ദർശനങ്ങളോടും സങ്കൽപങ്ങളോടും പൂർണ്ണമായും പൊരുത്തപ്പെടുന്നവയായിരുന്നു. ഈജിപ്തിൽ 'നിയോപ്ളാറ്റോണിസം' നട്ടുവളർത്തിയ ആത്മീയ ദർശനങ്ങളുടേയും ദിവ്യഭാഷണങ്ങളുടെയും ചരിത്രം പഠിച്ചവനു വ്യക്തമായും മനസ്സിലാവും, അവയൊക്കെ ഫിലോസഫിക് വാദ

www.abulhasanalinadwi.org

ങ്ങളെയും പഴയ വിഗ്രഹപൂജയിലധിഷ്ഠിതമായ വിശ്വാസങ്ങളെയും പിന്തുണക്കുന്നവയാണെന്നു. ദിവ്യ വെളിപാടുകളും സംഭാഷണങ്ങളും കേട്ടതായി പണ്ടു കാലത്തും ചിലർ പറഞ്ഞിരുന്നതു ശരി. പക്ഷെ അതൊക്കെയും പഴയ ഫിലോസഫിയും ഗ്രീക്കു ദേവദർശനങ്ങളും പടച്ചുവിട്ട ഭാവനയാണെന്നതത്രെ സത്യം. മീർസായുടെ വെളിപാടും മറിച്ചല്ല. തൻെറ പരിതസ്ഥിതിയുടെയും വളർന്ന രൂപത്തിൻെറയും ഫലം, തൻെറ മനസ്സിൻെറ ഉൾവിളി. താൻ വളരുകയും പ്രബോധനവുമായി കച്ചകെട്ടിയിറങ്ങുകയും ചെയ്ത അധസ്ഥിത സമൂഹത്തിൻെറ ചിത്രം. മാത്രവുമല്ല; അവയിലധികം വെളിപാടുകളുടെയും ഉറവിടം 'മേലെ'യല്ല, മറിച്ചു ബ്രിട്ടീഷു ഭരണകൂടമാണ്. അന്നത്തെ രാഷ്ട്രീയ പരിതസ്ഥിതി പഠിച്ചാലത് വ്യക്തമാവും. വലിയ തത്വശാസ്ത്ര പടുവായ ഡോക്ടർ മുഹമ്മദ് ഇഖ്ബാൽ തൻെറ സ്വന്തമായ ശൈലിയിൽ ഈ യാഥാർത്ഥ്യം മറനീക്കിക്കാട്ടുന്നു. മീർസായെയും ദിവ്യവെളിപാടുകളെയും ആഴത്തിൽ അപഗ്രഥിച്ചശേഷമാണ്, പണ്ഡിററ് ജവഹർലാൽ നെഹ്റു ഉന്നയിച്ച സംശയങ്ങൾക്കു ഡോക്ടർ മറുപടി എഴുതുന്നത്.

> 'ഖാദിയാനി എന്തോ ശബ്ദം കേട്ടിരിക്കാമെന്നത് ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ ജീവനും ശക്തിയുമുള്ള അല്ലാഹുവിങ്കൽ നിന്നാണോ, അതല്ല ജനങ്ങളിലാകെ പരന്ന ആദർശ പാപ്പരത്തത്തിൽ നിന്നാണോ ഈ ശബ്ദമെന്നതാണ് പ്രശ്നം. ഈ ശബ്ദത്തിൻെറ സൃഷ്ടിയായ ഈ പ്രസ്ഥാനത്തെ ആശ്രയിച്ചു നിൽക്കുന്നു ഈ പ്രശ്നത്തിൻെറ തീരുമാനം. ആ ശബ്ദം കേൾവിക്കാരിൽ

www.abulhasanalinadwi.org

സൃഷ്ടിച്ച ചിന്തകളെയും വികാരങ്ങളെയും കുറിച്ച അറിവിനെ ആശ്രയിച്ചു നിൽക്കുന്നു, അത്.

ഉപമാലങ്കാരങ്ങളുപയോഗിക്കുകയാണെന്നു തെററിദ്ധരിക്കരുത്. ഒരു സമൂഹം അധഃപതനത്തിനു വിധേയമായാൽ ക്രമാനുഗതമായ ആ അധഃപതനം തന്നെയായിരിക്കും സമൂഹത്തിൽ കിട്ടുന്ന ഇൽഹാമുകളുടെ ഉറവിടം. കവികളും തത്വചിന്തകരും സൂഫികളും രാഷ്ട്രീയക്കാരുമൊക്കെ ആ അധഃപതനത്തിനു കീഴടങ്ങും. അവിടെ ഒരു സംഘം പ്രബോധകർ സടകുടഞ്ഞെണീക്കും. തങ്ങളുടെ മധുരോദാരവും മാന്ത്രികവുമായ വശ്യശൈലിയുപയോഗിച്ച് അവർ പ്രശംസിക്കുന്നതൊക്കെ സമൂഹത്തിൽ നിലവിലുള്ള ദുഷിച്ച വ്യവസ്ഥിതിയെയായിരിക്കും. പ്രതീക്ഷയുടെയും ആശയുടെയും മറവിൽ അവർ നിരാശ മറച്ചുവെക്കും. ജനമനസ്സുകളിലെ ആവേശവും ധീരതയും അവർ അടിയോടെ പിഴുതു കളയും. അങ്ങനെ തങ്ങളുടെ പ്രവർത്തനത്തിനിരയാവുന്നവരിലെ മാനസികശക്തി തകർത്തു കളയും. ജനങ്ങളുടെ തളർച്ചയും ദുർബ്ബലതയും ശക്തിയോടും അധികാരത്തോടുമുള്ള ആദരഭാവവും; അവർ എവിടെയെത്തിയിരിക്കുന്നു എന്നു തെളിയിക്കുന്നു. കാരണം വിദേശീയാധിപത്യത്തെ രക്ഷപ്പെടുവാൻ പഴുതുകളില്ലാത്ത അല്ലാഹുവിൻെറ വിധിയെന്ന നിലയിൽ സ്വീകരിക്കണമെന്നാണ് അവരോട് പറയുന്നത്.

അതുകൊണ്ടു തന്നെ, അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ രൂപീകരണത്തിനു കിണഞ്ഞൊരുമ്പട്ട ധീരൻമാർ അധഃപതനത്തിൻെറ കൈകളിൽ കളിപ്പാട്ടങ്ങളായിതരം താണിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. (18)

www.abulhasanalinadwi.org

### *നബിയാവാൻ മാത്രം*

പ്രവാചകത്വം തുടരുമെന്നു സ്ഥാപിക്കുന്നതിലൂടെ മീർസാ ആഗ്രഹിക്കുന്നത് സ്വന്തം പ്രവാചകത്വം സ്ഥാപിക്കുക മാത്രമാണ്. തൻെറ ശേഷം നുബുവ്വത്ത് അവസാനിക്കുന്നതിനോ, തനിക്കുശേഷം ഒരു നബിയും വരാതിരിക്കുന്നതിനോ യഥാർത്ഥത്തിൽ മീർസാ എതിരല്ല. ഡോക്ടർ മുഹമ്മദ് ഇഖ്ബാൽ തുടരുന്നു.

''മുഹമ്മദ്നബി(സ)ക്കുശേഷം, മററൊരു നബിയും വന്നിട്ടില്ലെങ്കിൽ മുഹമ്മദ്(സ)യുടെ ആത്മീയത ഫലത്തിൽ പോരായ്മയുള്ളതാവുമെന്നാണ്, അഹ്മദിയ്യാ പ്രസ്ഥാന നായകൻെറ വാദം. തനിക്കുശേഷം പുതിയൊരു നബിയെ സൃഷ്ടിക്കാൻ മാത്രം പോന്നതായിരുന്നു മുഹമ്മദ്(സ)യുടെ ആത്മീയത. മുഹമ്മദ്(സ)യുടെ നുബുവ്വത്തിൻെറ സൃഷ്ടിയാണ് താൻ എന്നു സ്ഥാപിക്കാനാണിത്. ഇവിടെ ഒരു ചോദ്യമുദിക്കുന്നു. മുഹമ്മദ്(സ)യുടെ ആ ശക്തി, ഒന്നിലധികം നബിമാരെ പടക്കാൻ മാത്രം ശക്തമായിരുന്നോ?

'അല്ല' എന്നായിരിക്കും തീർച്ചയായും മീർസായുടെ മറുപടി. മുഹമ്മദ്(സ)യല്ല, മീർസയാണ് അവസാന പ്രവാചകൻ എന്നു തെളിയിക്കുവാനല്ലേ യഥാർത്ഥത്തിൽ ഈ പിഴച്ച നിഗമനം? ''പ്രവാചകത്ത സമാപ്തി'' എന്ന ഇസ്ലാമിക ദർശനത്തിലൂടെ ഉണ്ടായിത്തീർന്ന 'ആ ഉന്നതമായ സ്ഥാനത്തെയും ലോകത്തു പൊതുവെയും ഏഷ്യയിൽ പ്രത്യേകിച്ചും ഈ വിശ്വാസത്തിനുള്ള നാഗരിക പ്രാധാന്യത്തെയും വി

www.abulhasanalinadwi.org

ലയെയും കുറിച്ച് ചിന്തിക്കുന്നതിനു പകരം, മീർസാ വിശ്വസിക്കുന്നത് ഇതാണ്: ''മുഹമ്മദ്(സ)യുടെ പ്രവാചകത്വത്തിനു കളങ്കം ചാർത്തിക്കൊണ്ട്, ഒരു പ്രവാചകത്വത്തിന്റെ പദവിയിലെത്താൻ, മുഹമ്മദ് (സ)യുടെ ഒരു അനുയായിക്കും സാദ്ധ്യമല്ല എന്നതാണ് 'ഖത്മു നുബുവ്വത്തിന്റെ ആശയം' അതിനായി തികച്ചും അപര്യാപ്തമായ വായത്തലയില്ലാത്ത ഒരാശയം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

മീർസായുടെ മനോഗതികളെ തന്റെ പ്രവാചകത്വത്തിനു അദ്ദേഹം നൽകുന്ന തെളിവുകളുടെ വെളിച്ചത്തിൽ പഠിച്ചപ്പോാം, എനിക്കു വ്യക്തമായും മനസ്സിലായത് ഇങ്ങനെയാണ്: പ്രവാചകരെ സൃഷ്ടിക്കാൻ മാത്രം ശക്തമായ മുഹമ്മദ്(സ)യുടെ ആത്മീയത തന്നെ സൃഷ്ടിക്കാൻ മാത്രമുള്ളതാണെന്നാണ് മീർസാ വിശ്വസിക്കുന്നത്. മുഹമ്മദ് (സ) അവസാന നബിയാണെന്ന വാദത്തെ മീർസാ എതിർക്കുന്നത്, താൻ നബിയാണെന്നു വാദിക്കാൻവേണ്ടി മാത്രമാണ്. സകല മുസ്ലിംകളും മുഹമ്മദ് (സ)ക്കു ആദരപൂർവ്വം വകവെച്ചു കൊടുത്ത 'അവസാന നബി'യെന്ന ഉന്നതമായ പദവി അനർഹമായി കവർന്നെടുത്ത് അധികാരം നടത്താൻ ശ്രമിക്കുകയാണു മീർസാ. (19)

മുഹമ്മദ് (സ)ക്കുള്ള ഈ ക്രിയാത്മക ശക്തി, താൻ എന്ന പ്രത്യേക വ്യക്തിയെ സൃഷ്ടിക്കുന്നതിൽ മാത്രം പരിമിതമാണെന്ന മീർസായുടെ വാദം, സാധാരണക്കാർക്കു മനസ്സിലായിട്ടില്ല. മുഹമ്മദ് (സ)യുടെ നിയോഗത്തിനുശേഷം 13 നൂററാണ്ട് കഴിഞ്ഞാണു മീർസാ വന്നത്. അതിനു മുമ്പോ പിമ്പോ മുഹമ്മദ്(സ)യുടെ ഈ ശക്തി ഒരാളിലും പ്രവർത്തിച്ചിട്ടുമില്ല.

www.abulhasanalinadwi.org

**അവലംബം:**

1. ബുഖാരി—കിതാബുൽ ഈമാൻ.
2. ഡോ: മുഹമ്മദ് ഇഖ്ബാൽ—മതചിന്തകളുടെ പുനഃസം വിധാനം P: 144
3. 1935 ജൂൺ 10—സ്റ്റേറ്റ്സ്മെൻ
4. മീർസാ— ഹഖീഖത്തുൽ വഹ്യ് P: 96
5. അൻവാറെ ഖിലാഫത്ത് P: 62
6. 1935 ജനവരി—ഫൂസൽ
7. മുഹമ്മദ്അലി— റദ്ദുതക്ഫീർ അഹ്ലി ഖിബ്ല P:34
8. മീർസാ—ബറാഹീൻ P: 5/185
9. ഖുർആൻ ബഖറ: 185
10. ഹജ്ജ് 78
11. ബഖറ 286
12. മുഅ്മിനൂൻ 1—2
13. ഫുർഖാൻ 64
14. ബഖറ: 1—3
15. അഅ്റാഫ് 43
16. സ്വാഫാത്ത്—180—182
17. നിസാഅ് 165
18. ഇഖ്ബാൽ: മതചിന്തകളുടെ പുനഃസംവിധാനം: P: 157—158
19. IBID: P: 150—151

www.abulhasanalinadwi.org

# ലാഹോറി ഖാദിയാനികൾ

***സ്വന്തമായ സമീപനം***

മീർസാ ബശീറുദ്ദീൻ നേതൃത്വം വഹിച്ച ഖാദിയാനികൾ, മീർസാ നബിയാണെന്ന വാദം വളരെ വ്യക്തമായി മുറുകെ പിടിക്കുന്നു. അത് സ്ഥാപിക്കാൻ വളരെ ശക്തമായും തീവ്രമായും പാടുപെടുന്നു. ഇസ്ലാമിൽ നിന്നു വളരെയകന്നതാണെങ്കിലും വളരെയേറെ ധൈര്യവും നിഷ്കപടതയുമുള്ള, പരിവർത്തന വിധേയമല്ലാത്ത ഒരു വിഭാഗമെന്ന നിലക്ക് ഈ വിഭാഗം ഖാദിയാനികളെ വിശേഷിപ്പിക്കാവുന്നതാണ്.

എന്നാൽ ഒരു ഇംഗ്ലീഷ് ഖുർആൻ പരിഭാഷയുടെയും ഒരുപാട് ഗ്രന്ഥങ്ങളുടെയും കർത്താവായ 'മൗലാനാ' മുഹമ്മദലിയുടെ നേതൃത്വത്തിലുള്ള ലാഹോറി ഖാദിയാനികളുടെ നിലപാട്, ഉൾക്കൊള്ളാൻ തന്നെ പ്രയാസം. വളരെ വിചിത്രമാണവരുടെ വാദം. മീർസായുടെ കൃതികൾ ഒന്നോടിച്ചു വായിച്ചാൽ പോലും മനസ്സിലാവുന്ന ഒന്നാണ്, അദ്ദേഹം പ്രവാചകത്വം വാദിക്കുന്നു, അതിൻെറ പേരിൽ വെല്ലുവിളി നടത്തു

www.abulhasanalinadwi.org

ന്നു, തന്നിൽ വിശ്വസിക്കാത്തവനെ കാഫിറാക്കുന്നു—എന്നതൊക്കെ. നാമത് കഴിഞ്ഞ ഏടുകളിൽ വിവരിച്ചു കഴിഞ്ഞു. യാതൊരു സംശയത്തിനും ഇടയില്ലാത്ത വിധം മീർസാ അത് വ്യക്തമാക്കിയിട്ടുമുണ്ട്. പക്ഷെ, ലാഹോറികൾ വാശിയോടെ വാദിക്കുന്നു, 'മീർസാ പ്രവാചകത്വം വാദിച്ചിട്ടേയില്ല' എന്നു അവരുടെ വാദങ്ങളൊക്കെ, ഭാഷയുടെ നിയത തത്വങ്ങളെയും യാഥാർത്ഥ്യങ്ങളെത്തന്നെയും മറികടക്കുന്ന വ്യാഖ്യാനങ്ങളും ആലങ്കാരിക പ്രയോഗങ്ങളും നിറഞ്ഞതാണ്. ഖാദിയാനികൾ ലാഹോറികളെ 'മുനാഫിഖു'—കപടവിശ്വാസി—കൾ എന്നാണ് വിളിക്കുക. കാരണം ഖാദിയാനിസത്തെയും ബഹുജനങ്ങളുടെ സംതൃപ്തിയെയും പൊരുത്തപ്പെടുത്തുവാനാണവരുടെ ശ്രമം.

## മുഹമ്മദലിയുടെ അഖീദ:

''പതിനാലാം നൂററാണ്ടിലെ മുജദ്ദിദും'' ''മഹാനായ പരിഷ്കർത്താവു'മാണ് മീർസാ എന്നാണ് മുഹമ്മദലി ലാഹോറിയുടെ വാദം. ഏറി വന്നാൽ 'വാഗ്ദത്ത മസീഹു'മാവാം. അതിനു മേലെയാണ്, രണ്ട് ഖാദിയാനിസവും ഏററുമുട്ടുന്നത്. തന്റെ ഖുർആൻ പരിഭാഷയിൽ അദ്ദേഹമത് വ്യക്തമാക്കുന്നുണ്ട്. 'ഇസ്റാഈൽ സന്തതികളിലേക്കൊരു പ്രവാചകനായും' എന്ന ഖുർആൻ സൂക്തത്തിനു ചുവടെ, അദ്ദേഹമെഴുതി:

> 'പിന്നാലെ വരുമെന്നു ദൂതൻ പ്രവചിച്ച 'ഇബ്നുമറിയം' എന്നത് ഈ സമൂഹത്തിലേതെങ്കിലുമൊരു വ്യക്തി ഇബ്ന മറിയമിന്റെ രൂപത്തിൽ

www.abulhasanalinadwi.org

വരുമെന്നല്ലാതെ മററൊന്നും അർത്ഥമാക്കുന്നില്ല. ഇൽയാസിൻെറ പ്രവചനം, അതേ രൂപത്തിൽ യഹ്യയുടെ ആഗമത്തോടെ പുലർന്നപോലെ...[1]

മീർസാ, ഈ സമൂഹത്തിലെ 'ഈസാ'യാണെന്ന മുഹമ്മദലി, തൻെറ 'റദ്ദുതക്ഫീർ അഹ്ലിഖിബ്ല' യിലെഴുതുന്നു. (2) മൊത്തത്തിൽ, തൻെറ കൃതികളിലൊക്കെയും മീർസാ വാഗ്ദത്ത മസീഹാണെന്നു വിശേഷിപ്പിച്ചിട്ടുണ്ട്.

അല്ലാഹുവിൻെറ കഴിവുമായി ബന്ധപ്പെട്ട അമാനുഷികതകൾ; അദൃശ്യകാര്യങ്ങൾ, പ്രകൃതിനിയമങ്ങളുമായും നിത്യാനുഭവങ്ങളുമായും ബന്ധപ്പെട്ട പ്രകൃതിപരമായ കാര്യങ്ങൾ– ഇവ വ്യാഖ്യാനിക്കുന്നതിൽ, തികച്ചും വഴിതെററിയ നിലപാടാണ് 'ലാഹോറി'ക്കുള്ളത്. നേർക്കുനേരെയുള്ള ഭാഷാ പ്രയോഗത്തിനു പാടെ എതിരായിപ്പോലും അതിരുകടന്ന ദുർവ്യാഖ്യാനത്തിനു മുതിരുകയാണദ്ദേഹം ചെയ്തത്. മുഅ്ജിസത്തുകളെയും അദൃശ്യകാര്യങ്ങളെയും നിഷേധിക്കുന്ന ശൈലി. മറഞ്ഞ കാര്യങ്ങളിലുള്ള വിശ്വാസത്തിൽനിന്നു ഒളിച്ചോടുന്നു. അല്ലാഹുവിൻെറ കഴിവിലും വിശേഷണങ്ങളിലും പ്രവർത്തനങ്ങളിലും വിശ്വസിക്കുന്നതിൽ നിന്നകലുന്നു. എന്നുമെന്നും മാറിക്കൊണ്ടിരിക്കുന്ന ശാസ്ത്രീയ നിഗമനങ്ങൾക്കു കീഴടങ്ങുന്നു ഈ ചിന്ത, അദൃശ്യത്തിൽ വിശ്വസിക്കുക നിർബ്ബന്ധമായ ഇസ്ലാമിനു അപകടകരവും വിരുദ്ധവുമാണ്. ചില ഉദാഹരണങ്ങളിതാ.

### *ദുർവ്യാഖ്യാനങ്ങൾ*

ഇസ്രാഈല്യരിലൊരു വിഭാഗം പശുക്കുട്ടിയെ ആ

www.abulhasanalinadwi.org

രാധിച്ചു. അപ്പോൾ തമ്മിൽ തമ്മിൽ കൊല്ലുക എന്ന ശിക്ഷക്കു അല്ലാഹു അവരെ വിധേയരാക്കി, അതെക്കുറിച്ച് അല്ലാഹു പറഞ്ഞു: ''അതുകൊണ്ട് നിങ്ങൾ പശ്ചാത്തപിക്കുക: നിങ്ങൾ നിങ്ങളെത്തന്നെ കൊല്ലുക.'' ഇവിടെ അദ്ദേഹമെഴുതി: കൊല്ലുക എന്നതിന്റെ ഉദ്ദേശം, വികാരങ്ങളെ നിഗ്രഹിക്കുകയാണ്. സന്ദർഭം പരിശോധിക്കുമ്പോൾ ഈ അഭിപ്രായമാണ് യുക്തം. (3)

]2] ''നിങ്ങൾ നന്ദി ചെയ്യുന്നവരായേക്കാൻ വേണ്ടി, നിങ്ങളുടെ മരണത്തിനുശേഷം നിങ്ങളെ നാം ജീവിപ്പിച്ചു'' എന്ന ആയത്തിനെക്കുറിച്ചെഴുതി:

''മരണം എന്നാൽ ഇവിടെ ബോധക്ഷയമാണ്. അതായത് ഭയാനകമായ ശബ്ദം, പിടികൂടിയപ്പോൾ അവർ ബോധമില്ലാതെ കിടന്നു. വികാരം നശിച്ചു. പിന്നെ അല്ലാഹു അവർക്ക് ബോധം വീണ്ടുകൊടുത്തു. അങ്ങനെ അത് ഒരു രണ്ടാം ജൻമമായി. അല്ലെങ്കിൽ മരണത്തിന്റെ വിവക്ഷ, ''ബുദ്ധിപരമായ കഴിവ് നശിച്ചു'' എന്നാവാം. നിങ്ങളുടെ ചിന്ത തികച്ചും അന്ധവും വഴിപിഴച്ചതുമായിരുന്നു. നിങ്ങൾ അന്ധമായ മരണത്തിലായിരുന്നു. അതിൽനിന്ന് അല്ലാഹു നിങ്ങളെ രക്ഷിച്ചു, നിങ്ങൾക്കു വിശ്വാസം പ്രദാനം ചെയ്തു. ''മരിച്ച മനുഷ്യൻ; അവനെ നാം ജീവിപ്പിച്ചു, ജനങ്ങൾക്കിടയിൽ നടക്കാൻ പ്രകാശം നൽകി'' എന്ന ഖുർആൻ സൂക്തം പോലെ.

'മരിച്ചു, എല്ലുകൾ മണ്ണിനടിയിൽ നുരുമ്പിയാലും മരിക്കാത്തവനാണ് വിജ്ഞാനി. അറിവില്ലാത്ത

www.abulhasanalinadwi.org

വൻ ഭൂമിയിൽ നടക്കുന്നുണ്ടെങ്കിലും മരിച്ചവൻ തന്നെ. അവനു ജീവനുണ്ടെന്നു ധരിക്കപ്പെടാം. പക്ഷെ അവൻ നുരുമ്പിയവനാണ്'' എന്നു കവി പാടിയപോലെ_(4)

(3) 'നിൻെറ വടികൊണ്ട് കല്ലിലടിക്കുക' എന്നു നാം പറഞ്ഞു. അപ്പോൾ അതിൽ നിന്നു 12 അരുവികൾ പൊട്ടിയൊലിച്ചു. ഓരോ വിഭാഗവും തങ്ങളുടെ കുടിസ്ഥലം മനസ്സിലാക്കി. ഈ എന്ന ആയത്തിലെ ളറബ: (അടിക്കുക) എന്ന പ്രയോഗം നടക്കുക എന്ന അർത്ഥത്തിലാണ്. 'ളറബ ഫിൽ അർളി' എന്നു പറഞ്ഞാൽ സാറ ഫിൽ അർളി – ഭൂമിയിൽ നടന്നു എന്നു അർത്ഥം. (5)

അസ്വാ (വടി) എന്നവാക്കു സംഘം എന്ന അർത്ഥത്തിലുമുപയോഗിക്കും. 'അസ്വവ്തു' എന്നു പറഞ്ഞാൽ 'ശേഖരിച്ചു' എന്നർത്ഥം. 'ശഖൂ അസ്വൽ മുസ്‌ലിമീൻ' 'അവർ മുസ്‌ലിം സംഘത്തിൽ പിളർപ്പുണ്ടാക്കി' എന്നു ഖവാരിജുകളെക്കുറിച്ച് പറയാറുണ്ട്. 'ഇയ്യാക്കവെഖതീലുൽ അസ്വ; 'അസ്വാ (സംഘടന)യെ നശിപ്പിക്കുന്നവനെ സൂക്ഷിക്കുക' എന്നൊരു ചൊല്ലുണ്ട്. (6) അപ്പോൾ ഈ ആയത്തിൻെറ ഉദ്ദേശമിതാണ്. മൂസാ(അ) നോട് അല്ലാഹു കൽപിച്ചു. ഒരു മലയിലെക്കു പോകണം, എന്നിട്ട് 12 അരുവികൾ കാണുന്നതു വരെ തൻെറ കൂടെയുള്ള സംഘത്തോടൊപ്പം നീങ്ങണം. അവിടെ ഇസ്റാഈല്യരിലെ 12 വിഭാഗത്തിനും തമ്പുകെട്ടാം (7)

(4) 'നിങ്ങളുടെ മേലെ നാം ത്വൂർ മലയുയർത്തി' എന്ന ആയത്തിൻെറ അർത്ഥം മലയെത്തന്നെ, ഭൂ

www.abulhasanalinadwi.org

മിയിൽ നിന്ന കുടപോലെയുയർത്തി എന്നല്ല, മറിച്ച് ഇതാണാശയം. നിങ്ങൾ താഴ്ന്ന ഒരു പ്രദേശത്തായിരുന്നു. മല, അതിനടുത്തു ഉയർന്നു നിന്നു.' പാറ നിങ്ങൾക്കുമേലെയുയർന്നുനിന്നു എന്നു ഒരു ഹദീസിലുണ്ടല്ലോ. (ബുഖാരി) അതിനർത്ഥം പാറ നിങ്ങളുടെ ദൃഷ്ടിക്ക കാണാറായി എന്ന മാത്രമാണല്ലോ (8)

[5] ''നിങ്ങൾ നിന്ദ്യരായ കുരങ്ങുകളാവുക എന്നു നാം പറഞ്ഞു''— ഇവിടെ അവർ കുരങ്ങന്മാരാവുകയല്ല; മറിച്ചു അവരുടെ മനസ്സിനു മാററം വരുകയും അങ്ങനെ കുരങ്ങന്മാരുടെ സ്വഭാവമുണ്ടാവുകയുമാണ് ചെയ്തിട്ടുള്ളത്. (9)

[6] ''നിങ്ങളൊന്നിനെ കൊന്ന സന്ദർഭം. നിങ്ങൾ അതിൽ തർക്കിച്ചു നിന്നു. നിങ്ങൾ മറച്ചുവെച്ചത് അല്ലാഹു പുറത്തു കൊണ്ടുവരുക തന്നെ ചെയ്യും.'' നിങ്ങൾ അതിനെ (ശവത്തെ) അതിൻെറ ഒരു ഭാഗംകൊണ്ടടിക്കുക' എന്നു നാം കൽപിച്ചു. അങ്ങനെയാണ് അല്ലാഹു മരിച്ചവരെ ജീവിപ്പിക്കുന്നതും നിങ്ങൾക്ക് അവൻെറ ആയത്തുകൾ കാട്ടിത്തരുന്നതും. നിങ്ങൾ ചിന്തിക്കുന്നവരായേക്കാം'— ഇവിടെ കൊന്നത് ഒരു പ്രവാചകനെയാണ്. കൊന്ന കാര്യത്തിൽ തർക്കമുണ്ടായി. കൊല്ലാൻ ശ്രമിച്ചവർക്ക് തെളിയിക്കാൻ കഴിഞ്ഞില്ല. ഈ പ്രവാചകൻ മസീഹ് ആണ്. ജൂതന്മാർ അദ്ദേഹത്തെ കൊല്ലാൻ ശ്രമിച്ചു, കഴിഞ്ഞില്ല. അവിടെ തർക്കങ്ങളുണ്ടായല്ലോ. നിങ്ങളതിനെ അടിക്കുക– എന്ന കൽപനയിലെ 'അതു' എന്ന ളമീർ [സർവ്വനാമം] ശരീരത്തിലേക്കു മടങ്ങുന്നു. ആശയത്തെ അടിസ്ഥാനമാക്കി 'ളമീറി'നെ പുല്ലിംഗമാക്കാമല്ലോ

www.abulhasanalinadwi.org

'അതിൻെറ ഭാഗംകൊണ്ട്' എന്നതിലെ ളമീർ കൊല യിലേക്കു മടങ്ങുന്നു. 'നിങ്ങളതിനെ കുറച്ചു കൊല്ലുക'— എന്നു അർത്ഥം. അല്ലെങ്കിൽ 'കൊന്നു' എന്ന വാക്കു അതിനെക്കുറിച്ചു പറയരുതെന്നർത്ഥം. അത ങ്ങനെത്തന്നെയായിരുന്നല്ലോ. അദ്ദേഹത്തെ കൊന്നി രുന്നില്ല. മൂന്നു മണിക്കൂർ നേരം അദ്ദേഹം കുരിശിൽ തന്നെ നിർത്തപ്പെട്ടു. എല്ലുകൾ പൊട്ടിച്ചിരുന്നില്ല. അല്ലാഹു അദ്ദേഹത്തെ ജീവനോടെ അവശേഷിപ്പിച്ചു. അല്ലെങ്കിൽ മരിച്ചശേഷം ജീവിപ്പിച്ചു.'' നിങ്ങൾക്ക വൻെറ ദൃഷ്ടാന്തങ്ങൾ കാണിച്ചുതരുന്നു; നിങ്ങൾ ചിന്തിക്കുന്നവരായേക്കാം എന്നതിൻെറ ആശയമിതാ ണ്; മരിച്ചുവെന്നു നിങ്ങൾ കരുതിയ മസീഹിനെ അല്ലാഹു ജീവിപ്പിച്ചിരിക്കുന്നു. കാരണം അല്ലാഹു വിൻെറ സന്ദേശം പ്രചരിപ്പിക്കുക എന്നതാണ് മസീ ഹിൻെറ ജീവിതലക്ഷ്യം. അതുകൊണ്ട്, അല്ലാഹു വിൻെറ സന്ദേശം പ്രചരിപ്പിക്കുന്ന ഉത്തരവാദിത്തം നിങ്ങളേറെറടുക്കുന്നുവെങ്കിൽ അല്ലാഹു നിങ്ങളെയും മ രിപ്പിക്കാതെ അനശ്വരരാക്കും; ഇന്ന നിങ്ങൾ 'മരിച്ച സമൂഹ'മാണെങ്കിലും ശരി. [10]

[7] അതുപോലെതന്നെ, ഈസാ തൊട്ടിലിലായി രുന്നപ്പോൾ സംസാരിച്ചുവെന്നത് പ്രകൃതിക്ക വിരുദ്ധ മായതുകൊണ്ട് അദ്ദേഹം നിഷേധിക്കുന്നു. ഈസാ [അ] പിതാവില്ലാതെ ജനിച്ചുവെന്നത് ഇസ്ലാമിലെ നിർബ്ബന്ധമായ ഒരു വിശ്വാസമല്ല; മറിച്ച് അതു ക്രൈസ്തവാദർശമാണ് എന്നദ്ദേഹം പറയുന്നു. [11] മർയം [റ] ആശാരിയായിരുന്ന ജോസഫിനെ വിവാഹം കഴിച്ചിരുന്നു; ഈസാ [അ] പ്രകൃതിനിയമങ്ങളനുസ

www.abulhasanalinadwi.org

രിച്ചു തന്നെ പിറന്ന കുട്ടിയാണ്' എന്നും അദ്ദേഹം വാദിക്കുന്നു. [12]

[8] ''ഒരു പക്ഷിയുടെ രൂപംപോലൊന്നു കളിമണ്ണുകൊണ്ട് നിങ്ങൾക്കുവേണ്ടി ഞാൻ ഉണ്ടാക്കും. എന്നിട്ടതിലൂതും. അല്ലാഹുവിൻെറ അനുവാദത്തോടെ പറക്കുന്ന പക്ഷിയായിത്തീരും.''

ഇവിടെ 'പക്ഷി' ഉപമാലങ്കാര പ്രയോഗമാണ്. നിലത്തുനിന്നു പറന്നുയരാൻ കഴിയുന്ന പക്ഷിയുടെ സ്വഭാവവും രൂപസാദൃശ്യവുമുള്ള മനുഷ്യരെയാണിവിടെ പരാമർശിക്കുന്നത്. അവർ അല്ലാഹുവിൻെറയടുക്കലേക്ക് പറക്കുന്നു. ഒരു പ്രവാചകൻ ഊതിയാൽ നിന്ദ്യമായ മനുഷ്യ ചിന്തകളിൽ നിന്നു മുക്തി നേടാനും; ആത്മാക്കളുടെ ലോകത്തേക്കു പറക്കാനും മനുഷ്യനു കഴിയും. (13)

[9] മൂസാക്കു അല്ലാഹു 'പ്രകാശിക്കുന്ന കൈ' നൽകിയെന്നു പറയുന്നത് 'പ്രശോഭിക്കുന്ന തെളിവുക'ളെക്കുറിച്ചാണ്. 'അവർ (മന്ത്രവാദികൾ) അവരുടെ കയറുകളും വടികളും ഇട്ടു' എന്ന ആയത്തിൽ, വടിയും പാമ്പും എന്നു പറഞ്ഞത്, മൂസാ(അ)ൻെറ പ്രവർത്തനങ്ങളെ തകർക്കാൻ അവർ ഉപയോഗിച്ച മാദ്ധ്യമങ്ങളും തന്ത്രങ്ങളും എന്ന അർത്ഥത്തിൽ മാത്രമാണ്. 'മൂസായെ എതിർക്കാൻ സകല അടവും അവർ പ്രയോഗിച്ചു നോക്കിയെന്നർത്ഥം. 'വടി' എന്നതു ഉപമാലങ്കാര പ്രയോഗമാണ്. 'ആക്ഷേപത്തിൻെറ വടി കൊണ്ട് അവനെ അടിച്ചു'. (14)

[10] ''തൊട്ടിലിലെ ശിശുവിനോട് ഞങ്ങളെ

www.abulhasanalinadwi.org

ങ്ങനെ സംസാരിക്കാനാണ്?''— ജനം ചോദിച്ചതായി അല്ലാഹു പറയുമ്പോൾ മുഹമ്മദലി പറയുന്നു: ''അന്നു ഈസാ(അ)നു 30 വയസ്സാണ്. അപ്പോഴാണ് അവർ ഒഴിവു കഴിവു പറഞ്ഞത്. അവൻ ജനിച്ചതും വളർന്നതും നമ്മുടെ കൺമുമ്പിലാണ്. വയസ്സന്മാരുടെ മുമ്പിൽ യുവാക്കളും കുട്ടികളാണല്ലോ. കാരണം അവർ വളരുന്നത് ഇവരുടെ മടിയിൽ കിടന്നാണ്. വലിയവനാവുന്നതും ഇവരുടെ മുമ്പിൽതന്നെ. (15)

[11] കടലിലടിച്ച്, അവർക്കൊരു ഉണങ്ങിയ വഴിയുണ്ടാക്കുക, മുങ്ങുമെന്നു ഭയപ്പെടാത്ത വിധം'' ചില ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നത്, ''അവർക്കു വഴിയുണ്ടാക്കാനായി കടലിലടിക്കുക'' എന്നാണ്, എന്നാൽ ഈ അഭിപ്രായം സത്യത്തിൽ നിന്നു എത്രയോ ദൂരെയാണ്. 'ളറബ' എന്നാൽ 'വേഗം നടക്കുക, എന്നാണർത്ഥമെന്നു ചിലർ പറയുന്നു: ഭാഷാ നിയമങ്ങളുടെ പിൻബലമിതിനാണ്.

തന്റെ യാത്രക്കു മൂസാ(അ) തെരഞ്ഞെടുത്തത് ജനങ്ങൾ മുമ്പേതന്നെ യാത്രക്കുപയോഗിച്ച ചിരപരിചിതമായ വഴിയാണ്. (16) അപ്പോൾ; 'ആ വഴിയിലൂടെ ഇസ്റാഈൽ മക്കളെയും കൊണ്ട് വേഗം പോവുക' എന്നർത്ഥം.

മറ്റൊരു രംഗം സൂറത്തുൽ 'ശുഅറാഇ'ൽ: 'വടി കൊണ്ട് കടലിലടിക്കുക.' 'ഇവിടെ, വടിയും കുത്തി കടലിലൂടെ നടക്കുക' എന്നാവാം അർത്ഥം. അല്ലെങ്കിൽ 'നിന്റെ ജനതയോടൊപ്പം കടലിലൂടെ നീങ്ങുക; എന്നുമാവാം. ''അവർക്കു കടലിൽ ഒരു ഉണ

www.abulhasanalinadwi.org

ങ്ങിയ വഴിയുണ്ടാക്കുക എന്ന ത്വാഹാ സൂറത്തിലെ ആ യത്ത് ഇതിനു പിൻബലമേകുന്നു.'' അങ്ങനെ ഓരോ ഭാഗവും വലിയ മലത്തിണ്ണപോലെ നിന്നുവെന്നത് ചെറിയ കുന്നോ കുഴിയോ ആവാം. ഓരോ വിഭാഗ വും എന്നത് ഇസ്റാഈല്യരിലെ എല്ലാ വിഭാഗവും എന്നോ ഫിർഔന്റെ സൈന്യം എന്നോ ആവാം. അ ങ്ങനെ, രണ്ടു വിഭാഗവും മലത്തിണ്ണപോലെ തോന്ന പ്പെട്ടതാവാം. (17)

[12] അദ്ദേഹത്തിനു നാം മരണം വിധിച്ചപ്പോൾ മരണമറിയിക്കാൻ വന്യമൃഗം മാത്രമേയുണ്ടായുള്ളൂ. അദ്ദേഹത്തിന്റെ വടി തിന്നുന്ന മൃഗം. 'ഇഴജീവി'യു ടെ വിവക്ഷ, സുലൈമാൻ(അ)നുശേഷം രാജ്യം ഭരി ച്ച മകൻ 'റഹബാം' ആണ്. ഇദ്ദേഹത്തിന്റെ കാല ത്താണ് 'സുലൈമാനി ഭരണകൂട'ത്തിന് തകർച്ച പററിയത്. ഇഴജീവി എന്നു അദ്ദേഹത്തെ വിശേഷി പ്പിച്ചത് ദീർഘദൃഷ്ടിയില്ലാത്തവനായതുകൊണ്ടാണ്. വടി തിന്നുവെന്നത് ഭരണകൂടത്തിന്റെ ദുർബ്ബലതയും തകർച്ചയും സൂചിപ്പിക്കുന്നു. അക്കാലംവരെ ഇസ് റാഈല്യരുടെ ഭരണത്തിൻ കീഴിലായിരുന്ന ഒരു വിഭാ ഗം മനുഷ്യരാണ് 'ജിന്നുകൾ'. (18)

[13] ''നാമദ്ദേഹത്തിനു പക്ഷികളുടെ ഭാഷ പ ഠിപ്പിച്ചു കൊടുത്തു.''—വിവിധ ഭാഗങ്ങളിലേക്കു സ ന്ദേശങ്ങൾ എത്തിക്കാൻ പക്ഷികളെ ഉപയോഗിച്ചു എ ന്നാണിതിന്റെ അർത്ഥം. പോസ്ററൽ പ്രാവുകൾ പോലെ. ''വാദിന്നംല്''—ഉറുമ്പുകളുടെ താഴ്വര— യമനിലെ ഒരു സ്ഥലമാണ്. ''നംലത്ത്'' ഒരറബ്

www.abulhasanalinadwi.org

ഗോത്രം. അല്ലെങ്കിൽ വാദിന്നംലിൽ പാർത്തിരുന്ന ഒരു ജനവിഭാഗം. [19]

[14] ''നാമനുഗ്രഹിച്ച നാട്ടിലേക്ക്, തന്റെ കല്പനകളുമായി പോവുമാറ്, കൊട്ടുങ്കാററിനെ നാം സുലൈമാന് കീഴ്പ്പെടുത്തിക്കൊടുത്തു''— സുലൈമാൻ [അ]നു കപ്പലുകളോട്ടാൻ കാററ് സഹായകമായി എന്നർത്ഥം. അല്ലെങ്കിൽ 'കാററ്' എന്നതുകൊണ്ട് വിവക്ഷ 'കപ്പലോട്ടം' തന്നെയാവാം. അതിലെ ചരക്കുകൾ വളരെ ദൂരെയെത്തിയിരുന്നു. (20)

'പോകാൻ ഒരു മാസവും മടങ്ങാൻ ഒരു മാസവും [ഉള്ള] ദൂരത്തേക്ക് പോവാൻ കാററിനെ സുലൈമാന് നാം കീഴടക്കിക്കൊടുത്തു' എന്നു പറഞ്ഞാൽ രണ്ടു മാസത്തെ ദൂരമുള്ള അത്ര സ്ഥലങ്ങളിലേക്കു പോലും സുലൈമാൻ നബി[അ]ൻെറ കപ്പലുകൾ ചരക്കുകളുമായിപ്പോയിരുന്നുവെന്നർത്ഥം. (21)

[15] ''പിന്നെ, പക്ഷിയെ കാണാതായി. അപ്പോഴദ്ദേഹം പറഞ്ഞു: എന്തുപററി, പരുന്തിനെ കാണുന്നില്ലല്ലോ. അതോ അവൻ തീരെ മറഞ്ഞുവോ?'' [സുലൈമാൻ (അ)ൻെറ വാക്കുകൾ] 'ഹുദ് ഹുദ്' ഒരു മനുഷ്യനാണ്, സുലൈമാൻ (അ)ൻെറ ഭരണകൂടത്തിലെ സി ഐ. ഡി. യുടെ പേരാണ് 'ഹുദ് ഹുദ്'. ചില വീരപുരുഷൻമാർക്കു പക്ഷികളുടെയും മൃഗങ്ങളുടേയും പേരിടുക സാധാരണമാണല്ലോ. അറബിയിൽ 'അസദ്' (സിംഹം) എന്നും ഇംഗ്ളീഷിൽ 'Fox','Wolf' എന്നുമൊക്കെ പേരിടാറുണ്ടല്ലോ, 'ഹുദദിൻെറ മകൻ' എന്ന തൗറാത്തിലും കാണുന്നു. ഈ രണ്ടു പദങ്ങളും പരസ്പരം സദൃശമായി കാണുന്നു. [22]

www.abulhasanalinadwi.org

[16] ''ഗ്രന്ഥത്തിൽ നിന്നുള്ള വിവരമുള്ളവൻ പറഞ്ഞു: 'കണ്ണിമക്കുന്നതിനുമുമ്പ് അത് [ബിൽഖീസിന്റെ സിംഹാസനം] ഞാൻ താങ്കളുടെയടുത്തെത്തിക്കാം'— ഇവിടുത്തെ വേഗത ആലങ്കാരികം മാത്രമാണ്. അല്ലാതെ കണ്ണിമക്കുന്നതിനു മുമ്പ് എത്തിക്കുമെന്നല്ല. ഇഫ്രീത്തും 'വിവരമുള്ള' ആളും തമ്മിൽ ബന്ധമുണ്ട്. വളരെ സാഹസികമായും ശക്തമായും ഏതൊരു കാര്യത്തിനും തയ്യാറാവുന്ന ഇഫ്രീത്ത് ശാരീരിക ശക്തിയുടെ പ്രതീകമാണ്. സിംഹാസനം കൊണ്ടുവരാൻ കുറെ നേരം വേണമല്ലോ. ശാരീരിക കഴിവു കൂടുതലില്ലെങ്കിലും വിവരമുള്ളവനു ഈ ആവശ്യം വളരെക്കുറഞ്ഞ നേരംകൊണ്ട് നിറവേററാൻ കഴിയും. ശക്തിയേക്കാരം അറിവിനു മുൻതൂക്കം നൽകുകയാണിവിടെ ഉദ്ദേശം. (23)

[17] അധിക്ഷേപാർഹനായ അവസ്ഥയിൽ മൽസ്യം അദ്ദേഹത്തെ വിഴുങ്ങി. അദ്ദേഹം പ്രകീർത്തനം ചെയ്യുന്നവരിൽ പെട്ടിരുന്നില്ലെങ്കിൽ, എല്ലാവരും പുനരുദ്ധരിക്കപ്പെടുന്ന നാരംവരെ അദ്ദേഹം മൽസ്യത്തിന്റെ വയററിൽ കഴിയേണ്ടി വരുമായിരുന്നു''—അദ്ദേഹം ഒരു പ്രബോധകനല്ലായിരുന്നെങ്കിൽ മൽസ്യം അദ്ദേഹത്തെ വിഴുങ്ങുമായിരുന്നില്ല. മുങ്ങി മരിച്ച് കടലിന്റെ വയററിൽ അന്ത്യനാരംവരെ കിടക്കേണ്ടിവരുമായിരുന്നു. (24)

[18] ''ഖുർആൻ ശ്രദ്ധിച്ചു കേരംക്കുന്നവരായി ഒരു വിഭാഗം ജിന്നുകളെ നാം താങ്കളിലേക്കു തിരിച്ചുവിട്ട സന്ദർഭം''— ഇത് മറഞ്ഞുനിന്ന ഖുർആൻ പാരായണം ശ്രദ്ധിച്ച ഏതാനും മനുഷ്യർതന്നെയാണ്.

www.abulhasanalinadwi.org

കാണാൻ കഴിയാത്ത ഏതെങ്കിലും വർഗ്ഗത്തെയല്ല ഇവിടെ ഉദ്ദേശം. അവർ അന്നാട്ടുകാരല്ല; പുറത്തുനിന്നു വന്ന പരദേശികാം. അപരിചിതർ. അതുകൊണ്ടവർക്ക് ജിന്ന് എന്നു പേരിട്ടു. (25)

[19] ''പറയൂ: ഒരു സംഘം ജിന്നുകാം ഇത് ശ്രദ്ധിച്ചു കേട്ടിട്ട്, 'ഞങ്ങാം അൽഭുതകരമായൊരു ഖുർആൻ ശ്രദ്ധിച്ചു കേട്ടു'വെന്നു പറഞ്ഞതായി എനിക്കു വഹ്യ് കിട്ടിയിരിക്കുന്നു എന്ന്''— ഇവർ ക്രിസ്ത്യാനികളായിരുന്നുവെന്നാണ് മനസ്സിലാകുന്നത്. ദിവ്യ വെളിപാടിലൂടെ അവരെക്കുറിച്ച പരാമർശം വന്നിട്ടുണ്ട്. മഹത്വത്തിലും പുരോഗതിയിലും പരമോന്നതി നേടിയ ക്രൈസ്തവ വിഭാഗമാവാം അവർ. അങ്ങനെ ശക്തിയിലും നിർമ്മാണശേഷിയിലുമൊക്കെ ജിന്നുകളും ഇഫ്രീത്തുകളും പ്രതിഭകളുമായിരിക്കം. അവരിൽ ചിലർ ഖുർആനിൽ വിശ്വസിക്കകയും ചെയ്തു. (26)

## ഖുർആൻകൊണ്ടുള്ള കളി

വ്യാഖ്യാനപരമായ ഈ വിനോദം ഇത്ര മതി. 'മൗലാന'യുടെ ബുദ്ധിയും സമീപനവും ഇതിൽനിന്നു മനസ്സിലാക്കാം, അദൃശ്യത്തിലും, എല്ലാററിനെയും ചൂഴ്ന്നു നിൽക്കുന്ന ദൈവിക ശക്തിയിലും വിശ്വസിക്കാനുതകുന്ന സകലത്തിലുംനിന്നു അദ്ദേഹമൊളിച്ചോടുന്നു. ഭാഷകൊണ്ടും ഖുർആനിലെ പദങ്ങാംകൊണ്ടും അദ്ദേഹം പന്താടുകയാണ്. ''നാമീ ഖുർആനിനെ ഉാംക്കൊള്ളാൻ എളുപ്പമാക്കിയിരിക്കുന്നു; ഉാംക്കൊള്ളാൻ ആരുണ്ട്?'' എന്നു വിശേഷിപ്പിക്കപ്പെട്ട ഖുർ

www.abulhasanalinadwi.org

ആൻ വളരെ വ്യക്തവും ലളിതവുമായി, ശുദ്ധമായ അറബിഭാഷയിൽ ഇറക്കിയ ഖുർആൻ; അവതരിച്ചതുമുതൽ ആർക്കും മനസ്സിലായിട്ടില്ല; 13 നൂററാണ്ടോളം നീണ്ട കാലം അത് ഒരു രഹസ്യമായി നിന്നു. ആരുടെ ഭാഷയിലാണോ അതിറങ്ങിയത്, ആരോടാണോ അതാദ്യം സംസാരിച്ചത്, ആ സഹാബികൾക്കുപോലും ഈ ഖുർആൻ മനസ്സിലായില്ല. കഴിഞ്ഞു പോയ മുസ്ലിംകളാരും വിവരമില്ലാത്തവരായി, ഈ അതിരു കടന്ന വ്യാഖ്യാനങ്ങൾ; പണ്ടു ബാതിനിയ്യാക്കളുടെ ദുർവ്യാഖ്യാനങ്ങളുടെ തനിപ്പകർപ്പു മാത്രമാണ്.

## അവകാശവാദങ്ങൾ

യൂറോപ്യൻ രാഷ്ട്രങ്ങളിൽ ഇസ്ലാമിക സന്ദേശം പ്രചരിപ്പിക്കുന്ന ഏററവും നല്ല ചൂടും ചുണയുമുള്ള ഇസ്ലാമിക സംഘടനയാണ് 'ലാഹോറി ഖാദിയാനികൾ' എന്നു ജനങ്ങൾക്കിടയിൽ ധാരണ പരന്നിരിക്കുന്നു. ഇംഗ്ളണ്ടിലും ജർമ്മനിയിലും ഫ്രാൻസിലുമൊക്കെയുള്ള ഒരുപാടു ക്രൈസ്തവരും വിദ്യാസമ്പന്നരും അവരിലൂടെ മുസ്ലിംകളായി പോലും! എന്നാൽ തികച്ചും അതിശയോക്തിപരമാണീ വാദം. അവിടെ മുസ്ലിംകളായവർ തന്നെ വളരെ ചുരുക്കം. അവരധികംപേരും വളരെ മുമ്പെ തന്നെ ഇസ്ലാമിലേക്കു കടന്നു വന്നവർ. അവരുടെ പേരും മതംമാററവുമൊക്കെ ഖാദിയാനികൾ തങ്ങളുടെ കണക്കിലെഴുതിച്ചേർത്തുവെന്നു മാത്രം. ബാക്കിയുള്ളവരൊക്കെ രോഗികളും അവസരവാദികളും വൃദ്ധരും മാത്രം. അല്ലെങ്കിൽ യൂറോപ്യൻ ജനത എഴുതിത്തള്ളിയവർ. 1934ൽ ലണ്ടൻ സന്ദർശിച്ച 'ഫസൽ കരീംഖാൻ' എഴുതി:

www.abulhasanalinadwi.org

''WOKING MISSION'' ലൂടെ ഇസ്ലാം സ്വീകരിച്ച ഒരൊററ പ്രമുഖനും ഇംഗ്ളണ്ടിലില്ല. താൻ സ്വയം ഇസ്ലാമിനെക്കുറിച്ച് പഠിച്ച് മുസ്ലിമായതുതന്നെയാണെന്നു പ്രസിദ്ധനായ 'ലോർഡ് ഹെഡ്ലി' പ്രഖ്യാപിച്ചിട്ടുണ്ട്. ഞാൻ ഇസ്ലാം മതം സ്വീകരിക്കുന്നതിനു രണ്ടാഴ്ച മുമ്പല്ലാതെ ഖാജാകമാലുദ്ദീനെ ഞാനറിയുകപോലുമില്ല. തുർക്കികളുടെയും ഈജിപ്തുകാരുടേയും സ്വാധീനം കൊണ്ട്, ഈജിപ്തിൽ വെച്ചാണ് 'മാർമഡ്യൂക്ക് പിക്താൾ' മുസ്ലിമാവുന്നത്. 'സർ ഹാമിൽട്ടൺ' കുടുംബപരമായ നിർബ്ബന്ധിതാവസ്ഥകൊണ്ടാണ് ഇസ്ലാമിലേക്കു കടന്നുവന്നത്. ഇങ്ങനെ പരിശോധിച്ചാലറിയാം WOKING MISSONന് ഇവരുടെയൊന്നും ഇസ്ലാംമത സ്വീകരണത്തിൽ ഒരു പങ്കുമില്ലെന്ന്. (27)

''വോക്കിംഗ് സെൻറർ'' ഖാദിയാനികരം നിർമ്മിച്ചതാണെന്ന് എങ്ങിനെ ഇന്ത്യയിൽ വാർത്ത പ്രചരിപ്പിച്ചുവെന്നെനിക്കറിയില്ല. ഈ സെൻറർ ഭോപാലിലെ മുസ്ലിം ഭരണകൂടം സംഭാവന ചെയ്തതാണ്. സെൻററിനടുത്തുള്ള ഹോസ്ററൽ ഹൈദരാബാദിലെ പ്രസിദ്ധനായ മന്ത്രി 'സർസാലാർ ജംഗി' ന്റെ സ്മരണികയാണ്. ഇതൊക്കെ നിർമ്മിച്ചത് ജർമ്മൻ പണ്ഡിതൻ ഡോക്ടർ 'ലാവോട്സി'ന്റെ മേൽനോട്ടത്തിലാണ് വിശ്രുതനായ ഇസ്ലാമിക സാഹിത്യകാരൻ 'അമീർ അലി ഖജാകമാലുദ്ദീൻ' ഈ സെൻററിൽ താമസിച്ചിട്ടുണ്ട്. ഈ സെൻറർ ഒരു മുസ്ലിം കേന്ദ്രമാക്കി മാററുന്നതിൽ ഏററവും കൂടുതൽ പങ്കു വഹിച്ചത് ലാവോട്സാണ്. (28)

www.abulhasanalinadwi.org

## *ഖാദിയാനിസത്തിൻെറ ഫലം*

അവസാനമായി, ഈ വിരൂപമായ വാദങ്ങളെയും, ഒച്ചപ്പാടുണ്ടാക്കിയ ജീവിതത്തെയും, അദ്ദേഹത്തിൻെറ തടിച്ച ഗ്രന്ഥശേഖരത്തെയും മുസ്ലിംകളുമായുണ്ടായ ചൂടു പിടിച്ച സംഘട്ടനത്തെയും ഒന്നു വിലയിരുത്തുക.

ഖാദിയാനിസത്തിൻെറ സന്ദേശമെന്ത്?

അതിൻെറ ഫലമെന്ത്?

ഇസ്ലാമിക ലോകം അതിനോട് ചെയ്ത തെറെറന്ത്?

19ാംനൂററാണ്ടിൻെറ ഒടുക്കം, പാശ്ചാത്യർ ദുർഭരണവുമായി ഇസ്ലാമിക ലോകത്തെ കടന്നാക്രമിച്ചു. മതത്തിൻെറ ആത്മാവ് നശിച്ച സംസ്കാരവും നിരീശ്വര നാഗരികതയും അതിൻെറ ഭൗതിക വീക്ഷാഗതിയിമൊക്കെ വലിഞ്ഞു കേറി. കുറച്ചു മുമ്പുതന്നെ വിശ്വാസവും വിവരവും കരുത്തും കുറഞ്ഞു വരികയും ക്ഷീണിച്ചു തുടങ്ങുകയും ചെയ്തിരുന്ന ഇസ്ലാമിക ലോകം; പടക്കോപ്പുകളണിഞ്ഞ ചോരത്തിളപ്പുള്ള പാശ്ചാത്യർക്കിരയായി. സമ്പൂർണ്ണമായി തളർന്നു കഴിഞ്ഞ ഇസ്ലാമിക വിശ്വാസവും; നിരീശ്വര ഭൗതിക നാഗരികതയും തമ്മിൽ വമ്പിച്ചൊരു സംഘട്ടനം നടന്നു. രാഷ്ട്രീയവും നാഗരികവും വൈജ്ഞാനികവും സാമൂഹികവുമായി ഒരുപാടു പുതിയ പ്രശ്നങ്ങൾ പൊട്ടിമുളച്ചു. അതുപരിഹരിക്കണമെങ്കിൽ, വേരുറച്ച വിശ്വാസവും ആണ്ടിറങ്ങിയ വിജ്ഞാനവും ആഴവും പരപ്പുമുള്ള പഠനവും അനിവാര്യമായിരുന്നു.

www.abulhasanalinadwi.org

ഉന്നതമായ ബുദ്ധിയും ഏറെ ക്രിയാത്മകമായ ബോധവും മനോധൈര്യവും ശക്തമായ വ്യക്തിത്വവും ഉയർന്ന ആത്മീയ ബോധവും വേണം. ധർമ്മസമരത്തിൻെറ ചൂടും ചുണയുമുള്ള ഒരു മുജദ്ദിൻെറ അനിവാര്യത ഇസ്ലാമിക ലോകത്തു വ്യക്തമായി.

വിജ്ഞാനത്തിൻെറ പുന:സംവിധാനവും; ഐക്യത്തിൻെറ സംസ്ഥാനവും നടത്തണം. തൻെറ വേരുറച്ച വിശ്വാസവും ഉന്നതമായ പ്രതിഭയുംകൊണ്ട് അനശ്വരമായ ഇസ്ലാമും; ആധുനികതയുടെ ചൈതന്യവും തമ്മിൽ സംയോജനം നടത്തണം. ഇസ്ലാമിൻെറ അനശ്വരതയും ഭദ്രതയും ആദർശങ്ങളും നിയമങ്ങളും നഷ്ടപ്പെടാതെ ജീവിക്കാനും ചിന്തിക്കാനും പുരോഗമിക്കാനും പുതിയ ഇസ്ലാമിക തലമുറക്കുള്ള അവകാശം നിഷേധിക്കാതെ...

ഇസ്ലാമിക ലോകത്തെ ഒന്നിപ്പിക്കുകയും പുതിയൊരു ജീവിതം സമ്മാനിക്കുകയും തൻെറ ഈമാൻെറ ശക്തിയും, അറിവിൻെറ വെൺമയും സമരാവേശവുമുപയോഗിച്ച് പാശ്ചാത്യ സംസ്കാരത്തിൻെറ കടന്നാക്രമണം നേരിടാനും കഴിവുമുള്ള ഒരു പ്രബോധകനെ ആവശ്യപ്പെടുകയായിരുന്നു ഇസ്ലാമിക ലോകം.

മത—സാംസ്കാരിക—വൈജ്ഞാനിക-രംഗത്തു ഒരുപാട് പ്രതിസന്ധികളുണ്ടായി. മതരംഗത്തെ രോഗങ്ങളിൽ ഏററവും മാരകമായിരുന്ന, നഗ്നമായ ശിർക്കു; ജാറങ്ങളിലും 'ദർഗ്ഗ'കളിലുമുള്ള പ്രാർത്ഥന; അല്ലാഹുവല്ലാത്തവരോടുള്ള 'ഇസ്തിഗാസ:' ആകെ പ

www.abulhasanalinadwi.org

രന്നു കഴിഞ്ഞിരുന്ന ബിദ്അത്തുകരം, നാറിയ 'ഖുറാഫത്തു'കരം.

ഈ ദുർഘടസന്ധിയിൽ വളരെ ശക്തിയായും വ്യക്തമായും ഇസ്ലാമിക സമൂഹത്തിലെ ഇമ്മാതിരി 'ജാഹിലിയ്യ'ത്തിനോട് സമരം ചെയ്യാനും, പരിപാവനമായ യഥാർത്ഥ തൗഹീദിലേക്കും കലർപ്പില്ലാത്ത തിരുചര്യയിലേക്കും ക്ഷണിക്കാനും ഒരു ധീരനായ പരിഷ്കർത്താവ് അത്യാവശ്യമാണെന്നു ഇതൊക്കെ തെളിയിച്ചു. 'അറിയുക, അല്ലാഹുവിനാണ് കലർപ്പില്ലാത്ത വണക്കം' എന്നു അവൻ ഉറക്കെ പറയണം. മലമടക്കുകളിൽ ചെന്നലച്ച് അത് പ്രതിദ്ധ്വനിക്കണം. അറിവില്ലായ്മയുടെയും വഴിപിഴവിൻെറയും പ്രതീകങ്ങരം ആ വിളിയാളത്തിനു കീഴൊതുങ്ങണം. പണ്ടും വിവിധ ദശാസന്ധികളിൽ ഇങ്ങനെയുള്ള ധീരപുരുഷന്മാർ ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ ഈ കർമ്മം നിർവ്വഹിച്ചിട്ടുണ്ടല്ലോ. വളരെ സമർത്ഥമായി അവർ ഇസ്ലാമിക സേവനം നടത്തിയിട്ടുണ്ട്. ഉയർന്ന വംശപരമ്പരയവകാശപ്പെടുന്ന ഒരുപാടു മനുഷ്യരെ അവർ അല്ലാഹുവിൻെറ അനുഗ്രഹത്തോടെ ഇസ്ലാമിലേക്ക് നയിച്ചു. ഇരുളിൽനിന്നു വെളിച്ചത്തിലേക്കു. മനുഷ്യരെ ആരാധിക്കുന്നതിൽനിന്ന അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്ക്— അങ്ങനെ, മുമ്പ് അവരുടെ ആത്മാർത്ഥവും ശുദ്ധവുമായ പ്രവർത്തനങ്ങരം ഫലിച്ചിട്ടുണ്ട്. അക്കാലത്തും ശേഷവും അതു സംഭാവനകളർപ്പിച്ചു. അവരുടെ ശ്രേഷ്ഠതകൊണ്ട് ഇസ്ലാമിക ചരിത്രത്തിൽ 'ഇസ്വ്ലാഹീ' പ്രവർത്തനം ഇടമുറിയാതെ തുടർന്നുവന്നു.

www.abulhasanalinadwi.org

വിദേശീയാധിപത്യത്തിൻെറയും ആധുനിക ഭൗതിക നാഗരികതയുടെയും സ്വാധീനംകൊണ്ട് ധാർമ്മിക രംഗവും വഷളായി. സമൂഹം അരാജകത്വത്തിലേക്കും ധാർമ്മികാധഃപതനത്തിലേക്കും ആണ്ടുവീഴുകയായിരുന്നു. ഭൗതികതയോടും ദേഹേച്ഛയോടുമുള്ള ആരാധനാഭാവം; ജയിച്ചടക്കുന്ന അധികാരികളോടും, അക്രമം ചെയ്യുന്ന ധനികരോടുമുള്ള നിന്ദ്യമായ വിധേയത്വം; വൈദേശിക ഭരണാധികാരികളോടുള്ള അനുകരണം; അവരുടെ ചിഹ്നങ്ങളോടും യാതൊരുവിധ സംസ്കാരമോ ശ്രേഷ്ഠതയോ ഇല്ലാത്ത സ്വഭാവത്തോടുപോലുമുള്ള അന്ധമായ അനുകരണം. ഇതൊക്കെത്തന്നെ തന്ത്രജ്ഞനായ ഒരു സാമൂഹിക പരിഷ്കർത്താവിൻെറ അനിവാര്യത വിളിച്ചോതി എന്നും സത്യത്തിലേക്ക ക്ഷണിക്കുകയും ലോകത്തിനു എന്നും സന്ദേശം നൽകുകയും ചെയ്യേണ്ട ഇസ്ലാമിക സമൂഹത്തിനു അതിൻേറതായ വ്യക്തിത്വവും മാന്യതയും ലോകത്തിൻെറ ചെങ്കോൽ പിടിക്കാനുള്ള അർഹതയും നല്ലൊരു ജീവിതം കാഴ്ചവെക്കാനുള്ള അവകാശംതന്നെയും നഷ്ടപ്പെടുത്തുന്ന അപകടകരമായ സമീപനങ്ങളോട് പൊരുതുന്ന ഒരു വ്യക്തിയുണ്ടാവണം.

വിജ്ഞാന രംഗത്ത് പ്രതിസന്ധിയുണ്ടായി. ഇസ്ലാമിക സമൂഹത്തിലെ ഏറെ വിഭാഗങ്ങളെയും കട്ടിപിടിച്ച അജ്ഞതയും അക്ഷരാഭ്യാസമില്ലായ്മയും അടക്കി ഭരിച്ചു. സമകാലീന സംസ്കാരം നേടിയ വിദ്യാസമ്പന്നർക്കാവട്ടെ ഇസ്ലാമിനെയും അതിൻെറ ശരീഅത്തിനെയും ചരിത്രത്തെയും അതിൻെറ നിലനിൽപിനുള്ള സാദ്ധ്യതയെയും കുറിച്ച് ഒന്നും അറിവില്ലാതായി. മത സംസ്കാരം നേടിയവരും സമകാ

www.abulhasanalinadwi.org

ലീന ഭൗതിക സംസ്കാരമുറക്കൊണ്ടവരും തമ്മിലുള്ള വിടവ് വലുതായിരുന്നു. ദിവസം ചെല്ലുന്തോറും ഈ വിടവ് കൂടിക്കൂടിവന്നു. ഇതും തന്ത്രപരമായ ഒരു വൈജ്ഞാനിക പ്രബോധനത്തിന്റെ അനിവാര്യതയിലേക്കു വിരൽ ചൂണ്ടി. ശരിയായ വിജ്ഞാനം പ്രചരിപ്പിക്കുന്നു സമൂഹത്തിനു ധാർമ്മിക ബോധമുണ്ടാക്കുന്ന, രണ്ട് ഇസ്ലാമിക വിഭാഗങ്ങളെയും ഒന്നിപ്പിക്കുന്ന പ്രബോധനം. ധാരാളം വിജ്ഞാന കേന്ദ്രങ്ങളും പ്രചരണ മാദ്ധ്യമങ്ങളും പണിയണം. എഴുതാനും പരിഭാഷപ്പെടുത്താനും നല്ല നിലക്കു പ്രചരിപ്പിക്കാനും ശക്തവും സമകാലികവുമായ ഇസ്ലാമിക സാഹിത്യ ഫലങ്ങളൊരുക്കാനും സംവിധാനമുണ്ടാക്കണം.

'വിശ്വാസം, സൽക്കർമ്മം' ഇവയുടെ അടിസ്ഥാനത്തിലുള്ള ജീവിതത്തിലേക്കു ക്ഷണിക്കുന്ന പഴയകാല ഇസ്ലാമിക പ്രബോധനത്തിന്റെ അതേ ശൈലിയിലുള്ള പ്രബോധനം തന്നെയായിരുന്നു, കാലഘട്ടത്തിന്റെ ഏററവും വലിയ താൽപര്യം. അല്ലാഹു വിജയവും ശത്രുക്കളുടെ മേൽ അധീശത്വവും, ദുനിയാവിലും പരലോകത്തും സഹായവും വാഗ്ദാനംചെയ്യുന്നത് ഇസ്ലാമിക ജീവിതത്തിനാണല്ലോ. മുഹമ്മദ് (സ) യെ അല്ലാഹു അയച്ചതിനുശേഷം ഒരിക്കലും പുതിയ ഒരു മതത്തെ നമുക്കാവശ്യമേയില്ല. മറിച്ച് ഇസ്ലാമിക ചരിത്രത്തിന്റെ പല ദശകളിലും ആധുനികത സൃഷ്ടിച്ച പ്രതിസന്ധികളെ ചെറുക്കുകയും സമകാലീന ജീവിതത്തിന്റെ പ്രേരകങ്ങളെയും ആധുനിക ഭൗതിക ചിന്താധാരകളുടെ ശക്തിയേയും തട

www.abulhasanalinadwi.org

ഞ്ഞു നിർത്തുകയും ചെയ്യുന്ന 'പുതിയ ഈമാൻ' ഈ സമൂഹത്തിന് ആവശ്യമായിരുന്നിട്ടുണ്ട്.

അന്നൊക്കെ, കാലഘട്ടത്തിന്റെ താൽപര്യങ്ങളനുസരിച്ച് ഇസ്ലാമിക ലോകത്തെങ്ങും വീരപുരുഷന്മാരുദയം ചെയ്തിട്ടുണ്ട്. അനിവാര്യമായ പരിഷ്കരണ സംസ്കരണ സംരംഭങ്ങളുമായി കിണഞ്ഞു മുന്നേറിയിട്ടുണ്ട്. അവയൊക്കെ അംഗീകാരവും നന്ദിയുമർഹിക്കുന്നു. അവർ തങ്ങളുടെ ബാദ്ധ്യത നിർവ്വഹിച്ചു. അവകാശവാദമുന്നയിക്കാതെ, വെല്ലുവിളിക്കാതെ, അവർ ഊഴം പൂർത്തിയാക്കി. പുതിയ ഇസ്ലാമിലേക്കോ പുതിയൊരു നബിയിലേക്കോ അവരാരും ക്ഷണിച്ചില്ല. മുസ്ലിംകളെ കാഫിറാക്കിയില്ല യാതൊരു ബുദ്ധിമുട്ടുമുണ്ടാക്കാതെ, ഉപകാരം മാത്രം ചെയ്തു. അപകടമുണ്ടാക്കാതെ; സേവനം മാത്രം. സമൂഹത്തിൽ ഭിന്നതകളോ ചേരിതിരിവുകളോ അരാജകത്വമോ വർദ്ധിപ്പിച്ചില്ല. ശത്രുവിനോടല്ലാതെ, വേണ്ടിടത്തല്ലാതെ അവർ സമരം ചെയ്തില്ല.

ഇസ്ലാമിക ലോകത്തു വലിയ ഇളക്കം സംഭവിച്ച ഈ വിഷമകരമായ ചുററുപാടിലാണ് 'മീർസാ ഗുലാം അഹ്മദ്' കടന്നു വരുന്നത്. ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിലൂടെ, ഈ ചലനം ഏററവും കടുത്തതോതിൽ പ്രത്യക്ഷപ്പെട്ട ഈ ഭാരതത്തിൽതന്നെ. ''യേശുവിന്റെ ആരോഹണവും അവതാരവും'' എന്ന ഒരൊററ വിഷയത്തിൽ മാത്രമാണ് തന്റെ ചിന്തയും വിജ്ഞാനവും തൂലികയും കേന്ദ്രീകരിച്ചത്. തന്റെ ഏററവും പ്രധാനമായ ലക്ഷ്യം ഇതാണെന്ന് അദ്ദേഹം വ്യക്തമാക്കി. ജിഹാദിനെ നിരോധിക്കുക; ഇംഗ്ളീ

www.abulhasanalinadwi.org

ഷു ഭരണകൂടത്തെ വാഴ്ത്തുക; ബഹുമാനിക്കുക; അതിനോട് കൂറുപുലർത്താൻ ആഹ്വാനം ചെയ്യുക— ഇതൊക്കെയാണ് മീർസായുടെ ലക്ഷ്യങ്ങൾ. തൻെറ ജീവിതം മുഴുവൻ ഈ വിഷയത്തെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് എഴുതി അദ്ദേഹം കാലം കഴിച്ചുകൂട്ടി. തടിച്ച ഗ്രന്ഥക്കെട്ടുകളിൽ ഈ ബ്രിട്ടീഷു പ്രേമം ഒഴിവാക്കിയാൽ പിന്നെ എതാനും ഏടുകൾ മാത്രമേയുണ്ടാവൂ.

മതപരമായ തർക്കവിതർക്കങ്ങൾക്കു വളരെ മുമ്പേ ഇരയായിക്കഴിഞ്ഞിരുന്നു. ഒരുപാടു വിഭാഗങ്ങളായി ചേരി തിരിഞ്ഞിരുന്ന ഇസ്ലാമിക ലോകത്താണ് മീർസാ പ്രത്യക്ഷപ്പെടുന്നത്. എന്നിട്ടദ്ദേഹം ഒരു പുതിയ പ്രവാചകനാണു താനെന്നു വാദിച്ചു. തന്നിൽ വിശ്വസിക്കാത്തവരൊക്കെ കാഫിറാണെന്നു പ്രഖ്യാപിച്ചു. അദ്ദേഹത്തിനും മുസ്ലിംകൾക്കുമിടയിൽ 'പുതിയ നബി' എന്ന കട്ടിയുള്ള മറ, അദ്ദേഹം സ്ഥാപിച്ചു. അങ്ങനെ ഒരു ഭാഗത്തു ഖാദിയാനികളും മറുഭാഗത്ത് ആയിരക്കണക്കിനു മുസ്ലിംകളുമായി സമൂഹം വീണ്ടും വിഭജിക്കപ്പെട്ടു. ആദ്യമായി ഇന്ത്യയിലും അവസാനം പാക്കിസ്ഥാനിലും. ഭിന്നതക്കുമേൽ ഭിന്നത. ഇസ്ലാമിൽനിന്നു വളരെയേറെ അകന്നു മാറിക്കൊണ്ടു ഒരു വിഭാഗംകൂടി! ഇസ്ലാമിൻെറ ശത്രുക്കൾ. അങ്ങനെ എണ്ണമററ മുസ്ലിം പ്രശ്നങ്ങളിൽ ഖാദിയാനികൾ ഒരക്കംകൂടി കൂട്ടിച്ചേർത്തു. മുസ്ലിംകളിന്നും വിഷമിക്കുന്ന ഒരു ചങ്ങല കൂടി!

അഭിമാനാർഹമായ ഒരു സംഭാവനയും 'ഇസ്ലാമിക ചൈതന്യക' ത്തിലേക്കു മീർസാ കൂട്ടിച്ചേർത്തിട്ടി

www.abulhasanalinadwi.org

ല്ല. ഇസ്ലാമിക ലോകവും പരിഷ്കരണ സംസ്കരണ ചരിത്രവും നന്ദിപൂർവ്വം സ്മരിക്കുന്ന ഒന്നും അദ്ദേഹം നൽകിയില്ല ഒരു മത പരിഷ്കർത്താവോ, സാമൂഹ്യ പരിഷ്കർത്താവോ ആയിരുന്നില്ല മീർസാ. മറിച്ച് ഒരു വ്യക്തി. ഒറ്റപ്പെട്ട പ്രബോധകൻ. ആഗാഖാൻെറ കാരണവൻമാരെപ്പോലെ, തനിക്കും തൻെറ കുടുംബത്തിനും പിൻഗാമികൾക്കും വേണ്ടി ഒരു ആത്മീയ കേന്ദ്രം, സ്വേച്ഛാധിപത്യ കേന്ദ്രം, സ്ഥാപിക്കുകയാണ് അദ്ദേഹം ചെയ്തത്. എന്നും വിപ്ളവത്തിൻേറയും നിരീശ്വരത്വത്തിൻേറയും മത വിരുദ്ധ പ്രക്ഷോഭങ്ങളുടേയും ഈററില്ലമായിരുന്ന 'ചിന്താപരമായ അരാജകത്വം' തന്നെയാണ് ഈ മനുഷ്യനും സംഭാവന ചെയ്തത്. അദ്ദേഹം ജീവിച്ച കാലത്ത് വിരലിലെണ്ണാവുന്ന വ്യക്തികൾ മാത്രമേ പുറത്തു നിന്നു ഇസ്ലാം സ്വീകരിച്ചുള്ളു എന്നത് ശ്രദ്ധേയമാണ്.

അദ്ദേഹത്തിൻെറ പരിശ്രമവും ശ്രദ്ധയും മുഴുവൻ മുസ്ലിംകൾക്കു നേരെയായിരുന്നു. അവരിൽ സംശയങ്ങളിളക്കി വിടുക.

ഇന്ത്യയിൽ പൊതുവെയും, പഞ്ചാബിൽ പ്രത്യേകിച്ചും ബ്രിട്ടീഷ് ആധിപത്യം മൂലമുണ്ടായ ചിന്താപരമായ അരാജകത്വത്തിനും മുസ്ലിം ഭരണത്തിൻെറ തകർച്ചക്കും ഇസ്ലാമിക സമൂഹത്തിൻെറ ദുർബലതക്കും വെറും ഇൽഹാമുകളും സ്വപ്ന ദർശനങ്ങളും മാത്രം പ്രചരിപ്പിക്കുന്ന അറിവില്ലാത്ത സൂഫികളും കാരണക്കാരാണ്. പുതിയ തലമുറക്ക് ഇസ്ലാമിനെക്കുറിച്ചു ഒരു പിടിപാടുമുണ്ടായിരുന്നില്ല. ബ്രി

www.abulhasanalinadwi.org

ട്രീഷുകാർ ഈ 'പുതിയ മത'ത്തെ ദത്തെടുത്തു, പാലൂട്ടി പളർത്തി, സംരക്ഷിച്ചു, ധൈര്യമേകി– ഈ മൂന്നു കാരണങ്ങളില്ലായിരുന്നുവെങ്കിൽ വെറും ഇൽഹാമുകളുടെയും സ്വപ്നദർശനങ്ങളുടെയും ദുർവ്യാഖ്യാനങ്ങളുടെയും കെട്ടുറപ്പില്ലാത്ത അടിത്തറ മാത്രമുള്ള ഈ ഖുറാഫി പ്രസ്ഥാനം; ഇസ്ലാമിക സമൂഹത്തിൽ പൊട്ടിമുളക്കുമായിരുന്നില്ല. പക്ഷെ ഇതൊരു ശിക്ഷയാണ്. അജ്ഞതക്കും, അടിമത്തഭാവത്തിനും, അനശ്വരമായ ഇസ്ലാമിന്റെ അനുഗ്രഹങ്ങളോടുള്ള നിഷേധത്തിനും അന്ത്യപ്രവാചകനോടുള്ള അവഗണനക്കും അല്ലാഹു നൽകിയ ശിക്ഷ.

ബാതിനിയ്യാക്കളെയും അതിന്റെ ചരിത്രപരമായ പര്യവസാനത്തെയും കുറിച്ച് ഡമസ്കസ് സർവ്വകലാശാലയിൽ ഞാൻ ചെയ്ത ഒരു പ്രസംഗത്തിൽനിന്നൊരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ പുസ്തകം അവസാനിപ്പിക്കട്ടെ.

'ബാതിനിയ്യാ'ക്കളുടെയും 'ഇഖ്വാനുസ്വഫാ'യുടെയും 'ബഹായി'കളുടെയും 'ഖാദിയാനി'കളുടെയുമൊക്കെ ചരിത്രം വായിക്കുമ്പോഴും എനിക്കു തോന്നാറുണ്ട്; ഇവരൊക്കെ ഇസ്ലാമിന്റെ ചരിത്രവും മുഹമ്മദ്(സ)യുടെ പ്രബോധന ചരിത്രവും നന്നായി വായിച്ചിട്ടുണ്ട്. അപ്പോഴവർ കണ്ടത് ഇതാണ്. ഒററപ്പെട്ട ദരിദ്രനായൊരു മനുഷ്യൻ അറേബ്യയിൽ പ്രത്യക്ഷപ്പെടുന്നു. എന്നിട്ട് ഒരു വിശ്വാസ സംഹിതയിലേക്കും നിയമ സംഹിതയിലേക്കും ക്ഷണിക്കുന്നു. ആ പ്രബോധനം വളരെപ്പെട്ടെന്നു സമൂഹമായി; രാഷ്ട്രമായി, നാഗരികതയായി വളരുന്നു.

www.abulhasanalinadwi.org

ചാരിത്രത്തെ പുതിയൊരു വഴിക്ക്, മുഹമ്മദ്(സ) തിരിച്ചുവിടുന്നു—ഇതൊക്കെ വായിച്ച് അവരുടെ അത്യാർത്തിയുള്ള മനസ്സു വഞ്ചിതമായി. ഈ അനുഭവത്തിൻെറ വെളിച്ചത്തിൽ, ബുദ്ധിയും തന്ത്രവും, സംഘാടക ശക്തിയും മററു ഭൗതികജ്ഞാനവും അനുയായികളുമുണ്ടെങ്കിൽ ഒരു പക്ഷെ ഒരു സമൂഹത്തെയും രാഷ്ട്രത്തെയും നാഗരികതയെയും സ്വന്തമായി സൃഷ്ടിക്കാമല്ലോ എന്ന ചിന്ത അവരെ വഞ്ചിച്ചു. പരിശ്രമങ്ങാം എന്തുകൊണ്ടു ഫലം കായ്ചുകൂടാ? എന്തുകൊണ്ട് അമാനുഷികതകളാവർത്തിച്ചു കൂടാ? മനുഷ്യപ്രകൃതി എന്നും മനുഷ്യ പ്രകൃതിതന്നെയാണല്ലോ. ജനങ്ങളെന്നും മൗലികതയിൽ സദൃശരാണല്ലോ.

ചുററുപാടുകളിൽ നിന്നൊഴിഞ്ഞ് ഏകനായി, ഫഖീറായി പ്രത്യക്ഷപ്പെട്ട ഒരു മനുഷ്യനെ–മുഹമ്മദ് (സ)യെ–മാത്രമാണവർ നോക്കുന്നത്. അദ്ദേഹത്തിനു പിൻബലമേകിയ ദിവ്യസന്ദേശത്തെ; പ്രവാചകത്വത്തെ, വ്യക്തിത്വത്തെ പരിപാവനമായ തിരുചര്യയെ അവർ കാണുന്നില്ല. ഈ പ്രസ്ഥാനം ജയിക്കുമെന്നും അനശ്വരമാവുമെന്നും താരുമാനിച്ച ആ 'ദൈവിക വിധി' ഇതിനു പിന്നിലുണ്ടെന്നതവർ കണ്ടില്ല.

''മററു മതങ്ങളെയൊക്കെ ജയിച്ചടക്കുമാറ് സന്മാർഗ്ഗത്തോടും സത്യമതത്തോടുംകൂടി തൻെറ ദൂതനെ അയച്ചവനാണല്ലാഹു.''

അങ്ങനെ, കുറച്ചു കാലത്തേക്ക് അവരുടെ പരിശ്രമങ്ങാംക്കു ഫലം കണ്ടു. അനുഗാമികളും സഹായികളുമുണ്ടായി. ബാത്വിനിയ്യാക്കളെപ്പോലെ ചിലർക്ക

www.abulhasanalinadwi.org

ഒരു രാഷ്ട്രംതന്നെ സ്ഥാപിക്കാൻ കഴിഞ്ഞു. ആ രാഷ്ട്രം തിളങ്ങി നിൽക്കും. ആസൂത്രണങ്ങളും കുതന്ത്രങ്ങളും ക്രമാനുഗതയും കുറച്ചുനാരം നിലനിൽക്കും. ഏറെക്കഴിയില്ല, അതു തകർന്നു തരിപ്പണമാവും. ആ മതങ്ങരം പിന്നെ കൂടുകയോ കുറയുകയോ ചെയ്യാത്ത അതിശുഷ്കമായ പരിധിയിലൊതുങ്ങി നിൽക്കും. എന്നാൽ മുഹമ്മദ്(സ) കൊണ്ടുവന്ന ഇസ്ലാമോ? അതെന്നും മഹത്തായ ആത്മീയ ശക്തിയാണ്; അതിനു സമൂഹമുണ്ട്, മുഹമ്മദ്(സ)യുടെ അന്ത്യപ്രവാചകത്വത്തിന്റെ സൂര്യനാവട്ടെ, ഒരു ദിവസംപോലും മറയാതെ, മേഘം മൂടാതെ പ്രോജ്ജ്വലമായി നിലനിൽക്കുന്നു.

www.abulhasanalinadwi.org

## അവലംബം


1. മൗലാനാ മുഹമ്മദലി— ബയാനുൽ ഖുർആൻ P: 1/371
2. P: 1/5
3. ബയാനുൽ ഖുർആൻ P: 1/65
4. IBID P: 1/66
5. ,, P: 1/69
6. ,, 1/69
7. ,, 1/70
8. ,, 1/74
9. ,, 1/75
10. ,, 1/79
11. ,, 1/313
12. ,, 1/314–315
13. ,, 1/321
14. ,, 2/768
15. ,, 2/1213
16. ,, 2/1244
17. ,, 3/2391
18. ,, 3/1536
19. ,, 3/1413
20. ,, 2/1278
21. ,' 3/1534
22. ,, 3/1435
23. ,, 3/1416–1417
24. ,, 3/1590
25. ,, 3/2711
26. ,, 3/1893
27. ഹഖീഖത്തെ ഇസ്‌ലാം. ലാഹോർ ജനു: 1934.
28. IBID


www.abulhasanalinadwi.org

# അനുബന്ധം 1

മീർസാ ഗുലാം അഹ്മദ് ഖാദിയാനി നബിയാണോ എന്നു തീരുമാനിക്കേണ്ടത് മുഹമ്മദ്(സ)ക്കുശേഷം ഒരു പ്രവാചകൻ വരാമോ എന്നു സ്ഥാപിച്ചശേഷം മാത്രമാണല്ലോ. ഖുർആനും സുന്നത്തും, പ്രവാചകത്വം അവസാനിച്ചുവെന്നാണ് സ്ഥാപിക്കുന്നത്. അക്കാര്യം വളരെ ചുരുക്കി വിവരിക്കുകയാണീ അനുബന്ധത്തിലൂടെ. വിശദീകരിക്കാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. ഖാദിയാനികൾ ദുർവ്യാഖ്യാനം ചെയ്ത ആയത്തുകൾ തന്നെയാണ് ഞാനിതിൽ ഉപയോഗിക്കുന്നത്.

## *നുബുവ്വത്ത് എന്തിനു?*

ലോകം ഇരുട്ടിലാവുകയും കഴിഞ്ഞുപോയ പ്രവാചകൻെറ കൽപനകളും ദിവ്യഗ്രന്ഥവും നശിക്കുകയും ഇനിയാർക്കും സത്യം കണ്ടെത്താനാവാത്ത വിധം അസത്യം ലോകത്തെയൊന്നാകെ മൂടുകയും ചെയ്യുമ്പോഴാണ് 'നബുവ്വത്ത്' ണ്ടാവുക. കഴിഞ്ഞകാല പ്രവാചകരുടെ ചരിത്രം, അതു വ്യക്തമായും തെളിയിക്കുന്നു.

www.abulhasanalinadwi.org

ആദം(അ)ൻെറ സത്യസന്ദേശം നശിച്ചു. ജനം 'വദ്ദ്'' 'സുവാഅ്'' തുടങ്ങിയ മഹാന്മാരെ ആരാധിക്കുന്ന ശിർക്കിലേക്കു വഴിമാറി. ഇതു തെററാണെന്നു പറയാൻ അന്നാരുമുണ്ടായിരുന്നില്ല. അപ്പോഴാണ് നൂഹ് (അ)നെ അല്ലാഹു അയക്കുന്നത്. തൗറാത്തും ഇഞ്ചീലും മജ്ജ നശിച്ച പുറന്തോടു മാത്രമായി; കൈകടത്തലുകളാൽ വികൃതമായ ഒരു സാഹചര്യത്തിലായിരുന്നു മുഹമ്മദ്(സ)യുടെ നിയോഗം.

## *മുഹമ്മദ്(സ)യുടെ പ്രവാചകത്വം*

മുമ്പുള്ള സകല നബിമാരും ഓരോ നാടുകളിലേക്കായാണയക്കപ്പെട്ടത്. എന്നാൽ മുഹമ്മദ്(സ) സകല ലോകരിലേക്കും കാലങ്ങളിലേക്കും നബിയാണ് വന്നത്. ''ലോകർക്കൊന്നായി താക്കീതുകാരനായി.'

''ജനങ്ങൾക്കു മുഴുവനും താക്കീതുകാരനും സന്തോഷവാർത്തയറിക്കുന്നവനുമായി;

''മക്കയിലെ മനുഷ്യരെയും, പിന്നെ അതു എത്തുന്നവരെയും താങ്കൾ താക്കീതു നൽകാൻ''— എന്നൊക്കെ ഖുർആനിൽ കാണാം. ഹദീസുകളും ഈ വിഷയത്തിലുണ്ട്.

മുഹമ്മദ് (സ)യുടെ നുബുവ്വത്ത് പരിപൂർണ്ണമാണെന്നു ഖാദിയാനികളും സമ്മതിക്കുന്നു. ['സൻമാർഗ്ഗദർശിനി', 'അന്നുബുവ്വത്തുഫിൻ ഖുർആൻ' ഇവ നോക്കുക]

ഖുർആൻ വളരെ വ്യക്തമായി പഠിപ്പിച്ചു. 'ഇന്നു നാം നിങ്ങൾക്കു നിങ്ങളുടെ മതം പൂർത്തിയാക്കി

www.abulhasanalinadwi.org

ത്തന്നു. എൻെറ അനുഗ്രഹം നിങ്ങാക്കു മുഴുവനാക്കി. ഇസ്‌ലാമിനെ നിങ്ങാക്കു മതമായി തൃപ്തിപ്പെട്ടു തന്നു. (മാഇദ: P :4)

നേരത്തെ പറഞ്ഞു: സത്യം നശിക്കുകയും സത്യം പറയാനാരുമില്ലാതാവുകയും ചെയ്യുമ്പോഴാണ് നബി വരുക എന്ന്. ഇവിടെ, മതം പൂർത്തിയായിക്കഴിഞ്ഞുവെന്ന് എല്ലാവരും സമ്മതിക്കുന്നു. അപ്പോാ ഇനി നബി വരണമെങ്കിൽ, ഒന്നുകിൽ മുഹമ്മദ് (സ) പഠിപ്പിച്ച ആദർശം സമ്പൂർണ്ണമായും മറയണം. അല്ലെങ്കിൽ അദ്ദേഹത്തിന് ഒരു സഹായി ആവശ്യമാവണം.

നബി (സ) പഠിപ്പിച്ച ആദർശം, എന്തു വന്നാലും ഇനി നശിക്കില്ല എന്നത് അല്ലാഹുവിൻെറ വാഗ്ദാനമാണ്. അല്ലാഹു പറയുന്നു:

> ''തീർച്ചയായും നാമാണ് ഖുർആനിറക്കിയത്. നാം തന്നെ ഇത് സൂക്ഷിക്കുകയും ചെയ്യും; തീർച്ച''. (ഹിജ്ർ–9)

ഖുർആൻെറ സൂക്ഷിപ്പ് അതിൻെറ ആശയങ്ങളുടേയും അർത്ഥങ്ങളുടേയും സൂക്ഷിപ്പാണെന്നത് ഒരു പ്രാഥമിക സത്യമാണല്ലോ. ഖാദിയാനികളും ഇത് സമ്മതിക്കുന്നു. (അന്നുബുവ്വത്തുഫിൽ ഖുർആൻ)

സുന്നത്ത് അനശ്വരമാണെന്നു വളരെ വ്യക്തമാണ്. അഭിപ്രായാന്തരങ്ങളുണ്ടാവുമ്പോാ അത് തീർക്കാൻ ഒരു പ്രവാചകൻെറ ആഗമനം പ്രതീക്ഷിക്കാനല്ല; ഇസ്‌ലാമിൻെറ കൽപന. മുഹമ്മദ് (സ)ക്കുമു

www.abulhasanalinadwi.org

മ്പ് അഭിപ്രായാന്തരങ്ങൾ തീർക്കാൻ പ്രവാചകൻമാരാണ് ഗ്രന്ഥങ്ങളുമായി വരാറുള്ളത്. ഇവിടെ, ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങാനാണു പഠിപ്പിക്കുന്നത്.

'നിങ്ങളേതെങ്കിലുമൊരു കാര്യത്തിൽ തർക്കിച്ചാൽ പ്രശ്നം അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക.' (നിസാഅ് 62)

റസൂൽ(സ) അരുളി:

> ''രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങൾക്കു തന്നുപോകുന്നു. അതു രണ്ടും മുറുകെ പിടിക്കുന്നേടത്തോളം നിങ്ങൾ വഴിപിഴക്കുകയേയില്ല. അല്ലാഹുവിൻെറ കിതാബും അവൻെറ ദൂതൻെറ ചര്യയുമാണത്.'' (ഹദീസ്)

'നിങ്ങളിൽ എനിക്കുശേഷം ജീവിച്ചിരിക്കുന്നവർ തീർച്ചയായും ഒരുപാടു അഭിപ്രായാന്തരങ്ങൾ കാണും. അപ്പോൾ നിങ്ങളെൻെറയും സച്ചരിതരായ പിൻഗാമികളുടെയും ചര്യ സ്വീകരിക്കണം; നിർബന്ധമായും അതു മുറുകെ പിടിക്കണം. അണപ്പല്ലുകൊണ്ടുതന്നെ കടിച്ചുപിടിക്കണം.'' (ഹദീസ്)

മുമ്പൊക്കെ, പ്രവാചകൻ വന്നുപോയി കുറേക്കാലങ്ങൾ കഴിയുമ്പോൾ സത്യം അപ്രത്യക്ഷമാവുകയും, മനസ്സു കട്ടിയാവുകയും ചെയ്യാറുണ്ട്.

> ''അല്ലാഹുവെക്കുറിച്ച ഓർമ്മക്കും അവതീർണ്ണമായ സത്യത്തിനും കീഴടങ്ങാനും; മുമ്പ് വേദം നൽകപ്പെട്ടവർ കാലേമറെ കടന്നപ്പോൾ ഹൃദയം ക

www.abulhasanalinadwi.org

> ടുത്തതാവുകയും അധികം പേരും തെമ്മാടികളാവുകയും ചെയ്തപോലെ ആവാതിരിക്കാനും സത്യവിശ്വാസികൾക്ക നേരമായില്ലേ?'' (ഹദീദ് 15)

ഗ്രന്ഥം കിട്ടി, കാലം കടക്കുമ്പോൾ ഹൃദയം കടുത്തുപോവുകയും അധികം പേരും തെമ്മാടികളാവുകയും ചെയ്യുമ്പോൾ ഖാദിയാനികൾ ദുർവ്യാഖ്യാനം ചെയ്യുന്നപോലെ– വേദക്കാർക്കു വന്നപോലെ നിങ്ങൾക്കും പ്രവാചകന്മാർ വരുമെന്നല്ല; ആ അവസ്ഥ നിങ്ങൾക്ക വരരുത് എന്നാണ് അല്ലാഹു ഇവിടെ കർശനമായി താക്കീതു നൽകുന്നത്. മാത്രവുമല്ല; ഒരിക്കലും ഇസ്ലാമിൻെറ ഏതെങ്കിലുമൊരംശം ലോകത്തുനിന്നു മറഞ്ഞു പോവുകയില്ല എന്നതും സത്യം. റസൂൽ (സ) അരുളുന്നു:

> ''എൻെറ സമൂഹത്തിൽ നിന്നൊരു വിഭാഗം എന്നും സത്യത്തിൽ ജയിച്ചു നിൽക്കും. അന്ത്യനാൾ വരെ, അവരങ്ങനെതന്നെയുണ്ടായിരിക്കും.'' (ബുഖാരി, മുസ്ലിം)

''എൻെറ സമൂഹം ഒരിക്കലും അസത്യത്തിൽ ഒരുമിക്കില്ല.'' (ഹദീസ്) അപ്പോൾ, പുതിയ ഒരു പ്രവാചകനെന്നല്ല; പഴയ പ്രവാചകൻെറ ആദർശംതന്നെ പ്രചരിപ്പിക്കുന്ന ഒരു പ്രതിപുരുഷ പ്രവാചകൻപോലും ആവശ്യമില്ലെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

## *ഹിദായത്തിനു പ്രാർത്ഥിക്കുക*

സൻമാർഗ്ഗം ഇന്നും നിലനിൽക്കുന്നുണ്ട്: അന്യൂനമായി. അന്ത്യനാൾ വരെ അതങ്ങനെ തന്നെ. ഇന്ന

www.abulhasanalinadwi.org

താണ്‌ സത്യമെന്നു മനസ്സിലാക്കാൻ മാർഗവുമുണ്ട്‌. അല്ലാഹുവോട്‌, ആ ഹിദായത്തിൽ നമ്മെ നയിക്കാനും നടത്താനും എന്നും പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. നബിമാരും സ്വിദ്ദീഖുകളും ശുഹദാക്കളും സ്വാലിഹുകളും നടന്ന വഴിയാണ്‌ സൻമാർഗ്ഗം. ആ വഴിയാണ്‌ നമുക്ക വേണ്ടത്‌. അതാണ്‌ ഫാതിഹയിലെ പ്രാർത്ഥന.

''നേരായ വഴിയിൽ ഞങ്ങളെ നീ നടത്തേണമേ. നീ അനുഗ്രഹിച്ചവരുടെ വഴി. നീ കോപിച്ചവരുടെയോ പിഴച്ചുപോയവരുടേയോ അല്ലാത്ത വഴി'.

ഞങ്ങളെ നബിമാരും സ്വിദ്ദീഖുമാരും ശുഹദാക്കളും സ്വാലിഹുകളുമാക്കണേ എന്നല്ല ഈ പ്രാർത്ഥന. [ഖാദിയാനികൾ അങ്ങനെയാണ്‌ ദുർവ്യാഖ്യാനം ചെയ്യുന്നത്‌.] ഞങ്ങളെ സ്വാലിഹുകളിൽ പെടുത്തണേ എന്നു എവിടെയും പ്രാർത്ഥനയില്ലെന്നു പറയുന്നില്ല. ഇവിടെ പ്രാർത്ഥന അതല്ലെന്നു മാത്രം. അവരൊക്കെ നടന്ന വഴിയാണിസ്‌ലാം. ആ ഇസ്‌ലാമിൽ ഞങ്ങളെയും വഴി നടത്തേണമേ എന്നതാണീ പ്രാർത്ഥന. ഇതു പ്രാർത്ഥിക്കുകയും എന്നിട്ട്‌ അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കുകയും ചെയ്‌താൽ പരലോകത്ത്‌ അവർ നബിമാരുടേയും സ്വിദ്ദീഖുമാരുടേയും സ്വാലിഹുകളുടേയും കൂടെയായിരിക്കും. പരലോകത്ത്‌ അവരാണ്‌ നല്ല കൂട്ടുകാർ. ഖുർആൻ വ്യക്‌തമായി പഠിപ്പിച്ചു.

''അല്ലാഹുവിനെയും റസൂലിനേയും അനുസരിച്ചവർ; അല്ലാഹു അനുഗ്രഹിച്ചനബിമാർ, സ്വിദ്ദീഖുമാർ, ശഹീദുമാർ, സ്വാലിഹുകൾ എന്നിവരോട്‌ കൂടെയായിരിക്കും. അവരത്രെ നല്ല കൂട്ടുകാർ'.

www.abulhasanalinadwi.org

ഇത്, ദുനിയാവിൽ ഖുർആനും സുന്നത്തുമനു സരിച്ചവർക്കു അല്ലാഹു പരലോകത്തു നൽകുന്ന ബഹുമാനമാണ് ഈ ആയത്തിൻെറ അവതരണ കാരണങ്ങൾ. സകല ഖുർആൻ വ്യാഖ്യാതാക്കളും, പ്രാമാണികരായ ഹദീസു പണ്ഡിതരും വ്യക്തമാക്കുന്നു.

സഈദുബ്നു ജുബൈർ(റ) പറയുന്നു. ''ഒരു അൻസാരി ദു:ഖിതനായി റസൂൽ(സ)യുടെ അടുത്തു വന്നു. അവിടുന്നു ചോദിച്ചു: 'എന്താ, സഹോദരാ താങ്കളെ ദു:ഖിതനായി കാണുന്നത്?''

'അല്ലാഹുവിൻെറ ദൂതരെ! ഞാനൊരു കാര്യം ചിന്തിക്കുകയായിരുന്നു.'

'എന്താണത്?''

'ഞങ്ങളെന്നും താങ്കളുടെയടുക്കൽ വരുന്നു. താങ്കളെ കാണുന്നു. താങ്കളോടൊത്തിരിക്കുന്നു. എന്നാൽ താങ്കൾ നാളെ, നബിമാരോടൊപ്പം അത്യുന്നതങ്ങളിലായിരിക്കും. ഞങ്ങൾ താങ്കളുടെയൊപ്പമെത്തുകയില്ലല്ലോ.' റസൂൽ(സ) ഒന്നും മറുപടി പറഞ്ഞില്ല. അപ്പോഴാണ് ഈആയത്തുമായി ജിബ്രീൽ(അ)വന്നത്''.

റബീഉബ്നു കഅ്ബ്(റ) പലപ്പോഴും റസൂലിൻെറകൂടെ അന്തിയുറങ്ങാറുണ്ട്. റസൂലിനു വുസു എടുക്കാനുള്ള വെള്ളം ഒരുക്കും; മററാവശ്യങ്ങൾ ശ്രദ്ധിക്കും. അങ്ങനെ ഒരിക്കൽ റസൂൽ(സ) അവശ്യപ്പെട്ടു; 'നിനക്കെന്തുവേണം, ചോദിക്കൂ.'

'റസൂലേ; സ്വർഗ്ഗത്തിൽ താങ്കളുടെ സാമീപ്യമാണ് ഞാൻ ചോദിക്കുന്നത്.'

www.abulhasanalinadwi.org

'മററൊന്നുമില്ലേ?'

'ഇല്ല; അതുമാത്രം മതി'

'എങ്കിൽ, ഒരുപാടു സുജൂദു ചെയ്തുകൊണ്ട് എന്നോട് സഹകരിക്കുക.'

മറെറാരു നിവേദനം;

ഒരാാം റസൂൽ (സ)യുടെ അടുക്കൽ വന്നു പറഞ്ഞു: 'റസൂലേ! തീർച്ചയായും താങ്കളാണ് എന്റെ ആത്മാവിനേക്കാാം എനിക്കു പ്രിയങ്കരം. തീർച്ചയായും താങ്കളാണ് എന്റെ മകനെക്കാാം എനിക്കു പ്രിയങ്കരം. ഞാൻ വീട്ടിലിരിക്കുമ്പോാം താങ്കളെ ഓർമ്മ വരും എനിക്കു ക്ഷമിക്കാൻ കഴിയില്ല. ഞാനോടിയെത്തും. എന്നിട്ടു താങ്കളെ കാണും. എന്റെയും അവിടുത്തെയും മരണത്തെക്കുറിച്ച് ഓർക്കുമ്പോാം!.....ഞാനറിയുന്നു. താങ്കാം സ്വർഗ്ഗത്തിലോട്ടു കടന്നാൽ, പ്രവാചകരോടു കൂടെയാവും. ഞാൻ സ്വർഗ്ഗത്തിൽ കടക്കുകയാണെങ്കിലും താങ്കളെ കാണാനാവില്ലേ എന്നു ഞാൻ ഭയക്കുന്നു.''

അവിടുന്ന് ഒന്നും മറുപടി പറഞ്ഞില്ല. അങ്ങനെ ജിബ്രീൽ[അ] വന്നു. ഈ വചനങ്ങളവതരിപ്പിച്ചു. ആശയം എല്ലാററിന്റേയും ഒന്നു തന്നെ. ഇവിടെ ഖാദിയാനികാം വാദിക്കുന്നപോലെ, ദുനിയാവിൽ നബിയോ സ്വിദ്ദീഖോ സ്വാലിഹോ ആകാനുള്ള പ്രാർത്ഥനയോ ആശയോ അല്ല സ്വഹാബത്തു പ്രകടിപ്പിക്കുന്നതെന്ന് വ്യക്തം. മറിച്ച് ദുനിയാവിലെപ്പോലെ തന്നെ പരലോകത്തും നബി [സ] യോടൊത്തു കഴിയാനുള്ള അവസരമാണ് അവരാഗ്രഹിക്കുന്നത്, അതു

www.abulhasanalinadwi.org

കിട്ടും, അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ചാൽ എന്നാണ് അല്ലാഹു വാഗ്ദാനം നൽകുന്നത്. അപ്പോൾ ഖുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുക മാത്രമാണ് മുഹമ്മദ് (സ)ക്കു ശേഷമുള്ള സകല മനുഷ്യരുടേയും ബാദ്ധ്യത. നാം ഏതെങ്കിലുമൊരു പ്രവാചകനെ പ്രതീക്ഷിക്കുന്നില്ല. മുസ്ലിംകൾ മഹ്ദിയെ കാത്തിരിക്കുന്നില്ല. വരുമെന്ന് ഹദീസിലുള്ള മസീഹിനെപ്പോലും; എപ്പോഴാണ് അദ്ദേഹം വരുകയെന്ന് കണ്ണിലെണ്ണയൊഴിച്ചു കാത്തിരിക്കുന്നില്ല മുസ്ലിംകൾ. മറിച്ച്, വരുമ്പോൾ, അദ്ദേഹം സത്യത്തിൽ പൂർണ്ണമായും അടയാളങ്ങൾ തികഞ്ഞ ആളാണെന്നു വ്യക്തമായാൽ വിശ്വസിക്കുമെന്നു മാത്രം.

അപ്പോൾ, അഭിപ്രായാന്തരങ്ങളുണ്ടാവുമ്പോൾ ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുകയാണ് വേണ്ടതെന്നർത്ഥം. അതുപോലെ; ഹിദായത്തിനുവേണ്ടി പ്രാർത്ഥിക്കുകയും വേണം. അല്ലാഹു ഹിദായത്തു ഇഷ്ടമുള്ളവർക്കു നൽകും. വെറും പരിശീലനങ്ങളും വ്യായാമങ്ങളുംകൊണ്ടു മാത്രം നേടുന്നതല്ല സന്മാർഗ്ഗം. അല്ലാഹു ഹിദായത്തു നൽകണമെങ്കിൽ എല്ലാ കാലത്തും നബിമാർ ജീവിക്കണമെന്നു ആരും പറയില്ല. പ്രവാചകന്മാരിലൂടെ വന്ന സന്മാർഗ്ഗം, കലർപ്പില്ലാതെ നിലവിലുണ്ടായാലും, അവനിഷ്ടപ്പെടുന്നവരെ അവൻ ഹിദായത്തിലാക്കുമെന്ന പ്രയോഗം അസത്യമാവുന്നില്ല. എന്നല്ല, അവരിഷ്ടമുള്ളവരെ അവൻ സൻമാർഗ്ഗത്തിലാക്കുമെന്ന ഭാവികാലത്തെയും വർത്തമാനകാലത്തെയും കുറിക്കുന്ന ക്രിയ, നബിമാർ എന്നും വരാമെന്നാണ് കുറിക്കുന്നതെങ്കിൽ, നബിയില്ലാത്ത

www.abulhasanalinadwi.org

ഒരു നിമിഷമുണ്ടാവാൻ പാടില്ലെന്നു വരുമോ, അതാരും പറയുന്നില്ലല്ലോ.

'അല്ലാഹു എല്ലാവർക്കും അദൃശ്യം കാണിച്ചു കൊടുക്കില്ല, മറിച്ച് താനിഷ്ടപ്പെടുന്ന തൻെറ പ്രവാചകന്മാരെ അവൻ തെരഞ്ഞെടുക്കും.' എന്ന തത്വം അല്ലാഹു വ്യക്തമാക്കുന്നുണ്ട്. ഈ കാര്യങ്ങളൊക്കെ മനുഷ്യൻെറ ഇഷ്ടമനുസരിച്ചല്ല നടക്കുക. മറിച്ച്, അല്ലാഹുവിൻെറ തത്വവും തീരുമാനവുമനുസരിച്ചാണ്.' പ്രവാചകന്മാർക്കു അദൃശ്യമറിയിച്ചു കൊടുക്കും. അവരെ എൻെറ ഇഷ്ടമനുസരിച്ചു തെരഞ്ഞെടുക്കും' ഇതാണെൻെറ തത്വം— നടപടിക്രമം എന്നു സ്ഥാപിക്കുകയാണല്ലാഹു. ഖുർആനിൽ ഭാവി—വർത്തമാനകാല രൂപത്തിൽ ക്രിയവന്ന എന്നതുകൊണ്ട് ഖാദിയാനികൾ വാദിക്കുന്നപോലെ അത് ഭാവികാലത്തും വർത്തമാനകാലത്തും സംഭവിക്കുന്നതേ ആയിക്കൂടൂ എന്നില്ല. അതുപോലെ ഭൂതകാല ക്രീയ ഉപയോഗിച്ചേടത്തൊക്കെ അതു ഭൂതകാലത്തുതന്നെ സംഭവിച്ചു കൊള്ളണമെന്നുമില്ല. ഉദാഹരണങ്ങൾ ഒട്ടനവധിയാണ്.

സൂറത്തുൽ ബഖറയിൽ, വരാനിരിക്കുന്ന പരലോകത്തെ സൂക്ഷിക്കണമെന്നു പറഞ്ഞേടത്തു ഭാവികാല ക്രിയ ഉപയോഗിച്ചിട്ടും [ആയത്തു 48] തൊട്ടു തന്നെ ആയിരക്കണക്കിൽ വർഷങ്ങൾക്കു മുമ്പ് ഫിർഔൻ ഇസ്രാഈല്യരിലെ ആൺകുട്ടികളെ കൊന്നൊടുക്കുകയും പെൺകുട്ടികളെ ഒഴിവാക്കുകയും ചെയ്ത സംഭവം, ഭാവി—വർത്തമാനകാലക്രിയയുപയോഗിച്ചാണ് പറഞ്ഞത്. [യുദബ്ബിഹൂനാ യസൂമൂന, ആയത്ത് 49] അല്ല

www.abulhasanalinadwi.org

കൊണ്ട്, ഇനിയും ഫിർഔൻ അതുചെയ്യും, മൂസാ [അ] നുശേഷം എക്കാലത്തും അത് ഫിർഔൻ ചെയ്തുകൊണ്ടേയിരുന്നു എന്നാരും അർത്ഥമാക്കാറില്ലല്ലോ. ഖുർആൻ പരതൂ. ഒട്ടനവധി ഉദാഹരണങ്ങൾ കാണാം. ഭാവിയിൽ നടക്കാനിരിക്കുന്ന പരലോകത്തെക്കുറിച്ച് എമ്പാടും സ്ഥലങ്ങളിൽ ഭൂതകാലക്രിയ ഉപയോഗിച്ചിട്ടുണ്ട്, അല്ലാഹു! അതിനർത്ഥം, പരലോകം വന്നു കഴിഞ്ഞുവെന്നല്ലല്ലോ.

അതുകൊണ്ട്, ഉപയോഗിച്ച പദം ഭാവി–വർത്തമാനകാലക്രിയയാണെന്നതിന്റെ പേരിൽ മാത്രം അത് ഇനിയൊരു നബി വരാമെന്നതിനു തെളിവാക്കുന്നത് വിഡ്ഢിത്തവും. ഖുർആനിക പ്രയോഗങ്ങളെയും, അറബി ഭാഷയെയും കുറിച്ച തികഞ്ഞ അജ്ഞതയുടെ പ്രകടനവുമാണ്. അല്ലെങ്കിൽ, എന്തായാലും മീർസാ നബിയാകണം എന്ന വ്യഗ്രതയുടെ സന്തതി. തീർച്ചയായും മലക്കുകളിൽനിന്നും മനുഷ്യരിൽനിന്നും ദൂതൻമാരെ അല്ലാഹു തിരഞ്ഞെടുക്കും എന്ന തത്വം പല യിടങ്ങളിലായി ഖുർആൻ പറഞ്ഞിട്ടുണ്ട്. അതൊന്നും ഇനിയൊരു നബി വരുമെന്നതിനു തെളിവല്ല. എന്റെ കഥകൾ പറഞ്ഞു തന്നുകൊണ്ട് നിങ്ങളിൽനിന്നുതന്നെ നിങ്ങൾക്കു പ്രവാചകൻമാർ വന്നാൽ. എന്നു തുടങ്ങുന്ന ആയത്തുകൾക്കു മുന്നിൽ മനുഷ്യരേ എന്ന പ്രയോഗമുണ്ടായതുകൊണ്ടും രക്ഷയൊന്നുമില്ല.

'പ്രവാചകന്മാരെ അയക്കാതെ, മുന്നറിയിപ്പു നൽകാതെ ഒരു നാടിനെയും നശിപ്പിക്കുകയില്ലെന്ന' തത്വം അല്ലാഹു പലയിടങ്ങളിലും പ്രഖ്യാപിച്ചിട്ടുണ്ട്. മുഹമ്മദ്(സ)ക്കുശേഷം മീർസാക്കുമുമ്പ് 13 നൂററാണ്ടു

www.abulhasanalinadwi.org

കരം കടന്നുപോയി. ഒരുപാടു ശിക്ഷകളുണ്ടായി. എന്നിട്ടന്നൊന്നും നബിയിറങ്ങിയില്ല?— ശിക്ഷയെക്കുറിച്ച റസൂൽ(സ)യുടെ താക്കീതുകരം മാററിമറിക്കപ്പെടുകയോ, ഒന്നാകെ മറന്നുപോകുംവിധം നശിക്കുകയോ ചെയ്തതു കൊണ്ടാണോ മീർസാ വന്നത്? മീർസാ മരിച്ചിട്ട് ഒരുപാടു കൊല്ലമായി. ഇതിനിടെ, മുമ്പെങ്ങും നടന്നിട്ടില്ലാത്ത നാശങ്ങളുണ്ടായി. എന്നിട്ടുമെന്തേ ഒരു നബി വരുന്നില്ല? മീർസായുടെ സന്ദേശങ്ങരം നിലനിൽക്കുന്നു(?) എന്നാണുത്തരമെങ്കിൽ, മീർസായുടെതിനേക്കാരം വ്യക്തവും ശക്തവുമായിത്തന്നെ അതിനു 13 നൂററാണ്ടു മുമ്പു വന്ന റസൂൽ(സ)യുടെ സന്ദേശങ്ങരം നിലനിൽക്കുന്നുണ്ടല്ലോ. പിന്നെയെന്തിനാണ് പുതിയൊരു നുബുവ്വത്ത്? (മീർസായുടെതു നിലനിൽക്കുന്നുണ്ടോ എന്നത് മറെറാരു പ്രശ്നം.) അപ്പോരം ഒരു നിലക്കും പുതിയൊരു പ്രവാചകൻെറ ആവശ്യമേയുദിക്കന്നില്ലെന്നതാണ് സത്യം. മാത്രവുമല്ല, വിശ്വാസവും സൽക്കർമ്മവുമുണ്ടെങ്കിൽ സുഗമമായി ഇസ്ലാമിക പ്രവർത്തനം നടത്താൻ അല്ലാഹു സൗകര്യം തരുകയും ചെയ്യും. ഹാജറുള്ളവൻ ഹാജറില്ലാത്തവർക്ക എത്തിച്ചു കൊടുക്കണമെന്ന് റസൂൽ(സ)യും, നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യുന്നവരാകണം മുസ്ലിംകളെന്നു അല്ലാഹുവും കൽപിച്ചിട്ടുണ്ട്. ആ കൽപന നിറവേററാൻ തയ്യാറായാൽ അല്ലാഹു അനുഗ്രഹിക്കും; നോക്കു:

''നിങ്ങളിൽ വിശ്വസിക്കുകയും നല്ലതു ചെയ്യുകയും ചെയ്യുന്നവർക്കു അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അവർക്കു മുമ്പുള്ളവർക്കു അധികാരം നൽകിയ പോലെ, അവർക്കും ഭൂമിയിൽ അധികാരം നൽകും. അ

www.abulhasanalinadwi.org

വർക്ക് അവനിഷ്ടപ്പെട്ട ദീനിന് സൗകര്യങ്ങാം നൽകും. [നൂർ 54]

മുമ്പു കഴിഞ്ഞ സമൂഹങ്ങാം സത്യവിശ്വാസം പുണർന്നപ്പോഴൊക്കെ അവർക്ക് അല്ലാഹു സൗകര്യങ്ങാം നൽകി. മതത്തിനു സ്വാധീനവും, പ്രചരണത്തിനു സൗകര്യവും നൽകി. ആ അവസ്ഥ നിങ്ങാംക്കും വരുത്താം. ഉറച്ച വിശ്വാസവും അതിൻെറ വെളിച്ചത്തിലുള്ള കർമ്മങ്ങളുമുള്ള മുസ്ലിംകാംക്കു അല്ലാഹു നല്കുന്ന സൗകര്യങ്ങളാണിവിടെ പരാമർശിക്കുന്നത്. അല്ലാതെ ഖാദിയാനികാം ദുർവ്യാഖ്യാനം ചെയ്യുന്ന പോലെ, മുമ്പുള്ള സമൂഹങ്ങളിൽ ഖലീഫമാരെ എഴുന്നേൽപ്പിച്ചപോലെ നിങ്ങളിലും ഖലീഫമാരെ എഴുന്നേൽപ്പിക്കും എന്നല്ല.

## *ഇസ്ലാമിൻെറ പരിപൂർത്തി*

ഇസ്ലാം, മാനവ ലോകത്തിൻെറ മുഴുവൻ മതമാണ്. മുഹമ്മദ് (സ)യിലൂടെ അതു പൂർത്തിയായി. അദ്ദേഹമാകട്ടെ അത് സമ്പൂർണ്ണമായും സമർപ്പിച്ചു. ലോകത്തിനു 23വർഷത്തെ ജീവിതത്തിലൂടെ കാണിച്ചു കൊടുത്തു, സ്വർഗ്ഗത്തിലേക്കടുപ്പിക്കുകയും നരകത്തിൽനിന്നകററുകയും ചെയ്യുന്ന എല്ലാം പറഞ്ഞുതന്നു, തൻെറ ദൗത്യത്തെക്കുറിച്ച് അദ്ദേഹം പൂർണ്ണമായും ബോധവാനായിരുന്നു. എല്ലാ നബിമാരോടും, തങ്ങളുടെ ദൗത്യം നിർവ്വഹിക്കുമെന്ന ഉറപ്പ് അല്ലാഹു വാങ്ങിയിട്ടുണ്ട്. പ്രത്യേകിച്ച് ഉലുൽ അസ്മിൽനിന്ന്: നോക്കു.

പ്രവാചകന്മാരിൽ നിന്നെല്ലാം— താങ്കളിൽനിന്നും നൂഹ്, ഇബ്റാഹീം, മൂസാ, മർയമിൻെറമകൻ ഈസാ

www.abulhasanalinadwi.org

എന്നിവരിൽ നിന്നുമെല്ലാം നാം കരാർ വാങ്ങിയ സന്ദർഭമോർക്കു. മററെല്ലാവരിൽനിന്നും വളരെയുറപ്പുള്ള കരാർ നാം വാങ്ങിയിട്ടുണ്ട്. ഇവിടെ ഖാദിയാനികൾ വാദിക്കുന്നപോലെ, മുഹമ്മദ്(സ)ക്കുശേഷം വരാനിരിക്കുന്ന നബിയിൽ നിങ്ങൾ വിശ്വസിക്കണമെന്നു മുഹമ്മദ് നബിയോടും മുമ്പുള്ള പ്രവാചകന്മാരോടും കരാർ വാങ്ങുകയല്ല മറിച്ച്, തങ്ങളുടെ ദൗത്യം പൂർണ്ണമായും നിർവ്വഹിക്കാമെന്നും അതിൽ വീഴ്ചയൊന്നും വരുത്തുകയില്ലെന്നുമാണ്. ഇസ്ലാം മുഹമ്മദ്(സ)യിലൂടെ പൂർത്തിയാവുന്നതുകൊണ്ട്, ആ നബി(സ)യെക്കുറിച്ചു വിശ്വസിക്കുകയും, അദ്ദേഹം വന്നാൽ പിന്തുടരുകയും ചെയ്യേണ്ടത് സകലരുടെയും ബാദ്ധ്യതയാണെന്നും അല്ലാഹു മററു പ്രവാചകരിൽനിന്നുറപ്പു വാങ്ങിയിട്ടുണ്ട്.

''ഓർക്കുക, അല്ലാഹു പ്രവാചകരുടെ കരാർ വാങ്ങിയിട്ടുണ്ട്. ഞാൻ നിങ്ങൾക്ക ഗ്രന്ഥവും ജ്ഞാനവും നൽകി. പിന്നെ, നിങ്ങളുടെ പക്കലുള്ളതിനെ സത്യപ്പെടുത്തുന്ന ഒരു പ്രവാചകൻ നിങ്ങളുടെയടുക്കൽ വരുമ്പോൾ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കണം. തീർച്ചയായും അദ്ദേഹത്തെ സഹായിക്കണം. അവൻ (അല്ലാഹു) ചോദിച്ചു: നിങ്ങൾ സമ്മതിച്ചോ? ഞാനേല്പിച്ച ചുമതല നിങ്ങളേറേറാ?' അവർ പറഞ്ഞു: 'ഞങ്ങൾ സമ്മതിച്ചു. അവൻ പറഞ്ഞു ''എങ്കിൽ നിങ്ങൾ സാക്ഷികളാവണം. തീർച്ചയായും നിങ്ങളോടൊപ്പം ഞാനും സാക്ഷി'.

ഇങ്ങനെ മുമ്പു കഴിഞ്ഞുപോയ സകല പ്രവാചകരിലൂടെയും കരാർ വാങ്ങി. പ്രവാചകർ പ്രവചിച്ച്, അവസാനം വരെ മുഹമ്മദ് (സ)യിലും അദ്ദേഹമവതരിപ്പിച്ച സമ്പൂർണ്ണമായ പരമ സത്യത്തിലും വിശ്വ

www.abulhasanalinadwi.org

സിക്കുകയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസിയുടെ കടമ. അതിനപ്പുറം ഒരു പ്രവാചകനും വരാനില്ലെന്നതിനു ഈ ആയത്തുകളൊക്കെ തെളിവാണ്. മുഹമ്മദ് [സ]ക്കുശേഷം ഒരു നബി വരാമെന്നതിനും ഖാദിയാനികൾ ഉദ്ധരിക്കാറുള്ള ആയത്തുകളാണവയെന്നത് ശ്രദ്ധേയമത്രെ.

## ദുർവ്യാഖ്യാനങ്ങൾ

മേൽപ്പറഞ്ഞ ആയത്തുകൾക്കു പുറമെ അന്ത്യനാളിനെക്കുറിച്ച് വ്യക്തമാക്കിയ ഖുർആൻ ആയത്തുകളേയും പല നിലക്കും വ്യാഖ്യാനിച്ചിട്ടുണ്ടവർ. മലയാളത്തിലിറങ്ങിയ പ്രസിദ്ധീകരണങ്ങളിൽ നിന്നും ഏതാനുമുദാഹരണങ്ങൾ മാത്രം കുറിക്കുന്നു.

[1] ''വഇദർറുസുലു ഉഖിതത്''. [മുർസലാത്]
''പ്രവാചകൻമാരൊക്കെ ഒരുമിക്കുമ്പോൾ''

ഇതിനു ഖാദിയാനികൾ അർത്ഥം നൽകുന്നത് 'അവസാനകാലത്ത് എല്ലാ റസൂൽമാരും പ്രാതിനിധ്യ സ്വഭാവത്തോടെ ഒരേ വ്യക്തിയിൽ ഒരുമിച്ചു കൂട്ടപ്പെടു'മെന്നാണ്. ഇവിടെ [സൻമാർഗ്ഗദർശിനി] നക്ഷത്രങ്ങളുടെ വെളിച്ചം പൊലിയുന്നു, ആകാശം പിളരുന്നു, അന്ത്യനാളിനെ പരാമർശിക്കുന്നേടത്താണ്, പ്രവാചകന്മാരൊക്കെ ഒരുമിച്ചുകൂടും എന്നു പറഞ്ഞിരിക്കുന്നത്. ഇതും ഖാദിയാനി പ്രവാചകൻെറ ആഗമനത്തിനു തെളിവ്!

[2] സൂറത്തു തക്‌വീറിലെ 4ാം ആയത്തും, 5 വിട്ട് 6ഉം 7ഉം; പിന്നെ 8ഉം 9ം വിട്ട് 10ാമത്തെയുംആയ

www.abulhasanalinadwi.org

ത്തുകൾ തെരഞ്ഞെടുത്തു, മസീഹ് മൗഊദിന്റെ അടയാളമാണിതെന്നു സ്ഥാപിക്കുകയാണ് ഖാദിയാനികൾ. അവർ കൊടുത്ത അർത്ഥമിതാണ്. ''ഖിയാമത്തു അടുക്കുകയും മസീഹ് ഇറങ്ങുകയും ചെയ്യുന്നതിന്റെ അടയാളമിതാണ്. (4) ഒട്ടകങ്ങളുടെ സവാരി നിർത്തൽ ചെയ്യപ്പെടും. അതായത് പുതിയ പുതിയ വാഹനങ്ങൾ കണ്ടുപിടിക്കപ്പെടുന്നതിന്റെ ഫലമായി ഒട്ടക സവാരി ഉപേക്ഷിക്കപ്പെടും. [6] നദികളും സമുദ്രങ്ങളും കീറപ്പെടും. അതായത് കനാലുകൾ കീറി നദികളും സമുദ്രങ്ങളും അവയിൽക്കൂടി ഒഴുക്കപ്പെടും. [7] വിവിധ ജനതകൾ അന്യോന്യം ബന്ധിക്കപ്പെടും. അതായത് ഗതാഗതസൗകര്യങ്ങൾ വർദ്ധിക്കുകയാൽ പണ്ടത്തെപോലെ ജനങ്ങൾ പരസ്പരം വേറിട്ടു നിൽക്കുകയില്ല; നേരെമറിച്ചു, സമ്പർക്കാധിക്യംകൊണ്ട് ലോകം ഒരു രാജ്യംപോലെയായിത്തീരും.

[10] ഗ്രന്ഥങ്ങളും സഞ്ചികകളും പത്രങ്ങളും വളരെയധികം പ്രസിദ്ധീകരിക്കപ്പെടും. അതായത് അച്ചടിയന്ത്രങ്ങളുടെ കണ്ടുപിടുത്തത്താൽ പത്രഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം വിപുലമായ തോതിൽ നടക്കും. (സന്മാർഗ്ഗദർശിനി— പേ: 97)

നോക്കു. ഖാദിയാനികളുടെ അതിരു കടന്ന ദുർവ്യാഖ്യാനം! അതിനുവേണ്ടി ഇടക്ക് മുമ്മൂന്നു ആയത്തുകൾ അവർക്ക് ഒഴിവാക്കേണ്ടിയും വന്നു. ഏതായാലും ആ സൂറത്തിന്റെ ആദ്യം മുതലുള്ള അർത്ഥം നോക്കു.

1 സൂര്യൻ പൊലിയുമ്പോൾ.
2 നക്ഷത്രങ്ങൾ തകർന്നു വീഴുമ്പോൾ

www.abulhasanalinadwi.org

3 മലകൾ നീക്കപ്പെടുമ്പോൾ
4 ഗർഭമുള്ള ഒട്ടകങ്ങൾ (പോലും) ഉപേക്ഷിക്കപ്പെടുമ്പോൾ
5 വന്യമൃഗങ്ങളൊക്കെ ഒരുമിച്ചുകൂടുമ്പോൾ
6 കടലുകൾ തീപിടിക്കുമ്പോൾ
7 ആത്മാവുകൾ (ശരീരവുമായ്) കൂടിച്ചേരുമ്പോൾ
8 ജീവനോടെ കുഴിച്ചുമൂടപ്പെട്ടിരുന്നവർ ചോദിക്കപ്പെടുമ്പോൾ
9 എന്തു കുററത്തിനാണ് അവർ കൊല്ലപ്പെട്ടിരുന്നതെന്ന്
10 (പ്രവർത്തന) റിക്കാർഡുകൾ നിവർത്തപ്പെടുമ്പോൾ.....

ഇതാണ് നേർക്കുനേരെയുള്ള അർത്ഥം. ഇതു മസീഹിന്റെ അടയാളമോ അതോ അന്ത്യനാളിന്റെ വിശദീകരണമോ?

രണ്ട് ആശയങ്ങളും തമ്മിലെത്ര അന്തരം. അർത്ഥങ്ങൾ തന്നെ മാററി. ഇശാർ എന്നാൽ വെറും ഒട്ടകമല്ല; ഗർഭമുള്ള ഒട്ടകമാണ്. 'സുജ്ജിറത്ത്' എന്നാൽ തീപിടിക്കപ്പെട്ടുവെന്നാണ്; അല്ലാതെ കനാലുകളിലൂടെ ഒഴുക്കപ്പെടുമെന്നല്ല. 'സുവ്വിജത്ത്' എന്നപറഞ്ഞാൽ രാജ്യങ്ങളൊന്നായി യോജിക്കുമെന്നല്ല; ആത്മാവുമായി ശരീരങ്ങൾ യോജിക്കുമെന്നാണ്. 'സ്വുഹുഫ്' പത്രങ്ങളല്ല; ഖുർആനിൽ പലയിടങ്ങളിലായിപ്പറഞ്ഞ പ്രവർത്തന റിക്കാർഡുകളാണ്.

www.abulhasanalinadwi.org

[3] സൂറത്തുൽ സിൽസാലിലെ 2ാം ആയത്ത്: 'വഅഖ്റജത്തിൽ അർളുഅസ്ഖാലഹാ' എന്നതിനു ഭൂമി അതിന്റെ ഭാരങ്ങളൊക്കെ പുറത്തിടുമെന്നാണർത്ഥമെന്നു കൊച്ചുകുട്ടികൾക്കുമറിയാം. എന്നാൽ ഖാദിയാനികൾക്കതു മസീഹിന്റെ അടയാളമാകണം. അതുകൊണ്ടു ഖുർആനിലില്ലാത്ത ഒരർത്ഥംകൂടികൂട്ടി:'

'അവസാനകാലത്തു ഭൂമി അതിന്റെ എല്ലാ ഭാരങ്ങളെയും പുറത്താക്കുകയും ഭൗതിക വിജ്ഞാനം വർദ്ധിക്കുകയും ചെയ്യും'. (സന്മാർഗ്ഗദർശിനി പേ: 97) എന്നാക്കി! ഇക്കാലത്തുണ്ടായ ഭൗതിക പുരോഗതിയുടെ നീണ്ട ഒരു പട്ടികതന്നെ ഇതിനു വ്യാഖ്യാനമായി കൊടുക്കുകയും ചെയ്തു.

[4] സൂറ;ഖിയാമയിലെ 8, 9 ആയത്തുകൾ 'വഖസഫൽ ഖമർ; വജുമിഅശ്ശംസുവൽഖമർ'—'ചന്ദ്രനു പ്രകാശം നശിക്കും; സൂര്യനും ചന്ദ്രനും ഒന്നായി ചേർക്കപ്പെടും' എന്ന അന്ത്യനാളിലെ സംഭവം അവർക്കു മസീഹിന്റെ സ്വന്തമാണ്. ഹിജ്റ 1311ൽ [A.D.1814] ഒരേ മാസത്തിൽ ചന്ദ്രന്നും സൂര്യനും ഗ്രഹണം ബാധിച്ചുവെന്നു പറയപ്പെടുന്ന സംഭവത്തോട് യോജിപ്പിക്കാനുള്ള ശ്രമംകൊണ്ട് ചന്ദ്രഗ്രഹണം ബാധിക്കും സൂര്യനും ചന്ദ്രനും ഒന്നായി ചേർക്കപ്പെടുകയും ചെയ്യും. അതായത് സൂര്യനും അതേ മാസത്തിൽ ഗ്രഹണം ബാധിക്കമെന്നർത്ഥം നല്കി! (സന്മാർഗ്ഗദർശിനി പേ:113)

ഇനിയും ഉദാഹരണങ്ങളേറെ ഉദ്ധരിക്കാനാവും. സ്ഥലപരിമിതിയോർത്തു, ഖുർആനിൽ, മുഹമ്മദ് നബി (സ) അവസാന നബിയാണെന്നു സ്ഥാപിക്കുന്ന ഒരായത്തുകൂടി പരാമർശിക്കാം.

www.abulhasanalinadwi.org

''മുഹമ്മദ് നിങ്ങളിലെ ഒരു പുരുഷൻെറയും പിതാവേയല്ല. മറിച്ച് അല്ലാഹുവിൻെറ റസൂലും, അവസാനത്തെ നബിയുമാണ്.'' (അഹ്സാബ് 41)

ഇവിടെ, 'ഖാത്തമിന്'' മുദ്ര, ശ്രേഷ്ഠൻ എന്നൊക്കെയാണ് അവർ അർത്ഥം പറയുന്നത്.

ഖുർആനും സുന്നത്തും മനസ്സിലാക്കിയ ലോക മുസ്ലിം പണ്ഡിതന്മാരായ സലഫികളും, അറബി ഭാഷയുടെ അർത്ഥവും പ്രയോഗവും തിരിയുന്ന ഭാഷാശാസ്ത്രജ്ഞരും എന്തു പറയുന്നുവെന്ന് നോക്കാം.

1 മജ്ദുദ്ദീൻ ഫൈറുസാബാദി; 'ഖാത്ത'മിൻെറ അർത്ഥമെഴുതി: എല്ലാററിൻെറയും പരിണാമം അവസാനം 'ഖാത്തിമത്''പോലെ. 'സമൂഹത്തിലെ അവസാനത്തെ ആൾ_'ഖാത്തമു'ൽ ഖൗം. —ഖാമൂസ് 4/102

2 ഇബ്നുഫാരിസ്.

ഖത്ത്മ്—ഒരു വസ്തുവിൻെറ അവസാനം സിദ്ധിക്കുക. മുഹമ്മദ്(സ) 'ഖാത്തമുന്നബിയ്യീനാണ്'. കാരണം അദ്ദേഹം അവസാന നബിയാണ്.

—മുഅ്ജമു മഖായീസില്ലുഗ: 2/245

3 ഇമാം സുബൈദി.

'നബി(സ)യുടെ പേരുകളിൽപ്പെട്ടതാണ് 'ഖാത്തിം', 'ഖാത്തം' ഇവ. നുബുവ്വത്ത് അവസാനിച്ചത് നബിയിലൂടെയാണ്.'

—താജുൽ ഉറൂസ് 8/267

www.abulhasanalinadwi.org

4 ജൗഹരി: ഖാത്തിമത്ത്—അവസാനം. നബി(സ) അവസാന നബി—സ്വിഹാഹ്.

5 അബുൽബഖാഅ്: നമ്മുടെ നബി(സ)യെ ഖാത്തമുൽ അമ്പിയാഅ് എന്നു പറഞ്ഞത്, 'ഖാത്തം' സമൂഹത്തിലെ അവസാനത്തെയാളായതു കൊണ്ടാണ്—കുല്ലിയാതു അബിൽ ബഖാഅ്.

6 ഖാത്തിമും ഖാത്തമും നബി(സ)യുടെ പേരാണ്. 'ഖാത്തം' അവസാനത്തെയാൾ. 'ഖാത്തിം' അവസാനിപ്പിച്ചയാൾ —മജ്മഉൽ ബിഹാർ പേ: 330

7 വിശ്രുതമായ ഖുർആൻ ഡിക്ഷണറിയായ മുഫ്റദാത്തിൽ ഇമാം റാഗിബ് എഴുതി.

'ഖാത്തിമുന്നബിയ്യീൻ; ഖത്തമുന്നുബുവ്വത്താണ്. അഥവാ; നുബുവ്വത്തു അദ്ദേഹത്തിൻെറ വരവോടെ മുഴുവനായി—പേ: 142.

8 വിശ്രുതമായ ഭാഷാഗ്രന്ഥം; ലിസാനുൽ അറബിൽ ഇബ്നുമൻളൂർ എഴുതി: എല്ലാററിൻെറയും ഖാത്തം; ഖാത്തിമത്ത്—പരിണാമം—അവസാനം. ഒരു വസ്തു ഖത്ത്മ് ചെയ്തു എന്നത് തുറന്നുവെന്നതിൻെറ വിപരീതം. ഒരദ്ധ്യായത്തിൻെറ ഖാത്തം—അവസാനം. സമൂഹത്തിലെ ഖിത്താം; ഖാത്തിം; ഖാത്തം—ഇതൊക്കെ 'അവസാനം' എന്നർത്ഥം വരുന്നു. ലിഹ്യാനിയിൽ നിന്നു:—'മുഹമ്മദ് നബിമാരിൽ അവസാനത്തവൻ'. തഹ്ദീബിൽ കാണാം:—ഖാത്തിമും ഖാത്തമും നബി(സ)യുടെ പേരാണ്. ഖുർആൻ പറയുന്നു: മുഹമ്മദ് നിങ്ങളിലൊരു പുരുഷൻെറയും പിതാവല്ല, മറിച്ചു അല്ലാഹുവിൻെറ റസൂലും അവസാനത്തെ നബിയുമാണ്.' —ലിസാനുൽ അറബ്: പേ: 12/164.

www.abulhasanalinadwi.org

## ഖുർആൻ വ്യാഖ്യാതാക്കൾ

9 ത്വബരി:

'മറിച്ചു അല്ലാഹുവിൻെറ റസൂലും, നബിമാരിൽ ഖാത്തമും—അതായതു ആഖിറുഹും—അവസാനത്തെയാള മാണ്.'' —ത്വബരി: പേ: 22/12.

10 അബൂഹയ്യാൻ:

ഭൂരിപക്ഷം പേരും 'ഖാത്തിം' എന്നാണ് വായിച്ച ത്. അഥവാ അവസാനത്തെയാളായി വന്നു. എന്നർ ത്ഥം ആസ്വിം, 'ഖാത്തം' എന്നാണ് വായിക്കുന്നത്. 'പ്രവാചകർ അദ്ദേഹത്തിൽ അവസാനിച്ചു'... നുബു വ്വത്തു മനുഷ്യനു സമ്പാദിക്കാം, അതു അവസാനിച്ചി ട്ടില്ല, വലിയ്യ് നബിയെക്കാരം ശ്രേഷ്ഠനാണ്. ഇവ യേതെങ്കിലും വാദിക്കുന്നവൻ നിർമ്മത വാദിയാണ്. അവനെ കൊല്ലുക നിർബ്ബന്ധമാണ്.

—ബഹറുൽ മുഹീത്വ്: പേ: 7/236.

11 ഖാത്തമുന്നബിയ്യീൻ—അല്ലാഹു മുഹമ്മദ് (സ) യിലൂടെ നുബുവ്വത്തു അവസാനിപ്പിച്ചു. ഇനി നു ബുവ്വത്തില്ല. അല്ലാഹു എല്ലാററിനെക്കുറിച്ചും അഗാ ധജ്ഞാനിയാണ്. അഥവാ മുഹമ്മദ് (സ) ക്കുശേഷം നബിയില്ല എന്ന കാര്യം അല്ലാഹുവിൻെറ അറിവിൽ പെട്ടതാണ്. —ലുബാബുത്തഅ്വീൽ: പേ: 3/471

12 നസഫി: (റ)

ഖത്താമുന്നബിയ്യീൻ— അവസാനത്തെ നബി. 'ഖാ ത്തിം' അവസാനിപ്പിച്ചയാരം മദാരിക്കത്തൻസീൽ:3/471

www.abulhasanalinadwi.org

13 ഖുർത്വുബി(റ)

ആ സ്വീമാണ് 'ഖാത്തം' എന്നു വായിച്ചത്. അഥവാ അവർ, മുഹമ്മദ്(സ)യിലൂടെ അവസാനിച്ചു. ഭൂരിപക്ഷവും ഖാത്തിം' എന്നു വായിക്കുന്നു. അഥവാ അവസാനത്തെയാളും വന്നു.' —ഖുർത്വുബി: 14/196

14 ഇബ്നുകസീർ(റ)

മുഹമ്മദ്(സ)ക്കുശേഷം ഒരു നബിയുമില്ലെന്നു ഈ ആയത്തു തെളിയിക്കുന്നു. നബിയില്ലെങ്കിൽ പിന്നെ ഒരു നിലക്കും റസൂലും വരില്ലല്ലോ. ഇന്നിലക്ക ഒരുപാടു മുതവാതിറായ ഹദീസുകൾ വന്നിട്ടുണ്ട്.
—ഇബ്നുകസീർ പേ: 3/493.

15 ഇമാം റാസി(റ)

ഖാത്തമുന്നബിയ്യീൻ: ശേഷം മറെറാരു നബി വരാവുന്ന നബി എന്തെങ്കിലുമൊരു ഉപദേശം നൽകാതെ പോയിട്ടുണ്ടെങ്കിൽ; ശേഷം വരുന്ന നബി അതു പറയും. എന്നാൽ തനിക്കുശേഷം മറെറാരാൾ വരാനില്ലാത്ത നബിയാവട്ടെ തൻെറ സമൂഹത്തോട് ഏററവും അലിവുള്ളവനും ഏററവും സന്മാർഗ്ഗം കാണിക്കുന്നവനും നന്നായി നിർവ്വഹിക്കുന്നവനുമായിരിക്കും.
—തഫ്സീർ കബീർ 6/786–787.

ഖാത്തമുന്നബിയ്യീൻെറ വിശദീകരണത്തിൽ ഇങ്ങനെ പറഞ്ഞ റാസി ബുദ്ധിയെയും പഞ്ചേന്ദ്രിയങ്ങളെയും ആദ്ധ്യാത്മിക ചിന്തയെയും കുറിച്ച് ഖാത്തം എന്നതിനു ശ്രേഷ്ഠം എന്നർത്ഥം പറഞ്ഞ വാചകം തലയും വാലും മുറിച്ച് ചേർത്തു ഖാദിയാനികൾ 'റാസി'

www.abulhasanalinadwi.org

യെയും ഖാദിയാനിയാക്കി! (അന്നുബുവ്വത്തു ഫിൽ ഖുർആൻ പേ: 112)

അപ്പോരം പ്രശസ്തരായ ഖുർആൻ വ്യാഖ്യാതാക്കളുടെ അഭിപ്രായങ്ങരം നാം കണ്ടു. ഇതിന്നെതിരായി, പ്രാമാണികനായ ഒരൊററ മുഫസ്സിറും, 'നബി' മുഹമ്മദ് (സ)ക്കു ശേഷവും വരുമെന്നു പറഞ്ഞതായി തെളിയിക്കുക സാദ്ധ്യമേയല്ല.

ഉദാഹരണത്തിനു ഏതാനും ആയത്തുകളും, മുഫസ്സിറുകളുടെ വ്യാഖ്യാനങ്ങളും ഉദ്ധരിച്ചുവെന്നു മാത്രം. ഇനിയും ഒരുപാടു കാര്യങ്ങരം കുറിക്കാനുണ്ട്. ഒരു അനുബന്ധത്തിൻെറ പരിധിയോർത്ത് നിത്തട്ടെ,

ഖാദിയാനികരംക്കു ഇസ്ലാമുമായി ഒരു ബന്ധവുമില്ലെന്നും, അവർ അല്ലാഹുവിൻെറ വചനങ്ങളെ അംഗീകരിക്കുന്നില്ലെന്നും മനസ്സിലാക്കാൻ ഇതു മതിയാവുമെന്നു വിശ്വസിക്കട്ടെ.

പ്രവാചകൻമാരും, ശുഹദാക്കളും, സ്വിദ്ദീഖുമാരും, സ്വാലിഹുകളും നടന്ന വഴിയിൽ അല്ലാഹു നമ്മെയെല്ലാം നടത്തട്ടെ. ആമീൻ.

★

www.abulhasanalinadwi.org

# അനുബന്ധം II

١) يا احمد ! بارك الله فيك، ما رميت اذ رميت ولكن الله رمى. الرحمن علم القرآن لتنذر قوما ماأنذر آبائهم ولتستبين سبيل المجرمين قل إنى أمرت وانا اول المؤمنين. قل جاء الحق وزهق الباطل ان الباطل كان زهوقا. كل بركت من محمد ﷺ فتبارك من علم وتعلم. قل ان افتريته فعلىّ إجرامى. هو الذى ارسل رسوله بالهدى ودين الحق ليظهره على لدّين كله. لا مبدل لكلمات الله. ظلموا إن الله على نصرهم لقدير. إنا كفيناك المستهزئين يقولون أنى لك هذا، أنى لك هذا ان هذا الا قول البشر واعانه عليه قوم آخرون، افتأتون السحر وأنتم تبصرون. هيهات هيهات لما توعدون. من هذ الذى هو مهين ولا يكاد يبين جاهل أو مجنون. قل هاتوا برهانكم ان كنتم صادقين. هذا من رحمة ربك يتم نعمته عليك ليكون آية للمؤمنين. أنت على بينة من

www.abulhasanalinadwi.org

ربك فبشر وما انت بنعمة ربك بمجنون . قل ان كنتـــم
تحبون الله فاتبعوني يحببكم الله .

٢) إني رافعك إليّ وألقيت عليك محبة مني لااله الاالله
فاكتب وليطبع ( كذا ) وليرسل في الارض . خذوا التوحيد
التوحيد يا أبناء الفارس ( كذا ) وبشرالذين آمنوا أن لهم
قدم صدق عند ربهـــم . اتل عليهم ما أوحي إليك من ربك
ولا تـــصعر لخلق الله ولا تسئم من الناس . أصحاب الصفة
وما أدريك ما أصحاب الصفة ترى أعينهم تفيض من الدمع
يصلون عليك . ربنا اننـــا سمعنا مناديا ينادي للايمـــان
وداعيا الى الله وسراجا منيرا ، وأملوا .

٣) اذ قيل لهم آمنوا كما آمن الناس قالوا أنؤمن كما آمن
الســـفهاء الا انهم هم السفهاء ولكن يعلمون ( كذا )
ويحبون ان تدهنون ( كذا ) قل يا ايها الكافرون لا اعبد
ما تعبدون . قيل ارجعوا إلى الله فلا ترجعون . وقيل إستحوذوا
فلا تستحوذون . أم تسئلهم من خرج فهـــم من مغرم

www.abulhasanalinadwi.org

مثقلون . بل اتيناهم بالحق فهم للحق كارهون. سبحانه تعالى عما يصفون . أحسب الناس ان يتركوا ان يقولوا آمنا وهم لا يفتنون . يحبون ان يحمدوا بمالم يفعلوا . ولا يخفى على الله خافية . ولا يصلح شيئ قبل إصلاحه ومن رد من مطبعه ( كذا ) فلا فرد له .

٤) ( ايها الناس ) اذا كنتم أصحاب ايمان ودين فاحمدوا الله واسجدوا لله شكرا . إن العصر الذى قضى آباءكم حياتهم فى انتظاره ولم يدركوه . وتشوّقت إليه أرواح ولم تسعد به قد حل وأدركتموه واليكم وحدكم أن تقدروا هذه النعمة وتنتهزوا هذه الفرصة ، سأكرر ذلك ولا أفتأ أذكره أننى ذلك الرجل الذى أرسل لاصلاح الحق ليقم هذا الدين فى القلوب من جديد .

٥) أيهاالنّاس، عندى شهادة من الله فهل أنتم تؤمنون . أيها النّاس عندى شهادات من الله فهل أنتم تسلمون. وأن تعدوا شهادات الله لا تحصوها . فاتقوا الله أيها المستعجلون.

www.abulhasanalinadwi.org

فكلما جاءكم رسول بما لا تهوى أنفسكم ففريقا كذبتم وفريقا تقلتون. إنّا نصرنا من ربنا ولا تنصرون من الله أيها الخائنون. أقتلتموني بفتاوى القتل أودعاوى رفعتموها إلى الحكام ثم لا تندمون. كتب الله لأغلبة أن ورسلي، ولا تعجلوا الله أيها المحاربـــون .

www.abulhasanalinadwi.org